മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദിവ്യനിധി

(സന്ദർഭോചിത പ്രാർത്ഥനകൾ)

*Imprimatur*
✠ **Moran Mor Baselios Cardinal Cleemis**
*Major Archbishop-Catholicos of the Syro - Malankara Catholic Church*
*Feast of Annunciation to Bl. Virgin Mary*
*25 March 2011*

*Approved by*
The Holy Episcopal Synod
9 - 12 October 2007

Re-printed : 2016

*Prepared by*
The Synodal Commission for Liturgy

*Published by*
The Major Archiepiscopal Curia
of the Syro-Malankara Catholic Church
Catholicate Centre, Pattom, Trivandrum - 695 004

*Layout & Printing*
St. Joseph's Offset Press, Trivandrum

# മുഖവുര

''എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം'' (1 തെസ 5 :16–18). പാട്ടുപാടി വേദപുസ്തകം വായിച്ച് പ്രാർത്ഥിച്ച് ജീവിതത്തിന്റെ എല്ലാ അവസരങ്ങളെയും വിശുദ്ധീകരിക്കുക നമ്മുടെ മലങ്കര ക്രൈസ്തവ പാരമ്പര്യമാണ്. അതോടൊപ്പം ബ. വൈദികരുടെ സാന്നിദ്ധ്യമുള്ളപ്പോൾ അവർ ജനത്തിനുവേണ്ടി പ്രാർത്ഥിച്ച്, അനുഗ്രഹിച്ച് വ്യക്തികളുടെയും കുടുംബങ്ങളുടെയും ആവശ്യങ്ങളെയും ആഘോഷങ്ങളെയും അനുഗ്രഹിക്കുക എന്നൊരു പാരമ്പര്യവും നമുക്കുണ്ട്. അങ്ങനെ ബ. വൈദികർക്ക് കുടുംബസന്ദർശന വേളകളിലും മറ്റ് സന്ദർഭങ്ങളിലും ഉപയോഗിക്കുവാൻ '**ദിവ്യനിധി**' എന്ന പേരിൽ പെരിയ ബ. ഫാ. കുരുവിള പാറേക്കടവിൽ ഒരു പ്രാർത്ഥനാപുസ്തകം തയ്യാറാക്കിയിരുന്നു. ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിച്ച ആ പുസ്തകത്തിന്റെ നവീകരിച്ച പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

സന്ദർഭോചിതമായ ഗാനം, കൗമാ പ്രാർത്ഥന, വേദവായന, പ്രാർത്ഥന, പരിശുദ്ധ മാതാവിന്റെയും വിശുദ്ധന്മാരുടെയും പ്രത്യേക മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടുള്ള കുക്കിലിയോനുകൾ ആശീർവാദം എന്നീ ക്രമത്തിലാണ് ഈ സന്ദർഭോചിത പ്രാർത്ഥനകൾ ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്. ബ. വൈദികർക്ക് ഇത് ഒരു സഹായിയാണ്. എന്നാൽ ഈ മാതൃകയനുസരിച്ച്, ഓരോരുത്തർക്കും ഗാനങ്ങളും വേദവായനകളും തെരഞ്ഞെടുക്കാവുന്നതാണ്. അതുപോലെ അവസരോചിതമായ വ്യതിയാനങ്ങളും ഈ ഗ്രന്ഥം ഉപയോഗിക്കുന്ന ബ. വൈദികർക്ക് വരുത്താവുന്നതാണ്. മൂലഗ്രന്ഥം രചിച്ച ബഹുമാനപ്പെട്ട കുരുവിള പാറേക്കടവിലച്ചനോടും ഈ പ്രാർത്ഥനാ സമാഹാരത്തിന്റെ നവീകരണത്തിൽ സഹകരിച്ച എല്ലാവരോടും നമ്മുടെ സഭയുടെ നാമത്തിൽ കൃതജ്ഞത അറിയിക്കുന്നു. ഈ പ്രാർത്ഥനാസമാഹാരത്തിന്റെ ഉപയോഗത്തിലൂടെ ദൈവം തന്റെ സമൃദ്ധമായ കൃപാദാനങ്ങൾ നമ്മുടെമേൽ ചൊരിയട്ടെ.

എന്ന്

✠ **ബസേലിയോസ് കർദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ

# ഉള്ളടക്കം


1. ആശീർവാദങ്ങൾ ........ 11
2. കുക്കിലിയോനുകൾ ........ 15

## ശിലാസ്ഥാപനങ്ങൾ

3. വീടിന്റെ ശിലാസ്ഥാപനം ........ 24
4. വിദ്യാലയ ശിലാസ്ഥാപനം ........ 27
5. ആശുപത്രി ശിലാസ്ഥാപനം ........ 29
6. വ്യാപാര-വ്യവസായ കേന്ദ്ര ശിലാസ്ഥാപനം ........ 32

## ഭവന/ സ്ഥാപന കൂദാശകൾ

7. കട്ടിള സ്ഥാപിക്കുമ്പോൾ ........ 35
8. ഭവന കൂദാശ ........ 38
9. സന്യാസിനി മന്ദിരം/മഠം കൂദാശ ........ 47
10. വൈദികമന്ദിരം/ ആശ്രമം കൂദാശ ........ 55
11. വിദ്യാലയ കൂദാശ ........ 63
12. അഗതിമന്ദിരം കൂദാശ ........ 69
13. പാരിഷ് ഹാൾ ആശീർവാദം ........ 76
14. ആശുപത്രി കൂദാശ ........ 81
15. വ്യാപാരസ്ഥാപനകൂദാശ ........ 86

## കുടുംബ പ്രതിഷ്ഠയും പ്രാർത്ഥനകളും

16. കുടുംബപ്രതിഷ്ഠ ........ 91

17. ഭവനസന്ദർശനം ........ 95
18. ഭവനങ്ങളിലെ പിശാചുബാധ നീങ്ങുവാൻ ........ 100


## വിദ്യാഭ്യാസം


19. എഴുത്തിനിരുത്തുമ്പോൾ ........ 103
20. വിദ്യാരംഭം ........ 105
21. വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഒരുങ്ങുമ്പോൾ ........ 107


## വിവാഹം


22. വിവാഹ നിശ്ചയം ........ 110
23. വിവാഹ മനസ്സമ്മതം ........ 112
24. വിവാഹത്തിനു ഒരുങ്ങിയിറങ്ങുമ്പോൾ ........ 118
25. വിവാഹ വാർഷികം ........ 120
26. വിവാഹ ജൂബിലി ........ 122


## പ്രസവസംബന്ധമായവ


27. പ്രസവത്തിനയയ്ക്കുമ്പോൾ ........ 125
28. പ്രസവശേഷം ദൈവാലയ പ്രവേശനം ........ 127


## സമർപ്പണ പ്രാർത്ഥന


29. കുട്ടികളെ ദൈവാലയത്തിൽ സമർപ്പിക്കുമ്പോൾ ........ 133
30. സമർപ്പണശുശ്രൂഷ (അടിമവയ്ക്കുമ്പോൾ) ........ 135
31. വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് പ്രവേശിപ്പിക്കുവാനുള്ള ക്രമം ........ 138
32. സുവിശേഷകർക്കുവേണ്ടി ........ 140





33. സന്യാസവൈദികാർത്ഥികൾക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 143


## രോഗികൾക്കായി


34. രോഗികളുടെ തൈലാഭിഷേകം ........ 146
35. രോഗികളുടെ തൈലാഭിഷേകം അത്യാഹിതവേളയിൽ ........ 157
36. രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 160
37. വെള്ളം വാഴ്ത്തി കൊടുക്കുന്ന ക്രമം ........ 164
38. രോഗികൾക്ക് വിശുദ്ധ കുർബാന നൽകുമ്പോൾ ........ 166
39. പിശാചുബാധിതർക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 168


## മരണം, മരണാനന്തര ശുശ്രൂഷകൾ


40. മരണാസന്നർക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 171
41. മരിച്ചവർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥനകൾ ........ 176
42. പരേതരുടെ ഉപകരണങ്ങൾ ആശീർവദിക്കുന്നതിന് ........ 186


## തൊഴിൽ/ ഉദ്യോഗം


43. ഉദ്യോഗലബ്ധിക്കുവേണ്ടി ........ 188
44. ഉദ്യോഗമോ വലിയ അനുഗ്രഹങ്ങളോ ലഭിക്കുമ്പോൾ ചൊല്ലാവുന്നത് ........ 191
45. പുതിയ ജോലി ആരംഭിക്കുമ്പോൾ ........ 193
46. തൊഴിൽപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ........ 195
47. വ്യാപാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 198
48. പുതിയ വ്യാപാരം ആരംഭിക്കുമ്പോൾ ........ 199

## ആഘോഷങ്ങൾ, ജൂബിലികൾ

49. ജന്മദിനം ........ 201
50. നവവത്സരദിനത്തിൽ ........ 204
51. വൈദികരുടെ ജൂബിലി ആഘോഷം ........ 206
52. സന്യസ്തരുടെ ജൂബിലി ആഘോഷം ........ 212

## ഇടവക ശുശ്രൂഷ

53. പൊതുയോഗം കൂടുമ്പോൾ ........ 219
54. പുതിയ കമ്മിറ്റി അധികാരമേൽക്കുമ്പോൾ ........ 221

## പെരുന്നാൾ ആഘോഷം

55. പെരുന്നാൾ ഏൽപ്പിക്കുമ്പോൾ ........ 225
56. പെരുന്നാളിനു കൊടി ഉയർത്തുമ്പോൾ ........ 227

## വാഹനം

57. വാഹനങ്ങൾ ആശീർവദിക്കുന്നതിന് ........ 229

## യാത്ര

58. യാത്ര പോകുന്നവർക്കുവേണ്ടി ........ 231

## ഭക്ഷണം

59. ഭക്ഷണത്തിനുമുമ്പ് ........ 233
60. ഭക്ഷണത്തിനുശേഷം ........ 234

## പരിസ്ഥിതി സംബന്ധമായവ

61. മഴയ്ക്കുവേണ്ടി ........ 234



62. അനുകൂല കാലാവസ്ഥയ്ക്കുവേണ്ടി ........ 236
63. കൃഷിക്കുവേണ്ടി ........ 238
64. മൃഗവസന്ത മാറുവാൻ ........ 240

## ഭക്തസാധനങ്ങളുടെ ആശീർവാദം

65. കൽകുരിശു വാഴ്ത്തുന്നതിന് ........ 241
66. നേർച്ചസാധനങ്ങൾ, ആദ്യഫലങ്ങൾ
ഇവ ആശീർവദിക്കുന്നതിന് ........ 245
67. പടങ്ങൾ, രൂപങ്ങൾ മുതലായവ
വാഴ്ത്തുന്നതിനുള്ള പ്രാർത്ഥന ........ 248
68. കല്ലറ ആശീർവാദം ........ 249

## പ്രതിജ്ഞകൾ

69. കാതോലിക്കാദിന പ്രതിജ്ഞ ........ 254
70. മാർ ഈവാനിയോസ്ദിന സമൂഹപ്രതിജ്ഞ ........ 256

# ദിവ്യനിധി

## 1
## ആശീർവാദങ്ങൾ

### I. ത്രിത്വത്തിന്റെ നാമത്തിലുള്ള ആശീർവാദം

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗവും ആവാസവും എന്റെ സഹോദരങ്ങളേ നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കുമുണ്ടായിരിക്കട്ടെ. ആമ്മീൻ

### II. ആഘോഷമായ ആശീർവാദം

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മികമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചവരായ നിങ്ങളോരോരുത്തരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ.

(കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുൻപാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമേ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ) ആമ്മീൻ. കുറി... കുറി.. കുറി...

## III. പെരുന്നാളുകൾക്കും മറ്റുമായി ഉപയോഗിക്കുന്ന ആഘോഷമായ ആശീർവാദം

ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ!നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമിശിഹാ നിന്റെ കൃപയാലും, സമൃദ്ധമായ നിന്റെ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമേ. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളുടെ സഹായത്തിനായി എഴുന്നള്ളി വരണമേ. ഞങ്ങളെ പുണ്യപ്പെടുത്തണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, വിശ്വാസികളായ ഞങ്ങളുടെ പരേതരെ പുണ്യപ്പെടുത്തണമേ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷ നിനക്കു പ്രീതികരമായിത്തീരണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ നിനക്കു ഹിതകരമായിരിക്കണമേ. ഞങ്ങളുടെ യാചനകൾ നിനക്കു സ്വീകാര്യമായിത്തീരണമേ. ഞങ്ങളുടെ അപേക്ഷകൾ നിന്റെ ബഹുമാനത്തിനായിരിക്കണമേ. കർത്താവേ, നിന്റെ കൃപയും കരുണയും സഹായങ്ങളും പ്രസാദവരങ്ങളും നിന്റെ സകല ദിവ്യദാനങ്ങളും ബലഹീനരായ ഞങ്ങളുടെമേലും കുറവുള്ള ഞങ്ങളുടെ വർഗ്ഗത്തിന്റെ മേലും ചൊരിയപ്പെടുകയും വന്ന് അധിവസിക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യുമാറാകണമേ.

(പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

പിശാചുക്കൾക്കു ഭയങ്കരവും മാലാഖമാർക്കു ബഹുമാനവും സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയും ആകുന്ന ദൈവപുത്രന്റെ വന്ദ്യസ്ലീബാ രാത്രിയിലും പകലിലും സന്ധ്യയിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും എല്ലാ നാഴികയിലും എല്ലാ സമയത്തും നമ്മോടു കൂടെയും നമ്മുടെ ഇടയിലും ആയിരുന്നു നമ്മെ കാത്തുകൊള്ളുകയും മറച്ചുകൊള്ളുകയും ചെയ്യുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കഠിന





കോപത്തിൽനിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽനിന്നും ഉപദ്രവമുള്ള അധികാരികളിൽനിന്നും ദയയില്ലാത്ത യജമാനന്മാരുടെ കൈകളിൽനിന്നും രഹസ്യശത്രുക്കളിൽനിന്നും പരസ്യശത്രുക്കളിൽനിന്നും ക്ലേശിപ്പിക്കുന്ന കൈയ്യിൽനിന്നും അന്യായമായ കാലിൽനിന്നും സാത്താന്റെ കെണികളിൽനിന്നും ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന ദുർവ്വികാരങ്ങളിൽനിന്നും പാപത്തിന്റെ സകല ശക്തികളിൽനിന്നും നാം ഒഴിഞ്ഞു രക്ഷപ്പെട്ട് വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. ആയതു കരുണയുള്ള മാതാവും ജയം പ്രാപിച്ചവളും രണ്ടാമത്തെ ആകാശവും സത്യക്രിസ്ത്യാനികളുടെ പുകഴ്ചയും ആയിരിക്കുന്ന മാലിന്യമില്ലാത്ത വിശുദ്ധ കന്യകയും ദൈവമാതാവുമായിരിക്കുന്ന മറിയാമിന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലുംതന്നെ. ബാറെക്മോർ

ജയിപ്പിക്കുന്നതും രക്ഷിക്കുന്നതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ വലിയ ശക്തിയാലും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും സത്യമുള്ള ഇടയന്മാരുടെയും സത്യവിശ്വാസികളായ മല്പാന്മാരുടെയും പ്രാർത്ഥനകളാലും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാർ യോഹന്നാൻ മാംദാനയുടെയും മാർ സ്തേഫാനോസ് ശെമ്മാശ്ശന്റെയും പ്രാർത്ഥനകളാലും വിശുദ്ധ സഭയിലെ മല്പാന്മാരായ മാർ അപ്രേമിന്റെയും മാർ യാക്കോബിന്റെയും മാർ ഇസഹാക്കിന്റെയും പ്രാർത്ഥനകളാലും മാർ ഗീവർഗ്ഗീസ് സഹദായുടെയും മാർ ബഹനാന്റെയും അവന്റെ സഹോദരിയായ സാറായുടെയും അവന്റെ കൂട്ടുകാരായ നാല്പതു സഹദേന്മാരുടെയും പ്രാർത്ഥനകളാലും നമ്മുടെ കർത്താവിനെ സ്നേഹിച്ച് തന്റെ കല്പനകളെ ആചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവന്റെയും പ്രാർത്ഥനകളാലും ഞങ്ങളോടുകൂടെ ഈ

പ്രാർത്ഥനയെ (ഈ ശുശ്രൂഷയെ) യോഗ്യമാംവണ്ണം നിവർത്തിച്ചിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും പ്രധാനന്മാരുമായുള്ളോരേ, ഇന്നു ഞങ്ങൾക്കും നിങ്ങൾക്കും അദ്ധ്യക്ഷന്മാരായിരിക്കുന്ന റോമിലെ വലിയ പ്രധാന ആചാര്യനായ പരിശുദ്ധ (.........................) മാർപ്പാപ്പായുടെയും, നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് (................) കാതോലിക്കാ ബാവായുടെയും, നമ്മുടെ മേല്പട്ടക്കാരൻ ആബൂൻ മാർ (...............) മെത്രാപ്പോലീത്തായുടെയും സത്യവിശ്വാസികളായ എല്ലാ എപ്പിസ്ക്കോപ്പാമാരുടെയും പ്രാർത്ഥനകളാലും നാം എന്നേക്കും കാത്തുകൊള്ളപ്പെടുകയും വീണ്ടുകൊള്ളപ്പെടുകയും ചെയ്യുമാറാകട്ടെ. ബാറെക്മോർ

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മികമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചവരായ നിങ്ങളോരോരുത്തരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ.

(കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുൻപാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമേ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ). ആമ്മീൻ

കുറിയേലായിസോൻ...

ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ...





# 2

# കുക്കിലിയോനുകൾ

## I. ദൈവമാതാവ് (ബസ്മൽക്കോ)

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഹാ
നിൻ വലഭാഗേ രാജഭാമിനിയും.
നിന്നഴകരചൻ മോഹിപ്പാൻ ഹാ-ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

### എക്ബോ

ഭക്തർ പുകഴ്ചാ ഭാജനമേ,
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം
സ്തൌമെൻകാലോസ് കുറിയേലായിസ്സോൻ.

### കോലോകൾ

മന്നമകൾക്കായി ശ്ലോമ്മോ
വന്നേകി ദൂതവരൻ
നിന്നൊടു കൂടെൻ നാഥൻ
നിന്നിൽ തന്നുദയമതും. ബാറെക്മോർ

ശുബ്ഹോ...

അഖില ജഗൽ പതിയെ നായക-
നായേറ്റി ഘോഷിച്ചാൾ
അതിബഹുമാനിച്ചു മറിയാം
വലുതാം പടവായ് താൻ. മൊറിയോറാഹേം ....

അല്ലെങ്കിൽ

(ല്മറിയാം യൊൽദാസ് ആലോഹോ)

ദൈവത്തിൻ മാതാ മറിയാമ്മിന്നും നിബിയ-
ന്മാർക്കും ശ്ലീഹന്മാ-ർക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കേവർക്കും കാലംതോറും
എന്നേക്കും നല്ലോ-രോർമയതുണ്ടാകട്ടെ. ബാറെക്മോർ

ശുബ്ഹോ...

തിരുവുള്ളത്താൽ ക-ന്യകയാം മറിയാമിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴിനേരാക്കി
രക്ഷിച്ചവൾ തന്നോ-ർമയ്ക്കൌന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാ-ർത്ഥിക്കട്ടവൾ ഞങ്ങൾക്കായ്

മൊറിയോറാഹേം...

അല്ലെങ്കിൽ

(ദുക്റോനോദുമറിയാം)

വാഴ്വായ്തീരണമേ മറിയാമിന്നോർമ-
അവൾ പ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനു കോട്ട.
ബാറെക്മോർ.

ശുബ്ഹോ...

ദൈവാംബിക കന്യാ-മറിയാമിന്നായി
പരിമള ധൂപചുരുൾ-വായുവിലുയരുന്നു
മൊറിയോ റാഹേം...

### ബോവൂസോ

മോറാനീശോ, കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ-
വടികളെയും മായ്ച്ചീടേണം.





അല്ലെങ്കിൽ

(ലോ തെശ്ലേ ഓകാദിശ്തോ)

ഞങ്ങൾക്കായുള്ളർത്ഥന നീ
നിർത്തീടരുതേ പരിശുദ്ധേ,
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിലാർദ്രത തോന്നീടാൻ

## II. പരിശുദ്ധന്മാർ (സാദീക്കോ)

നയവാൻ പനപോലെ തളിർത്തിടുമേ-ഹാ
വളരുമവൻ ലെബനോന്റെ കാരകിൽ പോൽ.
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ-ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

### എക്ബോ

ഒരുപോലിങ്ങും മാർ (തോമ്മാ)
വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്
സ്തൗമെൻ... കുറിയേ....

### കോലോകൾ

പ്രാർത്ഥനയിൻ സമയമിതല്ലോ മാർ (തോമ്മാ)
പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം. ബാറെക്മോർ

ശുബ്ഹോ...

നിന്നെ വരിച്ചോരു താതന്നും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം

നിന്നെ മുടി ചൂടിക്കുന്ന റൂഹാ വന്ദ്യൻ,
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും.
മൊറിയോ റാഹേം...

അല്ലെങ്കിൽ
(ന്ബിയേ കാദീശേ)

നിർമ്മല നിബിമാരേ-രാജ്യസുത ശ്ലീഹന്മാരേ,
പാപാബ്ധിയിലെങ്ങൾ-താഴായ്‌വാൻ പ്രാർത്ഥിപ്പിൻ.
ബാറെക്മോർ
ശുബ്ഹോ...
നൽ സഹദേന്മാരാം-ദൈവത്തിൻ ദാസന്മാരേ,
നിങ്ങടെ പ്രാർത്ഥനകൾ-കോട്ടകളെങ്ങൾക്കാകട്ടെ.
മൊറിയോ റാഹേം....

അല്ലെങ്കിൽ
(തൂബോലൻ ബീയേ.........)

ഭാഗ്യം നിബിയർക്കും-ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും-പുനരുത്ഥാന ദിനേ. ബാറെക്മോർ
ശുബ്ഹോ....
മിശിഹായെക്കാണ്മാൻ-സഹദേരാശിച്ചു
വാളാൽ ചിറകേന്തി-ഉന്നത പദമേറി
മൊറിയോ റാഹേം...

## ബോവുസോ

പരിശുദ്ധന്മാരേ, നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായ്ച്ചീടാൻ

## III. ആചാര്യന്മാർ (കൊഹനെ)

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ-ഹാ





നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിനെയോർത്ത്.
നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-ഹാ
എൻ നിയമത്തേയും ഞാനുപദേശിക്കും സാക്ഷ്യമിതും.
ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

## എക്ബോ

ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ
സ്പർശിച്ചുള്ളാപ്പാദങ്ങൾ
പറുദീസിൻ വാതിൽ പൂകി
വാനവരൊത്തുവസിക്കേണം.
സ്തൌമെൻ.... കുറിയേ....

## കോലോകൾ

(ഗബ്ലേ ആലോഹോ)

ദൈവം സൃഷ്ടിച്ചാദത്തെ;
സ്രഷ്ടാവൊടുതുല്യം സൃഷ്ടി-
യായ്; മണ്മയനുദ്യാനത്തിൽ
തരുനിരയിൽ പോയ്‌വന്നീടു-
ന്നതു കാണ്മാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേ മേവി
കൂറുന്നീറേന്മാർ-മണ്ണിനുയർച്ചയിലാശ്ചര്യം. ബാറെക്മോർ
ശുബ്ഹോ...
ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്കറിയാവരെ നൽകി മൂശ
നിത്യാചാര്യനാമീശോ

സർവലോകോദ്ധാരണാർത്ഥം
നൽകി തൻ ശ്ലീഹന്മാർക്കും;
നാനാഭൂമി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ.
മെൻഓലം...
നിൻഗാത്രം കൈകൊണ്ടും നിൻ
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാപ്രാപ്തന്മാരോർക്ക-
പ്പെടണം-സ്വർഗീയോർശ്ലേമിൽ.
നീ സിംഹാനമിതേറി
ദുഷ്ടരെ വേറാക്കുന്നേരം
സന്തുഷ്ടന്മാരാ-യവർ നിൻവലമായ് നില്ക്കേണം.
മൊറിയോ റാഹേം...

അല്ലെങ്കിൽ

(ആത്ത് മൊറിയൊ...)

നാഥാ നൽകീടുകപുണ്യം-ഹാലേലൂയ്യാ
പള്ളികൾ ദയറാകളിൽ നിന്നെ ആയുഷ്ക്കാലേ
പരികർമ്മിച്ചോരാചാര്യർ ശെമ്മാശന്മാർക്കായ്
കരമതിൽ നിൻ തിരുമെയ് നിണമവരാഘോഷിച്ചാർ
കടമെല്ലാം നീങ്ങിടുവാനായ് മദ്ബഹായതിനുള്ളിൽ.
നിൻതിരുമെയ് അവർ പിഴ പോക്കണമേ;
തവരുധിരം പാപം മായ്ക്കണമേ;
നിൻവലഭാഗേ പാടുമവർ
നാഥാ, തേ സ്തോത്രം. ബാറെക്മോർ
ശുബ്ഹോ...
ശ്ലീഹന്മാർ ശിരസാം ശെമഓനോടായ് നാഥൻ
'കഹനൂസാ' പരമുര ചെയ്തോരതി മോഹനവചനം:





"ഭവനവിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽകൾ നിൻ കൈകളിൽ നൽകി;
നീ ബന്ധിച്ചാൽ ഞാൻ ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും;
പാപികൾ പേർക്കായ് യാചിക്കിൽ
നിൻ പ്രാർത്ഥന കേൾപ്പേൻ. മൊറിയോ റാഹേം...

അല്ലെങ്കിൽ

നിർമ്മല മദ്ബഹായിൽ കർതൃ
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ-
ന്നീറേന്മാർ ദേവാഗാരേ. ബാറെക്മോർ
ശുബ്ഹോ...
ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം.
മൊറിയോ റാഹേം ....

**ബോവൂസോ**

(ക്ലീലെഗ്ദീലിൻ)

പരിചിൽ മുടഞ്ഞൊരു നൽമുടികൾ
ബലിപീഠത്തിലിരിപ്പുണ്ട്;
നിർമ്മലരായ് പരികർമ്മിപ്പോ-
രാചാര്യർക്കവ ചൂടീടും.

അല്ലെങ്കിൽ

(മ്ശിഹോ ദീസൈക്ക്)

ആചാര്യേശാ, മ്ശിഹാ, കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം.

## IV. പരേതർ (ആനീദേ)

(അക്ദമറാഹേം)

മക്കളിലപ്പൻ കൃപചെയ്വതുപോലെ-ഹാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും
പുല്ലിനുതുല്യം നരനുടെ നാൾകളഹോ-ഹാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

### എക്ബോ

ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്.
സ്തൗമെൻ... കുറിയേ...

### കോലോകൾ

(മൽക്കൊമ്നഹമോനോ)

ഉയിരേകുന്നോൻ രാജാ-
വുയരത്തിൽ നിന്നെഴുന്നള്ളി
ജീവൻ മൃതരാ-മേവർക്കും നൽകുന്നു.
കബറുകളുള്ളിൽ നിന്നി-
ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നെ സ്തുതി ചെയ്തീടുന്നു.
ബാറെക്മോർ ശുബ്ഹോ...

"എന്റെ ശരീരം ഭക്ഷി-
ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ.
എന്നുമവൻ ജീവിപ്പാ-





നങ്ങെത്തീട്ടു മരിച്ചതു ഞാൻ"
എന്നും കർത്താ-തന്നരുളിന്നു മഹത്ത്വം.
മൊറിയോ റാഹേം...

അല്ലെങ്കിൽ

(ആനീദേ ദശ്ക്കൽ പഗറോക്)

രക്ഷകനേ, നിൻഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനംചെയ്തും
മൃതരായോരെ നാശം നീക്കിജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി.
ബാറെക്മോർ. ശുബ്ഹോ...

മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദംകേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോ റാഹേം...

അല്ലെങ്കിൽ

ലോകം രണ്ടിലുമധികാരം
ഏന്തുന്നവനേ നിൻ സ്ലീബാ
കാക്കണമേ ജീവിപ്പവരെ
മൃതരെ പാവനരാക്കണമേ. ബാറെക്മോർ

ശുബ്ഹോ...

സംസ്കാരം ചെയ്യപ്പെട്ടോർ
മൃതരെ ഉയർപ്പിക്കുന്നവനേ
അങ്ങേയ്ക്കായ് സ്തുതി താതന്നും
സ്തോത്രമതാത്മനുമുണ്ടാക.
മൊറിയോ റാഹേം...

### ബോവൂസോ

മരമതിനുയരെക്കർത്താവേ
കള്ളനുകിട്ടിയ നിന്റെ വരം
ത്രിത്വത്തെ സ്തുതിചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

അല്ലെങ്കിൽ
(ബാറാലോഹോ)

തന്മരണത്താൽ-മരണത്തെ
ജീവിപ്പിച്ചവനാം-ദൈവസുതാ,
സ്തുതി ദൈവത്തിന്നെ-ന്നാർക്കാൻ
അടിയാരെ-പൂഴീന്നേറ്റണമേ.

## 3

## വീടിന്റെ ശിലാസ്ഥാപനം

യേശു എന്നടിസ്ഥാനം ആശയവനിലത്രേ
ആശ്വാസത്തിൻ പൂർണത യേശുവിൽ കണ്ടേ ഞാനും
എത്ര മധുരമവൻ നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറുമെന്നാർത്തി മാഞ്ഞുപോകുന്നു.

### കൗമാ

**വേദവായന:** ലൂക്കോ 6 : 47-49

എന്റെ അടുത്തുവന്ന് എന്റെ വചനം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവൻ ആർക്കു സദൃശനാണെന്ന് ഞാൻ വ്യക്തമാക്കാം. ആഴത്തിൽ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് വീടു പണിത മനുഷ്യനോടു





സദൃശനാണ് അവൻ. വെള്ളപ്പൊക്കമുണ്ടാവുകയും ഒഴുക്ക് അതിൻമേൽ ആഞ്ഞടിക്കുകയും ചെയ്തു. എന്നാൽ ആ വീടിനെ ഇളക്കാൻ കഴിഞ്ഞില്ല. എന്തെന്നാൽ അതു ബലിഷ്ഠമായി പണിയപ്പെട്ടിരുന്നു. വചനം കേൾക്കുകയും, എന്നാൽ അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഉറപ്പില്ലാത്ത തറമേൽ വീടുപണിതവനു തുല്യൻ. ജലപ്രവാഹം അതിൻമേൽ ആഞ്ഞടിച്ചു. ഉടനെ അതു നിലംപതിച്ചു. ആ വീടിന്റെ തകർച്ച വലുതായിരുന്നു.

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

കാരുണ്യവാനായ കർത്താവേ! നിന്റെ ദാസരുടെ വാസത്തിനായി ഇപ്പോൾ അടിസ്ഥാനമിട്ട് പണി ആരംഭിക്കുന്ന ഈ ഭവനത്തിന്റെ നിർമ്മാണത്തെ നീ വാഴ്ത്തി അനുഗ്രഹിക്കണമേ. ബഥേലിൽവച്ച് യാക്കോബ് തലയിണയായി ഉപയോഗിച്ച കല്ല് ഒരു തൂണായി നാട്ടി അതിന്മേൽ എണ്ണ ഒഴിക്കുകയും അത് ദൈവഭവനമായി തീരുകയും ചെയ്തതു പോലെ ഈ കല്ലിനെ ഞങ്ങൾ ഈ ഭവനത്തിന്റെ അടിസ്ഥാന ശിലയായി വയ്ക്കുന്നു.

കർത്താവേ ഈ ഭവനത്തിന്റെ നിർമ്മാണത്തിൽ നീ നായകനും നടത്തിപ്പുകാരനും മദ്ധ്യസ്ഥനുമായിരിക്കണമേ. കർത്താവ് വീടു പണിയുന്നില്ലെങ്കിൽ പണിക്കാർ വൃഥാ അദ്ധ്വാനിക്കുന്നു എന്ന് സങ്കീർത്തകൻ പറഞ്ഞിരിക്കുന്നുവല്ലോ. ആകയാൽ, കർത്താവേ ഇതിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുന്നവരെ നീ വാഴ്ത്തണമേ. പണിയിലുണ്ടാകാവുന്ന കുറവുകളും അപകടങ്ങളും നീ മാറ്റിത്തരണമേ. നിന്റെ വിജയസ്ലീബായാൽ ✠ ഈ ഭവനത്തെ നീ കാത്തുകൊള്ളണമേ. എല്ലാ പ്രവർത്തനങ്ങളും നിന്റെ തിരുനാമ മഹത്ത്വത്തിനാകണമേ.

എല്ലാ നിർമ്മാണവസ്തുക്കളെയും ഇതിന്റെ പണിക്കുവേണ്ടിയുള്ള എല്ലാ സാധന സാമഗ്രികളെയും നീ വാഴ്ത്തണമേ.

സാമ്പത്തികമായ എല്ലാ കാര്യങ്ങളും നീ തന്നെ ക്രമപ്പെടുത്തണമേ. ദൈവമക്കൾക്ക് വസിക്കുവാനുള്ള ഭവനം എന്ന നിലയിൽ നീ ഇതിന്റെ പണികളെ ദുഷ്ടന്റെ ഉപദ്രവങ്ങളിൽ നിന്നും ചതിയിൽ നിന്നും വഞ്ചനയിൽ നിന്നും കാത്തു കൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ...

ശില വാഴ്ത്തുന്നു

തെസ്ബാറാക് ഉ തെസ്ദാക്കെ ശേത്തസ്തോ ഹോദേ കാദ്മെസറ്ശെം ബ്റൂശ്മോ ദസ്ളീബോ ഹായോ ഉ മാബേദ് ഹായേ. ബാറെക്മോർ

✠ബശ്മോദാബോ (ആമ്മീൻ)✠ഉദാബ്റോ (ആമ്മീൻ) ✠വദ്റൂഹോ ഹായോ കാദീശോ ലഹായേ ദലഓലം ഒൽമ്മീൻ. (ആമ്മീൻ)

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ അടിസ്ഥാനശില ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ)✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

അടിസ്ഥാനശില കുഴിയിൽ വെച്ചുകൊണ്ട്

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ ഈ ഭവനത്തിന്റെ അടിസ്ഥാനശില വയ്ക്കപ്പെടുന്നു.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)





# 4

## വിദ്യാലയ ശിലാസ്ഥാപനം

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ നിന്റെ വൻ കൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ

### കൗമാ

**വേദവായന :** സുഭാഷിതങ്ങൾ 8:1-11

ജ്ഞാനം വിളിച്ചുപറയുന്നതും അറിവ് ഉച്ചത്തിൽ ഘോഷിക്കുന്നതും കേൾക്കുന്നില്ലേ? വീഥികളിലും വഴിയരികിലുമുള്ള കുന്നുകളിലും അവൾ നിലയുറപ്പിക്കുന്നു. നഗരകവാടത്തിൽ വാതിലിന് അരികേ നിന്നുകൊണ്ട് അവൾ വിളിച്ചുപറയുന്നു. മനുഷ്യരേ, ഞാൻ നിങ്ങളോടാണ് വിളിച്ചു പറയുന്നത്; നിങ്ങൾ എല്ലാവരെയുമാണ് ഞാൻ ആഹ്വാനം ചെയ്യുന്നത്. അൽപബുദ്ധികളേ, വകതിരിവു പഠിക്കുവിൻ, ഭോഷരേ, ശ്രദ്ധിക്കുവിൻ. കേൾക്കുവിൻ, ഉത്തമമായ കാര്യങ്ങളാണ് ഞാൻ പറയാൻ പോകുന്നത്; എന്റെ അധരങ്ങളിൽനിന്ന് ഉചിതമായ വാക്കുകൾ നീതിയുക്തമാണ്; വളച്ചൊടിച്ചതോ വക്രമോ ആയി ഒന്നും അതിലില്ല. ഗ്രഹിക്കുന്നവന് അവ ഋജുവാണ്; അറിവു നേടുന്നവർക്ക് ന്യായയുക്തവും. എന്റെ പ്രബോധനം വെള്ളിക്കു പകരവും എന്റെ ജ്ഞാനം വിശിഷ്ടമായ സ്വർണ്ണത്തിനു പകരവും ആണ്. എന്തെന്നാൽ, ജ്ഞാനം രത്നങ്ങളെക്കാൾ ശ്രേഷ്ഠമത്രെ. നിങ്ങൾ അഭിലഷിക്കുന്നതൊന്നും അതിനു തുല്യമല്ല.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളുമായ...

## പ്രാർത്ഥന

സർവാധിപതിയായ ദൈവംതമ്പുരാനേ, നിന്നെ കുറിച്ചുള്ള ഭയമാണ് യഥാർത്ഥമായ ജ്ഞാനത്തിന്റെ ആരംഭമെന്ന് ഞങ്ങളെ പഠിപ്പിച്ചുവല്ലോ. നിന്റെ മഹാജ്ഞാനം നിസാരരും മൺമയരുമായ ഞങ്ങൾക്കു നൽകുവാൻ തിരുമനസ്സായല്ലോ. പ്രപഞ്ച ത്തിന്റെ നിഗൂഢതകളെ മനസിലാക്കുവാൻ ഞങ്ങൾക്കു നീ ജിജ്ഞാസയും ഉത്സാഹവും തന്നിരിക്കുന്നു. നിന്റെ നൽവരങ്ങൾ പരിപോഷിപ്പിക്കുന്നതിനും മനുഷ്യരാശിയുടെ വളർച്ചയ്ക്കു ഉപയുക്തമാക്കുവാനും, നിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ സമഗ്രവളർച്ചയിലേക്ക് നയിക്കുവാനും വേണ്ടി സ്ഥാപിക്കപ്പെടുന്ന ഈ വിദ്യാലയത്തെ നീ അനുഗ്രഹിക്കേണമേ. ഇന്ന് അടിസ്ഥാന കല്ലിട്ട് പണി ആരംഭിക്കുന്ന ഈ സ്ഥാപനം നിന്റെ മഹത്വത്തിനും മനുഷ്യരാശിയുടെ സമഗ്രവളർച്ചയ്ക്കും സമൂഹത്തിന്റെ ഉന്നതിക്കുമായി രൂപാന്തരപ്പെടുത്തണമേ. അജ്ഞതയുടെയും അന്ധകാരത്തിന്റെയും പിടിയിൽനിന്നു പ്രകാശത്തിന്റെയും വിശുദ്ധിയുടെയും ദിനങ്ങളിലേക്കു പ്രവേശിക്കുവാൻ ഈ സ്ഥാപനത്തിൽ പരിശീലനം ലഭിക്കുന്നവർക്ക് സംഗതി യാക്കണമേ. അറിവും സ്വഭാവരൂപീകരണവും പ്രദാനം ചെയ്യുന്ന സ്ഥാപനമായി ഇതിനെ വളർത്തണമേ. വിദ്യാഭ്യാസത്തിനു തടസ്സം നിൽക്കുന്ന രോഗങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും ഞങ്ങളുടെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും കാത്തു കൊള്ളണമേ. ഈ വിദ്യാലയത്തിന്റെ പണിയിൽ സഹായി ക്കുന്നവരെയും ഗുണകാംഷികളെയും അനുഗ്രഹി ക്കണമേ. ഈ വിദ്യാഭ്യാസസ്ഥാപനം വഴി ഈ ദേശത്തെ നീ അനുഗ്രഹിക്ക ണമേ. ഇതിന്റെ പണി യഥാസമയം പൂർത്തീകരിക്കുന്നതിന് ഇടയാക്കണമേ. ആയത് ഞങ്ങൾ നിന്നെയും നിന്റെ ഏകജാതനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ച് ആരാധിപ്പാനായി തന്നെ. ഹോശോ...





കല്ല് ആശീർവദിക്കുന്നു

തെസ്ബാറാക് ഉ തെസ്ദാക്കെ ശേത്തസ്തോ ഹോദേ കാദ്മെസറ്ശെം ബ്റൂശ്മോ ദസ്ളീബോ ഹായോ ഉ മാബേദ് ഹായേ. ബാറെക്മോർ.

✠ബശ്മോദാബോ (ആമ്മീൻ) ✠ഉദാബ്റോ (ആമ്മീൻ) ✠വദ്റൂഹോ ഹായോ കാദീശോ ലഹായേ ദലഓലം ഒൽമ്മീൻ. (ആമ്മീൻ)

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാള ത്താൽ മുദ്രകുത്തിക്കൊണ്ട് ഈ അടിസ്ഥാനശില ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ആശീർവ്വാദശില കുഴിയിൽവെച്ചുകൊണ്ട്

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ അടിസ്ഥാനശില വയ്ക്കപ്പെടുന്നു.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15–18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും ... (പേജ് 11)

## 5

## ആശുപത്രി ശിലാസ്ഥാപനം

സർവ്വസൃഷ്ടികളുമൊന്നായ് പുകഴ്ത്തിടുന്ന
സ്രഷ്ടാവിനെ സ്തുതിക്കും ഞാൻ
ഇക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചീടും പൊന്നുനാഥനെ
യേശു മാറാത്തവൻ – യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ ഇന്നുമെന്നും കൂടെയുള്ളവൻ

രോഗശയ്യയിലെനിക്ക് സഹായകനും രാക്കാല ഗീതവുമവൻ
നല്ല വൈദ്യനും ദിവ്യഔഷധവുമെൻ ആത്മസഖിയുമവൻ തന്നെ

## കൗമാ

**വേദവായന :** ലൂക്കോ 6:17–19

അവൻ അവരോടുകൂടെ ഇറങ്ങി സമതലത്തിൽ വന്നു നിന്നു. ശിഷ്യൻമാരുടെ ഒരു വലിയ ഗണവും അവന്റെ വചനം ശ്രവിക്കുന്നതിനും രോഗശാന്തി നേടുന്നതിനുമായി യൂദയാ, ജറുസലേം എന്നിവിടങ്ങളിൽനിന്നും ടയിർ, സീദോൻ, എന്നീ തീരപ്രദേശങ്ങളിൽനിന്നും വന്ന വലിയ ജനസമൂഹവും അവിടെ ഒരുമിച്ചുകൂടി. അശുദ്ധാത്മാക്കളാൽ പീഡിതരായവർ സുഖമാക്കപ്പെട്ടു. ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ, അവനിൽനിന്നു ശക്തി പുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു.

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

സ്വർഗീയ വൈദ്യനായ കർത്താവേ, സൗഖ്യത്തിന്റെ നീരുറവ നീയാകുന്നുവല്ലോ. എണ്ണയോ, ലേപനൗഷധമോ അല്ല നിന്റെ വചനമാണ് രോഗികളെ സൗഖ്യമാക്കിയത് എന്ന തിരുവചനം ഞങ്ങളെ അനുസ്മരിപ്പിക്കണമേ. ഔഷധങ്ങൾ കൂടാതെയും ഔഷധങ്ങളിൽ കൂടിയും സൗഖ്യം നൽകുന്നതിനും നിനക്ക് കഴിയുമെന്ന് ഞങ്ങൾ അറിയുന്നു. ഔഷധങ്ങളിൽ രോഗ ശാന്തിക്കുള്ള ശക്തി നിക്ഷേപിച്ചവൻ നീ തന്നെയാകുന്നു. ഔഷധങ്ങളുടെ സൗഖ്യദാന ശക്തിയെകുറിച്ചു അറിവ് മനുഷ്യർക്ക് നൽകുന്നവനും നീയാകുന്നു. സാങ്കേതിക ജ്ഞാനവും ആതുരശുശ്രൂഷ ചെയ്യുന്നവരുടെ കഴിവുകളും സേവനസന്നദ്ധതയുമെല്ലാം നിന്റെ ദാനമാകുന്നുവല്ലോ.





ആശുപത്രിയിൽ ശുശ്രൂഷിക്കുന്നവർക്ക് ജന്മസിദ്ധമായി നീ നൽകിയിട്ടുള്ള കഴിവുകളിൽ മാത്രം ആശ്രയിക്കാതെ നിന്നിൽ പരിപൂർണമായി സമർപ്പിച്ചുകൊണ്ട് സ്നേഹത്തോടും മനസ്സലിവോടും ക്ഷമയോടുംകൂടെ വേല ചെയ്യുവാൻ അവരെ സഹായിക്കണമേ. സ്നേഹത്തിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും ആത്മാവിൽ പ്രത്യാശയുടെ ദീപങ്ങളായി ജ്വലിക്കുന്നതിന് ഞങ്ങൾക്ക് കൃപ നൽകണമേ. രോഗികളെ നിന്റെ മക്കളായി കണ്ടുകൊണ്ട് നിന്നോടുള്ള സ്നേഹത്തെപ്രതി അവരെ ശുശ്രൂഷിക്കുന്നതിന് ഞങ്ങളെ സഹായിക്കണമേ. രോഗികളും അവരുടെ ബന്ധുമിത്രാദികളും നിന്റെ സ്നേഹവും ശക്തിയും കണ്ട് വിശ്വസിക്കുവാൻ തക്കവണ്ണം നീ അത്ഭുത ങ്ങളും അടയാളങ്ങളും പ്രവർത്തിക്കണമേ.

ഇപ്പോൾ അടിസ്ഥാനശില സ്ഥാപിച്ചുകൊണ്ട് നിർമ്മാണമാ രംഭിക്കുന്ന ഈ ആതുരാലയത്തെ അവിടുന്ന് വാഴ്ത്തി അനുഗ്ര ഹിക്കണമേ. ഇതിന്റെ നിർമ്മാണ പ്രവർത്തനം യഥാകാലം പൂർത്തിയാക്കുന്നതിനും, ഇത് ഈ നാടിനും മറ്റനേകർക്കും പ്രയോജനകരമായി വളരുന്നതിനും, ആതുരശുശ്രൂഷകളിലൂടെ അനേകർ സൗഖ്യം പ്രാപിച്ച് നിന്നെ മഹത്വപ്പെടുത്തുന്നതിനും സംഗതിയാകണമേ. ഇതിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സകല സാധനസാമഗ്രികളെയും പണിയിൽ ഏർപ്പെടുന്നവരെയും ഇവിടെ സേവനം അനുഷ്ഠിക്കുന്നവരെയും നീ വാഴ്ത്തി അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും കരേറ്റുമാറാകണമേ. ആമ്മീൻ.

ശിലവാഴ്ത്തുന്നു

തെസ്ബാറാക് ഉ തെസ്ദാക്കെ ശേത്തസ്തോ ഹോദേ കാദ്മെസറ്ശെം ബ്റൂശ്മോ ദസ്ളീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.

✠ബശ്മോദാബോ(ആമ്മീൻ)✠ഉദാബ്റോ (ആമ്മീൻ) ✠വദ്റൂഹോ ഹായോ കാദീശോ ലഹായേ ദലഓലം ഒൽമ്മീൻ. (ആമ്മീൻ)

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ അടിസ്ഥാനശില ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ആശീർവദിച്ചശില കുഴിയിൽവെച്ചുകൊണ്ട്

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ ആശുപത്രിയുടെ അടിസ്ഥാനശില വയ്ക്കപ്പെടുന്നു.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

## 6

## വ്യാപാര/വ്യവസായകേന്ദ്ര ശിലാസ്ഥാപനം

ദൈവത്തിനു സ്തോത്രം പാടിടുവിൻ
അവൻ വല്ലഭനല്ലോ ദയയെന്നുമുള്ളവൻ
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ
ഏകമായ് വണങ്ങി പാടിടാമെന്നും
പരിപാലകനല്ലോ സർവശക്തനല്ലയോ
നിത്യസ്നേഹമല്ലയോ സ്തുതി എന്നുമവന്
താൻ ഉന്നതനല്ലോ, കൃപ ചെയ്തിടുമല്ലോ
തൻ സന്നിധിയിലെന്നും പ്രമോദമുണ്ടല്ലോ





### കൗമാ

**വേദവായന** : മത്താ 25:14-21

ഒരുവൻ യാത്ര പുറപ്പെടുന്നതിനുമുമ്പ് ഭൃത്യന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഭരമേല്പിച്ചതുപോലെയാണ് സ്വർഗ്ഗരാജ്യം. അവൻ ഓരോരുത്തന്റെയും കഴിവനുസരിച്ച് ഒരുവന് അഞ്ചു താലന്തും മറ്റൊരുവന് രണ്ടും വേറൊരുവന് ഒന്നും കൊടുത്തശേഷം യാത്ര പുറപ്പെട്ടു. അഞ്ചു താലന്തു ലഭിച്ചവൻ ഉടനെപോയി വ്യാപാരം ചെയ്ത് അഞ്ചു താലന്തു കൂടി സമ്പാദിച്ചു. രണ്ടു താലന്തു കിട്ടിയവനും രണ്ടു കൂടി നേടി. എന്നാൽ, ഒരു താലന്തു ലഭിച്ചവൻ പോയി നിലം കുഴിച്ച് യജമാനന്റെ പണം മറച്ചുവച്ചു. ഏറെക്കാലത്തിനുശേഷം ആ ഭൃത്യന്മാരുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു. അഞ്ചു താലന്തു കിട്ടിയവൻ വന്ന് അഞ്ചു കൂടി സമർപ്പിച്ച്, യജമാനനേ, നീ എനിക്ക് അഞ്ചു താലന്താണല്ലോ നൽകിയത്. ഇതാ, ഞാൻ അഞ്ചു കൂടി സമ്പാദിച്ചിരിക്കുന്നു എന്നു പറഞ്ഞു. യജമാനൻ പറഞ്ഞു: കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്കുക..

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ വിദൂരദേശത്തേക്ക് കൊണ്ടുപോയി, അവനെയും അവന്റെ സന്തതിയെയും അനുഗ്രഹിച്ച ദൈവമായ കർത്താവേ, ഇപ്പോൾ അടിസ്ഥാനശിലയിട്ട് നിർമ്മാണം ആരംഭിച്ചിരിക്കുന്ന ഈ സ്ഥാപനത്തെ വാഴ്ത്തി അനുഗ്രഹിക്കണമേ. നിന്നിൽ

ആശ്രയിച്ചുകൊണ്ട് സകലതും പ്രവർത്തിപ്പാൻ നിന്റെ മക്കളെ സഹായിക്കണമേ. ഇതിന്റെ നിർമാണപ്രവർത്തനം യഥാകാലം പൂർത്തിയാക്കുന്നതിനും ഇത് ഈ നാടിനും അനേകർക്കും പ്രയോജനം ഉള്ളതായി വളർന്നു വരുവാനും അവിടുന്ന് സഹായിക്കണമേ. ഇതിന്റെ പണിക്കുപയോഗിക്കുന്ന സകല സാധനസാമഗ്രികളെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും വാഴ്ത്തി അനുഗ്രഹിക്കണമേ. പണിയിലുണ്ടാകാവുന്ന സകല കുറവുകളും തടസ്സങ്ങളും അപകടങ്ങളും നീക്കി നിന്റെ വിജയകരമായ സ്ലീബായാൽ ഇതിനെ കാത്തുകൊള്ളണമേ. 'ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കുകയും നീ പോകേണ്ട വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന ദൈവമായ കർത്താവ് ഞാനാകുന്നു' എന്നരുളിച്ചെയ്ത നാഥാ, ഞങ്ങൾ ഏർപ്പെടുന്ന ഏതൊരു ജോലിയും എല്ലാവരുടെയും നന്മക്കായി നീ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യമായി കാണുവാൻ വിശ്വാസമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾ ആരംഭിക്കുന്ന ഏതൊരു ജോലിയും വിശ്വസ്തതയോടെ ചെയ്യുവാൻ തക്കവണ്ണം നീ ഞങ്ങളെ സഹായിക്കണമേ. ആത്മാർത്ഥമായി അദ്ധ്വാനിച്ച് എല്ലാവരുടെയും പ്രീതിവാത്സല്യങ്ങൾക്ക് പാത്രീഭൂതരാകുവാൻ ഞങ്ങളെ സഹായിക്കണമേ. നിന്റെ തിരുനാമമഹത്ത്വത്തിനും മനുഷ്യരുടെ നന്മക്കും ആയിത്തീരുവാൻ ഞങ്ങൾ അടിസ്ഥാനമിടുന്ന ഈ സ്ഥാപനത്തെ അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും...

ശില ആശിർവദിക്കുന്നു.

തെസ്ബാറാക് ഉ തെസ്ദാക്കെ ശേത്തസ്തോ ഹോദേ കാദ്മെസറ്ശെം ബ്റൂശ്മോ ദസ്ളീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.

✠ബശ്മോദാബോ(ആമ്മീൻ)✠ഉദാബ്റോ (ആമ്മീൻ) ✠വദ്റൂഹോ ഹായോ കാദീശോ ലഹായേ ദലഓലം ഒൽമ്മീൻ. (ആമ്മീൻ)





അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ അടിസ്ഥാനശില ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ആശീർവദിച്ച ശില കുഴിയിൽവെച്ചുകൊണ്ട്

✠പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ അടിസ്ഥാനശില വയ്ക്കപ്പെടുന്നു.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 7

# കട്ടിള സ്ഥാപിക്കുമ്പോൾ

വാതിൽ തുറന്നീ പ്രാർത്ഥനയിൻ
നാദം കേട്ടേകീടണമേ
നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിയ്ക്കായ് ബലഹീനർ

നല്ലവനേ കാരുണ്യത്താൽ
നല്കണമേ യാചിപ്പുകളെ
കർത്താവേ കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ

**കൗമാ**

**വേദവായന:** യോഹ 10:7-11

അതുകൊണ്ട് യേശു വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാനാണ് ആടുകളുടെ വാതിൽ. എനിക്കുമുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല. ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തുപോവുകയും മേച്ചിൽ സ്ഥലം കണ്ടെത്തുകയും ചെയ്യും.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

**പ്രാർത്ഥന**

ദൈവമായ കർത്താവേ, നീ ഞങ്ങൾക്കായി ഒരുക്കുന്ന ഈ വാസസ്ഥലത്തിനു പ്രധാന വാതിൽ സ്ഥാപിക്കുന്ന ഈ സമയത്ത് അവിടുത്തെ തിരുനിവാസം ഈ ഭവനത്തിൽ ഉണ്ടാകുമാറാകണമേ. ഇത് ദിവ്യസ്തുതികളാൽ നിന്നെ പുകഴ്ത്തുന്ന വിശുദ്ധിയുടെ കവാടമായിരിക്കണമേ. ഇസ്രായേൽ കട്ടിളപടികളിൽ കുഞ്ഞാടിന്റെ രക്തം തളിച്ച്, സംഹാരദൂതനിൽ നിന്നും നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ രക്ഷിച്ചതുപോലെ, നിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് ഇവിടെ പാർക്കുവാൻ ആഗ്രഹിക്കുന്നവർക്കു ഈ കട്ടിളകൾ സംരക്ഷണത്തിന്റെയും കാവലിന്റെയും ചിഹ്നമായിരിക്കണമേ. ഇത് പൈശാചിക ശക്തികൾക്കു അപ്രാപ്യമായ വാതിലുകളായിരിക്കണമേ. ദുഷ്ടശത്രുവിനെ നേരിടുവാൻ ഈ വാതിലുകൾ കാവലായിരിക്കണമേ. അഹറോന്റെ തളിർത്ത വടിപോലെയും മോശയുടെ അത്ഭുത ദണ്ഡുപോലെയും ഈ കട്ടിളപ്പടികൾ ഞങ്ങളുടെ മദ്ധ്യേ ശോഭിക്കുമാറാകണമേ. ഇതിലൂടെ പ്രവേശിക്കുന്നവർ രക്ഷയുടെ ആനന്ദം ഉൾക്കൊള്ളുവാൻ തക്കവിധം ഇതിനെ വിശുദ്ധ കവാടമാക്കിതീർക്കണമേ. ഈ കവാടം സത്യവിശ്വാസത്തിന്റെ കാവൽ തുറമുഖമായിരിക്കണമേ. ഞങ്ങളുടെ മിശിഹാ





തമ്പുരാനേ, മഹത്വപൂർണമായ നിന്റെ രണ്ടാമത്തെ വരവിൽ നീതിയാകുന്ന എണ്ണ നിറച്ച ദീപയഷ്ടികളോടുകൂടെ നിന്റെ എതിരേല്പിനു പുറപ്പെടുന്നതിനും, ഇത് അടയ്ക്കപ്പെടാത്ത വാതിലുകളായിരിക്കണമേ. ഇത് ജറുസലേം കോട്ടപോലെ ദൈവമക്കളെ സംരക്ഷിക്കുന്ന വിശുദ്ധ കവാടമായിരിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

ഭവനങ്ങളുടെ അലങ്കാരത്തിനും നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനും സഭാമക്കളുടെ സംരക്ഷണത്തിനുമായി ഈ വാതിൽപ്പടികൾ എന്നെന്നേക്കുമായി ആശീർവദിക്കപ്പെടണമേ.

കട്ടിള ആശീർവദിക്കുന്നു

നെസ്ബാറാക് ഉ നെസ്ദാക്കെ തറഓഹോനോ കാദ്മെസറ്ശെം ബ്റൂശ്മോ ദസ്ളീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.

✠ബശ്മോദാബോ (ആമ്മീൻ) ✠ഉദാബ്റോ (ആമ്മീൻ) ✠വദ്റൂഹോ ഹായോ കാദീശോ ലഹായേ ദലഓലം ഒൽമ്മീൻ. (ആമ്മീൻ)

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തിക്കൊണ്ട് ഈ കട്ടിള ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

കട്ടിള സ്ഥാപിച്ചുകൊണ്ട്

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ കട്ടിള വയ്ക്കപ്പെടുന്നു.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

**സമാപന ആശീർവാദം**

✠ ആകാശവും ഭൂമിയും... (പേജ് 11)

# 8

# ഭവന കൂദാശ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

കർത്താവേ, നിന്റെ ശാന്തിയും സമാധാനവും ഈ ഭവനത്തിൽ വസിപ്പിക്കണമേ. ഇതിലുള്ള സകലവും നീ വാഴ്ത്തണമേ. ഇതിലെ വരവു ചെലവുകൾ തിരുനാമ മഹത്ത്വത്തിനും, നീതിയുടെ പരിപാലനത്തിനും ആയിരിക്കണമേ. നിന്നിൽ നിന്നുള്ള സകല നന്മകളും അനുഗ്രഹങ്ങളുംകൊണ്ട് ഇതിനെ ഐശ്വര്യസമൃദ്ധമാക്കണമേ. ഇതിൽ വസിക്കുന്നവർക്കു നീ മുഖപ്രസന്നത നൽകണമേ. ആയുഷ്പര്യന്തം രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും ഇവർ നിന്നെ പ്രസാദിപ്പിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇവരുടെ മരിച്ചുപോയവർക്കു സൽസ്മരണയും ആശ്വാസവും നൽകണമേ. (മോറാൻ വാലോഹാൻ ല്ഒൽമീൻ). ആമ്മീൻ

## കുക്കിലിയോൻ (ഒന്നാംരാഗം)

സങ്കീർത്തനം 25:1-15

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ ഹാ-ഹാ
നീയെൻ ശരണം ലജ്ജി-ക്കരുതേ ഞാൻ

വൈരികളെന്നൊടു ഗർവം കാട്ടരുതേ ഹാ-ഹാ
നിന്നാശ്രിതരാരും ലജ്ജി-ച്ചീടരുതേ.

ലജ്ജിക്കുമധർമ്മികളവരുടെ വ്യർത്ഥതയിൽ ഹാ-ഹാ
നിൻ പാതകളെന്നെ കാട്ടിടുക.

ഗൂഢം നിൻ വഴികളറിയിക്കുകയെന്നെ ഹാ-ഹാ
നേരിൽ നയിച്ചെന്നെ പരിശീലിപ്പിക്ക. ബാറെക്മോർ.





കാർമി : ശുബ്ഹോ...
ജനം : മെൻഓലം...

അല്ലെങ്കിൽ

കർത്താവേ, നിന്റെ അടുക്കലേക്ക് എന്റെ ആത്മാവിനെ ഞാനുയർത്തി. എന്റെ ദൈവമേ, നിന്നിൽ ശരണപ്പെട്ടതിനാൽ ഞാൻ ലജ്ജിക്കുമാറാകരുതേ, എന്റെ ശത്രുക്കൾ എന്റെ നേരേ പ്രശംസിക്കരുതേ; നിന്നിൽ ശരണപ്പെട്ടിരിക്കുന്ന ഒരുവനും ലജ്ജിക്കരുതേ. അന്യായം പ്രവർത്തിക്കുന്നവർ അവരുടെ വ്യർത്ഥതയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കണമേ; നിന്റെ സത്യത്തിൽ എന്നെ നടത്തി പഠിപ്പിക്കണമേ. ബാറെക്മോർ.

കാർമി : പിതാവിനും...
ജനം : ആദിമുതൽ...

## എക്ബോ

മനുജ പ്രിയ നീ ആഴിയിൽ നിന്നും
യൗനാൻ നിബിയെ രക്ഷിച്ചു;
ഋണ പൂരിതനാ-മെന്നെയും
കൃപയാൽ കോരിയെടു-ക്കേണം

അല്ലെങ്കിൽ

മനുഷ്യരെ സ്നേഹിക്കുന്നവനേ, സമുദ്രത്തിൽനിന്നും യൗനാൻ ദീർഘദർശിയെ നീ രക്ഷിച്ചപ്രകാരം എന്റെ അസംഖ്യങ്ങളായ അധർമ്മങ്ങളിൽനിന്നു നിന്റെ കൃപയാൽ എന്നെയും കോരിയെടുക്കണമേ.

ശുശ്രൂ : സ്തൗമെൻ കാലോസ്
ജനം : കുറിയേലായിസ്സോൻ
കാർമി : നാമെല്ലാവരും...
ജനം : കാരുണ്യവാനായ...
കാർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

കരുണനിറഞ്ഞ കർത്താവേ, നിന്റെ കൃപയാൽ ഈ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. ബലഹീനനായ എന്റെ മദ്ധ്യസ്ഥത യാൽ ഈ ഭവനത്തെ നീ അനുഗ്രഹിക്കണമേ. ഇവിടെ കൂടിയി രിക്കുന്ന എല്ലാവരെയും നീ ഐശ്വര്യസമൃദ്ധരാക്കണമേ. നിനക്ക് ഭവനാശിർവാദത്തിന്റെ ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കുത്തരമരുളു കയും ചെയ്യുന്ന ദൈവമായ കർത്താവേ, ഹാബേലിന്റെ ആദ്യഫലം നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ ധൂപം സ്വീകരിക്ക ണമേ. ഹാനോക്കിന്റെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിച്ചതുപോലെ, ഞങ്ങളുടെ ശുശ്രൂഷ നിനക്ക് പ്രീതികരമാകണമേ. നീതിമാനായ നോഹയുടെ ബലിയിൽ നീ സന്തുഷ്ടനായ പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ നീ സന്തുഷ്ടനാകണമേ.

കർത്താവേ, ഞങ്ങളുടെ പിതാവും നിന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ വിശ്വാസം നിനക്ക് പ്രീതികരമായതുപോലെ ഞങ്ങളുടെ നമസ്ക്കാരം നിനക്ക് ആനന്ദപ്രദമാകണമേ. നീതിമാനായ യോബിന്റെ അടുക്കൽ ദുഷ്ടൻ ലജ്ജിതനായ പ്രകാരം ഈ ഭവനത്തിന്റെ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുവാൻ ഇടയാകണമേ. ശ്രേഷ്ഠാചാര്യനായ അഹറോന്റെ ധൂപം മുഖേന ഇസ്രായേൽ ജനത്തിൽനിന്ന് വസന്ത നിരോധിക്കപ്പെട്ടതു പോലെ ഈ ഭവനത്തിൽനിന്ന് കഠിന രോഗങ്ങളും കോപത്തിന്റെ ദണ്ഡനങ്ങളും നിരോധിക്കണമേ.

(ആചാര്യനായ സ്കറിയായ്ക്ക് തന്റെ ശുശ്രൂഷയിൽ നിന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് വെളിപാടുണ്ടായതു





പോലെ, ഞങ്ങളുടെ ശുശ്രൂഷമൂലം ജീവന്റെയും രക്ഷയുടെയും അറിയിപ്പ് ഞങ്ങൾക്കുണ്ടാകണമേ. കർത്താവേ, ചുങ്കക്കാരൻ സഖായിയോടെന്ന പ്രകാരം തിരുവചനംമൂലം ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. ധന്യരായ ശ്ലീഹന്മാരുടെ തലവനായ ശെമഓന്റെ അപേക്ഷ നീ സ്വീകരിച്ച പ്രകാരം മഹാപാപികളായ ഞങ്ങളുടെ അപേക്ഷകളും സ്വീകരിക്കണമേ. പാപിനിയുടെ കടങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്ക ണമേ. കർത്താവേ, ആ സ്ത്രീ വിഷമകരമായ അവളുടെ രോഗത്തിൽനിന്ന് സൗഖ്യം പ്രാപിച്ചതുപോലെ അനാദ്യന്തമായ നിന്റെ കരുണ ഞങ്ങളിലും പ്രത്യക്ഷപ്പെടണമേ. ക്നാനായക്കാ രിയുടെ മകളിൽനിന്ന് ദുഷ്ടനെ നീ ഓടിച്ചുകളഞ്ഞതുപോലെ ശത്രുവിന്റെ ശക്തിയെ ഞങ്ങളിൽ നിന്നകറ്റണമേ. സുന്ദരപുരു ഷനായ ദാനിയേലിനെപ്പോലെ തിരുസന്നിധിയിൽ ഞങ്ങൾക്കും വിജയം നൽകണമേ. ജ്വലിക്കുന്ന തീച്ചൂളയിൽവച്ച് ഹാനനിയാ ആദിയായവരുടെ ബന്ധനങ്ങൾ അഴിക്കപ്പെട്ട പ്രകാരം പൈശാചിക ബന്ധനങ്ങൾ ഞങ്ങളിൽനിന്നഴിക്കണമേ.

നിന്റെ ആചാര്യന്മാർക്കും ശെമ്മാശന്മാർക്കും തിരുഹിതം നിറവേറ്റുവാൻ കൃപ നൽകണമേ. നിന്റെ സ്വർഗീയഭണ്ഡാര ത്തിൽ അവർ വിശ്വസ്തരായി ഭവിക്കണമേ. തിരുവചനപ്രകാരം ഭക്തിയോടുകൂടെ നിന്റെ ഇടവകയിലെ ആടുകളെ മേയിക്കുവാൻ അവരെ സഹായിക്കണമേ. നിന്റെ വിശുദ്ധ മാർഗത്തിൽ കൂടെ അവർ സഞ്ചരിക്കുകയും ജീവദായകങ്ങളായ നിന്റെ കർത്തൃകല്പനകൾ ആചരിക്കുകയും ചെയ്യുമാ റാകണമേ.)

കർത്താവേ, ഇപ്പോൾ ഈ ഭവനത്തിനുവേണ്ടിയും ഇതിൽ വസിക്കുന്നവർക്കുവേണ്ടിയും കരുണയും കൃപയും നിന്നോട് ഞാൻ യാചിക്കുന്നു. ഈ നിന്റെ ഭൃത്യന്റെ യാചന തിരുസന്നിധിയിൽ എത്തുകയും ഈ ഭവനം ഐശ്വര്യം

പ്രാപിക്കുകയും ഇതിലെ നിവാസികൾ നീതീകരിക്കപ്പെട്ട് രക്ഷ നേടുകയും ചെയ്യണമേ. നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചിൽ സ്ഥലങ്ങളിൽ മേയുകയും, നിന്റെ ആടുകൾ നിന്റെ നന്മകളാൽ തൃപ്തരാകുകയും ഞങ്ങളെല്ലാവരും നിന്നിൽനിന്ന് കരുണ പ്രാപിക്കുകയും ചെയ്യണമേ.

പാപികളിൽ കനിവുള്ളവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനുമായ കർത്താവേ, നിന്റെ കരുണാബാഹുല്യത്തിനനുസരണം ഞങ്ങളിൽ ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. നീ തിരുമനസ്സായി ഞങ്ങളുടെ ധൂപവും പ്രാർത്ഥനയും സ്വീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും വിശ്വാസികളായ പരേതർക്ക് പാപമോചനം നൽകുകയും ചെയ്യണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ഹോശോ...

ജനം : ആമ്മീൻ

കാർമി : ദൈവത്തിൽനിന്ന്...

ജനം : ആമ്മീൻ

## കോലോ

(കാക്കുക നാഥാ സ്ലീബായാൽ... എന്ന രീതി)

അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ.

അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കിക്കാക്കണമേ
വാതിൽ തുറന്നീ പ്രാർത്ഥനയിൻ
നാദം കേട്ടേകീടണമേ.

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ





നല്ലവനേ, കാരുണ്യത്താൽ
നൽകണമേ, യാചിപ്പുകളെ.

കർത്താവേ, കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ
നന്മ നിറഞ്ഞോനേ, എന്റെ
തിന്മകളെ നീ ഓർക്കരുതേ.

## ഹൂലോലോ

ഹാ-ഉ-ഹാ നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ-
സാന്ത്വനമരുളി-പ്പാവനഗിരിശിഖരങ്ങളിലേക്കെന്നെ-ഹാ...

ചെറിയ പാത്രത്തിൽ വച്ചിരിക്കുന്ന ജലം ശുശ്രൂഷകൻ/ഗൃഹനായകൻ എടുത്തു കാർമികന്റെ മുമ്പിൽ പിടിക്കുന്നു. കാർമികൻ സുവിശേഷം വായിക്കുന്നു.

## സുവിശേഷം : ലൂക്കോ 19:1-10

യേശു ജറീക്കോയിൽ പ്രവേശിച്ച് അതിലൂടെ കടന്നു പോവുകയായിരുന്നു. അവിടെ സക്കേവൂസ് എന്നു പേരായ ഒരാൾ ഉണ്ടായിരുന്നു. അവൻ ചുങ്കക്കാരിൽ പ്രധാനനും ധനികനുമായിരുന്നു. യേശു ആരെന്നു കാണുവാൻ അവൻ ആഗ്രഹിച്ചു. പൊക്കം കുറവായിരുന്നതിനാൽ അവനു സാധ്യമായിരുന്നില്ല. യേശുവിനെ കാണുവാൻവേണ്ടി അവൻ മുമ്പേ ഓടി, ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. യേശു അതിലേയാണു കടന്നു പോകാനിരുന്നത്. അവിടെയെത്തിയപ്പോൾ അവൻ മുകളിലേക്കു നോക്കിപ്പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരിക, ഇന്നു എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്നു സന്തോഷത്തോടെ അവനെ സ്വീകരിച്ചു. ഇതു കണ്ടപ്പോൾ അവരെല്ലാവരും പിറുപിറുത്തു. ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ. സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക ഞാൻ വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടി

യായി തിരിച്ചുകൊടുക്കുന്നു. യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രഹാമിന്റെ പുത്രനാണ്. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണു മനുഷ്യപുത്രൻ വന്നിരിക്കുന്നത്.

## മാർ യാക്കോബിന്റെ ബോവൂസോ

നാ–ഥാ നിന്നുടെ ആർദ്രത നിറയും വാതിൽ തുറന്നീ–
യാ–ചന കേട്ടിട്ടാത്മക്കൾമേൽ കൃപ ചൊരിയണമേ.

ഗൂഢം മുറിയിൽ പ്രാർത്ഥിപ്പതിലാണീശൻ സംപ്രീതൻ
ആരവമതിനാലല്ലാ ശിഷ്ടർ നേടിയതൗന്നത്യം.

പ്രാർത്ഥനമൂലം സൗമ്യൻ മോശ സമുദ്രം ഭാഗിച്ചു:
ഇസ്രേൽ തരണം ചെയ്തു; ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയ്.

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചന ശക്തി.

ഹാനനിയാദ്യർ തീച്ചൂളയിൽ വച്ചഭ്യർത്ഥിച്ചപ്പോൾ
തീജ്ജ്വാലയിൽ നിന്നവരെ ദൈവം സംരക്ഷണചെയ്തു.

ദേവാ, എന്നിൽ ഭ്രമമേറ്റീടും കാര്യങ്ങൾ മൂന്നാം:
ചാവിൻ നാഴിക, ന്യായാസനവും നരകവുമിവതന്നെ.

അല്ലെങ്കിൽ

കർത്താവേ, നിന്റെ കരുണാസമ്പൂർണമായ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിൽ കൃപ ചെയ്യണമേ.

കർത്താവു മുറിക്കുള്ളിലുള്ള രഹസ്യപ്രാർത്ഥന ഇഷ്ടപ്പെടുന്നു. നീതിമാൻമാർ ഉന്നതിയാർജ്ജിച്ചത് അത്യുച്ചത്തിലുള്ള ആരവംകൊണ്ടല്ല.

മോശയുടെ പ്രാർത്ഥനയും താഴ്മയും സമുദ്രത്തെ ഭാഗിച്ചു. ഇസ്രായേൽ അതിലൂടെ മറുകര കടന്നു. ദുഷ്ടനായ ഫറവോൻ സൈന്യത്തോടൊപ്പം അതിൽ മുങ്ങിച്ചത്തു.





ദാവീദിന്റെ പ്രാർത്ഥനകേട്ട്, ദൈവം അവനോട് കരുണ കാണിക്കുകയും അവന്റെ പാപം നീക്കി അവനു വീണ്ടും പ്രവചനവരം നൽകുകയും ചെയ്തു.

ഹാനനിയായും കൂട്ടുകാരും തീച്ചൂളയിൽവച്ച് ദൈവത്തെ വിളിച്ചപേക്ഷിച്ചതിനാൽ അഗ്നിയിൽ ദഹിച്ചുപോകാതെ അവിടുന്നവരെ സംരക്ഷിച്ചു.

എന്റെ നാഥാ, എന്നെ പരിഭ്രമിപ്പിക്കുന്നതു മൂന്നു സംഗതികളാണ്: അവ മരണവിനാഴിക, ന്യായവിധിയുടെ ഭയങ്കര സിംഹാസനം, നരകം ഇവയാണ്. മൊറിയോ...

## പ്രാർത്ഥന

വിശ്വാസപൂർവം തന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധികർത്താവുമേ, നിന്റെ ദാസനായ ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

കർത്താവേ, ജലപ്രളയത്തിൽനിന്ന് പെട്ടകം മുഖേന നോഹിനെയും മക്കളെയും മൃഗങ്ങളെയും പറവകളെയും ഇഴജന്തുക്കളെയും നീ സംരക്ഷിച്ചു. നിന്റെ സ്നേഹിതനായ അബ്രഹാമിനെ ആക്രമണത്തിൽനിന്നു വിടുവിച്ച് അവനെയും അവന്റെ സമ്പാദ്യത്തെയും നീ അനുഗ്രഹിച്ചു. സോദോമിലെ അഗ്നിയിൽനിന്ന് ലോത്തിനെ നീ രക്ഷിക്കുകയും ലാബാന്റെ ഭവനത്തിൽവച്ച് യാക്കോബിനെ പരിരക്ഷിച്ച് ശ്രേഷ്ഠനാക്കുകയും അവന്റെ സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്തു. മെസ്രേമിൽവച്ച് യൗസേപ്പിനെ നിന്റെ പരിപാലനയിൽ ഭരണകർത്താവും അധിപനുമാക്കി അവന്റെ നേട്ടങ്ങളും വരുമാനങ്ങളും നീ വർദ്ധിപ്പിക്കുകയും, അനർത്ഥങ്ങളിൽനിന്ന് അവനെ കാത്തുകൊള്ളുകയും ചെയ്തു. നീതിമാനായ യോബിനെ പരീക്ഷണവിധേയനാക്കിയശേഷം അവന്റെ സമ്പാദ്യങ്ങൾ നീ

ഇരട്ടിയായി വർദ്ധിപ്പിച്ചുകൊടുത്തു. മോശയെയും ഇസ്രായേൽ ജനത്തെയും സമുദ്രത്തിൽനിന്ന് നീ രക്ഷിച്ചു. മോശയുടെ പ്രാർത്ഥനയാലും അഹറോന്റെ ധൂപാർപ്പണത്താലും ഫിനഹാസിന്റെ വാളാലും ഇസ്രായേലിൽനിന്നും കോപവും വസന്തയും നീ നിരോധിച്ചു.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാസമ്പൂർണ്ണനും തന്റെ സൃഷ്ടിയോട് സർവദാ അനുകമ്പയുള്ളവനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ ദാസന്റെ ഭവനത്തിൽ വസിക്കുന്ന എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശനഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവമാതാവായ മറിയാമിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും വിശുദ്ധനായ (ഇന്നാരുടെയും), സകല വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കരുണയും ദയയുമുണ്ടാകുമാറാകണമേ. ആമ്മീൻ.

വെള്ളം വാഴ്ത്തുന്നു.

കുടുംബത്തിന്റെ സമാധാനത്തിനും ഐശ്വര്യത്തിനുമുള്ള തളിപ്പായിതീരാൻ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## ആശീർവാദം

വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്

നെസ്ബാറാക് ഉ നെസ്ദാക്കെ ബൈത്തോ ഹോനോ കാദ് മെസര്ശെം ബ്റൂശ്മോ ദസ്ലീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.

ബശ്മോ ദാബോ ✠ (ആമ്മീൻ) ഉദാബ്റോ ✠ (ആമ്മീൻ) വദറൂഹോ ഹായോ ഉകാദീശോ ✠ ല്ഹായേ ദല്ഓലം ഒൽമീൻ ആമ്മീൻ





അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ ഭവനം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## മാർ അപ്രേമിന്റെ ബോവൂസൊ

ചൊല്ലിക്കൊണ്ട് വാഴ്ത്തപ്പെട്ട ജലം ഭവനത്തിൽ തളിക്കുന്നു.

മാതാ കാദീശൻമാർ തൻ
പ്രാർത്ഥനയാൽ കൃപചെയ്കീശാ
അൻപാലീ ഭവനത്തിനും
വീട്ടാർക്കും വാഴ്‌വേകണമേ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 9

## സന്യാസിനി മന്ദിരം / മഠം കൂദാശ

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതം പോൽ നടത്തേണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ (2)

നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും

കൂരിരുളിൻ താഴ്വരയിൽ
ദീപമതായ് നിൻ മൊഴികൾ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

വിശുദ്ധിയെയും വിശുദ്ധരെയും സ്നേഹിക്കുന്നവനും പുണ്യവാന്മാരിലും പുണ്യവതികളിലും സംപ്രീതനും സകലത്തിലും അതിവിശുദ്ധനുമായ ദൈവമായ കർത്താവേ, നീ ഞങ്ങൾക്കായി ഒരുക്കുന്ന അതിവിശിഷ്ടമായ ദാനങ്ങളെപ്രതി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സ്വർഗത്തിൽ മാലാഖമാർ വന്ദിക്കുന്ന നിന്റെ ഏകപുത്രനെ നീ ഈ ലോകത്തിലേയ്ക്ക് അയച്ച് പാപത്തിന്റെ ദാസരായ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി. ഭൂമിയിൽ മാലാഖമാരെപ്പോലെ നീതിയുടെ പ്രവൃത്തികൾ ചെയ്തുകൊണ്ട് ജീവിപ്പാൻ നീ ഞങ്ങളോടു കല്പിക്കുകയും ചെയ്തു. തിരുസഭയുടെ പുകഴ്ചയ്ക്കും നിന്റെ ദാസികളുടെ വാസത്തിനുമായി ഞങ്ങൾ ഇന്ന് ആശീർവദിക്കുന്ന ഈ സന്യാസിനി മന്ദിരത്തിന്റെ (മഠത്തിന്റെ)മേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിയണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. മോറാൻ വാലോഹാൻ...

## കുക്കിലിയോൻ

(ഒന്നാം രാഗം)

എന്നാത്മാവിനെനിങ്കലുയർത്തുന്നേൻ നാഥാ- ഹാ-ഹാ-
നീയെൻശരണം ലജ്ജിക്കരുതേ- ഞാൻ
വൈരികളെന്നൊടു ഗർവം കാട്ടരുതേ ഹാ-ഹാ
നിന്നാശ്രിതരാരും ലജ്ജി-ച്ചീടരുതേ.

കാർമി: ശുബ്ഹോ...

ജനം: മെൻഓലം...





## എക്ബോ

മനുജപ്രിയ നീ ആഴിയിൽ നിന്നും
യൗനാൻ നിബിയെ രക്ഷിച്ചു.
ഋണപൂരിത നാ-മെന്നേയും
കൃപയാൽ കോരിയെടുക്കേണം

ശുശ്രൂ: സ്തൗമെൻ കാലോസ്

ജനം: കുറിയേലായിസ്സോൻ

## പ്രുമിയോൻ

പരിശുദ്ധനും മഹാവിശുദ്ധ സ്ഥലത്തു വസിക്കുന്നവനും സ്വരക്തത്താൽ ഈ ലോകത്തെ വിശുദ്ധീകരിച്ചവനുമായ കർത്താവിന് സ്തുതി. ലോകരക്ഷയ്ക്കായി തിരുസഭ സ്ഥാപിക്കുകയും അതിന്റെ ശുശ്രൂഷകളെ ബലപ്പെടുത്താനായി ആചാര്യരെയും, ദയറായക്കാരെയും കന്യാവ്രതക്കാരെയും തെരഞ്ഞെടുത്ത് പ്രതിഷ്ഠിച്ച ദൈവമായ കർത്താവേ, ഈ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. അവിടുത്തെ തിരുനാമമഹത്വത്തിനും തിരുസഭയുടെ പുകഴ്ചയ്ക്കുമായി ഈ സന്യാസിനീ മന്ദിരം (മഠം) ആശീർവദിക്കുന്ന ഈ സമയത്തും...

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കുത്തരമരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ, ഹാബേലിന്റെ ആദ്യഫലം നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ ധൂപം സ്വീകരിക്കണമേ. കർത്താവെ ഇപ്പോൾ ഈ സന്യാസിനീ മന്ദിര (മഠ)ത്തിനുവേണ്ടിയും ഇതിൽ വസിക്കുന്നവർക്കു വേണ്ടിയും കരുണയും കൃപയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. എളിയവനായ എന്റെ മദ്ധ്യസ്ഥതയാൽ ഈ സന്യാസിനീ മന്ദിരത്തെ (മഠത്തെ) നീ ആശീർവദിക്കണമേ.

നിന്റെ മണവാട്ടികളായ സന്യാസിനിമാർ വിശ്രമിക്കുന്നതിനും സംരക്ഷിതരാകുന്നതിനും ഈ ഭവനം നീ വാഴ്ത്തി ശുദ്ധീകരി

ക്കണമെ. ഇവിടെ വസിക്കുന്ന നിന്റെ മണവാട്ടികൾ സുകൃതത്തിലും വിശുദ്ധിയിലും പരിപൂർണ്ണരും നിന്നോടുള്ള സ്നേഹത്തിൽ തീക്ഷ്ണവതികളുമായി ഭവിക്കട്ടെ. ശത്രുവിന്റെ സകല ശക്തികളേയും ഇവർ കീഴ്പ്പെടുത്തുമാറാകട്ടെ. സന്യാസപരമായ സുകൃതനടപടികൾകൊണ്ട് ഇവരെ അലങ്കരിക്കണമെ. യഥാർത്ഥവിശ്വാസമാകുന്ന അടിസ്ഥാനപാറമേൽ ഇവരുടെ അന്തഃരംഗത്തെ ഉറപ്പിക്കേണമെ. തികഞ്ഞതും പരിപൂർണവുമായ സ്നേഹത്തിന്മേൽ ഇവരുടെ ജീവിതത്തെ സ്ഥാപിക്കണമെ. ദൈവമായ കർത്താവേ! ക്ഷമാശീലവും പരസ്പര സ്നേഹവും നിന്റെ കല്പനകൾക്ക് ഉത്തമമായ അനുസരണവും സുകൃതങ്ങൾ പാലിക്കുന്നതിൽ ശ്ലാഘനീയമായ അത്യുത്സാഹവും ഇവർക്ക് പ്രദാനം ചെയ്യണമെ. സ്വർഗീയ മണവാളാ, നീ എഴുന്നള്ളിവരുമ്പോൾ ജാഗരൂകതയോടെ ഇവർ നിന്റെ തിരുമുമ്പാകെ കത്തുന്ന വിളക്ക് വഹിച്ചിരിക്കുന്നവരായി നിന്നെ എതിരേൽപാൻ എപ്പോഴും ഇവർക്ക് സംഗതിയാക്കണമെ. ഈ ഭവനത്തിലെ സഹവാസം ഇവർക്ക് പ്രാർത്ഥനയ്ക്കും പുണ്യങ്ങളിലുള്ള വളർച്ചയ്ക്കും നിദാനമായി തീരണമെ.

ഈ ഭവനത്തിൽ വസിക്കുന്നവർക്കും ഇവിടെ വന്നുപോകുന്നവർക്കും നിന്റെ സമാധാനവും കൃപയും നൽകണമേ. ഈ മന്ദിരത്തിന്റെ പണിയിൽ സഹകരിച്ച എല്ലാവരെയും നീ ആശീർവദിക്കണമേ. ഈ മന്ദിരത്തിൽ നടക്കുന്ന പ്രാർത്ഥനകളും, ശുശ്രൂഷകളും തിരുനാമമഹത്ത്വത്തിന് ഉതകുന്നവയാക്കിത്തീർക്കണമേ. നസ്രത്തിലെ നിന്റെ ഭവനംപോലെ പ്രാർത്ഥനയും സ്നേഹവും ത്യാഗവും നിറഞ്ഞ ദൈവഭവനമാക്കി ഇതിനെ മാറ്റേണമെ. പാപികളിൽ കനിവുള്ളവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനുമായ കർത്താവേ, ഞങ്ങളിൽ ദയ തോന്നി ഞങ്ങളുടെ ധൂപവും പ്രാർത്ഥനകളും സ്വീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും വിശ്വാസികളായ പരേതർക്കു പാപമോചനം നൽകുകയും





ചെയ്യണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

**വേദവായനകൾ:** 1 കോറി 3:10–17

എനിക്കു നൽകപ്പെട്ട ദൈവകൃപയനുസരിച്ച്, ഒരു വിദഗ്ദ ശിൽപിയെപ്പോലെ, ഞാൻ അടിസ്ഥാനമിട്ടു. മറ്റൊരുവൻ അതിന്മേൽ പണിയുകയും ചെയ്യുന്നു. എപ്രകാരമാണ് താൻ പണിയുന്നതെന്ന് ഓരോരുത്തരും ഗൗരവപൂർവം ചിന്തിക്കട്ടെ. യേശുക്രിസ്തുവെന്ന അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു; അതിനുപുറമേ മറ്റൊന്നു സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല. ഈ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും സ്വർണമോ, വെള്ളിയോ രത്നങ്ങളോ തടിയോ പുല്ലോ വയ്ക്കോലോ ഉപയോഗിച്ചു പണിതാലും ഓരോരുത്തരുടേയും പണി പരസ്യമാകും. കർത്താവിന്റെ ദിനത്തിൽ അതു വിളംബരം ചെയ്യും. അഗ്നിയാൽ അതു വെളിവാക്കപ്പെടും. ഓരോരുത്തരുടെയും പണി ഏതു തരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും. ആരുടെ പണി നിലനിൽക്കുന്നുവോ അവൻ സമ്മാനിതനാകും. ആരുടെ പണി അഗ്നിക്കിരയാകുന്നുവോ അവൻ നഷ്ടം സഹിക്കേണ്ടിവരും; എങ്കിലും അഗ്നിയിലൂടെയെന്നവണ്ണം അവൻ രക്ഷ പ്രാപിക്കും. നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിന്റെ ആലയം പരിശുദ്ധാത്മാവാണ്. ആ ആലയം നിങ്ങൾ തന്നെ.

**ഹൂലോലോ**

ഹാ–ഹാ നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ–
സാന്ത്വനമരുളി–പ്പാവനഗിരിശിഖരങ്ങളിലേക്കെന്നെ–ഹാ...

**സുവിശേഷം:** വി. മത്തായി 25:1–13

സ്വർഗരാജ്യം, വിളക്കുമെടുത്ത് മണവാളനെ എതിരേൽക്കാൻ

പുറപ്പെട്ട പത്തുകന്യകമാർക്കു സദൃശം. അവരിൽ അഞ്ചുപേർ വിവേകശൂന്യരും അഞ്ചുപേർ വിവേകവതികളുമായിരുന്നു. വിവേകശൂന്യകൾ വിളക്കെടുത്തപ്പോൾ എണ്ണ കരുതിയിരുന്നില്ല. വിവേകവതികളാകട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു. മണവാളൻ വരാൻ വൈകി. ഉറക്കം വരുകയാൽ കന്യകമാർ കിടന്നുറങ്ങി. അർധരാത്രിയിൽ ഇതാ മണവാളൻ! പുറത്തുവന്ന് അവനെ എതിരേൽക്കുവിൻ! എന്ന് ആർപ്പുവിളിയുണ്ടായി. ആ കന്യകമാരെല്ലാം ഉണർന്ന് വിളക്കുകൾ തെളിച്ചു. വിവേകശൂന്യകൾ വിവേകവതികളോടു പറഞ്ഞു: ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നതിനാൽ നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുക. വിവേകവതികൾ മറുപടി പറഞ്ഞു: ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വരുമെന്നതിനാൽ നിങ്ങൾ വിൽപനക്കാരുടെ അടുത്തുപോയി വാങ്ങിക്കൊള്ളുവിൻ. അവർ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്തു വിവാഹവിരുന്നിന് അകത്തു പ്രവേശിച്ചു; വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് മറ്റു കന്യകമാർ വന്ന്, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നു തരണമെ എന്ന് അപേക്ഷിച്ചു. അവൻ പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ നിങ്ങളെ അറിയുകയില്ല. അതുകൊണ്ട് ജാഗരൂകരായിരിക്കുവിൻ. ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല.

## മാർ യാക്കോബിന്റെ ബോവൂസോ

നാ–ഥാ നിന്നുടെ ആർദ്രത നിറയും വാതിൽ തുറന്നീ–
യാ–ചന കേട്ടിട്ടാത്മക്കൾമേൽ കൃപ ചൊരിയണമേ.

ഗൂഢം മുറിയിൽ പ്രാർത്ഥിപ്പതിലാണീശൻ സംപ്രീതൻ
ആരവമതിനാലല്ലാ ശിഷ്ടർ നേടിയതൗന്നത്യം.

പ്രാർത്ഥനമൂലം സൗമ്യൻ മോശ സമുദ്രം ഭാഗിച്ചു:
ഇസ്രേൽ തരണം ചെയ്തു; ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയ്.





ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചന ശക്തി.

ഹാനനിയാദ്യർ തീച്ചൂളയിൽ വച്ചഭ്യർത്ഥിച്ചപ്പോൾ
തീജ്ജ്വാലയിൽ നിന്നവരെ ദൈവം സംരക്ഷണചെയ്തു.

ദേവാ, എന്നിൽ ഭ്രമമേറ്റീടും കാര്യങ്ങൾ മൂന്നാം:
ചാവിൻ നാഴിക, ന്യായാസനവും നരകവുമിവതന്നെ.

### അല്ലെങ്കിൽ

കർത്താവേ, നിന്റെ കരുണാസമ്പൂർണമായ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിൽ കൃപ ചെയ്യണമേ.

കർത്താവു മുറിക്കുള്ളിലുള്ള രഹസ്യപ്രാർത്ഥന ഇഷ്ടപ്പെടുന്നു. നീതിമാൻമാർ ഉന്നതിയാർജ്ജിച്ചത് അത്യുച്ചത്തിലുള്ള ആരവംകൊണ്ടല്ല.

മോശയുടെ പ്രാർത്ഥനയും താഴ്മയും സമുദ്രത്തെ ഭാഗിച്ചു. ഇസ്രായേൽ അതിലൂടെ മറുകര കടന്നു. ദുഷ്ടനായ ഫറവോൻ സൈന്യത്തോടൊപ്പം അതിൽ മുങ്ങിച്ചത്തു.

ദാവീദിന്റെ പ്രാർത്ഥനകേട്ട്, ദൈവം അവനോട് കരുണ കാണിക്കുകയും അവന്റെ പാപം നീക്കി അവനു വീണ്ടും പ്രവചനവരം നൽകുകയും ചെയ്തു.

ഹാനനിയായും കൂട്ടുകാരും തീച്ചൂളയിൽവച്ച് ദൈവത്തെ വിളിച്ചപേക്ഷിച്ചതിനാൽ അഗ്നിയിൽ ദഹിച്ചുപോകാതെ അവിടുന്നവരെ സംരക്ഷിച്ചു.

എന്റെ നാഥാ, എന്നെ പരിഭ്രമിപ്പിക്കുന്നതു മൂന്നു സംഗതികളാണ്: അവ മരണവിനാഴിക, ന്യായവിധിയുടെ ഭയങ്കര സിംഹാസനം, നരകം ഇവയാണ്.

## പ്രാർത്ഥന

വിശ്വാസപൂർവം തന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധികർത്താവുമേ, നിന്റെ ദാസനായ ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാസമ്പൂർണനും തന്റെ സൃഷ്ടിയോട് സർവദാ അനുകമ്പയുള്ളവനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ സന്യാസിനീ ഭവനം (മഠം) ഉപയോഗിക്കുന്ന എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശനഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവമാതാവായ പരി. മറിയാമിന്റെയും ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും വിശുദ്ധ (........... യും), സകല വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കരുണയും ദയയുമുണ്ടാകുമാറാകണമേ. ആമ്മീൻ.

വെള്ളം വാഴ്ത്തുന്നു.

ഈ ഭവനത്തിന്റെ സമാധാനത്തിനും ഐശ്വര്യത്തിനുമുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## ആശീർവാദം

വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്

നെസ്ബാറാക് ഉ നെസ്ദാക്കെ ബൈത്തോ ഹോനോ കാദ് മെസറ്ശെം ബ്റൂശ്മോ ദസ്ലീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.





ബശ്മോ ദാബോ ✠(ആമ്മീൻ) ഉദാബ്റോ ✠(ആമ്മീൻ) വദ റൂഹോ ഹായോ ഉകാദീശോ ✠ ല്ഹായേ ദല്ഓലം ഒൽമീൻ ആമ്മീൻ

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ സന്യാസിനീ ഭവനം/ മഠം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## മാർ അപ്രേമിന്റെ ബോവൂസൊ

ചൊല്ലിക്കൊണ്ട് വാഴ്ത്തപ്പെട്ട ജലം ഭവനത്തിൽ തളിക്കുന്നു.

മാതാ കാദീശൻമാർ തൻ
പ്രാർത്ഥനയാൽ കൃപചെയ്കീശാ
അൻപാലീ ഭവനത്തിനും
വീട്ടാർക്കും വാഴ്വേകണമേ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 10
# വൈദിക മന്ദിരം / ആശ്രമം കൂദാശ

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതം പോൽ നടത്തേണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ (2)

നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്‌വരയിൽ
ദീപമതായ് നിൻ മൊഴികൾ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

പ്രധാനാചാര്യനും ആചാര്യ ശുശ്രൂഷ സ്ഥാപിച്ചവനുമായ ദൈവമായ കർത്താവേ, നീ ഞങ്ങൾക്കായി ഒരുക്കുന്ന അതിവിശിഷ്ടമായ ദാനങ്ങളെപ്രതി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ രക്ഷണീയ വ്യാപാരത്താൽ മനുഷ്യകുലത്തെ നിന്റെ പിതാവിനോടു രമ്യപ്പെടുത്തി ലോകത്തിനു നിരപ്പും സമാധാനവും നീ നൽകി. നിന്റെ രക്ഷാകര കർമ്മം തുടരാൻ തിരുസഭ സ്ഥാപിക്കുവാനും അതിൽ കൂദാശകൾ പരികർമ്മം ചെയ്യാൻ പുരോഹിതരെ നിയമിക്കുവാനും നീ തിരുമനസായല്ലോ. തിരുസഭയുടെ പുകഴ്ചയ്ക്കും നിന്റെ ദാസരും ശുശ്രൂഷകരുമായ പുരോഹിതരുടെ (സന്യസ്തരുടെ) വാസത്തിനുമായി ഞങ്ങൾ ഇന്ന് ആശീർവദിക്കുന്ന ഈ വൈദികമന്ദിരത്തിന്റെ (ആശ്രമത്തിന്റെ) മേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിയണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. മോറാൻ വാലോഹാൻ...

## കുക്കിലിയോൻ

(ഒന്നാം രാഗം)

എന്നാത്മാവിനെനിങ്കലുയർത്തുന്നേൻ നാഥാ- ഹാ-ഹാ-
നീയെൻശരണം ലജ്ജിക്കരുതേ- ഞാൻ
വൈരികളെന്നൊടു ഗർവം കാട്ടരുതേ ഹാ-ഹാ
നിന്നാശ്രിതരാരും ലജ്ജി-ച്ചീടരുതേ.





കാർമി: ശുബ്ഹോ...

ജനം: മെൻഓലം...

## എക്ബോ

മനുജ പ്രിയ നീ ആഴിയിൽ നിന്നും
യൗനാൻ നിബിയെ രക്ഷിച്ചു.
ഋണപൂരിത നാ-മെന്നേയും
കൃപയാൽ കോരിയെടുക്കേണം

ശുശ്രൂ: സ്തൗമെൻ കാലോസ്

ജനം: കുറിയേലായിസ്സോൻ

## പ്രുമിയോൻ

മനുഷ്യസ്നേഹമുള്ളവനും കാരുണ്യവാനും ഞങ്ങളുടെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത് ബലിയായി തീർന്ന നിത്യ പുരോഹിതനുമായ കർത്താവിന് സ്തുതി. സ്വയം ബലിയായി തീർന്നവനും ബലികൾ പൂർണമാക്കുന്നവനും തിരുസഭയിൽ കൂദാശ പരികർമ്മം ചെയ്യാനായി എളിയവരും ബലഹീനരുമായ ഞങ്ങളെ വിളിച്ച് അഭിഷേകം ചെയ്തവനുമായ കർത്താവേ, കരുണാപൂർവം ഈ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. ബലഹീനനായ എന്റെ മദ്ധ്യസ്ഥതയാൽ ഈ വൈദിക മന്ദിരത്തെ (ആശ്രമത്തെ) നീ അനുഗ്രഹിക്കണമേ. ഇവിടെ കൂടിയിരിക്കുന്ന നിന്റെ മക്കളെ നീ ഐശ്വര്യ സമൃദ്ധരാക്കണമേ. നിനക്ക് ഈ വൈദിക മന്ദിരത്തിന്റെ (ആശ്രമത്തിന്റെ) ആശീർവാദ സമയത്തും...

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്ക് ഉത്തരമരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ, ഹാബേലിന്റെ ആദ്യഫലം നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ ധൂപം സ്വീകരിക്കണമേ. നീതിമാനായ യോബിന്റെ അടുക്കൽ ദുഷ്ടൻ ലജ്ജിതനായ പ്രകാരം ഈ ഭവനത്തിന്റെ ശത്രുവായ

ദുഷ്ടൻ ലജ്ജിക്കുവാൻ ഇടയാകണമേ. കർത്താവെ, ഇപ്പോൾ ഈ വൈദിക മന്ദിര (ആശ്രമ)ത്തിനുവേണ്ടിയും ഇതിൽ വസിക്കുന്നവർക്കു വേണ്ടിയും കരുണയും കൃപയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. എളിയവനായ എന്റെ മദ്ധ്യസ്ഥതയാൽ ഈ വൈദിക മന്ദിരത്തെ (ആശ്രമത്തെ) നീ ആശീർവദിക്കണമേ.

നിന്റെ ആലയത്തിൽ വിശുദ്ധകർമ്മങ്ങൾ അനുഷ്ഠിക്കാനായി നീ അഭിഷേകം ചെയ്തവർ വിശ്രമിക്കുന്നതിനും സംരക്ഷിതരാകുന്നതിനും ഈ ഭവനം നീ വാഴ്ത്തി ശുദ്ധീകരിക്കണമേ. ഇതിൽ വസിക്കുന്ന ആചാര്യരെ(സന്യസ്തരെ) നിഷ്കളങ്കരും പരിശുദ്ധരും നിന്റെ സന്നിധിയിൽ കുറ്റമറ്റവിധം ശുശ്രൂഷ ചെയ്യുന്നവരുമാക്കി തീർക്കേണമെ. ഇവർ ജ്ഞാനത്തിൽ പരിപൂർണരും ആത്മാക്കളെക്കുറിച്ച് തീക്ഷ്ണതയുള്ളവരുമായി ഭവിക്കട്ടെ. നിന്റെ വിശുദ്ധ ബലിപീഠത്തിൽ വെടിപ്പോടെ ദൈവിക ശുശ്രൂഷ നടത്തുവാനും ജീവദായകമായ നിന്റെ കൂദാശകൾ ഭക്തിപൂർവം പരികർമം ചെയ്യുവാനും ഇവരുടെ ശരീരത്തെയും മനസിനെയും ആത്മാവിനെയും നീ ശുദ്ധീകരിച്ച് ബലപ്പെടുത്തേണമെ. ഈ വൈദിക മന്ദിരത്തിലെ (ആശ്രമത്തിലെ) വാസം ഇവരുടെ വിശുദ്ധീകരണത്തിനും സ്വഭാവരൂപീകരണത്തിനും ദൈവജനത്തിന്റെ ആത്മീയ ഉന്നതിക്കും നിദാനമായി തീരണമെ.

ഈ വൈദികമന്ദിരത്തിന്റെ (ആശ്രമത്തിന്റെ) പണിയിൽ സഹകരിച്ച എല്ലാവരെയും നീ ആശീർവദിക്കണമേ. ഇതിൽ വസിക്കുന്നവർക്കും ഇവിടെ വന്നുപോകുന്നവർക്കും നിന്റെ സമാധാനവും കൃപയും നൽകണമേ. ഈ മന്ദിരത്തിൽ നടക്കുന്ന എല്ലാ ആലോചനകളും കൂട്ടായ്മകളും നിന്റെ തിരുനാമമഹത്ത്വത്തിന് ഉതകുന്നവയാക്കിത്തീർക്കണമേ. നസ്രത്തിലെ നിന്റെ ഭവനംപോലെ പ്രാർത്ഥനയും സ്നേഹവും ത്യാഗവും നിറഞ്ഞ ദൈവഭവനമാക്കി ഇതിനെ മാറ്റേണമെ.





പാപികളിൽ കനിവുള്ളവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനുമായ കർത്താവേ, നിന്റെ കരുണാ ബാഹുല്യത്തിനനുസരണം ഞങ്ങളിൽ ദയ തോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. നീ തിരുമനസ്സായി ഞങ്ങളുടെ ധൂപവും പ്രാർത്ഥനകളും സ്വീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും വിശ്വാസികളായ പരേതർക്കു പാപമോചനം നൽകുകയും ചെയ്യണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

**വേദവായനകൾ:** 1 രാജാ 8:24, 26–29

വായനക്കാരൻ: രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: രാജാക്കന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

എന്റെ പിതാവും അങ്ങയുടെ ദാസനുമായ ദാവീദിനോടു ചെയ്ത വാഗ്ദാനം അങ്ങു നിറവേറ്റിയിരിക്കുന്നു. അധരംകൊണ്ട് ചെയ്ത വാഗ്ദാനം ഇന്നു കരംകൊണ്ട് പൂർത്തീകരിച്ചു. ഇസ്രയേലിന്റെ ദൈവമേ, എന്റെ പിതാവും അങ്ങയുടെ ദാസനുമായ ദാവീദിനോട് അങ്ങ് അരുളി ചെയ്ത വചനം ഇപ്പോൾ സ്ഥിരീകരിക്കപ്പെടട്ടെ. എന്നാൽ ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗത്തിനും സ്വർഗാധിസ്വർഗത്തിനും അസാധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം. എന്റെ ദൈവമായ കർത്താവേ, അങ്ങയുടെ ദാസന്റെ പ്രാർത്ഥനകളും യാചനകളും ശ്രവിക്കണമേ. അങ്ങയുടെ ദാസൻ ഇന്നു തിരുമുമ്പിൽ സമർപ്പിക്കുന്ന അർത്ഥനകളും നിലവിളിയും കേൾക്കണമെ. അങ്ങയുടെ ദാസൻ ഈ ഭവനത്തിൽവച്ചു സമർപ്പിക്കുന്ന പ്രാർത്ഥന കേൾക്കുന്നതിന് അങ്ങയുടെ കടാക്ഷം ഇതിന്മേൽ രാപകൽ ഉണ്ടായിരിക്കണമേ. അങ്ങയുടെ നാമം

ഇവിടെ ഉണ്ടായിരിക്കുമെന്ന് അങ്ങ് അരുളി ചെയ്തിട്ടുണ്ടല്ലോ. ബാറെക്മോർ

## ഹൂലോലോ

ഹാ-ഹാ നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ-
സാന്ത്വനമരുളി-പ്പാവനഗിരിശിഖരങ്ങളിലേക്കെന്നെ-ഹാ...

## സുവിശേഷം: മർക്കോ 9: 2-9

ആറു ദിവസം കഴിഞ്ഞ്, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് യേശു ഒരു ഉയർന്ന മലയിലേക്ക് പോയി. അവൻ അവരുടെ മുമ്പിൽ വച്ചു രൂപാന്തരപ്പെട്ടു. അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഏതൊരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയുന്നതിനേക്കാൾ വെൺമയും തിളക്കവുമുള്ളവയായി. ഏലിയായും മോശയും പ്രത്യക്ഷപ്പെട്ട് യേശുവിനോട് സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ പത്രോസ് യേശുവിനോടു പറഞ്ഞു. ഗുരോ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്. ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം. ഒന്ന് നിനക്ക്, ഒന്ന് മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്. എന്താണ് പറയേണ്ടതെന്ന് അവന് അറിഞ്ഞുകൂടായിരുന്നു. അവർ അത്രയ്ക്ക് ഭയപ്പെട്ടിരുന്നു. അപ്പോൾ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്കു ശ്രവിക്കുവിൻ. അവർ ചുറ്റും നോക്കി യേശുവിനെയല്ലാതെ മറ്റാരെയും തങ്ങളോടുകൂടെ അവർ കണ്ടില്ല.

## മാർ യാക്കോബിന്റെ ബോവൂസോ

നാ-ഥാ നിന്നുടെ ആർദ്രത നിറയും വാതിൽ തുറന്നീ-
യാ-ചന കേട്ടിട്ടാത്മക്കൾമേൽ കൃപ ചൊരിയണമേ.

ഗൂഢം മുറിയിൽ പ്രാർത്ഥിപ്പതിലാണീശൻ സംപ്രീതൻ
ആരവമതിനാലല്ലാ ശിഷ്ടർ നേടിയതൗന്നത്യം.





പ്രാർത്ഥനമൂലം സൗമ്യൻ മോശ സമുദ്രം ഭാഗിച്ചു:
ഇസ്രേൽ തരണം ചെയ്തു; ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയ്.

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചന ശക്തി.

ഹാനനിയാദ്യർ തീച്ചൂളയിൽ വച്ചഭ്യർത്ഥിച്ചപ്പോൾ
തീജ്ജ്വാലയിൽ നിന്നവരെ ദൈവം സംരക്ഷണചെയ്തു.

ദേവാ, എന്നിൽ ഭ്രമമേറ്റീടും കാര്യങ്ങൾ മൂന്നാം:
ചാവിൻ നാഴിക, ന്യായാസനവും നരകവുമിവതന്നെ.

### അല്ലെങ്കിൽ

കർത്താവേ, നിന്റെ കരുണാസമ്പൂർണമായ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിൽ കൃപ ചെയ്യണമേ.

കർത്താവു മുറിക്കുള്ളിലുള്ള രഹസ്യപ്രാർത്ഥന ഇഷ്ടപ്പെടുന്നു. നീതിമാൻമാർ ഉന്നതിയാർജ്ജിച്ചത് അത്യുച്ചത്തിലുള്ള ആരവംകൊണ്ടല്ല.

മോശയുടെ പ്രാർത്ഥനയും താഴ്മയും സമുദ്രത്തെ ഭാഗിച്ചു. ഇസ്രായേൽ അതിലൂടെ മറുകര കടന്നു. ദുഷ്ടനായ ഫറവോൻ സൈന്യത്തോടൊപ്പം അതിൽ മുങ്ങിച്ചത്തു.

ദാവീദിന്റെ പ്രാർത്ഥനകേട്ട്, ദൈവം അവനോട് കരുണ കാണിക്കുകയും അവന്റെ പാപം നീക്കി അവനു വീണ്ടും പ്രവചനവരം നൽകുകയും ചെയ്തു.

ഹാനനിയായും കൂട്ടുകാരും തീച്ചൂളയിൽവച്ച് ദൈവത്തെ വിളിച്ചപേക്ഷിച്ചതിനാൽ അഗ്നിയിൽ ദഹിച്ചുപോകാതെ അവിടുന്നവരെ സംരക്ഷിച്ചു.

എന്റെ നാഥാ, എന്നെ പരിഭ്രമിപ്പിക്കുന്നതു മൂന്നു സംഗതികളാണ്: അവ മരണവിനാഴിക, ന്യായവിധിയുടെ ഭയങ്കര സിംഹാസനം, നരകം ഇവയാണ്.

## പ്രാർത്ഥന

വിശ്വാസപൂർവം തന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധികർത്താവുമേ, നിന്റെ ദാസനായ ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാസമ്പൂർണനും തന്റെ സൃഷ്ടിയോട് സർവദാ അനുകമ്പയുള്ളവനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ വൈദികമന്ദിരം (ആശ്രമം) ഉപയോഗിക്കുന്ന എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശനഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവമാതാവായ പരി. മറിയാമിന്റെയും ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും വിശുദ്ധ (............. ഇന്നാരുടെയും), സകല വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കരുണയും ദയയുമുണ്ടാകുമാറാകണമേ. ആമ്മീൻ.

വെള്ളം വാഴ്ത്തുന്നു.

ഈ ഭവനത്തിന്റെ സമാധാനത്തിനും ഐശ്വര്യത്തിനുമുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## ആശീർവാദം

വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്

നെസ്ബാറാക് ഉ നെസ്ദാക്കെ ബൈത്തോ ഹോനോ കാദ് മെസറ്ശെം ബ്റൂശ്മോ ദസ്ലീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.

ബശ്മോ ദാബോ ✠(ആമ്മീൻ) ഉദാബ്റോ ✠(ആമ്മീൻ) വദ റൂഹോ ഹായോ ഉകാദീശോ ✠ ല്ഹായേ ദല്ഓലം ഒൽമീൻ ആമ്മീൻ





അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ വൈദിക മന്ദിരം (ആശ്രമം) ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## മാർ അപ്രേമിന്റെ ബോവൂസൊ

ചൊല്ലിക്കൊണ്ട് വാഴ്ത്തപ്പെട്ട ജലം ഭവനത്തിൽ തളിക്കുന്നു.

മാതാ കാദീശൻമാർ തൻ
പ്രാർത്ഥനയാൽ കൃപചെയ്കീശാ
അൻപാലീ ഭവനത്തിനും
വീട്ടാർക്കും വാഴ്വേകണമേ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 11

# വിദ്യാലയ കൂദാശ

യേശുവെപ്പോലെ ആകുവാൻ - യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ - ഇവയെ കാംക്ഷിക്കുന്നു ഞാൻ

ഉറപ്പിക്കെന്നെ എൻ നാഥാ നിറയ്ക്കയെന്നെ ശുദ്ധാത്മ
ക്രിസ്തൻ മഹത്വത്താലെ ഞാൻ മുറ്റും നിറഞ്ഞു ശോഭിപ്പാൻ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

സർവാധിപതിയായ ദൈവമേ! നിന്റെ ശാന്തിയും സമാധാനവും തിരുസന്നിധിയിൽ ഞങ്ങൾ പ്രതിഷ്ഠിക്കുന്ന ഈ സ്ഥാപനത്തിൽ ഉണ്ടായിരിക്കണമേ. ഇതിലുള്ള സകലത്തെയും അനുഗ്രഹിക്കണമേ. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും നിന്റെ തിരുനാമ മഹത്ത്വത്തിനും ദേശത്തിന്റെ അനുഗ്രഹത്തിനും മനുഷ്യകുലത്തിന്റെ പുരോഗതിക്കും ഉതകുമാറാകണമേ.

നിന്റെ സർവനന്മകളാലും അനുഗ്രഹങ്ങളാലും ഈ സ്ഥാപനം അഭിവൃദ്ധി പ്രാപിക്കുമാറാകട്ടെ. ഈ വിദ്യാലയ ത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താ ക്കൾക്കും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവർക്കും നിന്റെ കൃപകളും അനുഗ്രഹങ്ങളും സമൃദ്ധമായി നൽകണമേ. ആയുഷ്ക്കാലം മുഴുവനും നിന്നെ ഞങ്ങൾ പ്രസാദിപ്പിക്കുവാൻ ഇടയാകണമേ. മോറാൻ...

### കുക്കിലിയോൻ

(ഒന്നാം രാഗം)

ലജ്ജിക്കുമധർമ്മികളവരുടെ വ്യർത്ഥതയിൽ ഹാ-ഹാ
നിൻ പാതകളെന്നെ കാട്ടിടുക.

ഗൂഢം നിൻ വഴികളറിയിക്കുകയെന്നെ ഹാ-ഹാ
നേരിൽ നയിച്ചെന്നെ പരിശീലിപ്പിക്ക. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

### എക്ബോ

(ഭക്തർ പുകഴ്ച ഭാജനമേ)

ജ്ഞാനത്തിൻ പരിശുദ്ധാത്മാ
തരണം ഞങ്ങൾക്കുൾവെണ്മ
ജ്ഞാനം നേടി തിന്മ വെടിഞ്ഞ-
റിവിൻ നിറവരുൾ ഞങ്ങൾക്കായ്





ശുശ്രൂ: സ്തൗമെൻകാലോസ്

ജനം: കുറിയേലായിസ്സോൻ

### പ്രുമിയോൻ

സർവശക്തനും കരുണനിറഞ്ഞവനുമായ ദൈവമേ, നിന്നെക്കുറിച്ചുള്ള ഭയമാണ് ജ്ഞാനത്തിന്റെ ആരംഭമെന്ന് ഞങ്ങളെ പഠിപ്പിച്ചവനേ നിനക്ക് സ്തുതി. "യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും; മുട്ടുവിൻ തുറക്കപ്പെടും" എന്നും, "എന്റെ അടുക്കൽ വരുന്നവരെ ഒരുനാളും ഞാൻ ഉപേക്ഷിക്കുകയില്ല" എന്നും അരുളിചെയ്തവനേ, ബലഹീനരെ ശക്തിപ്പെടുത്തു ന്നവനും തിരുമുമ്പിൽ സമർപ്പിക്കപ്പെടുന്ന സകലത്തെയും അനുഗ്രഹിച്ച് സമ്പന്നമാക്കുന്നവനുമായ കർത്താവേ, നിനക്കു സ്തുതി. നിനക്ക് വിദ്യാലയ പ്രതിഷ്ഠാ സമയത്തും....

### സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുന്നവനും യാചനകൾക്ക് ഉത്തരം നൽകുന്നവനുമായ കർത്താവേ! നീ ഞങ്ങൾക്ക് ഇന്നുവരെ നൽകിയ സർവനന്മകൾക്കും അനുഗ്രഹങ്ങൾക്കും ദിവ്യനടത്തി പ്പിനുമായി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളേക്കാൾ അധികമായി ഞങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അറിയുന്ന നിനക്ക് തിരുവിഷ്ടമുള്ള സമയത്ത് എല്ലാം ഞങ്ങൾക്കായി കരുണയോടെ നിവർത്തിച്ചു തരുന്ന നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. 'എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും സാധ്യമല്ല' എന്ന് സ്പഷ്ടമായി അരുളിച്ചെയ്തവനായ നാഥാ! നീ ഞങ്ങൾക്ക് ഉൾക്കാഴ്ചയും ശക്തിയും നൽകണമേ. നിന്നിലാശ്രയിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമാണ് ശാന്തിയും സമാധാനവും നിറഞ്ഞ വളർച്ച ഉണ്ടാകുക എന്ന് ഞങ്ങൾ പൂർണമായി വിശ്വസിച്ച് നിന്നിൽ അഭയം പ്രാപിക്കുന്നു. നിന്നെ മറന്ന് സ്വശക്തിയിൽ ആശ്രയിച്ചുള്ള പ്രവർത്തനം വിജയം പ്രാപിക്കുകയില്ല എന്ന് ബാബേൽ സംഭവത്തിലൂടെ നീ ഞങ്ങളെ

പഠിപ്പിച്ചിരിക്കുന്നതിനാൽ നിനക്കു ഞങ്ങൾ സ്തുതി കരേററുന്നു. അജ്ഞാനാന്ധകാരത്തിൽ നിന്ന് വിജ്ഞാന ത്തിന്റെയും വിശുദ്ധിയുടെയും പ്രകാശത്തിലേക്ക് എല്ലാവരും എത്തുവാൻ നീ ആഗ്രഹിക്കുന്നു. ആകയാൽ നാഥാ! ഈ വിദ്യാലയം അറിവും സ്വഭാവരൂപീകരണവും പ്രദാനം ചെയ്യുന്ന സ്ഥാപനമായിത്തീരുവാൻ തൃക്കൈനീട്ടി അനുഗ്രഹിക്കണമേ.

ഈ വിദ്യാലയത്തിലെ അദ്ധ്യാപകരെയും വിദ്യാർത്ഥി കളെയും പ്രവർത്തകരെയും തിരുസന്നിധിയിൽ സമർപ്പിക്കുന്നു. വിദ്യാവിഹീനരായ ശ്ലീഹൻമാർക്ക് അത്ഭുതകരമാംവിധം ജ്ഞാനം നൽകി അനേകരെ സത്യമാർഗത്തിലേയ്ക്ക് നയിക്കുവാൻ അവരെ നിയോഗിച്ചവനായ കർത്താവേ, ഈ സ്ഥാപനത്തിലെ അദ്ധ്യാപകരെ ആത്മനിറവുള്ളവരാക്കി ത്തീർക്കണമേ. വിദ്യാർത്ഥികൾക്ക് മാതൃകയായി ദൈവഭയ ത്തോടെ അദ്ധ്യാപനം നിർവഹിക്കുവാനും ദൈവഭക്തിയുള്ള തലമുറയെ സൃഷ്ടിക്കുവാനും അവരെ അനുഗ്രഹിക്കണമേ. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ നന്നായി പഠിക്കുവാനും കർത്താവേ നിന്നെ മാതൃകയാക്കി ജീവിക്കുവാനും മാതാപിതാക്കളെ സന്തോഷിപ്പിക്കുവാനും ഇടയാക്കണമേ. പൈതങ്ങളെ തന്റെ സമീപം വിളിച്ച് വാത്സല്യത്തോടെ അവരെ അനുഗ്രഹിച്ചവനായ നാഥാ, ഈ സ്ഥാപനത്തിലെ സകല വിദ്യാർത്ഥീ-വിദ്യാർത്ഥിനികളെയും നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുവാൻ യോഗ്യരാക്കിത്തീർക്കണമേ. അലസതയും മടിയും എല്ലാവിധ ദു:സ്വഭാവങ്ങളും വെടിഞ്ഞ് വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നിർമ്മലരായിരുന്ന് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് ആവശ്യമായ കൃപാവരങ്ങൾ അവരുടെമേൽ ചൊരിയണമേ.

വിദ്യാഭ്യാസത്തിന് തടസ്സം വരുത്തുന്ന രോഗങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും സമരമാർഗങ്ങളിൽനിന്നും വിദ്യാർത്ഥീ -വിദ്യാർത്ഥിനികളെ സംരക്ഷിക്കണമേ. അവർ ദൈവഭയം





ഉള്ളവരും പഠനത്തിൽ തല്പരരും മററുള്ളവർക്കു മാതൃകയു മായി ഭവിക്കണമേ. ഈ വിദ്യാർത്ഥികളെ സാമൂഹ്യപ്രതിബദ്ധത യുള്ളവരാക്കി രൂപപ്പെടുത്തണമേ. ഈ വിദ്യാലയത്തെയും ഇതു സംബന്ധമായ സർവ കാര്യങ്ങളെയും തിരുമുമ്പിൽ സമർപ്പിച്ചു കൊണ്ട് നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു. ഹോശോ...

## കോലോ

(നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ... എന്ന രീതി)

ജ്ഞാനത്തിന്നാരംഭം ദൈവികഭക്തി
സങ്കീർത്തകനാം ദാവീദ് വഴി അറിയിച്ചോൻ നാഥാ
ജ്ഞാനത്തിൻ വൈശിഷ്ട്യത്തെ ശ്ലോമോൻമൂലം
വിവരിച്ചോനേ തിരുമുമ്പിൽ യാചിക്കുന്നെങ്ങൾ
വാഴ്ത്തണമേ വിദ്യാലയമിതിനെ
അദ്ധ്യേതർ അധ്യാപകരെല്ലാം
നിൻതിരുമുമ്പിൽ അർപ്പിക്കും സ്തോത്രഗീതങ്ങൾ.
ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

പൈതങ്ങളെ അരികിൽ ചേരാൻ വിടുവിൻ നിങ്ങൾ
അവരെ വിരോധിച്ചീടാനായ് ആരും തുനിയരുതേ
അവരെപ്പോൽ കന്മഷഹീനർക്കല്ലോ സ്വർഗം
സിദ്ധൻമാർക്കല്ലാതാർക്കും സ്ഥലമില്ലവിടൊട്ടും
നിർമ്മലരാം പൈതങ്ങളോടൊപ്പം
നിർമ്മലരായ് അടിയാരും നിന്ന്
ആമോദമോടെ സ്തുതിഗീതം പാടീടും ഞങ്ങൾ

**വേദവായന** : ജ്ഞാനം 9:2-5

ശുശ്രൂ: ജ്ഞാനിയായ ശലോമോന്റെ ജ്ഞാന പുസ്തകത്തിൽ നിന്നും ബാറെക്മോർ

ജനം : ജ്ഞാനികളുടെ ഉടയവനു സ്തുതി...

ജ്ഞാനത്താൽ അവിടുന്ന് മനുഷ്യന് രൂപം നൽകി. സൃഷ്ടികളുടെമേൽ ആധിപത്യം വഹിക്കാനും, ലോകത്തെ വിശുദ്ധിയിലും നീതിയിലും ഭരിക്കാനും ഹൃദയ പരമാർത്ഥത യോടെ വിധികൾ പ്രസ്താവിക്കാനും ആണല്ലോ അവിടുന്ന് അവനെ സൃഷ്ടിച്ചത്. അങ്ങയുടെ സിംഹാസനത്തിൽനിന്ന് എനിക്കു ജ്ഞാനം നൽകണമേ. അങ്ങയുടെ ദാസരുടെ ഇടയിൽനിന്ന് എന്നെ തിരസ്ക്കരിക്കരുതേ. ഞാൻ അങ്ങയുടെ ദാസനും ദാസിയുടെ പുത്രനും ദുർബലനും അൽപായുസ്സും, നീതിനിയമങ്ങളിൽ അല്പജ്ഞനും ആണ്. ബാറെക്മോർ

### ഹൂലോലോ

ഹാ-ഹാ ജ്ഞാനത്താൽ ലോകത്തെ സൃഷ്ടിച്ചോനേ
ബാലക വദനത്താൽ തൻ സ്തുതി സ്ഥാപിച്ചോൻ. ഹാലേ...

### ഏവൻഗേലിയോൻ : ലൂക്കോ 18 :15-17

യേശു കൈകൾവച്ച് അനുഗ്രഹിക്കേണ്ടതിന് ശിശുക്കളെ അവന്റെ അടുത്ത് അവർ കൊണ്ടുവന്നു. അവന്റെ ശിഷ്യന്മാർ ഇതു കണ്ടപ്പോൾ അവരെ ശകാരിച്ചു. എന്നാൽ യേശു അവരെ തന്റെ അടുത്തേയ്ക്ക് വിളിച്ചിട്ടു പറഞ്ഞു: ശിശുക്കൾ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ളവരുടെതാണ്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശി ക്കുകയില്ല.

വെള്ളം വാഴ്ത്തുന്ന പ്രാർത്ഥന

വിദ്യാലയ ശുദ്ധീകരണത്തിനുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ





✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

(വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്)

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തികൊണ്ട് ഈ വിദ്യാലയം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ)...

### മാർ അപ്രേമിന്റെ ബോവൂസൊ

ചൊല്ലിക്കൊണ്ട് വാഴ്ത്തപ്പെട്ട ജലം വിദ്യാലയത്തിൽ തളിക്കുന്നു.

മാതാ കാദീശൻമാർ തൻ
പ്രാർത്ഥനയാൽ കൃപചെയ്കീശാ
അൻപാലീ വിദ്യാലയത്തിന്
കനിവായി വാഴ്വേകണമേ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

## 12

## അഗതിമന്ദിരം കൂദാശ

ആശ്വാസത്തിൻ ഉറവിടമാം ക്രിസ്തു
നിന്നെ വിളിച്ചീടുന്നു (2)
അദ്ധ്വാനഭാരത്താൽ വലയുന്നോരേ
ആശ്വസമില്ലാതലയുന്നോരേ

ആണിപ്പാടുള്ളവൻ കരങ്ങൾ നീട്ടി
നിന്നെ വിളിച്ചീടുന്നു (2)

പാപാന്ധകാരത്തിൽ കഴിയുന്നോരേ
രോഗങ്ങളാൽ മനം തകർന്നവരേ
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2)

## കൗമാ

## പ്രാരംഭ പ്രാർത്ഥന

കരയുന്ന പറവക്കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകുന്നവനും വയലിലെ ലില്ലികൾക്ക് ഭംഗി നൽകുന്നവനുമായ ദൈവമേ, നിന്റെ സൃഷ്ടിയായ മനുഷ്യനെ നീ എത്രകണ്ട് കരുതുകയും അലങ്കരിക്കുകയും ചെയ്യുന്നു. നിന്റെ മനുഷ്യപ്രീതി നിന്നെ ഞങ്ങളുടെ പക്കലേക്ക് ഇറക്കികൊണ്ടുവന്നു. പാപമൊഴികെ മറ്റെല്ലാത്തിലും ഞങ്ങളെപ്പോലെയായി. എളിയവരിൽ ഒരുവന് ചെയ്തപ്പോഴൊക്കെയും നിനക്കുതന്നെ ചെയ്തുവെന്ന് ഞങ്ങളെ നീ പഠിപ്പിച്ചു. തിരുനാമമഹത്വത്തിനുവേണ്ടി സമർപ്പി ക്കുന്ന അടിയങ്ങളുടെ ശുശ്രൂഷയെ സ്വീകരിക്കുന്ന നിനക്ക് സ്തുതിയും ബഹുമാനവും സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. മോറാൻ വാലോഹാൻ...

## കുക്കിലിയോൻ

(ഒന്നാം രാഗം)

ദൈവാശ്രയമൊടു നന്മ പ്രവർത്തിക്ക ഹാ-
ഭൂവാസമിതിൽ വിശ്വാസം നേടിടുക
നാഥനിൽ ശരണം വയ്ക്കുക നിൻ യാചന നൽകുമവൻ ഹാ-
നിൻ വഴിചൊവ്വാക്കീട്ടീശനിലാശ്രയമാക്ക. ബാറെക്മോർ

കാർമി: ശുബ്ഹോ...

ജനം: മെൻഓലം...





## എക്ബോ

മനുജ പ്രിയനീ ആഴിയിൽ നിന്നും
യൗനാൻ നിബിയെ രക്ഷിച്ചു.
ഋണപൂരിത നാ-മെന്നേയും
കൃപയാൽ കോരിയെടുക്കേണം

ശുശ്രൂ: സ്തൗമെൻ...

ജനം: കുറിയേ...

## പ്രുമിയോൻ

കരുണനിറഞ്ഞ കർത്താവേ, നിന്റെ കൃപയാൽ ഈ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. ബലഹീനനായ എന്റെ മദ്ധ്യസ്ഥത യാൽ ഈ ഭവനത്തെ നീ അനുഗ്രഹിക്കണമേ. ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും നീ ഐശ്വര്യ സമൃദ്ധരാ ക്കണമേ. നിനക്ക് ഭവനാശീർവാദത്തിന്റെ ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കുത്തര മരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ, ഹാബേലിന്റെ ആദ്യഫലം നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ ധൂപം സ്വീകരി ക്കണമേ. ഹാനോക്കിന്റെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിച്ചതു പോലെ, ഞങ്ങളുടെ ശുശ്രൂഷ നിനക്കു പ്രീതീകരമാകണമേ. നീതിമാനായ നോഹയുടെ ബലിയിൽ നീ സന്തുഷ്ടനായ പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ നീ സന്തുഷ്ടനാകണമേ.

പ്രകൃത്യാ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ, തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ വേഷം എടുക്കുകയും മരണത്തോളം അതേ കുരിശുമരണത്തോളം അനുസരണമുള്ളവനാകുകയും ചെയ്ത ഞങ്ങളുടെ നല്ല

ദൈവമേ, നിന്നെ ഞങ്ങൾ ആരാധിച്ചു സ്തുതിക്കുന്നു. വിജന സ്ഥലത്തായിരുന്ന വലിയ ജനാവലിയോട് അനുകമ്പ തോന്നിയ നല്ല ഇടയാ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. അന്ത്യവിധിയുടെ ആ മഹാനാളിൽ "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നിങ്ങൾക്കായി അനാദി മുതൽ സജ്ജമാക്കിയിരിക്കുന്ന സൗഭാഗ്യത്തിലേക്കു പ്രവേശിക്കുവിൻ" എന്ന് പറയുന്ന മോഹന ശബ്ദം കേൾപ്പാൻ ഞങ്ങൾക്കും ഭാഗ്യം തരണമേ. നിന്നെ വിശക്കുന്നവനായി കണ്ടു ഭക്ഷണം തരികയും ദാഹിക്കുന്നവനായി കണ്ട് കുടിക്കാൻ തരികയും നഗ്നനായി കണ്ട് ഉടുപ്പിക്കുകയും പരദേശിയായി കണ്ട് പാർപ്പിക്കുകയും കാരാഗൃഹത്തിലായി കണ്ട് നിന്നെ സന്ദർശിക്കുകയും ചെയ്ത ഭാഗ്യവാന്മാരോടുകൂടി ഈ ദാസരും എണ്ണപ്പെടുമാറാകണമേ. നിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും കുറവില്ലാത്ത ഭാവം പ്രകടിപ്പിക്കുവാൻ നീ ഞങ്ങളെ നിരന്തരമായി വിളിക്കുന്നുവല്ലോ. ഈ ആതുരാലയത്തിലെ അന്തേവാസികളെ ഞങ്ങൾ നിനക്കു സമർപ്പിക്കുന്നു. ആരും നിന്റെ സ്നേഹത്തിൽനിന്നോ കരുതലിൽനിന്നോ അകന്നു കഴിയരുതെന്ന് നീ ആഗ്രഹിക്കുന്നു. അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി നൽകുവാനും വേണ്ടി കടന്നുവന്ന രക്ഷകനായ നാഥാ നിന്റെ സുവിശേഷ മൂല്യങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കുന്ന ഈ ആതുരാലയത്തിന്റെമേൽ നിന്റെ കൃപാകടാക്ഷം ചൊരിയണമേ. വിവിധ കാരണങ്ങളാൽ നിരാലംബരായി ഈ ഭവനത്തിൽ താമസിക്കുന്ന (താമസിക്കുവാൻ പോകുന്ന) അന്തേവാസികളെ ഞങ്ങൾ നിനക്കു സമർപ്പിക്കുന്നു. സാമ്പത്തിക പരാധീനത ഉള്ളവർക്കും ഭിന്നിച്ചിരിക്കുന്നവർക്കും താമസസൗകര്യമില്ലാ ത്തവർക്കും അനാഥർക്കും മറ്റുമായി നടത്തുന്ന എല്ലാ ഭവനങ്ങ ളെയും അനുഗ്രഹിക്കണമേ. ഈ ചെറിയവരിൽ ഒരുവന് ചെയ്തത് എനിക്കു ചെയ്തു എന്നും, ഈ ചെറിയവരിൽ ഒരുവന് ചെയ്യാത്തത് എനിക്കു





ചെയ്തില്ലെന്നും അരുളിച്ചെയ്ത കർത്താവേ, ഇവിടെ താമസിക്കുന്ന എല്ലാവരെയും ഞങ്ങളുടെ സഹോദരങ്ങളായി പരിഗണിച്ച് ഇവരെ ശുശ്രൂഷിപ്പാനും സഹായിപ്പാനും ഞങ്ങൾക്ക് സംഗതിയാക്കണമേ.

ഈ ഭവനത്തിലെ ശുശ്രൂഷകരെയും പ്രേഷിതരെയും ശക്തിപ്പെടുത്തണമേ. വിവിധ പശ്ചാത്തലങ്ങളിൽനിന്ന് വന്നവരും പലവിധ വിഷമങ്ങൾകൊണ്ട് ബുദ്ധിമുട്ടുന്നവരുമായ അന്തേവാസികളെ, സ്നേഹത്തോടുകൂടി വീക്ഷിക്കുവാൻ അവരെ സഹായിക്കണമേ. വാർദ്ധക്യത്തിലും രോഗത്തിലും ഇരിക്കുന്നവർക്കു വേണ്ട ശുശ്രൂഷകൾ, ഉത്സാഹത്തോടെ ചെയ്യുന്നതിനുള്ള സന്നദ്ധത ഇതിലെ പ്രവർത്തകർക്ക് നൽകണമേ. തങ്ങളുടെ ജീവിതത്തിൽ വന്നിരിക്കുന്ന കഷ്ടപ്പാടുകളെ ഓർത്ത് നിരാശപ്പെടുകയോ, സ്വയം ശപിക്കുകയോ ചെയ്യാതെ, ലഭിക്കുന്ന നന്മകളെ ഓർത്ത് സന്തോഷിക്കുവാനും, നിന്നെ സ്തോത്രം ചെയ്യുവാനും, ഈ ഭവനത്തിലെ അന്തേവാസികളെ പഠിപ്പിക്കണമേ. ഇവരെ പരസ്പരം ഭാരങ്ങൾ വഹിക്കുന്നവരും, പരസ്പരം ബഹുമാനിക്കുന്നവരും പരസ്പരം ഒത്തിണങ്ങി പോകുന്നവരുമാക്കണമേ.

ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേറ്റുമാറാകണമേ. ആമ്മീൻ.

**കോലോ**

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ, കാരുണ്യത്താൽ
നൽകണമേ, യാചിപ്പുകളെ

കർത്താവേ, കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ
നന്മ നിറഞ്ഞോനേ, എന്റെ
തിന്മകളെ നീ ഓർക്കരുതേ.

## ഹൂലോലോ

ഹാ-ഉ-ഹാ നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ-
സാന്ത്വനമരുളി-പ്പാവനഗിരിശിഖരങ്ങളിലേക്കെന്നെ-ഹാ...

## ഏവൻഗേലിയോൻ : ലൂക്കോ 10:29-37

എന്നാൽ അവൻ തന്നെത്തന്നെ സാധൂകരിക്കാൻ ആഗ്രഹിച്ച് യേശുവിനോടു ചോദിച്ചു: ആരാണ് എന്റെ അയൽക്കാരൻ? യേശു പറഞ്ഞു: ഒരുവൻ ജറുസലെമിൽനിന്ന് ജറീക്കോയിലേക്കു പോവുകയായിരുന്നു. അവൻ കവർച്ചക്കാരുടെ കൈയിൽപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർദ്ധപ്രാണനാക്കിയിട്ടു പൊയ്ക്കളഞ്ഞു. ഒരു പുരോഹിതൻ ആ വഴി വന്നു. അവനെക്കണ്ട് മറുവശത്തു കൂടെ കടന്നുപോയി. അതുപോലെ ഒരു ലേവായനും അവിടെ വന്നപ്പോൾ അവനെ കണ്ടെങ്കിലും കടന്നുപോയി. എന്നാൽ, ഒരു സമരിയാക്കാരൻ യാത്രാമദ്ധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവന്റെ മുറിവുകൾ വച്ചുകെട്ടി, തന്റെ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടു ചെന്നു പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരന്റെ കൈയിൽ രണ്ട് ദനാറാ കൊടുത്തിട്ടു പറഞ്ഞു: ഇവന്റെ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാം. കവർച്ചക്കാരുടെ കൈയ്യിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? അവനോടു കരുണ കാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക.

## ആശീർവാദ പ്രാർത്ഥന

വിശ്വാസപൂർവം തന്നെ വിളിക്കുന്നവർക്കു മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധി കർത്താവുമേ, നിന്റെ ദാസനായ





ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാ സമ്പൂർണനും തന്റെ സൃഷ്ടിയോടു സർവദാ അനുകമ്പയുള്ള വനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ ഭവനത്തിൽ വസിക്കുന്ന എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശ നഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവ മാതാവായ മറിയാമിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും വിശുദ്ധനായ (..................) യും, സകല വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കൃപയും ദയയുമുണ്ടാകുവാൻ അനുഗ്രഹം ചെയ്യണമെ. ആമ്മീൻ

വെള്ളം വാഴ്ത്തുന്നു

ഈ ഭവന ശുദ്ധീകരണത്തിനുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

(വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്)

നെസ്ബാറാക് ഉ നെസ്ദാക്കെ ബൈത്തോ ഹോനോ കാദ് മെസറ്ശെം ബ്റൂശ്മോ ദസ്ലീബോ ഹായോ ഉ മാബേദ് ഹായേ ബാറെക്മോർ.

ബശ്മോ ദാബോ ✠(ആമ്മീൻ) ഉദാബ്റോ ✠(ആമ്മീൻ) വദ റൂഹോ ഹായോ ഉകാദീശോ ✠ ല്ഹായേ ദല്ഓലം ഒൽമീൻ ആമ്മീൻ

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാ ളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ ഭവനം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

### മാർ അപ്രേമിന്റെ ബോവൂസൊ

ചൊല്ലിക്കൊണ്ട് വാഴ്ത്തപ്പെട്ട ജലം ഭവനത്തിൽ തളിക്കുന്നു.

മാതാ കാദീശൻമാർ തൻ
പ്രാർത്ഥനയാൽ കൃപചെയ്കീശാ
അൻപാലീ ഭവനത്തിനും
വീട്ടാർക്കും വാഴ്വേകണമേ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 13

# പാരിഷ്ഹാൾ കൂദാശ

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതം പോൽ നടത്തണമേ
കുശവൻ കൈയിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ (2)

നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ
ദീപമതായ് നിൻ മൊഴികൾ

### കൗമാ

### പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ, നീ ഞങ്ങൾക്കായി ഒരുക്കുന്ന അതിവിശിഷ്ടമായ ദാനങ്ങളെ പ്രതി നിന്നെ ഞങ്ങൾ





സ്തുതിക്കുന്നു. നിന്റെ മനുഷ്യാവതാരത്താൽ ലോകത്തിനു നീ നിരപ്പും സമാധാനവും നൽകി. നിന്റെ രക്ഷണീയ വ്യാപാരത്താൽ മനുഷ്യകുലത്തെ നിന്റെ പിതാവിനോടു നീ അടുപ്പിച്ചു. പറുദീസായുടെ അനുഭവത്തിലേക്കു നീ മനുഷ്യരാശിയെ തിരികെകൊണ്ടുപോയി. നിന്റെ നന്മകളെ പ്രകീർത്തിക്കുവാൻ നീ സഭയെ ഒരുക്കി. പുറജാതികളുടെ പുത്രിയെങ്കിലും അവളെ നിന്റെ നിർമ്മല രക്തത്താൽ നീ കഴുകി ശുദ്ധീകരിച്ചു. സഭയുടെ പുകഴ്ചയ്ക്കും സഭാമക്കളുടെ ഉപയോഗത്തിനുമായി ഞങ്ങൾ ഇന്ന് ആശീർവദിക്കുന്ന ഈ ഹാളിന്റെമേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിയണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

### കുക്കിലിയോൻ

(ഒന്നാം രാഗം)

എന്നാത്മാവിനെനിങ്കലുയർത്തുന്നേൻ നാഥാ- ഹാ-ഹാ-
നീയെൻശരണം ലജ്ജിക്കരുതേ- ഞാൻ
വൈരികളെന്നൊടു ഗർവം കാട്ടരുതേ ഹാ-ഹാ
നിന്നാശ്രിതരാരും ലജ്ജി-ച്ചീടരുതേ.

കാർമി: ശുബ്ഹോ...

ജനം: ബലഹീനരും ...

### എക്ബോ

മനുജ പ്രിയനീ ആഴിയിൽ നിന്നും
യൗനാൽ നിബിയെ രക്ഷിച്ചു.
ഋണപൂരിത നാ-മെന്നേയും
കൃപയാൽ കോരിയെടുക്കേണം

ശുശ്രൂ: സ്തൗമെൻകാലൊസ്

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

കരുണ നിറഞ്ഞ കർത്താവെ, നിന്റെ കൃപയാൽ ഈ ദാസന്റെ പ്രാർത്ഥന കേൾക്കണമേ. ബലഹീനനായ എന്റെ മദ്ധ്യസ്ഥത യാൽ ഈ പാരിഷ്ഹാളിനെ നീ അനുഗ്രഹിക്കണമേ. ഇവിടെ കൂടിയിരിക്കുന്ന നിന്റെ മക്കളെ നീ ഐശ്വര്യ സമൃദ്ധരാക്കണമെ. നിനക്ക് ഈ പാരിഷ്ഹാളിന്റെ ആശീർവാദസമയത്തും...

## സെദറാ

പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കുത്തര മരുളുകയും ചെയ്യുന്ന ദൈവമായ കർത്താവേ, ഹാബേലിന്റെ ആദ്യഫലം നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ ധൂപം സ്വീകരിക്കണമേ. ഹാനോക്കിന്റെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിച്ചതുപോലെ, ഞങ്ങളുടെ ശുശ്രൂഷ നിനക്കു പ്രീതീകരമാകണമേ. നീതിമാനായ നോഹയുടെ ബലിയിൽ നീ സന്തുഷ്ടനായ പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ നീ സന്തുഷ്ടനാകണമേ. നീതിമാനായ യോബിന്റെ അടുക്കൽ ദുഷ്ടൻ ലജ്ജിതനായ പ്രകാരം ഞങ്ങളുടെ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുവാൻ ഇടയാകണമേ.

കർത്താവെ, ഇപ്പോൾ ഈ ഇടവകയ്ക്കുവേണ്ടിയും, ഇടവകയുടെയും ഈ നാടിന്റെയും ഉപയോഗത്തിനായി പൂർത്തീകരിച്ചിരിക്കുന്ന ഈ ഹാളിനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. എളിയവനായ എന്റെ മദ്ധ്യസ്ഥതയാൽ ഈ സ്ഥാപനത്തെ നീ ആശീർവദിക്കണമേ. ഈ ഇടവകമക്കൾക്കു സന്തോഷവും നാടിനു പുരോഗതിയും ഇതുവഴി സംജാത മാക്കണമേ. ഈ സ്ഥാപനത്തിന്റെ പണിയിൽ സഹകരിച്ച വരെയെല്ലാം തിരുനാമമഹത്ത്വത്തിന് ഉതകുന്നവയാക്കിത്തീർക്ക ണമേ. ഈ സ്ഥാപനത്തിൽ വെച്ച് നടക്കാനിരിക്കുന്ന യോഗങ്ങളും, കൂട്ടായ്മകളും വിരുന്നുകളും ആഘോഷങ്ങളും എല്ലാം നീ ആശീർവദിക്കണമേ. ഇത് നന്മയുടെ ഇടമാക്കിത്തീർക്കണമേ.





നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചിൽ സ്ഥലങ്ങളിൽ മേയുകയും നിന്റെ ആടുകൾ നിന്റെ നന്മകളാൽ തൃപ്തരാകുകയും ഞങ്ങളെ ല്ലാവരും നിന്നിൽനിന്നു കരുണ പ്രാപിക്കുകയും ചെയ്യണമേ.

പാപികളിൽ കനിവുള്ളവനും അനുതാപികളിൽ പ്രീതിപ്പെ ടുന്നവനുമായ കർത്താവേ, നിന്റെ കരുണാ ബാഹുല്യത്തിനനു സരണം ഞങ്ങളിൽ ദയ തോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. നീ തിരുമനസ്സായി ഞങ്ങളുടെ ധൂപവും പ്രാർത്ഥനകളും സ്വീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും വിശ്വാസികളായ പരേതർക്കു പാപമോചനം നൽകുകയും ചെയ്യണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

## ഹൂലോലോ

ഹാ–ഉ–ഹാ നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ–
സാന്ത്വനമരുളി–പ്പാവനഗിരിശിഖരങ്ങളിലേക്കെന്നെ–ഹാ...

## സുവിശേഷം: യോഹ 10: 1–10

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻ തൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ മറ്റുവഴിക്കു കടക്കു ന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. എന്നാൽ, വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്. കാവൽക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരു ചൊല്ലി വിളിക്കു കയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു. തനിക്കുള്ളതി നെയെല്ലാം പുറത്തിറക്കിയിട്ട് അവൻ അവയ്ക്കുമുമ്പേ നട ക്കുന്നു. അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു. അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ അവ അവരിൽനിന്ന് ഓടിയകലും. യേശു അവരോടു ഈ ഉപമ പറ ഞ്ഞു. എന്നാൽ അവൻ തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ

മനസ്സിലാക്കിയില്ല. അതുകൊണ്ട് യേശു വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ് ആടുകളുടെ വാതിൽ. എനിക്കുമുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല. ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും. അവൻ അകത്തു വരികയും പുറത്തു പോവുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും.

## പ്രാർത്ഥന

വിശ്വാസപൂർവം തന്നെ വിളിക്കുന്നവർക്ക് മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധികർത്താവുമേ, നിന്റെ ദാസനായ ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാസമ്പൂർണനും തന്റെ സൃഷ്ടിയോട് സർവദാ അനുകമ്പയുള്ളവനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ പാരിഷ്ഹാൾ ഉപയോഗിക്കുന്ന എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശനഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവമാതാവായ മറിയാമിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും വിശുദ്ധനായ (...............)യും, സകല വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കരുണയും ദയയും ഉണ്ടാകുമാറാകണമേ. ആമ്മീൻ.

വെള്ളം വാഴ്ത്തുന്നു

ഈ സ്ഥാപനശുദ്ധീകരണത്തിനുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.





## ആശീർവാദം

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തിക്കൊണ്ട് ഈ പാരിഷ്ഹാൾ ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 14

# ആശുപത്രി കൂദാശ

ആശ്വാസത്തിൻ ഉറവിടമാം ക്രിസ്തു
നിന്നെ വിളിച്ചീടുന്നു (2)

പാപാന്ധകാരത്തിൽ വലയുന്നോരേ
രോഗങ്ങളാൽ മനം തകർന്നവരേ
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2)

## കൗമാ

## പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ, നീ സർവ ചികിൽസാവിധിയുടെയും ഗുരുവും, എല്ലാ കൃപയുടെയും വിശുദ്ധിയുടെയും ദാതാവും സർവവിധ സൗഖ്യവും പ്രദാനം ചെയ്യുന്നവനുമാകുന്നു. നീ മനുഷ്യായുസ്സിനെക്കുറിച്ചു സദാ ജാഗരൂകനാകുന്നു. നിന്റെ ദിവ്യസഹായങ്ങൾ ഞങ്ങളിൽനിന്ന് നീ തടയുന്നില്ല.

കർത്താവേ, ക്ലേശം അനുഭവിക്കുന്നവരെ കരുണാപൂർവം ദർശിക്കണമേ. നിന്റെ കൃപയാൽ രോഗികളെ സുഖപ്പെടുത്ത ണമേ മനോവ്യഥയുള്ളവരെ ആശ്വസിപ്പിക്കണമേ. നിന്നോടു കൃപയും ദയയും അപേക്ഷിക്കുന്ന ദാഹാർത്തരും വിവശരുമായ സകലർക്കും ആത്മശരീരസംബന്ധമായ സൗഖ്യം പ്രദാനം ചെയ്യണമേ. പിതൃ-പുത്ര-പരിശുദ്ധാത്മാവേ, നിന്നിൽ നിന്നുള്ള ദാനങ്ങളെപ്രതി ഞങ്ങളെല്ലാവരും നിന്നെ സ്തോത്രം ചെയ്യുവാൻ ഇടയാക്കണമേ. മോറാൻ വാലോഹാൻ...

## കുക്കിലിയോൻ

(മൊറിയോശ്മാസ്ളൂസ്) അഞ്ചാം രാഗം

നാഥാ എൻ പ്രാർത്ഥന കേൾക്കണമേ ഹാ
എൻരോദനമങ്ങെപ്പക്കൽ-പൂകട്ടെ.
എൻനാളുകൾ പുകപോൽ പോയി ഹാ
എന്നസ്ഥികൾ വെണ്ണീർ വെള്ളയുമായ്. ബാറെക്മോർ.
ശുബ്ഹോ... മെൻഓലം...

## എക്ബോ

(കാബെൽ മോറാൻ തെശ്മെശ്ത്താൻ)

നാഥാ പ്രാർത്ഥന ശുശ്രൂഷകൾ സ്വീ-കൃതമാക
മോശയുടെയും ഏല്യായുടെയും അഹറോൻ
കഹനാ-യുടെയും പോൽ
സ്തുതിയോഗ്യം-ദേവാ അങ്ങേക്കായ്.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

ബലഹീനരെ സന്ദർശിക്കുകയും, രഹസ്യകാര്യങ്ങൾ പരിശോധിക്കുകയും, ഉത്തമമായ യാചനകൾക്കു മറുപടി യരുളുകയും ചെയ്യുന്ന കർത്താവേ, നിനക്കു സ്തുതി. നീ





ആശ്വസിപ്പിക്കുന്നവനും, ദുഃഖിതരെ ധൈര്യപ്പെടുത്തുന്നവനും ബലഹീനരെ താങ്ങുന്നവനും രോഗികൾക്ക് സൗഖ്യമരുളു ന്നവനുമാകുന്നു. ഞങ്ങൾക്കും, സത്യവിശ്വാസത്തോടുകൂടി ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ ആവശ്യപ്പെട്ടവരും, ആവശ്യ പ്പെടുന്നവരുമായ എല്ലാവർക്കുംവേണ്ടി, കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും ഞങ്ങൾ നിന്നോട പേക്ഷിക്കുന്നു. ആശുപത്രി കൂദാശയുടെ ഈ സമയത്തും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിനക്ക് സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

## സെദറാ

ദൈവമായ കർത്താവേ, നീ സാക്ഷാൽ ഉത്തമവൈദ്യനും ആത്മാവിന്റെയും ശരീരത്തിന്റെയും രഹസ്യവും പരസ്യവുമായ എല്ലാ രോഗങ്ങളും നന്നായി അറിയുന്നവനുമാകുന്നു. പ്രയാസമേറിയവ നിനക്കു നിഷ്പ്രയാസമത്രേ. നീ ബലഹീനരെ ശക്തിപ്പെടുത്തുന്നവനും പാപികൾക്കു പുണ്യം നൽകുന്ന വനുമാകുന്നു. നീ അനുതാപികളുടെ സഹായിയും അവശരുടെ ആലംബവുമാകുന്നു. ബലഹീനരായി രോഗത്തിൽ അകപ്പെട്ടിരി ക്കുകയും നിന്റെ കരുണയിൽ ആശ്രയിക്കുകയും നിന്റെ നൽവരങ്ങളുടെ സഹായം പ്രതീക്ഷിക്കുകയും ചെയ്യുന്ന ഈ ആശുപത്രിയെയും ഇതിൽ ശുശ്രൂഷിക്കുകയും ശുശ്രൂഷിക്കപ്പെ ടുകയും ചെയ്യുന്നവരെയും കൃപയോടെ അനുഗ്രഹിക്കണമേ എന്ന് വിനയപൂർവം ഞങ്ങൾ അപേക്ഷിക്കുന്നു.

കർത്താവേ, ഇപ്പോൾ ഈ ആശുപത്രിക്കുവേണ്ടിയും ഇതിൽ വസിക്കുന്നവർക്കുവേണ്ടിയും കരുണയും കൃപയും നിന്നോട് ഞാൻ യാചിക്കുന്നു. ഈ നിന്റെ ഭൃത്യന്റെ യാചന തിരുസന്നി ധിയിൽ എത്തുകയും ഈ ആശുപത്രി ഐശ്വര്യം പ്രാപിക്കു കയും ചെയ്യണമേ. നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചിൽ സ്ഥലങ്ങളിൽ മേയുകയും, നിന്റെ ആടുകൾ നിന്റെ നന്മകളാൽ തൃപ്തരാകുകയും ഞങ്ങളെല്ലാവരും നിന്നിൽനിന്ന് കരുണ പ്രാപിക്കുകയും ചെയ്യണമേ.

പാപികളിൽ കനിവുള്ളവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനുമായ കർത്താവേ, നിന്റെ കരുണാബാഹുല്യത്തിനനുസരണം ഞങ്ങളിൽ ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. നീ തിരുമനസ്സായി ഞങ്ങളുടെ ധൂപവും പ്രാർത്ഥനയും സ്വീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും വിശ്വാസികളായ പരേതർക്ക് പാപമോചനം നൽകുകയും ചെയ്യണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.

## കോലോ

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിയ്ക്കായ് ബലഹീനർ
നല്ലവനേ, കാരുണ്യത്താൽ
നൽകണമെ, യാചിപ്പുകളെ

കർത്താവേ, കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ
നന്മ നിറഞ്ഞോനേ, എന്റെ
തിന്മകളെ നീ ഓർക്കരുതേ.

## ഹൂലോലോ

ഹാ-ഉ-ഹാ നാഥാ, നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ-
സാന്ത്വനമരുളി-പ്പാവനഗിരിശിഖരങ്ങളിലേക്കെന്നെ-ഹാ...

ചെറിയ പാത്രത്തിൽ വച്ചിരിക്കുന്ന ജലം ശുശ്രൂഷകൻ എടുത്തു കാർമികന്റെ മുമ്പിൽ പിടിക്കുന്നു. കാർമികൻ സുവിശേഷം വായിക്കുന്നു.

## സുവിശേഷം : ലൂക്കോ 9:1-6

അവൻ പന്ത്രണ്ടുപേരെയും വിളിച്ച് സകല പിശാചുക്കളുടെയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു. അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും. ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി അവൻ അവരെ അയച്ചു. അവൻ പറഞ്ഞു: യാത്രയ്ക്കു വടിയോ





സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത്. രണ്ട് ഉടുപ്പും ഉണ്ടായിരിക്കരുത്. നിങ്ങൾ ഏതു വീട്ടിൽ പ്രവേശിക്കുന്നുവോ അവിടെ താമസിക്കുക. അവിടെനിന്നു പുറപ്പെടുകയും ചെയ്യുക. നിങ്ങളെ സ്വീകരിക്കാതിരിക്കുന്നവരുടെ പട്ടണത്തിൽനിന്നു പോകുമ്പോൾ അവർക്കെതിരേ സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ. അവർ പുറപ്പെട്ട്, ഗ്രാമങ്ങൾതോറും ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും എല്ലായിടത്തും രോഗശാന്തി നൽകുകയും ചെയ്തു.

## ആശീർവാദ പ്രാർത്ഥന

വിശ്വാസപൂർവം തന്നെ വിളിക്കുന്നവർക്കു മറുപടി നൽകുന്ന ദൈവാധിദൈവവും കർത്താധി കർത്താവുമേ, നിന്റെ ദാസനായ ഞാൻ ബലഹീനനും പാപിയും അയോഗ്യനുമെങ്കിലും എന്റെ അപേക്ഷ കൈക്കൊള്ളണമേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും കരുണാസമ്പൂർണനും തന്റെ സൃഷ്ടിയോടു സർവദാ അനുകമ്പയുള്ളവനുമായ കർത്താവേ, നിന്റെ കൃപയാൽ ഈ ആശുപത്രിയിൽ ശുശ്രൂഷിക്കുന്നവരും ശുശ്രൂഷിക്കപ്പെടുന്നവരുമായ എല്ലാവരിൽനിന്നും കോപഫലമായ ശിക്ഷകളും പലതര രോഗങ്ങളും, മഹാമാരിയും, സങ്കടകരമായ നാശനഷ്ടങ്ങളും, ദുഷ്ടന്റെ ഉപദ്രവങ്ങളും നീ തടയണമേ. ദൈവമാതാവായ മറിയാമിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും വിശുദ്ധനായ (..................)യും, സകല വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളിൽ കൃപയും ദയയുമുണ്ടാകുവാൻ അനുഗ്രഹം ചെയ്യണമേ. ആമ്മീൻ

### വെള്ളം വാഴ്ത്തുന്നു

ഈ ആശുപത്രി ശുദ്ധീകരണത്തിനുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

(വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്)

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തിക്കൊണ്ട് ഈ ആശുപത്രി ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 15

## വ്യാപാരസ്ഥാപന കൂദാശ

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ
തിരുനാമം ഉയർന്നിടട്ടെ
നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ
അങ്ങെ വാഴ്വിനായ് മാത്രം തീരണമേ

### കൗമാ

### പ്രാരംഭപ്രാർത്ഥന

സർവശക്തനും കരുണ നിറഞ്ഞവനുമായ കർത്താവേ, നിന്റെ തിരുനാമത്തിൽ ഞങ്ങൾ പ്രതിഷ്ഠിക്കുന്ന ഈ സ്ഥാപനത്തെ നീ വാഴ്ത്തണമേ. അളവില്ലാത്ത നിന്റെ കൃപയാലും





അനുഗ്രഹങ്ങളാലും ഈ സ്ഥാപനം അഭിവൃദ്ധി പ്രാപിക്കാൻ ഇടയാക്കണമേ. ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നവരെയും ഇവിടേക്ക് കടന്നുവരുന്നവരേയും നീ അനുഗ്രഹിക്കണമേ. പിതൃ-പുത്ര-പരിശുദ്ധാത്മാവായ ദൈവമേ, ആയുഷ്ക്കാലം മുഴുവൻ നിന്നെ ഞങ്ങൾ പ്രസാദിപ്പിക്കുമാറാകണമേ. മോറാൻ......

### കുക്കിലിയോൻ

(ഒന്നാം രാഗം)

ലജ്ജിക്കുമധർമ്മികളവരുടെ വ്യർത്ഥതയിൽ ഹാ-ഹാ
നിൻ പാതകളെന്നെ കാട്ടിടുക.
ഗൂഢം നിൻ വഴികളറിയിക്കുകയെന്നെ ഹാ-ഹാ
നേരിൽ നയിച്ചെന്നെ പരിശീലിപ്പിക്ക. ബാറെക്മോർ

കാർമ്മി : ശുബ്ഹോ...
ജനം : മെൻഓലം...

### എക്ബോ

നാഥാ പ്രാർത്ഥന ശുശ്രൂഷകൾ സ്വീകൃതമാക
മോശയുടെയും ഏല്യായുടെയും അഹറോൻ
കഹനായുടെയും പോൽ
സ്തുതിയോഗ്യം ദേവാ അങ്ങേയ്ക്കായ്

ശുശ്രൂ : സ്തൗമെൻ കാലോസ്
ജനം : കുറിയേലായിസോൻ

### പ്രുമിയോൻ

മനുഷ്യകുലത്തോടുള്ള സ്നേഹം നിമിത്തം സ്വർഗം ചായിച്ച് ഇറങ്ങിവന്ന മഹോന്നത ദൈവമേ നിനക്കു സ്തുതി. നീ പ്രാർത്ഥനകൾ സ്വീകരിക്കുന്നവനും യാചനകൾക്ക് ഉത്തരമരുളുന്നവനുമാകയാൽ നിനക്കു സ്തുതി. ബലഹീനനായ എന്റെ മദ്ധ്യസ്ഥതയാൽ ഈ വ്യാപാരസ്ഥാപനത്തെ നീ അനുഗ്രഹിക്കണമേ. നിനക്ക് ഈ സ്ഥാപനത്തിന്റെ കൂദാശ നിർവഹിക്ക

പ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും...

### സെദറാ

നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണമെന്ന് ആദാമിനോട് അരുളിച്ചെയ്ത കർത്താവേ, ഞങ്ങളുടെ അദ്ധ്വാനങ്ങളെ ഫലം അണിയിക്കുന്നവനും ഞങ്ങളുടെ പ്രയത്നങ്ങൾക്ക് തക്കവിധം പ്രതിഫലം നൽകുന്നവനും നീ ആകയാൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിന്റെ തിരുസന്നിധിയിൽ പ്രതിഷ്ഠിക്കപ്പെടുന്ന ഈ വ്യാപാരസ്ഥാപനത്തെ നീ അനുഗ്രഹിക്കണമേ. ഈ സ്ഥാപനത്തിന്റെ നിർമ്മിതിയിൽ പങ്കാളികളായ ഏവരെയും അനുഗ്രഹിക്കണമേ. ഈ സ്ഥാപനത്തിലെ പ്രവർത്തകരെല്ലാം പരസ്പരം വിശ്വസ്തതയോടും ബഹുമാനത്തോടും ഐക്യത്തോടുംകൂടെ പ്രവർത്തിക്കുവാൻ ഇടയാക്കണമേ. എളിമയും സഹായസന്നദ്ധതയും ഇവരിൽ ഉളവാക്കണമേ.

സത്യം തന്നെയായ മഹോന്നത ദൈവമേ, സത്യവും ധർമ്മവും ഇവിടെ പരിപാലിക്കപ്പെടുവാൻ നീ ഇടയാക്കണമേ. സമൂഹത്തിന് നന്മ ചെയ്യുവാൻ ഉതകുന്നവിധം നീ ഇതിനെ ക്രമപ്പെടുത്തണമേ. യജമാനൻ ഭരമേല്പിച്ച താലന്തിനെ ലാഭപൂർവം വ്യാപാരം ചെയ്ത് വിശ്വസ്തതയോടെ തിരികെ ഏല്പിച്ച നല്ല ഭൃത്യനുള്ള സൗഭാഗ്യത്തിനു ഈ സ്ഥാപനം നടത്തുന്ന ദാസനെ/ ദാസിയെ യോഗ്യനാക്കണമേ.

ഞങ്ങളുടെ പിതാക്കന്മാരെ വഴിനടത്തിയ സർവശക്തനായ ദൈവമായ കർത്താവേ, നിന്റെ കരുണയുടെയും കൃപയുടെയും വലതുകരം നീട്ടി ഈ സ്ഥാപനത്തെ പരിപാലിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഇതിൽ വാഴുവാൻ ഇടയാക്കണമേ. ഇതിലെ വരവുചെലവുകൾ നിന്റെ തിരുഹിതത്തിന് ഉതകുന്നവയാക്കണമേ.

നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും പ്രാർത്ഥന കൈക്കൊണ്ട കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച്





യാചനകൾക്കുത്തരമരുളണമേ. സത്യവിശ്വാസത്തോടെ നിന്നിൽ നിദ്രപ്രാപിച്ച ഏവർക്കും തിരുസന്നിധിയിൽ സന്തോഷവും ആശ്വാസവും നൽകണമേ. ഞങ്ങളും അവരും നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ...

### കോലോ

എല്ലാം ഞാൻ പരിശോ-ധി-ച്ചേൻ
ദൈവാശ്രയമതിനെ ക്കാ-യിൽ
    വലുതായി-ഇല്ലൊന്നും
    അതിൽ പ്രിയൻ താൻ-ധന്യൻ.
സ്നേഹിച്ചതിനെ യൗസേഫ് മിസ്രേം രാജാ-വാ-യി
സ്നേഹിച്ചതു മൂശാറബി, സമുദ്രത്തെ ഭാ-ഗിച്ചു.
    ഹാനനിയാ ബാലർ-സ്നേഹിച്ചതിനെ
    തീച്ചൂളയിൽ നിന്നും-രക്ഷപെട്ടാർ
കനകത്തേക്കാൾ മോ-ഹനീ-യം
തേൻകട്ടേക്കാൾ മാ-ധു-ര്യം.
ദൈവത്തെ-ഭജിപ്പോൻ,
അവൻ തന്നെ-ധന്യൻ.

### ഹൂലോലോ

ഹാ-ഉ-ഹാ നാഥാ നിൻ പ്രഭയും വിശ്വാസവുമേകി നയിക്കൂ
സാന്ത്വനമരുളി-പ്പാവനഗിരിശിബിരങ്ങളിലേക്കെന്നെ ഹാ-

### ഏവൻഗേലിയോൻ : മത്താ 25:14-21

ഒരുവൻ യാത്ര പുറപ്പെടുന്നതിനുമുമ്പ് ഭൃത്യന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഭരമേല്പിച്ചതുപോലെയാണ് സ്വർഗരാജ്യം. അവൻ ഓരോരുത്തന്റെയും കഴിവനുസരിച്ച് ഒരുവന് അഞ്ചു താലന്തും മറ്റൊരുവന് രണ്ടും വേറൊരുവന് ഒന്നും കൊടുത്ത ശേഷം യാത്ര പുറപ്പെട്ടു. അഞ്ചു താലന്തു ലഭിച്ചവൻ ഉടനെ പോയി വ്യാപാരം ചെയ്ത് അഞ്ചു താലന്തു കൂടി സമ്പാദിച്ചു.

രണ്ടു താലന്തു കിട്ടിയവനും രണ്ടു കൂടി നേടി. എന്നാൽ, ഒരു താലന്തു ലഭിച്ചവൻ പോയി നിലം കുഴിച്ച് യജമാനന്റെ പണം മറച്ചുവച്ചു. ഏറെക്കാലത്തിനുശേഷം ആ ഭൃത്യന്മാരുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു. അഞ്ചു താലന്തു കിട്ടിയവൻ വന്ന് അഞ്ചു കൂടി സമർപ്പിച്ച്, യജമാനനേ, നീ എനിക്ക് അഞ്ചു താലന്താണല്ലോ നൽകിയത്. ഇതാ, ഞാൻ അഞ്ചു കൂടി സമ്പാദിച്ചിരിക്കുന്നു എന്നു പറഞ്ഞു. യജമാനൻ പറഞ്ഞു: കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്കുക..

(വെള്ളം വാഴ്ത്തുന്നു)

ഈ വ്യാപാര സ്ഥാപന ശുദ്ധീകരണത്തിനുള്ള തളിപ്പായിത്തീരാൻ ഈ വെള്ളം വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

### ആശീർവാദം

പ്രധാന വാതിൽ / ഭിത്തി റൂശ്മാ ചെയ്യുന്നു.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ വ്യാപാരസ്ഥാപനം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ആമ്മീൻ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15–18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)





# 16

# കുടുംബപ്രതിഷ്ഠ

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയായല്ലോ

ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞീടുമ്പോൾ
സ്വന്ത സഹോദരർ തള്ളിക്കളയുമ്പോൾ
യൗസേപ്പിൻ ദൈവമെൻ കൂട്ടാളിയായല്ലോ

**വേദവായന:** ജോഷ്വാ 24:14–17

വായനക്കാരൻ : ജോഷ്വാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും ബാറെക്മോർ

ജനം : പ്രവാചകന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ആകയാൽ, കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ. ഈജിപ്തിലും നദിക്കക്കരെയും നിങ്ങളുടെ പിതാക്കന്മാർ സേവിച്ചിരുന്ന ദേവന്മാരെ ഉപേക്ഷിച്ചു കർത്താവിനെ സേവിക്കുവിൻ. കർത്താവിനെ സേവിക്കുവാൻ മനസ്സില്ലെങ്കിൽ നദിക്കക്കരെ നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ വസിക്കുന്ന നാട്ടിലെ അമോര്യരുടെ ദേവന്മാരെയോ ആരെയാണ് സേവിക്കുക എന്ന് ഇന്നു തന്നെ തീരുമാനിക്കുവിൻ. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും. അപ്പോൾ ജനം പ്രതിവചിച്ചു. ഞങ്ങൾ കർത്താവിനെ വിട്ട് അന്യദേവന്മാരെ സേവിക്കാൻ ഇടയാകാ തിരിക്കട്ടെ. നമ്മുടെ ദൈവമായ കർത്താവാണ് നമ്മെയും നമ്മുടെ പിതാക്കന്മാരെയും

അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു കൊണ്ടുപോരുകയും നമ്മുടെ കൺമുമ്പിൽ മഹാത്ഭുതങ്ങൾ പ്രവർത്തിക്കുകയും നാം പോയ എല്ലാ വഴികളിലും, കടന്നുപോയ എല്ലാ ജനതകളുടെ ഇടയിലും നമ്മെ സംരക്ഷിക്കുകയും ചെയ്തത്. ബാറെക്മോർ

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

## പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ പ്രിയപ്പെട്ട മാതാവിനോടുകൂടെ ഈ കുടുംബത്തെ സന്ദർശിപ്പാനും നിന്റെ ദിവ്യഹൃദയത്തിനു പ്രതിഷ്ഠിച്ചിരിക്കുന്ന കുടുംബാംഗങ്ങൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ ഇതിലെ നിവാസികളിൽ ചിന്തുവാനും കൃപയുണ്ടാകണമേ. ലോക രക്ഷിതാവേ, മനുഷ്യരെ ഇത്രയധികം സ്നേഹിക്കയും അവരിൽ നിന്ന്, നിന്റെ ദാസിയായ മാർഗ്ഗരീത്താമറിയത്തോടു നീ അറിയിച്ചതുപോലെ, ഇത്ര നന്ദിഹീനമായ പ്രതിക്രിയകൾ കൈക്കൊള്ളുകയും ചെയ്ത നിന്റെ ഹൃദയത്തിന്റെ നേർക്ക്, സകല മനുഷ്യരുടെയും സ്നേഹത്തിന്റെ ഉന്നതാരാധനയെ നീ തന്നെ ആവശ്യപ്പെട്ടുവല്ലോ. ആകയാൽ, പരിശുദ്ധഹൃദയമേ, നിന്നെ ഉപേക്ഷിച്ച അനേകം ആത്മാക്കളുടെ അവിശ്വാസത്തിന് പരിഹാരമായി ഈ കുടുംബം നിന്നെ അവരുടെ സ്നേഹ കർത്താവായി സ്വീകരിക്കുന്നു. ഇവരുടെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും ദുഃഖങ്ങളും മറ്റു സമസ്തകാര്യങ്ങളും നിനക്കു മുഴുവനായി കാഴ്ച വയ്ക്കുന്നു.

ആകയാൽ മാധുര്യമേറിയ യേശുനാഥാ! ഇവിടെയുള്ള വരെയും ഇവിടെ നിന്നകന്നിരിക്കുന്നവരെയും ആശീർവദിക്ക ണമേ. ഞങ്ങളെ അനന്തമായി സ്നേഹിക്കുന്ന തിരുഹൃദയമേ, ഈ ഭവനത്തിൽ നിന്റെ സ്നേഹരാജ്യം സ്ഥാപിക്കണമെന്നു ഞങ്ങൾ എളിമയോടുകൂടി അപേക്ഷിക്കുന്നു. ഇതിൽ





വസിക്കുന്നവരെല്ലാവരെയും നിന്റെ വിശ്വാസത്തിന്റെയും സുകൃ തത്തിന്റെയും വിശുദ്ധിയുടെയും ആത്മാവാൽ നീ നിറയ്ക്ക ണമേ. ഈ ആത്മാക്കളെ ലോകത്തിൽ നിന്നും ലോകത്തിന്റെ മൂഢവ്യർത്ഥതകളിൽ നിന്നും അകറ്റി അവരെ നിനക്കു സ്വന്ത മാക്കിത്തീർക്കണമേ. കരുണാവാരിധിയായ നിന്റെ തിരുഹൃദയ ത്തിലെ ശോഭയേറിയ തിരുമുറിവ് തുറന്ന് അതിൽ നിനക്കു സ്വന്തമായുള്ള എല്ലാവരെയും കാത്തുകൊള്ളണമേ. ഈശോ യുടെ ദയാപൂരിതമായ ഹൃദയം സർവദാ സ്നേഹിക്ക പ്പെടുകയും വാഴ്ത്തപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യട്ടെ. ആമ്മീൻ.

(വെള്ളം വാഴ്ത്തി തളിക്കുന്നു.)

മ്ബർക്കീൻ ഏനൂൻ മായൊ ഹോലേൻ. ബാറെക്മോർ

ബശ്മോ ദാബോ ✠(ആമ്മീൻ) ഉദാബ്റോ ✠(ആമ്മീൻ) വദ റൂഹോ ഹായോ ഉകാദീശോ ✠ ല്ഹായേ ദല്ഓലം ഉൽമീൻ ആമ്മീൻ

(കുടുംബാംഗങ്ങൾ വിശ്വാസപ്രമാണം ചൊല്ലുന്നു)

## കുടുംബ പ്രതിഷ്ഠാജപം

ക്രിസ്തീയ കുടുംബങ്ങളിൽ വാഴുവാനുള്ള ആഗ്രഹം ഭാഗ്യ വതിയായ മാർഗ്ഗരീത്താ മറിയത്തോട് അറിയിച്ച യേശുവിന്റെ പരിശുദ്ധ ഹൃദയമേ, ഞങ്ങളുടെ ഈ കുടുംബത്തിന്മേലുള്ള നിന്റെ പരമാധികാരം ഇവിടെ പ്രഖ്യാപനം ചെയ്യുന്നതിനായി ഞങ്ങൾ ഇതാ വരുന്നു. ഇപ്പോൾ മുതൽ നിന്റെ ജീവിതം അനു കരിപ്പാൻ ഞങ്ങൾ മനസാകുന്നു. നീ ഇഹലോകത്തിൽ മുമ്പേ തന്നെ ഏതു സുകൃതങ്ങൾക്ക് സമാധാനം വാഗ്ദത്തം ചെയ്തി രിക്കുന്നുവോ ആ സുകൃതങ്ങൾ ഈ കുടുംബത്തിൽ പുഷ്ടി യായി വളരുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു. നീ ശപിച്ചിരി ക്കുന്ന ലൗകികാരൂപിയെ ഞങ്ങളിൽനിന്ന് അകറ്റുന്നതിന് ഞങ്ങൾ താല്പര്യപ്പെടുന്നു.

ഞങ്ങളുടെ വിശ്വാസത്തിന്റെ പരമാർത്ഥത വഴിയായി നീ ഞങ്ങളുടെ ബോധത്തിലും ഞങ്ങൾ നിന്നെപ്രതി ജ്വലിച്ചെരി

യുവാൻ തക്ക സ്നേഹത്താൽ നീ ഞങ്ങളുടെ ഹൃദയത്തിലും വാഴണമേ. ഈ സ്നേഹാഗ്നി, ദിവ്യകാരുണ്യത്തെ കൂടെക്കൂടെ ഉൾക്കൊണ്ടുകൊണ്ട്, ഞങ്ങളിൽ അധികമധികം ഉജ്ജ്വലിക്കുന്നതിന് ഞങ്ങൾ ഇടയാക്കും.

ഓ! തിരുഹൃദയമേ! ഞങ്ങളുടെ സംഘങ്ങളിൽ നീ അഗ്രാസനം വഹിക്കുവാൻ കൃപയാകണമേ. ഞങ്ങളുടെ ആത്മികവും ലൗകികവുമായ കാര്യാദികളെ നീ ആശീർവദിക്കണമേ. ഞങ്ങളിൽനിന്ന് സകലവിധ ആകുലചിന്തകളെയും നീ അകറ്റണമേ. ഞങ്ങളുടെ സന്തോഷങ്ങളെ നീ ശുദ്ധീകരിക്കണമേ. ഞങ്ങളുടെ പീഡകളെ നീ ശമിപ്പിക്കണമേ. ഞങ്ങളിൽ ആർക്കെങ്കിലും നിന്റെ ഇഷ്ടക്കേടിൽ ഉൾപ്പെടുന്നതിനുള്ള നിർഭാഗ്യം എപ്പോഴെങ്കിലും സംഭവിക്കുവാനിടയായാൽ, എത്രയും പരിശുദ്ധ ഹൃദയമേ! നീ മനസ്താപപ്പെടുന്ന പാപിയുടെ നേരെ ഇനിയും കരുണയും അനുഗ്രഹവും ഉള്ളവനാകുന്നു എന്ന് ഓർക്കണമേ. പിന്നെയും, വേർപിരിവിനുള്ള മണിയടിക്കുകയും മരണം ഞങ്ങളെ സന്താപനിമഗ്നരാക്കുകയും ചെയ്യുമ്പോൾ ഞങ്ങളെല്ലാവരും - മരിച്ചവരും ജീവിച്ചിരിക്കുന്നവരും - നിന്റെ നിത്യവിധിക്ക് ഒന്നുപോലെ അനുസരണയുള്ളവരായിരുന്നുകൊള്ളാം. ഈ കുടുംബാംഗങ്ങളെല്ലാവരും മോക്ഷത്തിൽ ഒന്നിച്ചുചേർന്ന് നിന്റെ മഹത്ത്വങ്ങളേയും ദാനങ്ങളേയും പാടി സ്തുതിക്കുവാനായി ഒരു ദിവസം വരുമെന്ന ശരണം ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യും.

മറിയത്തിന്റെ വിമലഹൃദയവും മഹത്ത്വമേറിയ പിതാവായ വിശുദ്ധ യൗസേപ്പും ഈ പ്രതിഷ്ഠയെ നിനക്കു കാഴ്ചവയ്ക്കുകയും അതിന്റെ ഓർമ്മ ഞങ്ങളുടെ ജീവിതത്തിലെ എല്ലാ ദിവസവും ഞങ്ങളുടെ ബോധത്തിൽ അനുസ്മരിപ്പിക്കുകയും ചെയ്യട്ടെ.

നമ്മുടെ രാജാവും നമ്മുടെ രക്ഷകനുമായ ഈശോയുടെ തിരുഹൃദയത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.





### സമർപ്പണം

യേശുമിശിഹായുടെ ദിവ്യഹൃദയമേ, ഞങ്ങളോട് അലിവായിരിക്കണമേ. (3 പ്രാവശ്യം)

മറിയത്തിന്റെ വിമല ഹൃദയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വി. യൗസേപ്പേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ഭാഗ്യപ്പെട്ട മാർഗരീത്താ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 17

# ഭവന സന്ദർശനം

പ്രാർത്ഥന കേൾക്കണമേ കർത്താവേ എൻ
യാചന നൽകണമേ
പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾക്കു-
ത്തരം തന്നരുളാം എന്നുള്ളൊരു
വാഗ്ദത്തം പോൽ ദയവായ്
താതനും മാതാവും നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ

**വേദവായന** : ലൂക്കാ. 1:39-55

ആ ദിവസങ്ങളിൽ, മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ

അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു. നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽനിന്നു മറിച്ചിട്ടു. എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി. സംതൃപ്തരെ വെറുംകൈയ്യോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേയ്ക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ. മറിയം അവളുടെ കൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി.

### അല്ലെങ്കിൽ

### ലൂക്കാ 10:5-9

നിങ്ങൾ ഏതു വീട്ടിൽ പ്രവേശിക്കുന്നുവോ ആ വീടിന്





സമാധാനം ആദ്യമെ ആശംസിക്കുവിൻ. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും. അവരോടൊപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തുകൊണ്ട് ആ വീട്ടിൽ തന്നെ വസിക്കുവിൻ. വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണല്ലോ. നിങ്ങൾ വീടുതോറും ചുറ്റി നടക്കരുത്. ഏതെങ്കിലും നഗരത്തിൽ നിങ്ങൾ പ്രവേശിക്കുകയും അവർ നിങ്ങളെ സ്വീകരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾക്കു വിളമ്പുന്നതു ഭക്ഷിക്കുവിൻ. അവിടെയുള്ള രോഗികളെ സുഖപ്പെടുത്തുവിൻ. ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നുവെന്ന് അവരോടു പറയുകയും ചെയ്യുവിൻ.

## കൗമാ

## പ്രാരംഭ പ്രാർത്ഥന

മിശിഹാതമ്പുരാനേ, "നിങ്ങൾ പ്രവേശിക്കുന്ന ഭവനത്തിന് സമാധാനം ആശംസിക്കുവിൻ'' എന്ന് നിന്റെ വിശുദ്ധ ശ്ലീഹന്മാരോട് നീ അരുളിച്ചെയ്തുവല്ലോ. കർത്താവേ ഈ വസതിയിൽ നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കണമേ. ആത്മീയവും ശാരീരികവുമായ സകല ഉപദ്രവങ്ങളിൽനിന്നും ഇവിടെ പാർക്കുന്നവരെ കാത്തുകൊള്ളണമേ. വിട്ടുപിരിയാത്തതായ നിന്റെ വാഴ്വാൽ ഇവരെ അനുഗ്രഹിക്കുകയും സത്യവിശ്വാസത്തിൽ നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഇവരുടെ പരേതർക്കു തിരുസന്നിധിയിൽ നല്ല ഓർമ്മ നൽകുകയും ചെയ്യണമേ. ജീവനോടിരിക്കുന്നവരും മരിച്ചുപോയവരുംമൂലം നിന്റെ തിരുനാമം മഹത്വപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുമാറാകണമേ. മോറോൻ....

ശുശ്രൂ: സ്തൗമെൻകാലോസ്

ജനം: കുറിയേലായിസ്സോൻ

## പ്രുമിയോൻ

നിങ്ങൾ പ്രവേശിക്കുന്ന സകല ഭവനങ്ങൾക്കും സമാധാനം ആശംസിക്കുവിൻ എന്നരുൾ ചെയ്ത കർത്താവേ, നിനക്കു സ്തുതി. നിന്റെ സമാധാനവും ഐക്യവും ഈ ഭവനത്തിലുണ്ടാകുമാറാകണമേ. സകലവിധ വേദനകളിൽനിന്നും രോഗങ്ങളിൽനിന്നും പാപങ്ങളിൽനിന്നും ഈ ഭവനാംഗങ്ങളെ കാത്തുകൊള്ളണമേ. ഞെരുക്കങ്ങളിൽനിന്നും ദുഃഖങ്ങളിൽ നിന്നും ഇവരെ സംരക്ഷിക്കണമേ. രോഗികളെ സൗഖ്യമാക്കുകയും പരേതർക്കു പാപപരിഹാരം നൽകുകയും ചെയ്യണമേ. ഇതിൽ വസിക്കുന്നവരെ സത്യവും ഭക്തിയും കരുണയും സ്നേഹവുംകൊണ്ട് നിറയ്ക്കണമേ. ഈ സമയത്തും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും...

## സെദറാ

ദഹിപ്പിക്കുന്ന അഗ്നിയായ ദൈവം പരിശുദ്ധ ത്രിത്വത്തിന്റെ ദൃഷ്ടാന്തത്തിൽ തന്റെ സ്നേഹിതനായ അബ്രഹാമിന്റെ അടുത്തുചെന്നു. അവിടുന്ന് തന്റെ ഔന്നത്യത്തിൽനിന്ന് ഇറങ്ങി വന്ന് വൃക്ഷത്തണലിൽ വസിച്ചു. പറുദീസായിലെ വൃക്ഷങ്ങളെ നട്ടവൻ ഒരു ദരിദ്രനെപ്പോലെ ഭൂമിയിൽ സഞ്ചരിച്ചു. സ്വർഗം തന്റെ സിംഹാസനവും ഭൂമി പാദപീഠവുമാക്കിയിരിക്കുന്നവൻ ഒരു നിസ്സാരനെപ്പോലെ അബ്രഹാമിന്റെ അടുത്തുചെന്നു. മാലാഖമാർക്കുപോലും നേരെ നോക്കുവാൻ കഴിയാത്തവനായ അവിടുത്തെ അബ്രഹാം കണ്ടു ഓടിച്ചെന്ന് വന്ദിക്കുകയും, കർത്താവേ, അവിടുത്തെ ദയാദൃഷ്ടി എന്നിൽ ഉണ്ടെങ്കിൽ അവിടുത്തെ ദാസനെ വിട്ടുപോകരുതേ. അല്പം വെള്ളമെടുത്തു അവിടുത്തെ കാലുകളെ ഞാൻ കഴുകിക്കൊള്ളട്ടെ. വൃക്ഷത്തണലിൽ വിശ്രമിച്ച് അപ്പംഭക്ഷിച്ച് തൃപ്തിയായ ശേഷം പോകാം. അവിടുന്ന് ഇങ്ങനെ ഈ ദാസന്റെ അടുത്തുകൂടെ പോകുവാൻ ഇടയായല്ലോ എന്ന് പറയുകയും ചെയ്തു. ഇതു പ്രീതികരമായി തോന്നുകയും ഒരു ക്ഷീണിതനെപ്പോലെ അവിടെ വിശ്രമിക്കുകയും അബ്രഹാം വിളമ്പിക്കൊടുത്തവ





ഭക്ഷിക്കുകയും അവനെയും ഭാര്യയായ സാറായെയും അവന്റെ സമ്പാദ്യങ്ങളെയും അവിടുന്ന് അനുഗ്രഹിക്കുകയും ചെയ്തു. കർത്താവേ, തിരുമുമ്പാകെ ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥനമൂലം ഈ നിന്റെ ദാസന്റെ ഭവനത്തെയും സമ്പത്തുകളെയും അനുഗ്രഹിക്കണമേ. ഇതിൽ സംതൃപ്തിയും അനുഗ്രഹങ്ങളും ഉണ്ടാകണമേ. വിരുന്നുകാർക്കു ആനന്ദവും തോഴന്മാർക്കു ശാന്തിയും സമാധാനവും വിവാഹിതർക്കു മഹത്വ കിരീടങ്ങളും നൽകണമേ. ഈ ഭവനം അനുഗ്രഹിക്കപ്പെടുകയും ഇതിൽ വസിക്കുന്നവർ നിഷ്ക്കപട സ്നേഹമുള്ളവരായി ത്തീരുകയും ചെയ്യണമേ. നാം പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കണം. ഹോശോ...

## ആശീർവാദം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, കരുണയുള്ളതും വാഴ്‌വു നിറഞ്ഞതുമായ നിന്റെ വലതുകൈ ✠ ഈ ഭവനത്തിന്മേൽ എല്ലായ്പ്പോഴും ആവസിക്കു മാറാകണമേ. നിങ്ങൾ ചെല്ലുമ്പോൾ നിങ്ങളെ സ്വീകരിക്കുന്ന ഏതു ഭവനവും എന്നെയാണ് സ്വീകരിക്കുന്നത് എന്ന് പരിശുദ്ധ ശിഷ്യന്മാരോടു അരുളിച്ചെയ്ത മിശിഹാ തമ്പുരാനേ, നിന്റെ ആരാധകന്മാരുടെ ഈ ഭവനത്തെ ✠ അനുഗ്രഹിക്കുകയും നിന്റെ പരിശുദ്ധനാമം മൂലം നിന്റെ ഈ ദാസരെ സന്തോഷിപ്പിക്കുകയും ചെയ്യണമേ. സന്തോഷവും ആനന്ദവും നിറഞ്ഞ പ്രസന്ന മുഖങ്ങളോടുകൂടെ നിന്നിൽനിന്ന് രണ്ടു ലോകങ്ങളിലും നല്ല പ്രതിഫലം പ്രാപിക്കുവാൻ ഇവർക്കു ✠കൃപ നൽകണമേ. ദൈവമാതാവായ പരിശുദ്ധ കന്യക മറിയത്തിന്റെയും അപ്പസ്തോലന്മാരുടെയും വിശിഷ്യാ, നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ ... (പേജ് 11)

# 18

## ഭവനങ്ങളിലെ പിശാചുബാധ നീങ്ങുവാൻ

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥനേശുവിനെ ആരാധിക്കുന്നേ
ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ
സെറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കളാരാധിച്ചീടും
ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകൾ ഒഴിയും ആരാധനയിങ്കൽ
രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീകത്തീടും ആരാധനയിങ്കൽ
അപ്പസ്തോലർ രാത്രികാലെ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ

### കൗമാ

**വേദവായന** : യോഹ 7:37-39

തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവൻ ഇതു പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല.

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും...





### പ്രാർത്ഥന

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും ഉടയവനായ കർത്താവേ! നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ ഭവനങ്ങളുണ്ടാക്കി അവയിൽ വസിക്കുവാൻ നീ ഞങ്ങൾക്കു ബുദ്ധിയും ജ്ഞാനവും നൽകിയതിനാൽ നിനക്കു സ്തുതി. നിന്റെ ജനമായ ഇസ്രായേൽക്കാരുടെമേൽ നിന്റെ പ്രത്യേക കൃപ ചൊരിഞ്ഞ് നീ അവരുടെ ദൈവമാകുന്നുവെന്നും അവർ നിന്റെ ജനമാകുന്നുവെന്നും പ്രത്യക്ഷമാക്കിയല്ലോ. ശത്രുക്കളോടുപൊരുതി വിജയം കൈവരിക്കുന്നതിനു നീ സഹായിച്ചു. അവരുടെ സകല കാര്യങ്ങളിലും നീ അവർക്കു വേണ്ടി പ്രവർത്തിച്ചു. അപ്രകാരം നിന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന പുതിയ ഇസ്രായേലായ ഞങ്ങളുടെമേൽ നിന്റെ പ്രത്യേക കൃപ ചൊരിയുകയും ഞങ്ങളുടെ സകല ആവശ്യങ്ങളിലും ഞങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യണമേ. ഇസ്രായേൽക്കാരെ ഉപദ്രവിച്ച ഫറവോൻ രാജാവിനെയും മെസ്രേൻകാരെയും ലജ്ജിപ്പിച്ചതുപോലെ ഞങ്ങളെ ഉപദ്രവിക്കുന്ന ശത്രുക്കളായ പിശാചിനെയും അവന്റെ സൈന്യങ്ങളെയും നീ ലജ്ജിപ്പിച്ച് ഞങ്ങളുടെ അടുക്കൽനിന്ന് ഓടിച്ചുകളയണമേ. ഞങ്ങൾ നിന്റെ ആലയമായിരിക്കുന്നതുപോലെ ഞങ്ങളുടെ ഭവനങ്ങളും നിനക്ക് ആലയങ്ങളായിരിക്കണമേ. നിന്നിൽ വിശ്വസിക്കുകയും നിന്റെ സ്ലീബായിൽ അഭയം പ്രാപിക്കുകയും ചെയ്യുന്ന ഈ ദാസന്റെ ഭവനത്തിൽനിന്ന് പിശാചുക്കളെ പുറത്താക്കണമേ. നിന്റെ ഇഷ്ടനും നീതിമാനുമായ യോബിന്റെ അടുക്കൽനിന്നു പിശാചുക്കൾ ലജ്ജിച്ചോടിയതുപോലെ ഈ ഭവനത്തിൽനിന്ന് അവർ ലജ്ജിച്ച് ഓടുമാറാകണമേ. നിന്റെ ശക്തിയെ എതിർക്കുവാനും നിന്റെ കരുണയിൻകീഴിലിരിക്കുന്ന ജനങ്ങളെ ഉപദ്രവിക്കുവാനും അവർ പ്രാപ്തന്മാരല്ലെന്ന് നീ ലോകത്തിന് വെളിപ്പെടുത്തണമേ. പിശാചാരാധകരായ ആളുകളുടെ മുമ്പിൽ ഞങ്ങൾ പരിഹാസപാത്രമായിത്തീരരുതേ. ഇനി ഒരിക്കലും ഈ

ഭവനത്തിലോ മറ്റു ഭവനങ്ങളിലോ അവർ പ്രവേശിക്കാൻ ധൈര്യപ്പെടാതിരിക്കത്തക്കവണ്ണം നീ അവരെ ഭയപ്പെടുത്തി ഓടിച്ചുകളയണമേ. ഈ ഭവനത്തിൻമേൽ നിന്റെ കരുണയുടെ ചിറകുവിരിച്ച് ഇതിനെ മറച്ചുക്കൊള്ളണമേ. നിന്റെ അനുവാദം കൂടാതെ ഒരിടത്തും പ്രവേശിക്കുവാൻ കഴിയാത്തവരായ പിശാചുക്കൾ ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങളുടെ ഭവനങ്ങളിലോ അവിടെ പാർക്കുന്നവരിലോ പ്രവേശിപ്പാൻ നീ അനുവദിക്കരുതേ. നിന്റെ ഏകപുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമിശിഹായുടെ തിരുരക്തത്താൽ പിശാചിന്റെ അടിമത്തത്തിൽ നിന്നു രക്ഷിക്കപ്പെട്ടവരായ ഞങ്ങളെ പാപങ്ങൾ നിമിത്തം വീണ്ടും അവന്റെ കൈയിലേക്കു നീ വിട്ടുകൊടുക്കരുതേ. നീ കാരുണ്യവാനും പാപങ്ങൾ ക്ഷമിക്കുവാനും പാപി അനുതപിച്ചു ജീവിക്കുവാനുമല്ലാതെ പാപത്തിൽ മരിക്കുവാൻ ഇഷ്ടമില്ലാത്തവനും ആകുന്നുവല്ലോ. ഞങ്ങളുടെ പാപങ്ങൾ കരുണയോടെ ക്ഷമിച്ച് ഞങ്ങളിൽനിന്നു പിശാചുക്കളെ നിരോധിക്കണമേ. പരിശുദ്ധ സഭയുടെ ശ്ലൈഹികശുശ്രൂഷയാൽ എനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അധികാരത്താൽ നിന്റെ വന്ദ്യ തിരുനാമത്തെയും വി. സ്ലീബായെയും വി. ഏവൻഗേലിയോനെയും ആയുധമാക്കിക്കൊണ്ട് ഈ ഭവനത്തെ ആക്രമിക്കുന്ന പിശാചുക്കളെയും അവന്റെ എല്ലാ പ്രവർത്തന ങ്ങളെയും ഞാൻ നിരോധിക്കുന്നു. നിന്റെ തിരുനാമം മഹത്വപ്പെടുവാൻ തിരുവിഷ്ടമുണ്ടാകണമേ. ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും നിനക്ക് യോഗ്യമാകുന്നു. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)





# 19

# എഴുത്തിനിരുത്തുമ്പോൾ

വെളിച്ചം തരേണമേ വെളിച്ചം തരേണമേ
നിത്യമാം പ്രകാശമേ വെളിച്ചം തരേണമെ

എന്നുള്ളിൽ നിരന്തരം വസിക്കും നിൻരൂപം ഞാൻ
ദർശിപ്പാൻ വിശ്വാസത്തിൻ വെളിച്ചം തരേണമേ

തമസ്സിൽ മുങ്ങീടുമ്പോൾ തിമിരം തിങ്ങീടുമ്പോൾ
തേജസ്സേ വരേണമേ വെളിച്ചം തരേണമേ

## കൗമാ

## വേദവായന

ലൂക്കാ 2 : 46-52

മൂന്നു ദിവസങ്ങൾക്കുശേഷം അവർ അവനെ ദൈവാലയത്തിൽ കണ്ടെത്തി. അവൻ ഉപാധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവന്റെ ബുദ്ധി ശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു. അവനെക്കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവന്റെ അമ്മ അവനോടു പറഞ്ഞു: മകനേ നീ ഞങ്ങളോടു ഇങ്ങനെ ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോടു ചോദിച്ചു: നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന്, അവർക്ക് വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു.

കാർമി : ശുബ്ഹോ...
ജനം: മെൻഓലം...

### പ്രാർത്ഥന

തീനാവുകളുടെ സാദൃശ്യത്തിൽ പരിശുദ്ധ ശ്ലീഹന്മാരിൽ ആവസിച്ച് അവരെ വിവേകികളാക്കിയ പരിശുദ്ധാത്മാവേ, നിന്റെ ദാനങ്ങൾക്കുവേണ്ടി നോക്കിപാർത്ത് പ്രത്യാശയോടെ അടുത്തുവരുന്ന ഈ പൈതലിനെ നീ അനുഗ്രഹിക്കണമേ. ജ്ഞാനവും അറിവും വിവേകവുംകൊണ്ട് ഇവന്റെ (ഇവളുടെ) ബുദ്ധിയെ നിറയ്ക്കണമേ. ഉത്തമരായ ഗുരുക്കന്മാരിൽനിന്നും ഇവൻ (ഇവൾ) വിദ്യ സ്വീകരിക്കുമാറാകണമേ. ഇവൻ (ഇവൾ) ദൈവഭക്തനും/യും ഗുരുക്കന്മാരെ ബഹുമാനിക്കുന്നവനും/ളും മാതാപിതാക്കളെ അനുസരിക്കുന്നവനും/ളും ആകണമേ. ഇവന്റെ (ഇവളുടെ) ജ്ഞാനത്താൽ ലോകം സന്തോഷിക്കുമാറാകണമേ. ഇവൻ (ഇവൾ) പൂർണപ്രായത്തിൽ എത്തുവാനും സത്സ്വഭാവിയും ദൈവരാജ്യത്തിന് ആദായമുണ്ടാക്കുന്നവനും/ളും ആകുവാനും സഹായിക്കണമേ. വളർച്ചയെ മുരടിപ്പിക്കുന്ന മടി, രോഗം, മോശമായ കൂട്ടുകെട്ടുകൾ മുതലായ പ്രതികൂലങ്ങളിൽ നിന്നും നിന്റെ ഈ മകനെ (മകളെ) സംരക്ഷിച്ചുകൊള്ളണമേ. ഇന്നീ പൈതൽ കുറിക്കുന്ന ആദ്യാക്ഷരങ്ങൾ ഇവന്റെ (ഇവളുടെ) വളർച്ചയ്ക്കും വിനയത്തിനും നിത്യരക്ഷയ്ക്കും കാരണമായി ഭവിക്കേണമേ. ഞങ്ങൾ പരിശുദ്ധ ത്രിത്വത്തെ ഇപ്പോഴും എന്നേക്കും സ്തുതിച്ചാരാധിക്കുമാറാകണമേ. ആമ്മീൻ

### ആശീർവാദം

ബാലന്റെ/ ബാലികയുടെ ശിരസ്സിൽ ഇരുകൈകളും വെച്ചുകൊണ്ട് കാർമികൻ ആശീർവദിക്കുന്നു.

പരിശുദ്ധാത്മ നൽവരങ്ങളാൽ ഈ ബാലൻ (ബാലിക) നിറയപ്പെടുന്നതിന് ഇവൻ (ഇവൾ) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ





✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ)

കാർമികൻ ബാലന്റെ (ബാലികയുടെ) വിരൽ പിടിച്ചു എഴുതിക്കുന്നു.

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 20

## വിദ്യാരംഭം

എന്നുള്ളിലെന്നും വസിച്ചിടുവാൻ സ്വർഗ-
മണ്ഡപം വിട്ടിറങ്ങി വന്ന
ഉന്നതനാം തങ്കപ്രാവേ നീ വന്നെന്നിൽ
എന്നുമധിവസിക്ക

### കൗമാ

**വേദവായന:** സുഭാ 2: 1-7

വായനക്കാരൻ: ജ്ഞാനിയായ സോളമന്റെ സുഭാഷിതങ്ങളിൽനിന്നും ബാറെക്മോർ

ജനം: ജ്ഞാനികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

മകനേ, എന്റെ വാക്കു കേൾക്കുകയും എന്റെ നിയമം കാത്തുസൂക്ഷിക്കുകയും ചെയ്യുക; നീ ജ്ഞാനത്തിനു ചെവി കൊടുക്കുകയും അറിവിന്റെ നേരെ നിന്റെ ഹൃദയം ചായിക്കുകയും ചെയ്യുക. പൊരുളറിയാൻവേണ്ടി കേണപേക്ഷിക്കുക. അറിവിനുവേണ്ടി വിളിച്ചപേക്ഷിക്കുക. നീ അതിനെ വെള്ളിയെന്നപോലെ തേടുകയും നിഗൂഢ നിധിയെന്നപോലെ അന്വേഷിക്കുകയും ചെയ്യുക. അപ്പോൾ നീ ദൈവഭക്തിയെന്തെന്ന് ഗ്രഹിക്കുകയും ദൈവത്തെക്കുറിച്ചുള്ള അറിവു നേടുകയും

ചെയ്യും. എന്തെന്നാൽ, കർത്താവ് ജ്ഞാനം നൽകുന്നു. അവിടുത്തെ വദനത്തിൽനിന്ന് അറിവും വിവേകവും പുറപ്പെടുന്നു. അവിടുന്ന് സത്യസന്ധർക്കായി അന്യൂനമായ ജ്ഞാനം കരുതി വയ്ക്കുന്നു. ധർമ്മിഷ്ഠർക്ക് അവിടുന്ന് പരിചയായി വർത്തിക്കുന്നു. ബാറെക്മോർ

കാർമി : ശുബ്ഹോ...

ജനം: ബലഹീനരും...

### പ്രാർത്ഥന

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, കരുണാമയനായ കർത്താവേ, വചനത്താൽ നീ സർവവും സൃഷ്ടിച്ചു. ജ്ഞാനത്താൽ നീ മനുഷ്യനു രൂപം നൽകി. സൃഷ്ടികളുടെമേൽ ആധിപത്യം വഹിക്കുവാനും, ലോകത്തെ വിശുദ്ധിയിലും നീതിയിലും ഭരിക്കുവാനും, ഹൃദയ പരമാർത്ഥതയോടെ വിധികൾ പ്രസ്താവിക്കുന്നതിനുമാണല്ലോ നീ അവനെ സൃഷ്ടിച്ചത്. നിന്റെ സിംഹാസനത്തിൽനിന്ന് നിന്റെ മക്കൾക്കു ജ്ഞാനം നൽകേണമേ. കർത്താവേ, മനുഷ്യരുടെ മദ്ധ്യേ ഒരുവൻ പരിപൂർണനെങ്കിലും നിന്നിൽനിന്നു വരുന്ന ജ്ഞാനമില്ലെങ്കിൽ അവൻ ഒന്നുമല്ല. ഞങ്ങൾ ദുർബലരും നീതി നിയമങ്ങളിൽ അല്പജ്ഞരും ആകുന്നുവല്ലൊ. സ്വർഗത്തിൽ നിന്ന്, നിന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ നിന്ന്, ജ്ഞാനം അയച്ചു തരണമേ. കർത്താവേ, നീ ജ്ഞാനത്തെയും നിന്റെ പരിശുദ്ധാത്മാവിനെയും ഉന്നതത്തിൽനിന്നു നൽകിയില്ലെങ്കിൽ നിന്റെ ഹിതം ആരറിയും.

ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവാകുന്ന പരിശുദ്ധാത്മാവേ, ഉയരങ്ങളിൽ നിന്നിറങ്ങി സത്യഅറിവിനായി ഈ മകൻ (മകൾ) കാംക്ഷിക്കുന്നതെല്ലാം ഗ്രഹിപ്പാൻ തക്കവണ്ണം ജ്ഞാനവും, അറിവും വിവേകവുംകൊണ്ട് ഇവന്റെ (ഇവളുടെ) ബുദ്ധിയെ നിറയ്ക്കണമേ. സത്യാന്വേഷകരായ ഗുരുക്കന്മാരിൽ നിന്നും ഈ മകൻ (മകൾ) വിദ്യ സ്വീകരിക്കുമാറാകണമേ.





ഈ മകന്റെ (മകളുടെ) ബുദ്ധിയും മനസ്സും നിർമ്മലീകരിക്കണമേ. ഇവൻ (ഇവൾ) ഉത്തമനായ/യായ ദൈവഭക്തനും/യും, ഗുരുക്കന്മാരെ ബഹുമാനിക്കുന്നവനും/ളും, മാതാപിതാക്കളെ അനുസരിക്കുന്നവനും/വളും ആയിത്തീരുവാൻ നിന്റെ ദിവ്യജ്ഞാനം സഹായിക്കണമേ. ഈ മകന്റെ (മകളുടെ) ജ്ഞാനത്താൽ ലോകം സന്തോഷിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

### ആശീർവാദം

ബാലന്റെ/ ബാലികയുടെ ശിരസ്സിൽ ഇരുകൈകളും വച്ചുകൊണ്ട് കാർമികൻ ആശീർവദിക്കുന്നു.

പരിശുദ്ധാത്മ നൽവരങ്ങളാൽ നിറയപ്പെടുന്നതിന് ഈ ബാലൻ/ ബാലിക ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (ആമ്മീൻ)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 21

## വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഒരുങ്ങുമ്പോൾ

യാഹെന്ന ദൈവമെന്നിടയനഹോ-
യാതൊരു കുറവുമില്ലെനിക്കിനിയും (2)
പച്ചപ്പുൽ പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചല ജലമെന്നെ കുടിപ്പിക്കുന്നു (2)

**കൗമാ**

**വേദവായന:** യോഹ 14:15-21

നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായ കനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും. ഈ സത്യാത്മാ വിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ, അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്ത് വസിക്കുന്നു. നിങ്ങളിൽ ആയിരി ക്കുകയും ചെയ്യും. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും. അൽപസമയം കൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ, നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു. അതിനാൽ നിങ്ങളും ജീവിക്കും. ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് ആ ദിവസം നിങ്ങൾ അറിയും. എന്റെ കൽപനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത് എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

ലോകാവസാനത്തോളം എല്ലാനാളും ഞങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്ന് അരുളിചെയ്ത ഞങ്ങളുടെ മിശിഹാ തമ്പുരാനേ, നിന്റെ ദിവ്യസാന്നിദ്ധ്യം ദർശിക്കുവാൻ ഈ സമയത്ത് ഞങ്ങളെ സഹായിക്കണമേ. പരീക്ഷയ്ക്ക് ഒരുങ്ങുന്ന ഈ നിന്റെ മകനെ (മകളെ) അവിടുന്ന് ധൈര്യപ്പെടുത്തണമേ. പൈതങ്ങളെ അടുക്കൽ വിളിച്ച് വാത്സല്യത്തോടെ അവരെ ഓരോരുത്തരെയും അനുഗ്രഹിച്ച കർത്താവേ! എല്ലാ സംശയവും





ഭയവും ആകുല ചിന്തയും ഇവനിൽ (ഇവളിൽ) നിന്നും നീക്കിക്കളയണമേ. 'ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവം ആകുന്നു, ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈ കൊണ്ട് ഞാൻ നിന്നെ താങ്ങും' എന്നരുളിചെയ്ത ദൈവമേ, നിന്റെ സ്നേഹമേറിയ വാക്കുകൾ കേൾക്കുവാൻ ഇവന്റെ (ഇവളുടെ) ചെവികളെ തുറക്കണമേ. "നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്" എന്ന് വി. പൗലോസിനോട് അരുളി ചെയ്ത മിശിഹാ, നിന്റെ കൃപകൊണ്ട് ഇവനെ (ഇവളെ) നിറയ്ക്കണമേ.

പരീക്ഷ നന്നായി എഴുതുന്നതിന് ആവശ്യമായ ഓർമ്മശ ക്തിയും വിവേകബുദ്ധിയും ഇവന് (ഇവൾക്ക്) നൽകണമേ. എല്ലാ വിഷയങ്ങളിലും സമയനിഷ്ഠ പാലിച്ചു കൊണ്ട് നന്നായി ഉത്തരങ്ങൾ എഴുതുന്നതിനും നല്ല വിജയം കൈവരിക്കുന്നതിനും സംഗതിയാകണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും മഹത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ.

## ആശിർവാദം

വിദ്യാർത്ഥികൾ ഓരോരുത്തരുടെയും ശിരസ്സിൽ ഇരുകൈകളും വച്ചു വൈദികൻ ആശീർവദിക്കുന്നു.

പരിശുദ്ധാത്മ നൽവരങ്ങളാൽ നിറയപ്പെടുന്നതിന് ഈ മകൻ (മകൾ) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ)...

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 22

# വിവാഹ നിശ്ചയം

നിന്റെ ഹിതം പോലെ എന്നെ നിത്യം നടത്തീടണമേ
എന്റെ ഹിതം പോലെയല്ലേ എൻ പിതാവേ എൻ യഹോവേ
ഇമ്പമുള്ള ജീവിതവും ഏറെ ധനം മാനങ്ങളും
തുമ്പമറ്റ സൗഖ്യങ്ങളും ചോദിക്കുന്നില്ലേ അടിയാൻ
ഏതുഗുണമെന്നറിയാൻ ഇല്ല ജ്ഞാനമെന്നിൽ നാഥാ
നിൻ തിരുനാമം നിമിത്തം നീതി മാർഗ്ഗത്തിൽ തിരിച്ചു

## കൗമാ

**വേദവായന:** ഉല്പ 24:50-54

വായനക്കാരൻ: ഒറൈത്തായുടെ ഒന്നാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: സൃഷ്ടിയുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

അപ്പോൾ ലാബാനും ബത്തുവേലും പറഞ്ഞു: ഇത് കർത്താവിന്റെ ഇഷ്ടമാണ്. ഇതിനെക്കുറിച്ച് ഗുണവും ദോഷവും ഞങ്ങൾക്കു പറയാനില്ല. ഇതാ, റബേക്കാ നിന്റെ മുമ്പിൽ നിൽക്കുന്നു. അവളെ കൊണ്ടുപൊയ്ക്കൊള്ളുക. കർത്താവ് തിരുവുള്ളമായതുപോലെ അവൾ നിന്റെ യജമാനന്റെ മകനു ഭാര്യയായിരിക്കട്ടെ. ഈ വാക്കുകൾ കേട്ടപ്പോൾ അബ്രഹാത്തിന്റെ ഭൃത്യൻതാണുവീണു കർത്താവിനെ ആരാധിച്ചു. അനന്തരം, അവൻ പൊന്നും വെള്ളിയും കൊണ്ടുള്ള ആഭരണങ്ങളും വസ്ത്രങ്ങളുമെടുത്തു റബേക്കായ്ക്കു കൊടുത്തു. അവളുടെ സഹോദരനും അമ്മയ്ക്കും വിലപിടിപ്പുള്ള സമ്മാനങ്ങളും അവൻ കൊടുത്തു. അവനും കൂടെയുണ്ടായിരുന്നവരും ഭക്ഷിക്കുകയും പാനം ചെയ്യുകയും ആ രാത്രി അവിടെ ചെലവഴിക്കുകയും ചെയ്തു. പുലർച്ചയ്ക്ക് എഴുന്നേറ്റ് അവൻ പറഞ്ഞു: എന്നെ യജമാനന്റെ അടുത്തേക്കു തിരിച്ചയയ്ക്കുക.





കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

## പ്രാർത്ഥന

സ്രഷ്ടാവ് മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്നും അതുനിമിത്തം പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് ചേരുമെന്നും ഇരുവരും ഒരു ശരീരമായി തീരുമെന്നും അരുളിചെയ്ത മിശിഹാ കർത്താവേ, വിവാഹം നിന്നാൽ നിശ്ചയിക്കപ്പെട്ടതാകുന്നു; അതു പരിശുദ്ധവുമാകുന്നു; അത് വേർപ്പെടുത്താൻ പാടില്ലാത്ത ദൃഢബന്ധമാകുന്നു; ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് അരുളി ചെയ്ത കർത്താവേ, നിന്നിൽ ആശ്രയിച്ചുകൊണ്ട് ഈ മക്കളുടെ വിവാഹത്തെപ്പററി ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതിനായി കൂടിയിരിക്കുന്നു. ഞങ്ങൾ നിർവഹിക്കുന്ന ഇന്നത്തെ വിവാഹ നിശ്ചയം നിന്റെ ഹിതപ്രകാരമായിരിക്കണമേ. ലൗകികമായ നേട്ടങ്ങൾക്ക് മുൻതൂക്കം നൽകാതിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഇസഹാക്കിനു ചേർന്ന ഒരു തുണയെ കണ്ടു പിടിക്കുന്നതിന് നീ സഹായിച്ച് അവന്റെ വിവാഹത്തെ നീ അനുഗ്രഹിച്ചുവല്ലോ.

ഇവരുടെ വിവാഹം യഥാസമയം അനുഗ്രഹകരമായി നടക്കുന്നതിനും സൗഭാഗ്യം നിറഞ്ഞ ദാമ്പത്യജീവിതം ഈ മക്കൾ അനുഭവിക്കുന്നതിനും സംഗതിയാകണമേ. ദൈവമാതാവായ കന്യകാമറിയാമിന്റെയും എല്ലാ വിശുദ്ധരുടെയും പ്രാർത്ഥന ഇവർക്കു കോട്ടയായിരിക്കട്ടെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും മഹത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

# 23

# വിവാഹ മനസ്സമ്മതം

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതം പോൽ നടത്തേണമെ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ (2)

**വേദവായന :** തോബിത് 4:5-13 വരെ

മകനേ, ജീവിതകാലം മുഴുവൻ നമ്മുടെ ദൈവമായ കർത്താവിനെ ഓർക്കുക. ഒരിക്കലും പാപം ചെയ്യുകയോ അവിടുത്തെ കല്പനകൾ ലംഘിക്കുകയോ അരുത്. ജീവിതകാലം മുഴുവൻ നിന്റെ പ്രവൃത്തികൾ നീതിനിഷ്ഠമായിരിക്കട്ടെ. അനീതി പ്രവർത്തിക്കരുത്. നിന്റെ പ്രവൃത്തികൾ സത്യനിഷ്ഠമായിരുന്നാൽ, എല്ലാ ചെയ്തികളിലും നിനക്കു ഐശ്വര്യം കൈവരും. നീതിനിഷ്ഠയോടെ ജീവിക്കുന്നവർക്ക് നിന്റെ സമ്പാദ്യത്തിൽനിന്ന് ദാനം ചെയ്യുക. ദാനധർമ്മം ചെയ്യുന്നതിൽ മടികാണിക്കരുത്. പാവപ്പെട്ടവനിൽനിന്ന് മുഖം തിരിച്ചു കളയരുത്. അപ്പോൾ ദൈവം നിന്നിൽനിന്ന് മുഖം തിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ചു ദാനം ചെയ്യുക. കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ചു ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയായിരിക്കും നീ അതുവഴി ചെയ്യുന്നത്. എന്തെന്നാൽ ദാനധർമ്മം മൃത്യുവിൽനിന്നു രക്ഷിക്കുകയും അന്ധകാരത്തിൽപ്പെടുന്നതിൽനിന്നു കാത്തുക്കൊള്ളുകയും ചെയ്യുന്നു. ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാഴ്ചയാണ്. എല്ലാത്തരം അധാർമ്മികതയിലും നിന്നു നിന്നെ കാത്തുകൊള്ളുക. നിന്റെ പൂർവികരുടെ ഗോത്രത്തിൽനിന്നു മാത്രം ഭാര്യയെ സ്വീകരിക്കുക. അന്യജനതകളിൽനിന്നു വിവാഹം ചെയ്യരുത്. നാം പ്രവാചകന്മാരുടെ സന്തതികളാണ്. മകനേ, നമ്മുടെ പൂർവ





പിതാക്കന്മാരായ നോഹ, അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരെല്ലാം തങ്ങളുടെ ചാർച്ചക്കാരുടെ ഇടയിൽനിന്നാണ് ഭാര്യമാരെ തെരഞ്ഞെടുത്തത് എന്ന കാര്യം നീ അനുസ്മരിക്കണം. സന്താനങ്ങൾ വഴി അവർ അനുഗൃഹീതരായി. അവരുടെ പിൻതലമുറ ദേശം അവകാശമാക്കും. അതിനാൽ മകനേ, നിന്റെ സഹോദരന്മാരെ സ്നേഹിക്കുക. നിന്റെ ചാർച്ചക്കാരിൽനിന്ന്, നിന്റെ ജനത്തിന്റെ മക്കളിൽനിന്ന്, ഭാര്യയെ സ്വീകരിക്കാതെ അവരെ നിന്ദിക്കരുത്. അഹങ്കാരം വിനാശവും അരാജകത്വവും വരുത്തും. അലസത നാശത്തിനും പട്ടിണിക്കും നിദാനമാകുന്നു. കാരണം അലസതയാണ് ദാരിദ്ര്യത്തിന്റെ മാതാവ്.

## കൗമാ

## പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവെ, വിശ്വാസപൂർവം നിന്നെ വിളിച്ചു പ്രാർത്ഥിപ്പാൻ പരിശുദ്ധ നൽവരങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ. നിന്റെ പരിശുദ്ധന്മാരോടുകൂടെ ഞങ്ങളും എണ്ണപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഇപ്പോൾ, കർത്താവെ പൂർവപിതാക്കന്മാരുടെ മഹനീയ ദാമ്പത്യ മാതൃകയാൽ നിന്റെ സന്നിധിയിൽ കടന്നുവന്നിരിക്കുന്ന ഈ മക്കളെ തൃക്കൺപാർക്കണമേ. ഇവർ സ്വതന്ത്രമനസ്സോടെ നിന്റെ തിരുസന്നിധിയിൽ പരസ്പരം സമ്മതം നൽകുവാൻ കൃപയേകണമേ. പരിശുദ്ധ ത്രോണോസും, സ്ലീബായും വിശുദ്ധ ഏവൻഗേലിയോനും ഈ വിശ്വാസിഗണവും ഈ നിശ്ചയത്തിന് സാക്ഷിയായിനിന്ന്, ഇവരുടെ സ്വതന്ത്രമനസ്സിനെ ബലപ്പെടുത്തണമേ. ഇവർ എന്നെന്നും പൂർണമനസ്സോടെ ദമ്പതിമാരായി ജീവിക്കുവാൻ കൃപചെയ്തു സഹായിക്കണമേ. മോറാൻ....

## 51-ാം സങ്കീർത്തനം

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്ത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ.

എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ.

എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും അതിനാൽ എന്നെ നീ വെൺമയാക്കണമേ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.





എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ, എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ രമ്യപ്പെട്ടുമില്ല.

ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## ഗാനം

(ഏമൊദുകീസാ)

തിരുസഭയെ വധുവായ് വരിച്ചൊരു നാഥാ
തിരുഹിതമായി ഈ ദാസരെ വാ-ഴ്ത്തുക
ദേവാ ദയ ചെയ്തീടണമേ.

ഈ ദാസർ മനസാ സമ്മതമേകാൻ
മാനവനായ മിശിഹാ രാജാ-വേ
ദേവാ ദയ ചെയ്തീടണമേ

മനുജർക്കായ് കുടുംബമൊരുക്കുന്നോനേ
സ്വർഗ്ഗേനിന്നും ഇവരെ വാ-ഴ്ത്തുക
ദേവാ ദയ ചെയ്തീടണമേ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

കർത്താവേ, ഈ നിൻ പ്രിയരാം ദാസർ
തിരുമുമ്പാകെ മനസ്സമ്മതമേ-കാൻ
ദേവാ ദയ ചെയ്തിടണമേ.

മൊറിയോറാഹേം...

കാർമ്മികൻ മനസമ്മതം ചോദിക്കുന്നു

കാർമി : (വരനോട്) കർത്താവിൽ നമ്മുടെ മകനായ (പേര്) ഈ നിൽക്കുന്ന (ഇന്നാരെ) ക്രിസ്തീയ പ്രമാണവും തിരുസഭയുടെ നിബന്ധനകളും അനുസരിച്ച് വിവാഹം വാഗ്ദാനം ചെയ്യുവാൻ സമ്മതമാണോ?

വരൻ : സമ്മതമാണ്.

കാർമി : (സാക്ഷികളോട്) നിങ്ങൾ കേട്ടല്ലോ?

സാക്ഷി: കേട്ടു.

കാർമി : (വധുവിനോട്) കർത്താവിൽ നമ്മുടെ മകളായ (പേര്) ഈ നിൽക്കുന്ന (ഇന്നാരെ) ക്രിസ്തീയ പ്രമാണവും തിരുസഭയുടെ നിബന്ധനകളും അനുസരിച്ച് വിവാഹം വാഗ്ദാനം ചെയ്യുവാൻ സമ്മതമാണോ?

വധു : സമ്മതമാണ്.

കാർമി : (സാക്ഷികളോട്) നിങ്ങൾ കേട്ടല്ലോ?

സാക്ഷി: കേട്ടു.





## പ്രാർത്ഥന

വിശുദ്ധ സഭയെ വിവാഹനിശ്ചയം ചെയ്തു തനിക്കു വധുവാക്കിതീർത്ത സാക്ഷാൽ സത്യമണവാളനായ മിശിഹാതമ്പുരാനേ, അനശ്വരമായ അനുഗ്രഹവും നിത്യമായ സഹായവും ഭക്തിഭരിതമായ പൂർണതയും നിന്നോടു യാചിക്കുന്ന നിന്റെ ആരാധകരായ ഈ മക്കളുടെ വിവാഹനിശ്ചയത്തെ കൃപയോടെ നീ ആശീർവദിക്കണമേ. കർത്താവെ, മനുഷ്യസ്നേഹത്തോടെ ഇവരെ അനുഗ്രഹിക്കണമേ. ഇവരുടെ വിവാഹം നടക്കുകയും ഇവർ സന്തോഷിക്കയും ചെയ്യത്തക്കവണ്ണം സൗഭാഗ്യകാലങ്ങൾ ഇവർക്കു നൽകണമേ. അദൃശ്യമായ നിന്റെ വലത്തുകൈ ഇവരിൽ ആവസിപ്പിച്ച് നിന്റെ സ്ലീബായാൽ ഇവരെ കാത്തുകൊള്ളുകയും ഉപദ്രവങ്ങളിൽനിന്ന് ഇവരെ സംരക്ഷിക്കുകയും ചെയ്യണമേ. ആയുഷ്ക്കാലം മുഴുവൻ ഇവർ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കയും ചെയ്യുമാറാകണമേ. ആമ്മീൻ.

## ആശീർവാദം

കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ✠ നിബിയന്മാരുടെ സമരങ്ങളിൽ അവരോടുകൂടിയും ശ്ലീഹന്മാരുടെ കാലങ്ങളിൽ അവരോടുകൂടെയും ഇരുന്നിട്ടുള്ള കർത്താവിന്റെ ബലമുള്ളതും വിജയസമ്പൂർണവുമായ വലത്തുകൈ ✠ ഈ സമൂഹത്തിലും, വിവാഹ സമ്മതം നല്കിയവരിലും, അതിഥികളിലും, ആതിഥേയരിലും ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരിലും വന്ന് ആവസിക്കുമാറാകട്ടെ. ✠

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

# 24
# വിവാഹത്തിന് ഒരുങ്ങിയിറങ്ങുമ്പോൾ

എന്നോടുള്ള നിൻ സർവനന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ - ഇപ്പോളെന്തു...

നന്ദി കൊണ്ടെന്റെയുള്ളം നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടിടുന്നേൻ - ദേവാ

**വേദവായന :** യോഹ 2:1-6

മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെയുണ്ടാ യിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല. സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ. യഹൂദരുടെ ശുദ്ധീകരണ കർമ്മത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്നു. ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു. ഇനി പകർന്നു കലവറക്കാരന്റെ അടുത്ത് കൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു. അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരി പിടിച്ചു കഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ. യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച





അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയായിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.

**കൗമാ**

**പ്രാർത്ഥന**

വി. സഭയിൽ വിവാഹ കൂദാശ സ്ഥാപിച്ച സത്യമണവാളനായ ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനേ, നിന്റെ കൃപയാൽ ഇവന്റെ (ഇവളുടെ) വിവാഹത്തിനു നീ മദ്ധ്യസ്ഥനായിരിക്കണമേ. ഈ നിന്റെ ദാസനു (ദാസിക്ക്) വിട്ടുപിരിയാത്ത വാഴ്വും സഹായവും ജീവിതവിശുദ്ധിയും ദൈവഭക്തിയും നല്കണമേ. ഇവന് (ഇവൾക്ക്) വേണ്ടി ഒരുക്കിയിരിക്കുന്ന മകനെയും (മകളെയും) വാഴ്ത്തി അനുഗ്രഹിക്കുണമേ. നിന്റെ തിരുസാന്നിദ്ധ്യത്താൽ ഇവരുടെ ജീവിതത്തെ അലങ്കരിക്ക ണമേ. നസ്രത്തിലെ തിരുക്കുടുംബത്തിലെപോലെ സ്നേഹവും, ത്യാഗവും, ആനന്ദവും, സമാധാനവും വിശുദ്ധിയും നിറഞ്ഞ കുടുംബജീവിതം നീ ഇവർക്കു നല്കണമേ. പരസ്പര വിശ്വാസവും സഹകരണ ബുദ്ധിയും ഇവർക്കു പ്രദാനം ചെയ്യണമേ. അബ്രഹാമിനെപ്പോലെയും സാറായെപ്പോലെയും ഇവർ നിന്റെ സൃഷ്ടി കർമ്മങ്ങളിൽ പങ്കാളികളായി തലമുറകൾക്കു ഭാഗ്യമുള്ളവരായിത്തീരണമേ. കർത്താവേ, ഇരുകുടുംബങ്ങളെയും നീ വാഴ്ത്തണമേ. ഈ വിവാഹംവഴി ഇരുകുടുംബങ്ങളും സന്തോഷത്തിലും ഐക്യത്തിലും വർത്തിക്കണമേ. ഈ കുടുംബത്തിലേക്ക് കടന്നുവരുന്ന ദാസന് (ദാസിക്ക്) നിന്റെ കൃപ അനുഭവിക്കുവാൻ ഇടയാക്കണമേ. അദൃശ്യമായിരിക്കുന്ന നിന്റെ തൃക്കൈ ഇവരുടെമേൽ ആവസിപ്പിക്കുകയും നിന്റെ സ്ലീബായാൽ കാത്തുസൂക്ഷിച്ച് ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിക്കുകയും ചെയ്യുമാറാകണമേ.

ഈ വിവാഹത്തിന് അടുത്തു വന്നിരിക്കുന്ന ഈ കുടുംബത്തിന്റെ ചാർച്ചക്കാരും ബന്ധുക്കളുമായ എല്ലാവരെയും

നീ അനുഗ്രഹിക്കണമേ. ഇവരുടെ യാത്രയിൽ നീ കൂടെയായിരിക്കണമേ. വിവാഹത്തിനുവേണ്ടി ഇപ്പോൾ യാത്രയിലായിരിക്കുന്ന വരനെ (വധുവിനെ)യും കുടുംബാംഗങ്ങളെയും ബന്ധുക്കളെയും നീ സംരക്ഷിക്കണമേ. കാനായിലെ കല്യാണവിരുന്നിൽ സന്നിഹിതനായ കർത്താവേ, ഇവരുടെ വിവാഹ ആശീർവാദത്തിലും ആഘോഷത്തിലും നീ കൂടെയായിരിക്കേണമേ. എല്ലാവിധമായ ആവശ്യങ്ങളും നീ മുൻകൂട്ടി കണ്ട് കുറവുകൾ പരിഹരിക്കണമേ.

ആയത് കാനായിലെ കല്യാണവിരുന്നിൽ സന്നിഹിതയായിരുന്നുകൊണ്ട് ആ ഭവനത്തിന്റെ ആവശ്യം കർത്താവിന്റെ സന്നിധിയിൽ സമർപ്പിച്ച ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

തുടർന്ന് കാർമികൻ വരന്റെയും വധുവിന്റെയും തലയിൽ വലതുകൈ വച്ച് മൗനമായി പ്രാർത്ഥിച്ച് ആശീർവദിക്കുന്നു

## 25

## വിവാഹ വാർഷികം

എന്നോടുള്ള നിൻ സർവനന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ, ഇപ്പോൾ എന്തു...
നന്ദി കൊണ്ടെന്റെയുള്ളം നന്നെ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടിടുന്നേൻ, ദേവാ...
മന്നിടത്തിലടിയാൻ ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരുനാമത്തിന്, ദേവാ...





### കൗമാ

**വേദവായന:** യോഹ 15: 9-13

പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ. ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും. ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടിക്കൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്. ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം.

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

കർത്താവേ, വിവാഹജീവിതത്തിൽ ഒരുവർഷം കൂടി പിന്നിടുവാൻ നിന്റെ മക്കൾക്കു നൽകിയ കൃപയെ ഓർത്ത് നിന്നെ സ്തോത്രം ചെയ്യുന്നു. കഴിഞ്ഞകാലങ്ങളിൽ നീ ഇവരിൽ ചൊരിഞ്ഞിട്ടുള്ള എല്ലാ നന്മകളെയും ഞങ്ങൾ നന്ദിയോടെ സ്മരിച്ചുകൊണ്ട് നിന്നെ ആരാധിക്കുന്നു. തുടർന്നുള്ള ജീവിതയാത്രയിലും നീ കൂടെയായിരിക്കേണമേ. എല്ലാവിധ കഷ്ടതകളിൽ നിന്നും രോഗങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും നിന്റെ ദാസരെ കാത്തുകാള്ളണമേ. വിവാഹസമയത്ത് നീ ഇവരെ ഭരമേൽപ്പിച്ച ചുമതലകൾ നിർവഹിക്കുന്നതിന് ഇവരെ സഹായിക്കണമേ.

കർത്താവെ അന്യോന്യം സ്നേഹിക്കുവാൻ തക്കവണ്ണം സ്നേഹാഗ്നിയാൽ ഇവരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കേണമേ. പരിപാകതയാൽ ഇവരെ തുടർന്നും നീ അലങ്കരിക്കണമേ; വിനയത്താൽ ശ്രേഷ്ഠരാക്കുകയും ചെയ്യണമേ. വിശുദ്ധിയുടെ മുദ്രകൊണ്ട് നീ ഇവരെ അനുഗ്രഹിക്കണമേ. ഇവരുടെ

അന്യോന്യ ബന്ധവും സഹവാസവും നിന്റെ പ്രീതിക്കും സഭയുടെ ഉന്നതിക്കും കുടുംബത്തിന്റെ പുകഴ്ചയ്ക്കുമാക്കി തീർക്കണമേ. നിന്റെ സന്നിധിയിൽനിന്നും നല്ല കാലങ്ങളും അനുഗ്രഹ സമ്പൂർണമായ സംവത്സരങ്ങളും നൽകണമേ. ഇവരുടെ മക്കളെ നീ അനുഗ്രഹിക്കണമേ.

അനുഗൃഹീതയും ദൈവമാതാവുമായ വിശുദ്ധ കന്യകാമറിയാമിന്റെയും നമ്മുടെ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ കല്പനകൾ ആചരിച്ച സകല വിശുദ്ധന്മാരുടെയും പ്രാർത്ഥന മുഖാന്തരം, യേശുമിശിഹായുടെ വലത്തുകൈ ഈ ദമ്പതികളുടെമേൽ എപ്പോഴും വസിക്കുവാൻ ഇടയാകട്ടെ. ✠

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 26

# വിവാഹ ജൂബിലി

സ്തുതി സ്തുതി എൻ മനമേ സ്തുതികളിലുന്നതനെ
നാഥൻ നാൾതോറും ചെയ്ത നന്മകളോർത്ത്
പാടുക നീ എന്നും മനമേ പാടുക നീ എന്നും മനമേ

അമ്മയെപ്പോലെ താതൻ
താലോലിച്ചണച്ചിടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവിൽ ദിനം ദിനമായ്

### കൗമാ

### വേദവായന: സങ്കീ 100: 1-5

ഭൂമി മുഴുവൻ കർത്താവിന്റെ മുമ്പിൽ ആനന്ദഗീതം ഉതിർക്കട്ടെ. സന്തോഷത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ. ഗാനാലാപനത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ. കർത്താവ് ദൈവമാണെന്ന് അറിയുവിൻ. അവിടുന്നാണ് നമ്മെ സൃഷ്ടിച്ചത്. നമ്മൾ അവിടുത്തേതാണ്. നാം അവിടുത്തെ ജനവും അവിടുന്ന് മേയ്ക്കുന്ന അജഗണവുമാകുന്നു. കൃതജ്ഞതാഗീതത്തോടെ അവിടുത്തെ കവാടങ്ങൾ കടക്കുവിൻ. സ്തുതികൾ ആലപിച്ചുകൊണ്ട് അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ. അവിടുത്തെ നാമം വാഴ്ത്തുവിൻ. കർത്താവ് നല്ലവനാണ്, അവിടുത്തെ നാമം വാഴ്ത്തുവിൻ. കർത്താവ് നല്ലവനാണ്. അവിടുത്തെ കാരുണ്യം ശാശ്വതമാണ്. അവിടുത്തെ വിശ്വസ്തത തലമുറകളോളം നിലനില്ക്കും.





കാർമി: ശുബ്ഹോ...

ജനം: മെൻഓലം...

### പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അവിടുത്തെ കൂട്ടായ്മയിലേക്ക് വിവാഹം എന്ന കൂദാശയിലൂടെ ഈ പ്രിയമക്കളെ സംയോജിതരാക്കിയതിനെയോർത്ത് നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങൾ അങ്ങയെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നു. വ്യത്യസ്തമായ കുടുംബങ്ങളിൽനിന്നും ഇവരെ അങ്ങയുടെ അനന്തകൃപയാൽ വിളിച്ച് ഒന്നിപ്പിച്ച് ഐക്യത്തിലും സ്നേഹത്തിലും വഴിനടത്തിയ നന്മസ്വരൂപിയായ ദൈവമേ, അവിടുത്തെ തിരുസന്നിധിയിൽ ജൂബിലി ആഘോഷിക്കുന്ന ഈ മക്കളെ സമർപ്പിക്കുന്നു.

തങ്ങൾ സ്വീകരിച്ച വിവാഹകൂദാശയാൽ സ്വർഗീയ അനുഗ്രഹങ്ങൾ അങ്ങ് അവർക്ക് നൽകിയല്ലോ. അന്യോന്യം സ്നേഹിക്കുവാൻ സ്നേഹാഗ്നിയാൽ ഇവരുടെ ഹൃദയങ്ങളെ അവിടുന്ന് ഉജ്ജ്വലിപ്പിച്ചു. പാവനമായ വിവാഹത്തിന്റെ നിർമ്മലപാതയിൽ നിന്റെ മക്കളെ അവിടുന്ന് വഴിനടത്തി. മനുഷ്യജീവിതത്തിൽ ഇഷ്ടം തോന്നുന്ന കർത്താവേ, അങ്ങ് ഇവരുടെ ജീവിതത്തിൽ സന്നിഹിതനായി ഇവരെ അനുഗ്രഹിച്ചു. സഭയുടെ മണവാളനും

ഞങ്ങളുടെ രക്ഷകനുമായ യേശു സഭയിൽ സന്തോഷിച്ചപ്രകാരം ഇവരും അന്യോന്യം സന്തോഷിക്കുവാൻ ഇടയാക്കി. കരുണയുള്ള അങ്ങേ വലതുകൈ ഇവരുടെമേൽ ആവസിപ്പിച്ച് അങ്ങ് ഇവരെ അനുഗ്രഹിച്ചു.

അബ്രഹാം ഇസഹാക്കിലും ഇസഹാക്ക് യാക്കോബിലും യാക്കോബ് യൗസേപ്പിലും സന്തോഷിച്ച പ്രകാരം ഉത്തമ സന്താനങ്ങളെ, കർത്താവേ അങ്ങ് ഇവർക്ക് പ്രദാനം ചെയ്തു. മാതൃകാപരമായ കുടുംബജീവിതത്തിലൂടെ ഇവരുടെ മക്കളെയും കുടുംബാംഗങ്ങളെയും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വഴിനടത്തുവാൻ ഇടവരുത്തിയ ദൈവമേ, അവിടുത്തെ പരിപാലനയെ ഓർത്ത് ഞങ്ങൾ സ്തുതിക്കുന്നു.

ഇവർ വഴിയായി സഭയ്ക്കും സമൂഹത്തിനും ലഭിച്ച നന്മകൾക്കു നന്ദി പറയുന്നു. ഇന്നോളം ഈ കുടുംബത്തിനു ലഭിച്ച കൃപകളെ ഓർത്ത് അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു. ഇവരുടെ അപരാധങ്ങൾ അവിടുന്ന് ക്ഷമിക്കണമെ. ആയുഷ്ക്കാലമെല്ലാം അവിടുത്തെ തിരുസന്നിധിയിൽ വ്യാപരിപ്പാൻ ഇവർക്ക് ഇടയാകട്ടെ. പരിശുദ്ധനായ ദൈവമേ, അവിടുത്തെ പരിശുദ്ധിയിൽ തുടർന്നും ഇവരെ പങ്കുകാരാക്കണമേ. നിന്റെ കരുണയാലും മനുഷ്യസ്നേഹത്താലും ഇവരെ കാത്തുകൊള്ളണമേ.

ദൈവമായ കർത്താവേ, നിന്റെ മഹിമയുടെ മുമ്പാകെ നിൽക്കുന്ന ബലഹീന ദാസരായ ഞങ്ങളുടെ പ്രാർത്ഥനകൾ നീ കേൾക്കണമേ. സുകൃതങ്ങളാകുന്ന സമ്പത്ത് ഇവർക്കും ഞങ്ങൾക്കും വർദ്ധിപ്പിച്ചുതരണമേ. നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെയും ഞങ്ങളെയും സ്ഥിരപ്പെടുത്തേണമേ. നിന്നെ പ്രസവിച്ച വിശുദ്ധ കന്യകാമറിയാമിന്റെയും സകല വിശുദ്ധരുടെയും മദ്ധ്യസ്ഥത ഇവർക്ക് കോട്ടയായിരിക്കണമേ. വിജയപ്രദമായ സ്ലീബായാൽ ✠ഇവരെ കാത്തുകൊള്ളണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങൾ എല്ലാവരിലും നിന്റെ കരുണ വർഷിക്കണമേ. ആമ്മീൻ.





ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 27

## പ്രസവത്തിനയയ്ക്കുമ്പോൾ

(പുലർകാലെ ഗിരിമുകളിൽ... എന്ന രീതി)

യൂഹാനോൻ മാതാവേലിശുബാ
ഈശോ തൻ മാതാ മറിയാം
ഇവർ രാജൻ—തന്നരമന യുഗ്മം
വന്ധ്യത്വാപര കന്യാത്വം
ശിശുതൻ മുമ്പിൽ ശിശു തുള്ളി
പൂർവി—കൻ മുന്നാധുനികൻ
തൻ കർത്താവൊടു സ്വസ്തിയുര—
ച്ചരുളീ, വരു, നീ, ശാന്തതയാൽ
ശ്ലോമ്മോ സൃഷ്ടിയെ നിരപ്പാക്കും.

പ്രസവിച്ചാ—ൾ മറിയാം ദൈവത്തെ
എന്നേല്ക്കാത്തവനന്യൻതാൻ
അവനീശൻ—ഈശന്നാത്മജനും
എന്നേറ്റരുളാത്തോരെല്ലാം
വേദവിരോധികളാകുന്നു
താതൻ മറിയാമിവരിൽ നി—
ന്നാദിയതില്ലാതിഹകാലേ
വന്നൊരു വന്ദ്യൻ സുതനൊന്നെ
ന്നേല്ക്കാതുള്ളവനന്യൻ താൻ.

**വേദവായന:** മത്താ 2:1-6

അക്കാലത്ത്, ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് അഗസ്റ്റസ് സീസറിൽനിന്ന്

കൽപ്പന പുറപ്പെട്ടു. കിരിനിയോസ് സിറിയായിൽ ദേശാധിപതി ആയിരിക്കുമ്പോൾ ആദ്യത്തെ ഈ പേരെഴുത്തു നടന്നു. പേരെഴുതിക്കാനായി ഓരോരുത്തരും താന്താങ്ങളുടെ നഗരത്തിലേക്കു പോയി. ജോസഫ് ദാവീദിന്റെ കുടുംബത്തിലും വംശത്തിലുംപെട്ടവനായിരുന്നതിനാൽ, പേരെഴുതിക്കാനായി ഗലീലിയായിലെ പട്ടണമായ ബേത്‌ലഹേമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ പോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു.

### കൗമാ

### പ്രാർത്ഥന

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, നിന്റെ ഇഷ്ടദാസിയും, വൃദ്ധയുമായിരുന്ന സാറായ്ക്കും ഗർഭപാത്രം അടയ്ക്കപ്പെട്ടിരുന്ന ഹന്നായ്ക്കും വന്ധ്യയായിരുന്ന ഏലിശുബായ്ക്കും പുത്രസമ്പത്ത് നൽകുവാനും തന്റെ ഭാര്യയായ റബേക്കായ്ക്കുവേണ്ടി പ്രാർത്ഥിച്ച ഇസഹാക്കിന്റെ പ്രാർത്ഥന കേൾക്കുവാനും തിരുവിഷ്ടമായതുപോലെ നിന്റെ ഈ ദാസിയുടെമേലും അനുഗ്രഹമാരി ചൊരിയണമേ. നീ ഇവളുടെ ഉദരത്തിൽ സൃഷ്ടിച്ചിരിക്കുന്ന ശിശുവിനെ കൃപയോടെ കാത്തുരക്ഷിച്ച് അപകടം കൂടാതെ പ്രസവിപ്പാൻ ഇവളെ അനുഗ്രഹിക്കണമേ. ഈ നിന്റെ ദാസിയും കുടുംബവും സന്താനസമ്പത്തുകൊണ്ട് ആനന്ദിപ്പാൻ സംഗതിയാക്കണമേ. ദൈവമാതാവായ വി. കന്യകാമറിയാമിന്റെയും, സാറാ, ഹന്നാ, ഏലിശുബാ മുതലായ ശുദ്ധിമതികളുടെയും മദ്ധ്യസ്ഥതയാൽ ഇവളോട് കൃപ ചെയ്യണമേ. ഈ നിന്റെ ദാസിയും കൃപയോടെ നീ ഇവൾക്ക് നൽകുന്ന ശിശുവും നിന്നിൽ നിന്നുള്ള സർവസഹായങ്ങൾക്കും വേണ്ടി നിന്റെ വന്ദ്യ തിരുനാമത്തിനു സ്തുതിയും സ്തോത്രവും പാടുവാൻ യോഗ്യരായിത്തീരണമേ. ആയത്, വി. കന്യകമറിയാമിന്റെയും യേശുമിശിഹായുടെ





വളർത്തുപിതാവായ വി. യൗസേപ്പിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 28

## പ്രസവശേഷം ദൈവാലയ പ്രവേശനം

(ഒരു സ്ത്രീ പ്രസവിച്ചു 40 ദിവസം കഴിഞ്ഞ് പള്ളിയിൽ പ്രവേശിക്കുമ്പോൾ അവൾക്കു വേണ്ടിയുള്ള പ്രാർത്ഥന. അവൾ പള്ളിയിലേക്ക് വരുമ്പോൾ രണ്ടു മെഴുകുതിരികൾ കൊണ്ടു വരേണ്ടതാണ്)

സ്തുതി സ്തുതി എൻ മനമേ സ്തുതികളിലുന്നതനേ
നാഥൻ നാൾതോറും ചെയ്ത നന്മകളോർത്തു
പാടുക നീ എന്നും മനമെ (2)

അമ്മയെപ്പോലെ താതൻ താലോലിച്ചണച്ചിടുന്നു.
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവിൽ ദിനം ദിനമായ്... (2) (സ്തുതി)

### കൗമാ

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, ദൈവജനനിയായ മറിയാം ശിശുവായ യേശുവിനെ നിയമപ്രകാരം ദൈവാലയത്തിലേക്ക് കൊണ്ടു പോയി. ആ സമയം ആചാര്യനായ ശെമഓൻ തന്റെ കൈകളിൽ ശിശുവിനെ എടുത്ത് മഹോന്നതനെ വാഴ്ത്തി സ്തുതിച്ചു. തിരുമുമ്പാകെ കൊണ്ടുവന്നിരിക്കുന്ന ഈ ശിശുവിനെ നീ കൈക്കൊള്ളണമേ. സകലത്തിന്റെയും സ്രഷ്ടാവേ, ഈ ശിശുവിനെ നീ അനുഗ്രഹിക്കുകയും ✠ നിന്റെ

തിരുവിഷ്ടപ്രകാരം സർവവിധ നല്ല ശീലത്തിലും ഇവനെ (ഇവളെ) വളർത്തുകയും ചെയ്യണമേ. സ്ലീബായുടെ ✠ അടയാളം കൊണ്ട് ഈ ശിശുവിൽ നിന്ന് എല്ലാ വിപരീത സൈന്യത്തെയും ഓടിച്ചുകളയണമേ. എന്തുകൊണ്ടെന്നാൽ, നീ ശിശുക്കളുടെയും ഉടയവനാകുന്നു. വി. മാമോദീസാമൂലം ഈ ശിശുവിന് നിന്റെ രാജ്യത്തിലുള്ള വിശുദ്ധന്മാരോടും തിരഞ്ഞെടുക്കപ്പെട്ട വരോടുംകൂടെ ഓഹരിയുണ്ടാക്കണമേ. സാരാംശത്തിൽ സമമായിരിക്കുന്നതും ഭേദം കൂടാത്തതുമായ വി. ത്രിത്വത്തിന്റെ കൃപയാൽ ഇവൻ (ഇവൾ) സംരക്ഷിക്കപ്പെടുമാറാകണമേ. മോറാൻ ....

## പ്രുമിയോൻ

പാപികൾക്കായി തുറക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ വാതിലും മരിച്ചവരെ ജീവിപ്പിക്കുന്ന ജീവതുറമുഖമായവനും സ്തുതി. ഞങ്ങളുടെ വർഗത്തെ വെടിപ്പാക്കുന്ന സോപ്പായും കറയുള്ളവരെ കഴുകി വെൺമ വരുത്തുന്ന തളിപ്പുമായവനു സ്തോത്രം. തനിക്കു സ്തുതിയും ബഹുമാനവും ഈ ദാസി യുടെ ശുദ്ധീകരണ ശുശ്രൂഷയുടെ ഈ നേരത്തും എല്ലാ പെരു ന്നാളുകളിലും കാലങ്ങളിലും...

## സെദറാ

ഞങ്ങളുടെ കർത്താവേശുമിശിഹായുടെ പിതാവും സർവശ ക്തനുമായ ദൈവമായ കർത്താവേ, ജീവനുള്ളതും ജീവനില്ലാ ത്തതുമായ എല്ലാറ്റിനെയും നിന്റെ വചനംകൊണ്ട് നീ സൃഷ്ടിച്ചു. ഇല്ലായ്മയിൽനിന്ന് എല്ലാറ്റിനെയും നീ ഉളവാക്കി. നിന്റെ തിരു വിഷ്ടംതോന്നി ദാസിയായ (ഇന്നാരെ) രക്ഷിച്ചവനേ, നിന്നിൽ അഭയം പ്രാപിച്ചു ഞങ്ങൾ അപേക്ഷിക്കുന്നു. ഇവളുടെ സകല പാപങ്ങളിൽനിന്നും ഇവളെ വെടിപ്പാക്കണമേ. എല്ലാ അശുദ്ധി യിൽനിന്നും ഇവളെ വെണ്മയാക്കണമേ. നിന്റെ വിശുദ്ധ കൂദാശ കളെ യോഗ്യതയോടെ കൈക്കൊള്ളുന്നതിന് ഇവൾ അർഹയാകു





വാൻവേണ്ടി ഇവൾ നിന്റെ വിശുദ്ധ മന്ദിരത്തിലേയ്ക്കു വന്നിരി ക്കുന്നു. ആകയാൽ ഇവളിൽനിന്നു ജനിച്ച ഈ പൈതലിനെ നീ അനുഗ്രഹിക്കണമേ. ഈ പൈതലിനെ പോറ്റിവളർത്തണമേ. ഈ ശിശുവിനു ജ്ഞാനവും അറിവും ദൈവഭയവും പ്രദാനം ചെയ്യണ മേ. നിന്നാലും സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനുമായ പരിശുദ്ധ റൂഹായിലും വാഴ്ത്തപ്പെട്ടവ നായ നിന്റെ ഏകപുത്രൻ നിമിത്തം വിശേഷജ്ഞാനത്തിന് ഇവനെ (ഇവളെ) യോഗ്യനാ(യാ)ക്കണമേ. ആമ്മീൻ.

## എത്രോ

ഞങ്ങളുടെ ദൈവമായ കർത്താവും അദൃശ്യനുമായ പിതാവിന്റെ പുത്രനായ യേശുമിശിഹായുമായുള്ളോവേ, ബലഹീനവും നിസ്സാരവുമായ ഞങ്ങളുടെ വർഗം നിമിത്തം നീ സ്വർഗത്തിൽനിന്നു ഭൂമിയിലേക്ക് ഇറങ്ങി വരികയും കന്യകയിൽ നിന്നു മനുഷ്യ ശരീരമെടുക്കുകയും ചെയ്തു. എട്ടാം ദിവസം മോശയുടെ ന്യായപ്രമാണത്തെ നീ നിവർത്തിച്ചു. എഴുതപ്പെട്ടി രിക്കുന്നപ്രകാരം ശുദ്ധീകരണത്തിനുവേണ്ടി ശുദ്ധീകരണ ബലിയെ അണയ്ക്കുകയും ചെയ്തു. ബലവാനായ തമ്പുരാനേ, നിന്റെ വിശുദ്ധാലയത്തിലേക്കു ഈ ദിവസം വന്നെത്തിയിരി ക്കുന്ന നിന്റെ ദാസിയായ (ഇന്നാർക്ക്) ഇപ്പോൾ നിന്റെ കൃപ നീ ദാനം ചെയ്യുകയും ഇവളെ വെടിപ്പാക്കുകയും ചെയ്യണമേ. ഇവൾ വിശുദ്ധിയുള്ള നിന്റെ ആലയത്തിലേക്കു പ്രവേശിച്ചു നിനക്കും നിന്റെ പിതാവിനും നിന്റെ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും കരേറ്റുവാൻ യോഗ്യതയു ള്ളവൾ ആകേണ്ടതിനു നിന്റെ പരിശുദ്ധ റൂഹായുടെ കൃപ ഇവൾക്കു ദാനം ചെയ്യണമെ. ആമ്മീൻ.

ഇതിന്റെ ശേഷം സ്ത്രീയെ പള്ളിക്കകത്തേക്ക് പ്രവേശിപ്പിച്ച് ബലിപീഠവാ തിലിന്റെ സമീപം നിർത്തി അവളുടെ തലയ്ക്കുമേൽ ഏവൻഗേലിയോൻ വച്ചു വായിക്കണം.

## ഹൂലോലോ

ഹാലേലൂയ്യാ ഉ ഹാലേലുയ്യാ, ഞാൻ ബഹുമതിപൂർവം നിന്റെ ഭവനത്തിലേക്കു പ്രവേശിച്ച് എന്റെ നേർച്ചകൾ നിനക്കു ഞാൻ കഴിക്കും. ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ: വി. ലൂക്കോ 2:22-38

മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ യേശുവിനെ കർത്താവിനു സമർപ്പിക്കാൻ ജറുസലേമിലേക്ക് കൊണ്ടുപോയി. കടിഞ്ഞൂൽ പുത്രന്മാരൊക്കെയും കർത്താവിന്റെ പരിശുദ്ധൻ എന്നു വിളിക്കപ്പെടണമെന്നും ഒരു ജോടി ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ബലി അർപ്പിക്കണമെന്നും കർത്താവിന്റെ നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണ് അവർ അങ്ങനെ ചെയ്തത്. ജറുസലേമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നു. പരിശുദ്ധാത്മാവ് അവന്റെമേൽ ഉണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ അവൻ മരണം ആസ്വദിക്കയില്ലെന്നു പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ അവൻ ദൈവാലയത്തിലേക്കു വന്നു. നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ശിശുവായ യേശുവിനെ മാതാപിതാക്കന്മാർ ദൈവാലയത്തിൽ കൊണ്ടുചെന്നു. ശിമയോൻ ശിശുവിനെ കൈയിലെടുത്ത്, ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു. കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ. എന്തെന്നാൽ, സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതിയർക്കു വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രയേലിന്റെ മഹിമയും ആണ്. എന്നാൽ അവനെക്കുറിച്ച് പറയപ്പെട്ടതെല്ലാം കേട്ട് അവന്റെ പിതാവും മാതാവും അത്ഭുതപ്പെട്ടു. ശെമയോൻ





അവരെ അനുഗ്രഹിച്ചുകൊണ്ട് അവന്റെ അമ്മയായ മറിയത്തോട് പറഞ്ഞു: ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും. ഫനുവേലിന്റെ പുത്രിയും ആഷേർ വംശജയുമായ അന്നാ എന്നൊരു പ്രവാചികയും അവിടെ ഉണ്ടായിരുന്നു. ഇവൾ കന്യകാപ്രായം മുതൽ ഏഴു വർഷം ഭർത്താവിനോടൊത്ത് ജീവിച്ചു. എൺപത്തിനാലു വയസ്സായ ഈ വിധവ ദൈവാലയം വിട്ടുപോകാതെ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു. അവൾ അപ്പോൾത്തന്നെ മുമ്പോട്ടു വന്ന് ദൈവത്തെ സ്തുതിക്കുകയും. ജെറുശലേമിൽ രക്ഷ പ്രതീക്ഷിച്ചു കൊണ്ടിരുന്ന എല്ലാവരോടും ശിശുവിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തു.

## മാർ അപ്രേമിന്റെ പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷകൾ കൈക്കൊള്ളണമേ. നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് അനുഗ്രഹങ്ങളും മനോഗുണവും മോചനവും ഞങ്ങൾക്ക് അയച്ചുതരണമേ. വാഴ്വിന്റെ ഫലമായി ഇസഹാക്കിന്റെ ശൈശവാ വസ്ഥയെ ശ്രേഷ്ഠമാക്കിയ കർത്താവ്, തന്റെ മാതാപിതാക്കന്മാരെ വളർച്ചയാലും നടപടിയാലും സന്തോഷിപ്പിച്ചു.

ശിശുവായിത്തീർന്ന മിശിഹാ ശിശുവിനെപ്പോലെ വളരുകയും ശിശുവിനെപ്പോലെ മുലകുടിക്കുകയും സെഹിയോൻ തെരുവീഥികളിൽ കളിച്ചോടി നടക്കുകയും ചെയ്തു.

ദൈവം തന്റെ കൃപയാൽ എഴുതപ്പെട്ടിരുന്ന പ്രകാരം ശിശുക്കളെ കാത്തുകൊള്ളുകയും തന്റെ കരുണയാൽ അവരെ വളർത്തുകയും ചെയ്യുന്നു.

ബലഹീനരുടെ പ്രാർത്ഥന കൈക്കൊള്ളുകയും, അനുതാപികളുടെ കണ്ണുനീര് ആദ്യവിളവുകൾപോലെയും ബലികൾ

പോലെയും സ്വീകരിക്കുകയും ചെയ്യുന്നവനു സ്തുതി.

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്ക് ഉത്തരമരുളുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് നിരപ്പായി ഞങ്ങളുടെ യാചനകൾക്ക് കൃപയോടെ മറുപടി അരുളണമേ.

## ആശീർവാദം

തന്റെ അനുഗ്രഹങ്ങളാൽ സകലത്തെയും സൃഷ്ടിച്ച ദൈവം തന്റെ കൃപയാൽ നിങ്ങൾ ഇരുവരെയും അനുഗ്രഹിക്കുമാറാകട്ടെ. എഴുതപ്പെട്ടിരിക്കുന്ന പ്രകാരം അവിടുന്ന് നിങ്ങളെ കാത്തുകൊള്ളുമാറാകട്ടെ. രാപകൽ നിങ്ങൾക്ക് സഹായവും മനോഗുണവും കരുണയും പ്രദാനം ചെയ്യുകയും നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും തിരുവിഷ്ടപ്രകാരം നിങ്ങളെ നടത്തുകയും ചെയ്യുമാറാകട്ടെ. വഞ്ചനകളിൽനിന്ന് കാത്ത് ജീവനുള്ള സ്ലീബായുടെ ചിറകിൻകീഴെ അവിടുന്ന് നിങ്ങളെ മറയ്ക്കുമാറാകട്ടെ. ദൈവം നിങ്ങൾക്ക് ശിക്ഷകളും ഉപദ്രവങ്ങളും ബാധിക്കാത്ത കോട്ടയും കാവലും ബലവും ആയിരിക്കട്ടെ. തന്റെ സോപ്പാകൊണ്ട് അവിടുന്ന് നിങ്ങളുടെ പാപങ്ങൾ വെടിപ്പാക്കുകയും നിങ്ങളിൽനിന്ന് ഉപദ്രവങ്ങൾ നീക്കിക്കളയുകയും നിങ്ങളുടെ ആയുഷ്ക്കാലമെല്ലാം ദുരിതങ്ങളിൽനിന്ന് സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ അദ്ധ്വാനത്തിലും ഞെരുക്കത്തിലും അവിടുന്ന് നിങ്ങൾക്ക് വിശ്രമവും സങ്കേതവും ആയിരിക്കട്ടെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും...

(തിരികൾ വാങ്ങി കത്തിച്ച് ദൈവമാതാവിന്റെ നാമത്തിലുള്ള ത്രോണോസിലോ ദൈവമാതാവിന്റെ പടത്തിന്റെ മുമ്പിലോ വയ്ക്കുന്നു. പിന്നീട് അതിൽ ഒന്ന് ഭവനത്തിലേക്ക് കൊടുത്തു വിടുന്നു.)

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)





# 29

# കുട്ടികളെ ദൈവാലയത്തിൽ സമർപ്പിക്കുമ്പോൾ

നാഥാ സമർപ്പിക്കുന്നു എന്നെ സമർപ്പിക്കുന്നു
പൂർണമായ് അർപ്പിക്കുന്നു കാഴ്ചയായ് അർപ്പിക്കുന്നു
നാഥാ നീ കൈക്കൊള്ളണേ എന്നെ നീ കൈക്കൊള്ളണേ
പൂർണമായ് കൈക്കൊള്ളണേ യാഗമായ് കൈക്കൊള്ളണേ

## കൗമാ

**വേദവായന:** ലൂക്കാ 2: 27-29

പരിശുദ്ധത്മാവിന്റെ പ്രേരണയാൽ അവൻ ദൈവാലയത്തിലേക്കു വന്നു. നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ശിശുവായ യേശുവിനെ മാതാപിതാക്കന്മാർ ദൈവാലയത്തിൽ കൊണ്ടുചെന്നു. ശിമയോൻ ശിശുവിനെ കൈയിലെടുത്തു. ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കേണമേ. എന്തെന്നാൽ സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

കർത്താവേ, വി. മാമ്മോദീസായാൽ നിന്റെ സഭയിലെ ഒരംഗമായി തീർന്ന ഈ പൈതലിനെ നിന്റെ വിശുദ്ധ (.................)ന്റെ കാവലിനും സംരക്ഷണത്തിനും ഞങ്ങൾ സമർപ്പിക്കുന്നു. ഈ വിശുദ്ധന്റെ മദ്ധ്യസ്ഥത ഇവന് (ഇവൾക്ക്) കോട്ടയായിരിക്കണമേ. ആത്മ-ശരീര-മനസ്സുകളുടെ സംരക്ഷണവും, വളർച്ചയും ഇവന് (ഇവൾക്ക്) നൽകണമേ. ഈ പൈതൽ പ്രായപൂർത്തിയാകുമ്പോൾ നിന്റെ വേലയ്ക്കായി സ്വയം

പ്രതിഷ്ഠിക്കുന്നതിന് തക്കപ്രേരണ നൽകുവാൻ ഞങ്ങളെ സഹായിക്കണമേ. ബാലനായ ശമുവേൽ ദൈവഭക്തിയിൽ വളർന്നുവന്നതുപോലെ ഈ പൈതലിനെയും ഭക്തിയിൽ വളർത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആശ്വാസകരവും ശാന്തവുമായ ജീവിതത്താൽ ശുഭമായ അന്ത്യത്തിനും ക്രൈസ്തവ പരിപൂർണതക്കും യോഗ്യനാ(യാ)യിത്തീരുവാൻ ഇവനെ (ഇവളെ) നല്ലവണ്ണം പരിപാലിച്ച് പൂർണ പ്രായത്തിൽ എത്തിക്കണമേ. കാരുണ്യവാനായ ദൈവമേ, നിന്റെ ഈ ദാസനെ (ദാസിയെ) അന്ധകാരത്തിൽനിന്നും മാർഗഭ്രംശത്തിൽ നിന്നും നിന്റെ സത്യത്തിന്റെ ജ്ഞാനത്തിലേക്ക് നീ നയിക്ക ണമേ. നിന്റെ ഭക്തന്മാരുടെ ഗണത്തിൽ ഇവനെ (ഇവളെ)എണ്ണി നിന്റെ മുഖശോഭ ഇവനിൽ പ്രതിബിംബിപ്പിക്കണമേ. ഇവന്റെ (ഇവ ളുടെ) ഹൃദയത്തിലും വിചാരത്തിലും നിന്റെ സ്ലീബാ പതിപ്പിക്കണമേ. ഈ ലോകത്തിന്റെ വ്യർത്ഥത വെടിഞ്ഞ് നിന്റെ വിശുദ്ധ കൽപനകളിൽ വ്യാപരിക്കുവാൻ തക്കവണ്ണം സകലവിധ ദുഷ്ടതയിൽനിന്നും ഇവനെ (ഇവളെ) സ്വതന്ത്രനാക്കണമേ. ഞങ്ങളും ഇവനും (ഇവളും) നിനക്കും നിന്റെ പിതാവിനും പരി ശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാ കണമേ. ആമ്മീൻ

### ആശീർവാദം

✠ പിതാവായ ദൈവം നിന്നോടുകൂടെ ആയിരിക്കട്ടെ

✠ വന്ദ്യനായ പുത്രൻ നിന്നെ സംരക്ഷിക്കട്ടെ

✠ ജീവനുള്ള പരിശുദ്ധറൂഹാ നിന്നെ പൂർണനാ(യാ) ക്കുകയും ഉപദ്രവങ്ങളിൽനിന്ന് നിന്നെ വിടുവിക്കുകയും ചെയ്യട്ടെ. എന്നേക്കും നമ്മുടെ ദൈവമായ മിശിഹായുടെ പുണ്യം നൽകുന്ന വലതുകരം നാമെല്ലാവരുടെമേലും ആവസിക്കുമാറാകട്ടെ.

ജനം : ആമ്മീൻ





# 30

# സമർപ്പണശുശ്രൂഷ (അടിമവയ്ക്കുമ്പോൾ)

## കൗമാ

### പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ, നീ ഉത്തമനും ദയാലുവും, കരുണയും കൃപയും ഉള്ളവനുമാകുന്നുവല്ലോ. നിന്റെ സന്നിധിയിൽ പ്രത്യേകം സമർപ്പിക്കപ്പെടുന്ന ഈ ദാസനെ തിരുവുള്ളം തോന്നി സ്വർഗീയ നന്മകളാൽ നിറയ്ക്കണമേ. മാമോദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ട ഈ ദാസൻ നിനക്കായി ശുശ്രൂഷ ചെയ്യുവാനും നിന്റെ കൃപപ്രാപിക്കുവാൻ സന്നദ്ധനായി തിരുസന്നിധിയിൽ വ്യാപരിക്കുവാനും അനുഗ്രഹിക്കണമേ. ഇവൻ ജീവിതകാലം മുഴുവൻ നിന്നാൽ സംരക്ഷിതനായിത്തീര ട്ടെ. വിശുദ്ധനായ തോമാശ്ലീഹാ ഇവനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യട്ടെ. ഇവൻ നിന്നിൽനിന്ന് ശരണവും കൃപയും എന്നേക്കും പ്രാപിക്കുമാറാകണമേ. മോറാൻ...

### 51-ാം സങ്കീർത്തനം (പേജ് 113)

### എക്ബോ

(മിശിഹാ ജീവിച്ചെഴുന്നേറ്റു...)

കർത്താവേ നിൻ കൃപയാലീ
ദാസന്മേൽ അൻപുണ്ടാക.
ഇവനുടെ ജീവിതകാലം നീ
ബലമേകി സംരക്ഷിക്കൂ.

ശുശ്രൂ: സ്തൗമെൻ കാലൊസ്...

### പ്രുമിയോൻ

അനുതാപികളെ കൈക്കൊള്ളുന്നവനും തെറ്റുകാർക്ക് മാപ്പുകൊടുക്കുന്നവനും പാപികളെ നീതീകരിക്കുന്നവനുമായ പിതൃപുത്ര പരിശുദ്ധാത്മാവായ ദൈവത്തിന് സ്തുതി. തനിക്ക്

ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ

## സെദറാ

ദയാലുവും കാരുണ്യവാനുമായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തെയും വാഴ്ത്തുന്നവനും നീയാകുന്നു. ആനന്ദകരമായ നിന്റെ നുകം സന്തോഷത്തോടുകൂടെ വഹിക്കുന്നതിനു തയ്യാറായിരിക്കുന്ന ഈ ദാസനെ നീ അനുഗ്രഹിക്കണമേ. ഇവനെ നീ കാത്തു കൊള്ളണമേ. ഇവനെ നീ പുണ്യപ്പെടുത്തണമെ. ഇവനിൽ കരുണ തോന്നണമേ. നിന്റെ ഭാഗ്യമുള്ളതായ ഭവനാവകാശത്തെ ഇവൻ ആഗ്രഹിക്കുന്നു. കർത്താവേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഇവന്റെ സകല കല്പന ലംഘനങ്ങളെയും മനസ്സോടോ മനസ്സുകൂടാതെയോ ഇവൻ ചെയ്തിട്ടുള്ള സകല തെറ്റുകളെയും കരുണയുണ്ടായി നീ മായിച്ചുകളയണമേ. ഊനമില്ലാത്ത വിശുദ്ധിയോടുകൂടെ തന്നെത്തന്നെ നിനക്കു യാഗമായി അർപ്പിക്കുവാൻ ഇവനെ നീ ശക്തിപ്പെടുത്തണമേ. കുറ്റമില്ലാത്ത സുകൃത ജീവിതത്താലും നിന്നോടുള്ള സ്നേഹപൂർണതയാലും ഇവൻ അലങ്കരിക്കപ്പെടുമാറാകണമേ. നിന്റെ നിബിയന്മാരുടെ പരിജ്ഞാനത്തിനും നിന്റെ ശ്ലീഹന്മാരുടെ വിശുദ്ധിക്കും നിന്റെ സഹദേന്മാരുടെ ധൈര്യത്തിനും നിന്റെ മൗദ്യാനന്മാരുടെ ഭക്തിക്കും ഇവനെ നീ യോഗ്യനാക്കണമേ. ഇവമൂലം സമ്പാദിക്കുന്ന ശോഭകൊണ്ട് പൂർണ സുകൃതമുള്ളവനായി നിന്റെ വിശുദ്ധന്മാരോട് ഇവനെ കൂട്ടിച്ചേർക്കണമേ. ജീവിപ്പിക്കുന്നതായ നിന്റെ കല്പനകൾ അനുഷ്ഠിക്കുന്നതിനാലുള്ള പ്രകാശത്തിലേക്ക് ഇവനെ നീ അടുപ്പിക്കണമേ. പാപകരങ്ങളായ എല്ലാ നിരൂപണങ്ങളെയും അകറ്റികളയുവാൻ ഇവനെ നീ ശക്തിപ്പെടുത്തേണമേ. ദുഷ്ടമനുഷ്യരുടെ പരീക്ഷകളിൽ നിന്നും വഞ്ചനകളിൽനിന്നും ഇവനെ രക്ഷിക്കണമേ. സകല ശത്രുക്കളെയും എതിർക്കുവാൻ തക്കവണ്ണം ഇവൻ ജയമുള്ളവനായി പുറപ്പെടണമേ. എല്ലാ നടപടികളിലും ഉണർവിലും ഉറക്കത്തിലും ഇവൻ നിന്റെ





തിരുനാമത്തെ മഹത്വപ്പെടുത്തുമാറാകണമേ. നിന്റെ തിരുനാമത്തിന്റെ ശുശ്രൂഷകനായി എന്നും ഇവനെ നീ വളർത്തണമേ. ഇവൻ നിന്റെ മഹത്വത്തിന് ആയുധമായിത്തീരണമേ. നിന്നോടുള്ള ഉഭയസമ്മതത്തെ ഇവൻ സൂക്ഷ്മതയോടുകൂടെ പാലിക്കുമാറാകണമേ. നിന്റെ രാജ്യത്തിലെ കടിഞ്ഞൂലുകളുടെ കൂട്ടത്തിൽ ഇവനെ നീ എണ്ണണമെ. ജീവനുള്ളവരുടെ തൊഴുത്തിലേക്കു നിന്റെ കൃപയാൽ ഇവനെ നീ കൈക്കൊള്ളണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, സകലത്തിനു വേണ്ടിയും സകലവും നിമിത്തമായും നിന്റെ തിരുനാമം വന്ദിക്കപ്പെട്ട് മഹത്വപ്പെടുമാറാകണമേ.

## ഹൂലോലോ

ഹാ-ഹാ- ബാലകർ, തരുണർ ഇവരുടെ അധരേ നിന്നുമൊരുക്കി നിൻ സ്തുതികൾ ഹാലേലുയ്യാ

## ഏവൻഗേലിയോൻ: ലൂക്കോ 2: 21-24

ശിശുവിന്റെ പരിച്ഛേദനത്തിനുള്ള എട്ടാം ദിവസം ആയപ്പോൾ, അവൻ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പ്, ദൂതൻ നിർദേശിച്ചിരുന്ന, യേശു എന്ന പേര് അവനു നൽകി. മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലേമിലേക്കു കൊണ്ടുപോയി. കടിഞ്ഞൂൽ പുത്രന്മാരൊക്കെയും കർത്താവിന്റെ പരിശുദ്ധൻ എന്നു വിളിക്കപ്പെടണം എന്നും ഒരു ജോഡി ചെങ്ങാലികളെയോ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെയോ ബലിയർപ്പിക്കണം എന്നും കർത്താവിന്റെ നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണ് അവർ അങ്ങനെ ചെയ്തത്."

## ആശീർവാദം

പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കും ബഹുമാനത്തിനും വിശുദ്ധ (..................)യുടെ പ്രത്യേക മദ്ധ്യസ്ഥതയ്ക്കുമായി ഈ പൈതൽ സമർപ്പിക്കപ്പെടുന്നു. ബാറെക്മോർ.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-19)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

## 31

## വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് പ്രവേശിപ്പിക്കുന്നതിനുള്ള ക്രമം

(അർത്ഥി മദ്ബഹായുടെ നടയുടെ താഴെ തല വണങ്ങി നിൽക്കുന്നു. വി. കുർബാനയുടെ തൂയോബോ ശുശ്രൂഷയ്ക്കുശേഷം പട്ടക്കാരൻ മദ്ബഹായുടെ നടയുടെ ഭാഗത്ത് കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട് ശുശ്രൂഷ ആരംഭിക്കുന്നു. ഈ ശുശ്രൂഷയുടെ പ്രാധാന്യത്തെപ്പറ്റി ലഘുവിവരണം നല്കണം)

### കൗമാ

**വേദവായന:** ലേവ്യ 3: 5-8

വായനക്കാരൻ: ഒറൈത്തായുടെ മൂന്നാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശിമാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

കർത്താവ് മോശയോടു അരുളിചെയ്തു: ലേവിഗോത്രത്തെ കൊണ്ടുവന്ന് അഹറോന്റെ ശുശ്രൂഷയ്ക്കു നിയോഗിക്കുക. അവരെ കൂടാരത്തിൽ ശുശ്രൂഷയ്ക്കു നിയോഗിക്കുക. അവർ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം സമാഗമകൂടാരത്തിനു മുമ്പിൽ അഹറോനും സമൂഹത്തിനുംവേണ്ടി സേവനമനുഷ്ഠിക്കട്ടെ. സമാഗമകൂടാരത്തിലെ വസ്തുക്കളുടെ മേൽനോട്ടവും അവർക്കായിരിക്കും. കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവരോടൊപ്പം ഇസ്രയേൽ ജനത്തിനും അവർ സേവനം ചെയ്യണം.





കർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

ദൈവമായ കർത്താവേ, നീ സർവദാ പരിശുദ്ധനും ആരാലും സമീപിക്കുവാൻ സാധിക്കാത്ത പ്രകാശത്തിൽ വസിക്കുന്നവനുമാകുന്നു. നിന്റെ മഹത്വവും വിശുദ്ധിയും സകലത്തെയും നിറയ്ക്കുന്നു. നിന്റെ മഹിമയെ പുകഴ്ത്തുവാനും അനിർവചനീയവും ഇമ്പകരവുമായ സ്തുതിഗീതങ്ങളാൽ നിന്നെ പുകഴ്ത്തുവാനുമായി വാനവസൈന്യങ്ങളെ നീ നിയമിച്ചു. കർത്താവേ, മാലാഖമാർപോലും സൂക്ഷിച്ചുനോക്കുവാൻ ഭയപ്പെടുന്ന നിന്റെ പരിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിക്കുവാനും നിനക്ക് സ്തോത്രഗീതം ആലപിക്കുവാനുമായി അടുത്തുവന്നിരിക്കുന്ന നിന്റെ ദാസനെ നീ വാഴ്ത്തണമേ. ഇവന്റെ കുറവുകൾ നീ പരിഹരിക്കണമേ. നിന്റെ കൃപയാൽ ഇവനെ നീ ശക്തിപ്പെടുത്തണമേ. കർത്താവേ, അഗ്നിമയന്മാരായ ലക്ഷോപലക്ഷം മാലാഖമാരുടെ ഗണങ്ങളും വിജയകിരീടം പ്രാപിച്ച ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും സകലപരിശുദ്ധ പിതാക്കന്മാരുടെയുമായ സംഘവും ഈ പരിശുദ്ധ ത്രോണോസിന്റെ മുമ്പാകെ നിൽക്കുമ്പോൾ യഥാർത്ഥ ശുശ്രൂഷകനായിരിപ്പാൻ ഇവനെ നീ യോഗ്യനാക്കണമേ. തിരുമുമ്പാകെയുള്ള ഇവന്റെ ശുശ്രൂഷമൂലം ഇവന്റെ കുടുംബവും അനുഗ്രഹിക്കപ്പെടുമാറാകണമേ.

ഇവന്റെ പ്രാർത്ഥനകളും അപേക്ഷകളും സൗരഭ്യ ധൂപംപോലെ കൈക്കൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ സമനുമായ പരിശുദ്ധ റൂഹായ്ക്കും നിരന്തരമായ സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശാ...

(അർത്ഥിയുടെ നെറ്റിയിൽ മുദ്രയിടുന്നു)

ദൈവത്തിന്റെ പരിശുദ്ധ മദ്ബഹായിൽ വെണ്മയോടെ ശുശ്രൂഷിക്കാനും ഇമ്പകരമായി വായിക്കുവാനും ഗാനങ്ങൾ ആലപിക്കാനും മാലാഖമാർക്കടുത്ത് വ്യാപരിക്കാനുമായി ................. (പേര്) മുദ്രകുത്തപ്പെടുന്നു. ബാറെക്മോർ.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

(അനന്തരം അർത്ഥിയുടെ കൈയ്ക്കുപിടിച്ച് മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസിന്റെ മുമ്പിൽ നിർത്തുന്നു. ശുശ്രൂഷകുപ്പായം ത്രോണോസിന്മേലും, അർത്ഥിയുടെ ശിരസിന്മേലും ആഘോഷിച്ച് ധരിപ്പിച്ചുകൊണ്ട്)

ല്തെശൂബുഹത്തോ ഉലീക്കറോ ഉഹൈദറോ ഉറുമറോമോ ദത്‌ലീസോയൂസോ കാദീശ്ത്തോ ശവിയാസ് ബൂസിയാ വൽശൈനോ ഉബനിയോനോ ദ്ഈത്തോ കാദീശ്ത്തോ ദാലോഹോ

അല്ലെങ്കിൽ

സാരാംശത്തിൽ സമമായിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിയ്ക്കും ബഹുമാനത്തിനും പുകഴ്ചയ്ക്കും ദൈവത്തിന്റെ വിശുദ്ധ സഭയുടെ സുസ്ഥിതിക്കും അഭിവൃദ്ധിക്കും വേണ്ടി ഇവ ആഘോഷിക്കപ്പെടുന്നു.

(തുടർന്ന് അർത്ഥി പരിശുദ്ധ മദ്ബഹായിൽ ത്രോണോസിന്റെ കോണുകൾ ചുറ്റി മുത്തുന്നു. പിന്നീട് വൈദികൻ വി. കുർബാന തുടരുന്നു.)

# 32

# സുവിശേഷകർക്കുവേണ്ടി

കുഞ്ഞാടിൻ തിരുരക്തത്താൽ ഞാൻ
ശുദ്ധനായ്ത്തീർന്നു.
തൻ ചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ
ജയം പാടീടും





മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും
ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ
സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം
നന്ദിയോടടി വണങ്ങും.

**കൗമാ**

**വേദവായന:** അ. പ്ര 1:8

എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.

അല്ലെങ്കിൽ

ലൂക്കോ 10:1–7

അനന്തരം, കർത്താവ് വേറെ എഴുപത്തിരണ്ടുപേരെ തെരഞ്ഞെടുത്ത്, താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും ഈരണ്ടുപേരായി അവരെ തനിക്കുമുമ്പേ അയച്ചു. അവൻ അവരോടു പറഞ്ഞു: കൊയ്ത്തു വളരെ, വേലക്കാരോ ചുരുക്കം. അതിനാൽ കൊയ്ത്തിനു വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിന്റെ നാഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. പോകുവിൻ, ഇതാ ചെന്നായ്ക്കളുടെ ഇടയിലേക്കു കുഞ്ഞാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. മടിശ്ശീലയോ, ചെരിപ്പോ, സഞ്ചിയോ നിങ്ങൾ കൊണ്ടുപോകരുത്. വഴിയിൽവച്ച് ആരെയും അഭിവാദനം ചെയ്യുകയും അരുത്. നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അത് നിങ്ങളിലേക്ക് തിരിച്ചുപോരും.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

ഒരുവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ട തിന് പിതാവിനാൽ അയയ്ക്കപ്പെട്ട കർത്താവേ, ഞങ്ങളെ യെല്ലാം നിന്റെ സുവിശേഷകരാക്കി നിനക്ക് സാക്ഷ്യം നൽകുന്ന വരാക്കിത്തീർക്കണമേ. ഞങ്ങളെയും സുവിശേഷ വേലയ്ക്കായി പരിശീലിക്കപ്പെടുന്നവരെയും സുവിശേഷവേല ചെയ്യുന്നവരെ യും നീ അനുഗ്രഹിക്കണമേ. ലോകാവസാനത്തോളം എന്നാളും ഞങ്ങളോടു കൂടെയുണ്ടായിരിക്കുമെന്ന് അരുളിചെയ്ത കർത്താവേ, നിന്റെ മക്കളെ സുവിശേഷ വേലയ്ക്കായി ഒരുക്ക ണമേ. സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ച് ഉപജീവനം കഴിക്കുക യും സുവിശേഷവേല ചെയ്യുകയും ചെയ്ത വി.പൗലോസ്, അകിലാ, പ്രിസ്ക്കാ എന്നിവരെപോലെ നിന്റെ വേല തങ്ങളുടെ ജോലിയോടു കൂടെയും ചെയ്യുവാൻ എല്ലാവരെയും സഹായിക്കണമേ.

സഭയിലെ എല്ലാ സുവിശേഷ പരിശീലനകേന്ദ്രങ്ങളെയും, മിഷൻ പ്രവർത്തനത്തിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അനുഗ്രഹിക്കണമേ. ഓരോ ഇടവകയിലും സുവിശേഷ തൽപരരായ ആളുകൾ കൂടുതൽ ഉണ്ടാകണമേ. സകല ജനതകളും നിന്റെ സുവിശേഷം കേൾക്കുന്നതിനും അത് സ്വീകരിക്കുന്നതിനും സംഗതിയാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)





# 33

# സന്യാസ-വൈദികാർത്ഥികൾക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവമേ നിനക്കു സ്തോത്രം പാടീടും
ഒരായിരം സ്തുതികൾ ഞാൻ കരേറ്റിടും
സന്താപകാലത്തും സന്തോഷകാലത്തും
എപ്പോഴുമെന്റെ നാവു നിന്നെ വാഴ്ത്തുമേ

**വേദവായന:** പ്രഭാ 2:1-6

വായനക്കാരൻ: ജ്ഞാനിയായ ബാർസീറാക്കിന്റെ പുസ്ത കത്തിൽനിന്നും ബാറെക്മോർ

ജനം: ജ്ഞാനികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹ ങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

എന്റെ മകനേ, നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക. നിന്റെ ഹൃദയം അവക്രവും അചഞ്ചലവുമായിരിക്കട്ടെ. ആപത്തിൽ അടി പതറരുത്. അവിടുത്തോട് വിട്ടകലാതെ ചേർന്നുനിൽക്കുക. നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും. വരുന്ന ദുരിത ങ്ങളെല്ലാം സ്വീകരിക്കുക. ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും. കർത്താവിൽ ആശ്രയിക്കുക. അവിടുന്ന് നിന്നെ സഹായിക്കും. നേരായ മാർഗത്തിൽ ചരിക്കുക. കർത്താവിൽ പ്രത്യാശ അർപ്പിക്കുക

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, നീ ഒരുക്കിയ രക്ഷയുടെ

അനുഭവം കാലാകാലങ്ങളിൽ മനുഷ്യനു ലഭ്യമാക്കുവാൻ നിന്റെ തിരുക്കുമാരൻ സ്ഥാപിച്ച പരിശുദ്ധസഭയുടെ കെട്ടുപണിക്കാരും കാവൽക്കാരുമായ വൈദികരെയും സന്യസ്തരെയും ഓർത്ത് നിനക്ക് ഞങ്ങൾ നന്ദിപറയുന്നു. ദൃശ്യസഭയുടെ ശിരസ്സാകുന്ന യേശുനാഥാ! നിന്നെ പ്രതിനിധാനം ചെയ്യുവാനും രക്ഷാകര രഹസ്യങ്ങൾ മനുഷ്യർക്ക് സംലഭ്യമാക്കുവാനും നീ അവരെ നിയോഗിച്ചുവല്ലോ. മാലാഖമാർപോലും ഉറ്റു നോക്കുവാൻ അഭിവാഞ്ഛിക്കുന്ന നിന്റെ മഹാവിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാനും അവർണ്യങ്ങളായ നിന്റെ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാനും അനുഷ്ഠിക്കുവാനും നീ അവരെ അർഹരാക്കി. അവരുടെ ബലഹീനമായ കരങ്ങളാൽ ആഘോഷിക്കപ്പെടുന്ന നിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും പുണ്യത്താലും, അവർ പ്രഘോഷിക്കുന്ന നിന്റെ വചനത്തിന്റെ ശക്തിയാലും നിന്റെ ജനത്തിന്റെ പാപങ്ങൾക്ക് പരിഹാരവും സൃഷ്ടിക്ക് മോചനവും മരിച്ചുപോയ വിശ്വാസികൾക്ക് ആശ്വാസവും നിത്യജീവനും നൽകണമേ. ലഘുവും സന്തോഷപ്രദവുമായ നിന്റെ നുകത്തിൻ കീഴിൽ ഉത്തമവും പരിപൂർണവുമായ സേവനം അനുഷ്ഠിക്കുവാൻ അവരെ പ്രാപ്തരാക്കണമേ. വിശുദ്ധിയോടെ നിന്റെ രഹസ്യങ്ങൾ പരികർമ്മം ചെയ്ത് വിശുദ്ധീകരിക്കപ്പെടുവാൻ അവരെ അനുഗ്രഹിക്കണമേ. ലൗകിക മോഹങ്ങളിൽനിന്നും, എല്ലാ പ്രലോഭനങ്ങളിൽനിന്നും വിജയിച്ചവരായി ഞങ്ങളുടെ വൈദികരെ ആക്കിത്തീർക്കണമേ. വിശ്വസ്തരും വിവേകികളുമായ ഭവനവിചാരിപ്പുകാരുടെ കൂട്ടത്തിൽ നിന്നിൽ നിന്നുള്ള പ്രതിഫലം പ്രാപിക്കുവാൻ അവരെ നീ അർഹരാക്കണമേ.

പരിശുദ്ധാത്മാവായ ദൈവമേ വൈദിക/സന്യാസ ജീവിതാന്തസിലേക്ക് ധാരാളം യുവതീയുവാക്കളെ നീ ആകർഷിക്കണമേ. വിവിധ സെമിനാരികളിലും സന്യാസഭവനങ്ങളിലും പരിശീലനത്തിലായിരിക്കുന്ന ഞങ്ങളുടെ വൈദികവിദ്യാർത്ഥികളെയും സന്യാസാർത്ഥികളെയും തിരുസന്നിധി





യിൽ സമർപ്പിക്കുന്നു. അവരെ അവരുടെ വിളിക്കു ചേർന്ന പരിപാകതയിലും നിർമ്മലതയിലും വളർത്തണമേ. അവരെ സഹായിക്കുന്ന ഗുരുഭൂതരെയും ഉപകാരികളെയും ധാരാളമായി അനുഗ്രഹിക്കണമേ. ദൈവവിളി പരിപോഷിപ്പിക്കപ്പെടുന്നതിന് ആവശ്യമായ കൃപാവരങ്ങൾ എല്ലാ കുടുംബങ്ങളിലും നീ വർഷിക്കണമേ. മക്കളെ ദൈവവേലയ്ക്കായി അയച്ചിരിക്കുന്ന മാതാപിതാക്കളെ അനുഗ്രഹിക്കണമേ.

ഞങ്ങളുടെ മേൽപട്ടക്കാരെയും പട്ടക്കാരെയും വൈദികവിദ്യാർത്ഥികളെയും സന്യാസീസന്യാസിനികളെയും എല്ലാ കുടുംബങ്ങളെയും തിരുക്കരങ്ങളിൽ സമർപ്പിക്കുന്നു. വൈദികരുടെയും സന്യസ്തരുടെയും അമ്മയായ പരിശുദ്ധ കന്യകമറിയത്തിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും സകലപരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ സമർപ്പിക്കുന്ന ഈ പ്രാർത്ഥന ദയയോടെ കേട്ട് ഉത്തരമരുളണമേ. ആമ്മീൻ

## ആശീർവാദം

വൈദികവിദ്യാർത്ഥിയുടെ (സന്യാസാർത്ഥിയുടെ) ശിരസ്സിൽ ഇരുകൈകളും വെച്ചുകൊണ്ട് കാർമികൻ ആശീർവദിക്കുന്നു.

പരിശുദ്ധാത്മ നൽവരങ്ങളാൽ ഈ ബാലൻ (ബാലിക) നിറയപ്പെടുന്നതിന് ഇവൻ (ഇവൾ) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 34

# രോഗികളുടെ തൈലാഭിഷേകം

## കൗമാ

### പ്രാരംഭ പ്രാർത്ഥന

കർത്താവേ, ക്ലേശം അനുഭവിക്കുന്നവരെ കരുണാപൂർവം ദർശിക്കണമേ. നിന്റെ കൃപയാൽ രോഗികളെ സുഖപ്പെടുത്തണമേ. മനോവ്യഥയുള്ളവരെ ആശ്വസിപ്പിക്കണമേ. നിന്നോടു കൃപയും ദയയും അപേക്ഷിക്കുന്ന ദാഹാർത്തരും വിവശരുമായ സകലർക്കും ആത്മശരീരസംബന്ധമായ സൗഖ്യം പ്രദാനം ചെയ്യണമേ. പിതൃ-പുത്ര-പരിശുദ്ധാത്മാവേ, നിന്നിൽ നിന്നുള്ള ദാനങ്ങളെപ്രതി അവർ നിന്നെ സ്തോത്രം ചെയ്യുവാൻ ഇടയാക്കണമേ. മോറാൻ വാലോഹോ...

### കുക്കിലിയോൻ

(ആറാം രാഗം)

കോപത്തിൽ നാഥാ ശാസിക്കരുതെന്നേ ഹാ-
ക്രോധത്തൊടു ശിക്ഷി-ക്കയുമരുതേ.

രോഗാതുരനാമെന്നൊടു കൃപ ചെയ്യുക നാഥാ-ഹാ-
എന്നസ്ഥികളിളകി-സുഖമേകൂ.

എന്നാത്മാവേറ്റം സംഭ്രമമാർന്നൂ-ഹാ-
താമസമരുതേ-കർത്താവേ.

അങ്ങു തിരിഞ്ഞെന്നാത്മാവെ വിടുവിക്ക-ഹാ-
നിൻ കൃപയാലെന്നെ-രക്ഷിക്ക. ബാറെക്മോർ.

അല്ലെങ്കിൽ

### സങ്കീർത്തനം 6:1-4

കർത്താവേ, നിന്റെ കോപത്തിൽ എന്നെ നീ കുറ്റപ്പെടുത്തരുതേ, നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.





കർത്താവേ, ഞാൻ രോഗിയായിരിക്കകൊണ്ട് എന്നോടു കരുണയുണ്ടാകണമേ. എന്റെ അസ്ഥികൾ ഇളകിയിരിക്കകൊണ്ട് എന്നെ സുഖപ്പെടുത്തണമേ.

എന്റെ ആത്മാവ് എത്രയും ചഞ്ചലപ്പെട്ടിരിക്കുന്നു. കർത്താവേ, നീ എത്രത്തോളം താമസിക്കും.

കർത്താവേ, തിരിഞ്ഞ് എന്റെ ആത്മാവിന് സ്വാതന്ത്ര്യം നൽകുകയും നിന്റെ കൃപയാൽ എന്നെ രക്ഷിക്കുകയും ചെയ്യണമേ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെനഓലം...

### എക്ബോ

(ഉത്തമനേ കരുണാപൂർണാ... എന്ന രീതി)

കേണേൻ എന്നുടെ പീഢകളിൽ
കരുണാപൂർണാ-നിന്നോടായ്
ബഹുവിധ പാപക്കുഴിയിൽനിന്നും
കരകേറ്റി കൃപ ചെ-യ്കെന്നിൽ.

അല്ലെങ്കിൽ

കരുണാസമ്പൂർണനായ ദൈവമേ, എന്റെ ഞെരുക്കങ്ങളിലും ദുഃഖത്തിലും നിന്റെ പക്കലേക്ക് ഞാൻ അഭയ ശബ്ദമുയർത്തി മനുഷ്യസ്നേഹമുള്ളവനേ പാപങ്ങളുടെ കുഴിയിൽനിന്ന് എന്നെ കരേറ്റുകയും എന്നിൽ കരുണ കാണിക്കുകയും ചെയ്യണമെ.

ശുശ്രൂ : സ്തൗമെൻകാലൊസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും...

### പ്രുമിയോൻ

ബലഹീനരെ സന്ദർശിക്കുകയും, രഹസ്യകാര്യങ്ങൾ പരിശോധിക്കുകയും, ഉത്തമമായ യാചനകൾക്കു മറുപടി

യരുളുകയും ചെയ്യുന്ന കർത്താവേ, നിനക്കു സ്തുതി. നീ ആശ്വസിപ്പിക്കുന്നവനും, ദുഃഖിതരെ ധൈര്യപ്പെടുത്തുന്നവനും ബലഹീനരെ താങ്ങുന്നവനും രോഗികൾക്ക് സൗഖ്യമരുളുന്ന വനുമാകുന്നു. നീ അനുതാപികളെ സ്വീകരിച്ച് പരിശീലനം നൽകുകയും, മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കും, സത്യവിശ്വാസത്തോടുകൂടി ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ ആവശ്യപ്പെട്ടവരും, ആവശ്യപ്പെടുന്നവരുമായ എല്ലാവർക്കും വേണ്ടി, കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ ദാസന്റെ (ദാസിയുടെ) തൈലാഭിഷേകശുശ്രൂഷ നിർവഹിക്കുന്ന ഈ സമയത്തും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിനക്ക് സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

### സെദറാ

ദൈവമായ കർത്താവേ, നീ സാക്ഷാൽ ഉത്തമവൈദ്യനും ആത്മാവിന്റെയും ശരീരത്തിന്റെയും രഹസ്യവും പരസ്യവുമായ എല്ലാ രോഗങ്ങളും നന്നായി അറിയുന്നവനുമാകുന്നു. പ്രയാസമേറിയവ നിനക്കു നിഷ്പ്രയാസമത്രെ. നീ ബലഹീനരെ ശക്തിപ്പെടുത്തുന്നവനും പാപങ്ങൾക്കു മോചനം നൽകുന്നവനു മാകുന്നു. നീ അനുതാപികളുടെ സഹായിയും അവശരുടെ ആലംബവുമാകുന്നു. ബലഹീനനായി രോഗത്തിൽ അകപ്പെട്ടിരി ക്കുകയും നിന്റെ കരുണയിൽ ആശ്രയിക്കുകയും നിന്റെ നൽവര ങ്ങളുടെ സഹായം പ്രതീക്ഷിക്കുകയും ചെയ്യുന്ന ഈ ദാസനു (ദാസിക്കു)വേണ്ടി ഞങ്ങൾ ഇപ്പോൾ വിനയപൂർവം അപേക്ഷിക്കുന്നു.

ബലഹീനനും പാപിയുമായ എന്റെ മദ്ധ്യസ്ഥതയാൽ ഇവൻ (ഇവൾ) നിന്നോടു കടങ്ങളുടെ പരിഹാരവും രോഗശാന്തിയും അവയവങ്ങൾക്കു സ്വസ്ഥതയും യാചിക്കുന്നു. ഈ ദാസന്റെ/ ദാസിയുടെ കടങ്ങൾ പരിഹരിക്കുകയും പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ. ഇവന്റെ വേദന ശമിപ്പിച്ച് രോഗം





മാറ്റണമേ. ഇവന്റെ (ഇവളുടെ) അരിഷ്ടതകൾ നീക്കി ക്കളയണമേ. ഈ പരീക്ഷണഘട്ടത്തിൽ ഇവന്റെ (ഇവളുടെ) മ്ളാനത നീക്കി, സുഖപ്രാപ്തിയാൽ ഞങ്ങളെ സന്തോഷിപ്പി ക്കണമേ. ഇവൻ (ഇവൾ) എഴുന്നേറ്റു നിന്റെ സകല കൃപകളെ ക്കുറിച്ചും സഹായങ്ങളെക്കുറിച്ചും നിനക്കു സ്തോത്രം ചെയ്യുവാൻ ഇടയാക്കണമേ. എന്തെന്നാൽ നീ നല്ലവനും ദയാലുവും ആത്മശരീരങ്ങളുടെ യഥാർത്ഥ വൈദ്യനുമാകുന്നു. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ

### ഗീതം

(ല്യാമൊദ്റഹമൈക്ഹോയാ...)

കരുണക്കടലേ ഞാൻ-നോ-ക്കും
ദേവാ തനയാ എൻ പാപം
പെരുകി പിഴകൾ
വർദ്ധിച്ചയ്യോ! നീ
കഴുകണമെന്നെ സോ-പ്പാ-യാൽ
ഏകണമെൻ ബാഷ്പാൽ വെൺമ
പിതൃസ്നേഹത്താൽ
യാചിക്കുന്നേൻ ഞാൻ.

ഹസിക്കരുതേ എന്നെ-വൈ-രി
തേറും നരരിൽ ദൂതന്മാർ
പ്രീതന്മാരായ്
തീർന്നിവ ചൊല്ലട്ടെ:
അനുതാപികളിൽ തൻ-വാ-തിൽ
രാപകലിങ്ങു തുറന്നീടും
ഹാലേലുയ്യാ
നാഥാ സ്തുത്യൻ നീ. ബാറെക്മോർ

ശുബ്ഹോ... മെന്ഓലം...

നോക്കണമെൻ ദുരിതം നാഥാ
പലതര ദോഷം ഞാൻ ചെയ്തേൻ
കോപിപ്പിച്ചു
ശരണമെനിക്കില്ല
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തി-
ട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം
നൽവൈദ്യാ-നിന്നേ-യും നിൻ
ഔഷധഗുണവും ഞാൻ കേട്ടു, നിങ്കൽ വരുന്നോൻ
സുഖമേൽക്കും നൂനം
തിരുജനകൻ സ്നേഹ-ത്താലും
മാതാവിൻ പ്രാർത്ഥനയാലും ഹാലേലൂയ്യാ
പോക്കണമെൻ പിഴകൾ.
മൊറിയോറാഹേം...

## എത്രോ

ദൈവമായ കർത്താവേ, നീ സർവ ചികിത്സാവിധിയുടെയും ഗുരുവും, എല്ലാ കൃപയുടെയും വിശുദ്ധിയുടെയും ദാതാവും സർവവിധ സൗഖ്യവും പ്രദാനം ചെയ്യുന്നവനുമാകുന്നു. നീ മനുഷ്യായുസ്സിനെക്കുറിച്ചു സദാജാഗരൂകനാകുന്നു. നിന്റെ ദിവ്യസഹായങ്ങൾ ഞങ്ങളിൽനിന്നു നീ തടയുന്നില്ല.

കർത്താവേ, കൃപയും ദയയും സൗഖ്യവും, ആശ്വാസവും, ധൈര്യവും, സഹായവും നിറഞ്ഞ നിന്റെ വലത്തുകൈ, ആത്മശരീരങ്ങളുടെ സ്വസ്ഥതയും ആശ്വാസവും നിന്നോടു യാചിക്കുന്ന നിന്റെ ഈ ദാസന്റെ (ദാസിയുടെ)മേൽ ആവസിപ്പിക്കണമേ. ഈ ദാസനിൽ (ദാസിയിൽ)നിന്നു ക്ഷീണവും രോഗവും വേദനകളും ഇല്ലാതാക്കണമേ. പ്രതികൂലങ്ങളും ഉപദ്രവങ്ങളുമായ ദുർവികാരങ്ങളെയും പ്രലോഭനങ്ങളെയും അകറ്റിക്കളയണമേ. ശക്തിയും ആരോഗ്യവും രക്ഷയും മോചനവും ഇവനു (ഇവൾക്ക്) നല്കണമേ.





ഇവൻ (ഇവൾ) എഴുന്നേറ്റു സുസ്ഥിരപ്പെടുവാൻ തക്കവണ്ണം ഇവനു (ഇവൾക്ക്) ശക്തി നല്കണമേ. ബലമുള്ള നിന്റെ വലത്തുകൈയാൽ ഇവനു (ഇവൾക്ക്) സഹായം നൽകണമേ. ഇവന്റെ (ഇവളുടെ) കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും സ്തോത്രം ചെയ്തു വന്ദിക്കുവാൻ തക്കവണ്ണം, നിന്റെ കാരുണ്യാതിരേകം ഇവനിൽ (ഇവളിൽ) ചൊരിഞ്ഞു പ്രത്യക്ഷമായ അടയാളം കാണിക്കണമേ. ഇവൻ (ഇവൾ) നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തോത്രം ചെയ്തു വന്ദിച്ചു സ്തുതിക്കുമാറാകണമേ. ആമ്മീൻ.

## വേദവായനകൾ: യാക്കോ 5:13-16

നിങ്ങളുടെ ഇടയിൽ ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നൽകും.

### റോമാക്കാർക്കെഴുതിയ ലേഖനം 13 : 11-14

ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ

ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശുമിശിഹായെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ. ബാറെക്മോർ.

## ഹുലോലോ

ഹാ-ഉ-ഹാ-എന്നാത്മാവഭയം പ്രാപിച്ചങ്ങിൽ
നിൻ ചിറകിലൊളിക്കെന്നെ ആപത്തൊഴിവോളം ഹാ-

## സുവിശേഷം : മത്തായി 10:5-8

ഈ പന്ത്രണ്ടുപേരെയും യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു. നിങ്ങൾ വിജാതീയരുടെ അടുത്തേക്കു പോകരുത്; സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്. പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ. പോകുമ്പോൾ "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും, കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി. ദാനമായിത്തന്നെ കൊടുക്കുവിൻ.

## മാർ യാക്കോബിന്റെ ബോവൂസോ (ആറാം രാഗം)

(സന്ധ്യാസമയം-സൂര്യപ്രഭ... എന്ന രീതി)

നാഥാ, ദേവാ, വരിക തുണയ്ക്കായ് കേഴുന്നെ-ങ്ങൾ
പ്രാർത്ഥന കേട്ടി-ട്ടാത്മാക്കളിൽ നീ-കൃപ ചെയ്താലും

രോഗം ബാധിച്ചാത്മാവങ്ങേ പ്രാർത്ഥിക്കുന്നു
നിൻ സേവയ്ക്കായ് എഴുന്നേറ്റീടാൻ ദർശനമേകൂ.

ശീമോൻ തന്റെ ഭാര്യാ മാതാവിനു സുഖമേകി
രോഗം വിട്ടവളെഴുന്നേറ്റങ്ങെ ശുശ്രൂഷിപ്പാൻ.





പാണിയവൾക്കേകി തൻ രോഗം രോധിച്ചല്ലോ
സ്നേഹത്താലീയാത്മത്തെ നീ താങ്ങീടേണം.

മെയ്യെ രോഗം പോലാത്മത്തെ പാപം ചുറ്റി
സൗഖ്യം നേടാനൗഷധദാനം ചെയ്യുക വൈദ്യാ.

പാപിനിയെപ്പോലിതിനെ പിഴ സമ്മർദ്ദിച്ചതിനാൽ
നൽ വൈദ്യാ നിൻ ഔഷധമേകി സംരക്ഷിക്ക.

വേദന നീങ്ങി ധൈര്യം സമ്പാദിച്ചൊരു ദേഹി
അങ്ങിൽനിന്നും സൗഖ്യം നേടി സ്തോത്രം ചെയ്യും.

നൽ വൈദ്യാ കാരുണ്യാബ്ധേ നിന്നെ വിട്ടോനാം
താതന്നും റൂഹായ്ക്കും സ്തോത്രം; കൃപ ചെയ്യേണം

ഉത്തരമരുളീടണമേ ദേവാ കൃപ ചെയ്യണമേ
മാനുഷരേ നീ അനുതാപത്തിനു പ്രേരിപ്പിക്ക.

അല്ലെങ്കിൽ

കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു, ഞങ്ങളുടെ സഹായത്തിനു നീ എഴുന്നള്ളണമേ. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളിൽ കൃപ ചെയ്യണമേ. ഈറേന്മാരുടെയും മാലാഖമാരുടെയും ഉടയവനായ കർത്താവേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളിൽ കൃപ ചെയ്യണമേ. രോഗിയായ ഇവൻ (ഇവൾ) നിന്നോടപേക്ഷിക്കുന്നു. നിന്നെ ശുശ്രൂഷിക്കുവാൻവേണ്ടി രോഗം വിട്ടെഴുന്നേൽക്കുവാൻ ഇവനെ(ഇവളെ) സന്ദർശിക്കണമേ.

ശെമഓന്റെ അമ്മായിയമ്മയെ നീ സുഖമാക്കിയപ്പോൾ അവൾ ശക്തിപ്രാപിച്ച് നിനക്കു ശുശ്രൂഷ ചെയ്യുവാനായി എഴുന്നേറ്റു. നീ അവളുടെ കൈയ്ക്കു പിടിച്ച് രോഗത്തിൽനിന്നും അവളെ രക്ഷിച്ചു. നിന്റെ സ്നേഹത്താൽ ഇവനെ (ഇവളെ) നീ താങ്ങണമേ. നിന്നിൽനിന്നു സുഖം പ്രാപിച്ച രോഗിണിയെ എന്നപോലെ ബലഹീനനാ(യാ)യ ഇവനെയും (ഇവളെയും) സന്ദർശിക്കണമേ. നിന്റെ വചനത്താൽ ഇവനും (ഇവളും) മുഖപ്രസന്നതയോടുകൂടെ നിൽക്കും. ശരീരത്തെ രോഗം ബാധിച്ചതു

പോലെ ഈ ആത്മാവിനെ പാപം ക്ലേശിപ്പിക്കുന്നതിനാൽ ഇതിനു നീ ഔഷധം നൽകണമേ.

പാപിനിയെ എന്നപോലെ, പിഴകൾ ഈ ആത്മാവിനെ താറു മാറാക്കിയതുകൊണ്ട് ജ്ഞാനിയായ വൈദ്യാ, ഇതിനെ നീ ഔഷധം പുരട്ടി സുഖമാക്കണമേ. കർത്താവേ, രോഗബന്ധിത യായ ഈ ആത്മാവ് തന്റെ നൊമ്പരം മറന്ന് ആരോഗ്യം വീണ്ടെടുത്ത്, നിന്നിൽനിന്നു ശക്തി പ്രാപിച്ച് നിന്നെ മഹത്വ പ്പെടുത്തും.

കരുണയേറിയ നല്ല വൈദ്യാ, നിനക്കും, നിന്നെ അയച്ച പിതാ വിനും പരിശുദ്ധാത്മാവിനും സ്തുതി. ഞങ്ങളിൽ കരുണ ഉണ്ടാക ണമെ. ദൈവമേ, എന്നോടുത്തരമരുളി കരുണ കാണിക്കുകയും മനു ഷ്യഹൃദയങ്ങളെ അനുതാപത്തിലേക്ക് തിരിക്കുകയും ചെയ്യണമേ.

## പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ സാക്ഷാൽ ഉത്തമ വൈദ്യനാകുന്നു. രഹസ്യവും പരസ്യവുമായ ഏതു കഠിനരോ ഗവും സുഖപ്പെടുത്തുവാൻ നീ ശക്തനുമാകുന്നു. രോഗാ വസ്ഥയിൽ നിന്റെ ദയയിൽ അഭയം തേടി വേദനയിൽ സഹാ യവും അവയവങ്ങൾക്കു സ്വസ്ഥതയും നിന്റെ കരുണയോട് യാചിക്കുന്ന ഈ നിന്റെ ദാസന് (ദാസിക്ക്) വേണ്ടി ഞങ്ങൾ ഇപ്പോൾ നിന്റെ കരുണയോടപേക്ഷിക്കുന്നു. ഇവന്റെ (ഇവളുടെ) വേദനകളെ വിലക്കണമേ; രോഗം സുഖപ്പെടുത്തണമേ; ക്ലേശ ങ്ങൾ ശമിപ്പിക്കണമേ. സകല ശിക്ഷകളും കോപഫലമായ ദണ്ഡനങ്ങളും ഇവനിൽ (ഇവളിൽ)നിന്ന് ഒഴിവാക്കണമേ. ഇവൻ (ഇവൾ) എഴുന്നേറ്റ് നിന്റെ സർവ കൃപകളെക്കുറിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും, എല്ലായ്പോഴും, എന്നേയ്ക്കും സ്തോത്രം നൽകുമാറാകണമേ. ആമ്മീൻ.

### രോഗിയുടെ തലയിൽ കൈവച്ചുകൊണ്ടുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,





ബലമേറിയതും സഹായപൂർണവുമായ നിന്റെ വലത്തുകൈ സ്നേഹപൂർവം ഈ ദാസനിൽ (ദാസിയിൽ) ആവസിപ്പിക്കുവാൻ വേണ്ടി എന്റെ ബലഹീനമായ കൈ തിരുനാമത്തിൽ ഇവന്റെ (ഇവളുടെ) മേൽ വയ്ക്കുന്നു. കർത്താവേ, നിന്റെ കാരുണ്യത്തിനും മനുഷ്യസ്നേഹത്തിനും ചേർന്നവിധം ഇവനെ (ഇവളെ) കടാക്ഷിച്ച്, ബലഹീനനായ ഇവനിൽ (ഇവളിൽ) നിന്റെ കരുണ ചൊരിയണമേ. നിന്നിലുള്ള പ്രത്യാശകൊണ്ടും അജയ്യമായ സത്യം കൊണ്ടും ഇവനെ (ഇവളെ) ബലപ്പെടുത്തണമേ. എല്ലാവിധ വേദനകളും രോഗങ്ങളും കഠിനശിക്ഷകളും ശക്തിക്കതീതമായ പരീക്ഷകളും ഇവനിൽ (ഇവളിൽ) നിന്നു നീക്കണമേ. നിന്നിൽ നിന്നുള്ള യഥാർത്ഥ ശക്തി ഇവന് (ഇവൾക്ക്) കൊടുക്കണമേ. നിന്റെ രക്ഷയാൽ, മ്ലാനത നീക്കി ഇവനെ (ഇവളെ) സന്തോഷിപ്പി ക്കണമേ.

ഇവൻ (ഇവൾ) നീതീകരിക്കപ്പെട്ടവനാ(ളാ)യി, നിന്റെ മുമ്പാകെ നിന്നുകൊണ്ട് മുടക്കംകൂടാതെ നിന്റെ കൃപയ്ക്കു സ്തോത്രം നൽകുകയും നിന്റെ ദൈവത്വത്തെ ആരാധിച്ചു മഹത്ത്വപ്പെടുത്തു കയും ചെയ്യുവാൻ ഇടയാക്കണമേ. ആമ്മീൻ.

### രോഗി മൗദ്യോനീസാ പ്രാർത്ഥന ചൊല്ലിയശേഷം പാപങ്ങൾ ഏറ്റുപറയുന്നു

ബഹുമാനപ്പെട്ട പിതാവേ, ശരീരത്തിലും ആത്മാവിലും ഞാൻ പാപിയാകുന്നു. എന്റെ പാപങ്ങളെപ്പറ്റി ഞാൻ ദു:ഖിക്കുന്നു. അനു താപിയായ എന്നെ സ്വീകരിച്ച്, എനിക്കു മോചനം നൽകണമേ.

### അല്ലെങ്കിൽ

ബഹുമാനപ്പെട്ട പിതാവേ, ശരീരത്തിന്റെ ഇന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, സ്പർശനം, നാവ് എന്നിവയിലും ആത്മാവിന്റെ ഇന്ദ്രിയങ്ങളായ ബോധം, നിരൂപണം, ഗ്രഹണശക്തി, വിശേഷ ജ്ഞാനം, തിരിച്ചറിവ് എന്നിവയിലും ഞാൻ പാപം ചെയ്തു.

ധൂർത്തനായ പുത്രനെപ്പോലെ അനുതാപിയായ എന്നെ സ്വീകരിക്കണമേ. എന്റെ സകല പ്രവൃത്തികളിലും ഞാൻ പാപി യാകുന്നു. നോമ്പിലും പ്രാർത്ഥനയിലും ഞാൻ അലസത കാണിച്ചു.

ഞാൻ അസൂയക്കാരനും(രിയും), അത്യാഗ്രഹിയും, സുഖതൽപ്പരനും(യും), കോപിഷ്ഠനു(യു)മാകുന്നു. കാണാത്തവ ഞാൻ സംസാരിക്കുകയും മനുഷ്യരുടെ ഇടയിൽ വിരുദ്ധത ഉണ്ടാക്കുകയും ചെയ്തു. പിതാവേ, മോചനം തന്ന് എന്നെ അനുഗ്രഹിക്കണമേ.

കാർമികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് രോഗിയുടെ നെറ്റിയിൽ തൈലം പൂശുന്നു.

✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധ റൂഹായുടെയും നാമത്തിൽ നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടട്ടെ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള നിന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർവിചാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽനിന്ന് മായിക്കപ്പെടട്ടെ.

(മറ്റവയവങ്ങളിൽ തൈലം പൂശുന്നെങ്കിൽ താഴെവരുംപ്രകാരം അതിന്റെ പേരു പറഞ്ഞ് അഭിഷേകം നടത്തണം. ഈരണ്ടു അവയവമായിരുന്നാൽ വലത്തേതിൽ രണ്ടും ഇടത്തേതിൽ ഒന്നുമായി മുദ്രകുത്തുന്നു.)

## കണ്ണുകളിൽ

✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഈ വിശുദ്ധ തൈലവും തന്റെ കരുണയും മൂലം കണ്ണുകൾകൊണ്ട് നീ ചെയ്ത സകല തെറ്റുകളും ദൈവം നിന്നോടു ക്ഷമിക്കട്ടെ.

തുടർന്നു അവയവത്തിന്റെ പേരു മാറ്റിപ്പറയണം

ഘ്രാണേന്ദ്രിയംകൊണ്ട്:
അധരങ്ങൾ, വായ്, നാവ് ഇവകൊണ്ട്:
കാതുകൾകൊണ്ട്: കൈകൾ കൊണ്ട്:
കാലുകൾകൊണ്ട്: സ്പർശനംകൊണ്ട്:

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)





# 35

# രോഗികളുടെ തൈലാഭിഷേകം അത്യാഹിതവേളയിൽ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

കർത്താവേ, ക്ലേശം അനുഭവിക്കുന്നവരെ കരുണാപൂർവം ദർശിക്കണമേ. നിന്റെ കൃപയാൽ രോഗികളെ സുഖപ്പെടുത്തണമേ. മനോവ്യഥയുള്ളവരെ ആശ്വസിപ്പിക്കണമേ. നിന്നോടു കൃപയും ദയയും അപേക്ഷിക്കുന്ന ദാഹാർത്തരും വിവശരുമായ സകലർക്കും ആത്മശരീരസംബന്ധമായ സൗഖ്യം പ്രദാനം ചെയ്യണമേ. പിതൃ-പുത്ര-പരിശുദ്ധാത്മാവേ, നിന്നിൽ നിന്നുള്ള ദാനങ്ങളെപ്രതി അവർ നിന്നെ സ്തോത്രം ചെയ്യുവാൻ ഇടയാക്കണമേ. ആമ്മീൻ

## സുവിശേഷം : മത്തായി 10:5-8

ഈ പന്ത്രണ്ടുപേരെയും യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു. നിങ്ങൾ വിജാതീയരുടെ അടുത്തേക്കു പോകരുത്; സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്. പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ. പോകുമ്പോൾ "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും, കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി. ദാനമായിത്തന്നെ കൊടുക്കുവിൻ.

## പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ സാക്ഷാൽ ഉത്തമ വൈദ്യനാകുന്നു. രഹസ്യവും പരസ്യവുമായ ഏതു കഠിന രോഗവും സുഖപ്പെടുത്തുവാൻ നീ ശക്തനാകുന്നു.

രോഗാവസ്ഥയിൽ നിന്റെ ദയയിൽ അഭയം തേടി വേദനയിൽ സഹായവും അവയവങ്ങൾക്കു സ്വസ്ഥതയും നിന്റെ കരുണയോട് യാചിക്കുന്ന ഈ നിന്റെ ദാസന് (ദാസിക്ക്) വേണ്ടി ഞങ്ങൾ ഇപ്പോൾ നിന്റെ കരുണയോടപേക്ഷിക്കുന്നു. ഇവന്റെ (ഇവളുടെ) വേദനകളെ വിലക്കണമേ; രോഗം സുഖപ്പെടുത്തണമേ; ക്ലേശങ്ങൾ ശമിപ്പിക്കണമേ. സകല ശിക്ഷകളും കോപഫലമായ ദണ്ഡനങ്ങളും ഇവനിൽനിന്ന് (ഇവളിൽനിന്ന്) ഒഴിവാക്കണമേ. ഇവൻ (ഇവൾ) എഴുന്നേറ്റ് നിന്റെ സർവ കൃപകളെക്കുറിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും, എല്ലായ്പോഴും, എന്നേയ്ക്കും സ്തോത്രം നൽകുമാറാകണമേ. ആമ്മീൻ.

### രോഗിയുടെ തലയിൽ കൈവച്ചുകൊണ്ടുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ബലമേറിയതും സഹായപൂർണവുമായ നിന്റെ വലത്തുകൈ സ്നേഹപൂർവം ഈ ദാസനിൽ (ദാസിയിൽ) ആവസിപ്പിക്കുവാൻവേണ്ടി എന്റെ ബലഹീനമായ കൈ തിരുനാമത്തിൽ ഇവന്റെ (ഇവളുടെ) മേൽ വയ്ക്കുന്നു. കർത്താവേ, നിന്റെ കാരുണ്യത്തിനും മനുഷ്യസ്നേഹത്തിനും ചേർന്നവിധം ഇവനെ (ഇവളെ) കടാക്ഷിച്ച്, ബലഹീനനായ ഇവനിൽ (ഇവളിൽ) നിന്റെ കരുണ ചൊരിയണമേ. നിന്നിലുള്ള പ്രത്യാശകൊണ്ടും അജയ്യമായ സത്യം കൊണ്ടും ഇവനെ (ഇവളെ) ബലപ്പെടുത്തണമേ. എല്ലാവിധ വേദനകളും രോഗങ്ങളും കഠിനശിക്ഷകളും ശക്തിക്കതീതമായ പരീക്ഷകളും ഇവനിൽ (ഇവളിൽ) നിന്നു നീക്കണമേ. നിന്നിൽനിന്നുള്ള യഥാർത്ഥ ശക്തി ഇവന് (ഇവൾക്ക്) കൊടുക്കണമേ. നിന്റെ രക്ഷയാൽ, മ്ളാനത നീക്കി ഇവനെ (ഇവളെ) സന്തോഷിപ്പിക്കണമേ.

ഇവൻ (ഇവൾ) നീതീകരിക്കപ്പെട്ടവനാ(ളാ)യി, നിന്റെ മുമ്പാകെ നിന്നുകൊണ്ട് മുടക്കംകൂടാതെ നിന്റെ കൃപയ്ക്കു സ്തോത്രം നൽകുകയും നിന്റെ ദൈവത്വത്തെ ആരാധിച്ചു മഹത്ത്വപ്പെടുത്തുകയും ചെയ്യുവാൻ ഇടയാക്കണമേ. ആമ്മീൻ.





### രോഗിക്കുവേണ്ടി മൗദ്യോനീസാ പ്രാർത്ഥന ചൊല്ലുന്നു

ബഹുമാനപ്പെട്ട പിതാവേ, ശരീരത്തിലും ആത്മാവിലും ഞാൻ പാപിയാകുന്നു. എന്റെ പാപങ്ങളെപ്പറ്റി ഞാൻ ദു:ഖിക്കുന്നു. അനുതാപിയായ എന്നെ സ്വീകരിച്ച്, എനിക്കു മോചനം നൽകണമേ.

അല്ലെങ്കിൽ

ബഹുമാനപ്പെട്ട പിതാവേ, ശരീരത്തിന്റെ ഇന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, സ്പർശനം, നാവ് എന്നിവയിലും ആത്മാവിന്റെ ഇന്ദ്രിയങ്ങളായ ബോധം, നിരൂപണം, ഗ്രഹണശക്തി, വിശേഷജ്ഞാനം, തിരിച്ചറിവ് എന്നിവയിലും ഞാൻ പാപം ചെയ്തു.

ധൂർത്തനായ പുത്രനെപ്പോലെ അനുതാപിയായ എന്നെ സ്വീകരിക്കണമേ. എന്റെ സകല പ്രവൃത്തികളിലും ഞാൻ പാപിയാകുന്നു. നോമ്പിലും പ്രാർത്ഥനയിലും ഞാൻ അലസത കാണിച്ചു. ഞാൻ അസൂയക്കാരനും(രിയും), അത്യാഗ്രഹിയും, സുഖതൽപ്പരനും(യും), കോപിഷ്ഠനു(യു) മാകുന്നു. കാണാത്തവ ഞാൻ സംസാരിക്കുകയും മനുഷ്യരുടെ ഇടയിൽ വിരുദ്ധത ഉണ്ടാക്കുകയും ചെയ്തു. പിതാവേ, മോചനം തന്ന് എന്നെ അനുഗ്രഹിക്കണമേ.

കാർമികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് രോഗിയുടെ നെറ്റിയിൽ തൈലം പൂശുന്നു.

✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധ റൂഹായുടെയും നാമത്തിൽ നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടട്ടെ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള നിന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർവിചാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽനിന്ന് മായിക്കപ്പെടട്ടെ.

(മറ്റവയവങ്ങളിൽ തൈലം പൂശുന്നെങ്കിൽ താഴെവരുംപ്രകാരം അതിന്റെ പേരു പറഞ്ഞ് അഭിഷേകം നടത്തണം. ഈരണ്ടു അവയവമായിരുന്നാൽ വലത്തേതിൽ രണ്ടും ഇടത്തേതിൽ ഒന്നുമായി മുദ്രകുത്തുന്നു.)

✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധറൂഹായുടെയും നാമത്തിൽ ഈ വിശുദ്ധ തൈലവും തന്റെ കരുണയും മൂലം (കണ്ണുകൾകൊണ്ട്) നീ ചെയ്ത സകല തെറ്റുകളും ദൈവം നിന്നോടു ക്ഷമിക്കട്ടെ.

തുടർന്നു അവയവത്തിന്റെ പേരു മാറ്റിപ്പറയണം

ഘ്രാണേന്ദ്രിയംകൊണ്ട്:
അധരങ്ങൾ, വായ്, നാവ് ഇവകൊണ്ട്:
കാതുകൾകൊണ്ട്: കൈകൾ കൊണ്ട്:
കാലുകൾകൊണ്ട്: സ്പർശനംകൊണ്ട്:

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും.... (പേജ് 11)

# 36

## രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

യേശു എന്നടിസ്ഥാനം ആശയവനിലത്രേ
ആശ്വാസത്തിൻ പൂർണത
യേശുവിൽ കണ്ടേൻ ഞാനും (2)

രോഗമെന്നെ പിടിച്ചെൻ
ദേഹം ക്ഷയിച്ചാലുമെ
വേഗം വരുമെൻ നാഥൻ
ദേഹം പുതുതാക്കീടാൻ (2)

### കൗമാ

### വേദവായന: പ്രഭാ 38:1–10

ശുശ്രൂ : ജ്ഞാനിയായ ബാർസീറാക്കിന്റെ പുസ്തകത്തിൽ നിന്നും ബാറെക്മോർ

ജനം : ജ്ഞാനികളുടെ ഉടയവനു സ്തുതി...





വൈദ്യനെ ബഹുമാനിക്കുക. നിനക്ക് അവനെ ആവശ്യമുണ്ട്. കർത്താവാണ് അവനെ നിയോഗിച്ചത്. വൈദ്യന്റെ ജ്ഞാനം അത്യുന്നതനിൽനിന്നു വരുന്നു; രാജാവ് അവനെ സമ്മാനിക്കുന്നു. വൈദ്യന്റെ വൈഭവം അവനെ ഉന്നതനാക്കുന്നു. മഹാന്മാർ അവനെ പ്രശംസിക്കുന്നു. കർത്താവ് ഭൂമിയിൽനിന്ന് ഔഷധങ്ങൾ സൃഷ്ടിച്ചു. ബുദ്ധിയുള്ളവൻ അവയെ അവഗണിക്കുകയില്ല. അവിടുന്ന് വെള്ളത്തെ തടിക്കഷണം കൊണ്ടു മധുരീകരിച്ച് തന്റെ ശക്തി വെളിപ്പെടുത്തിയില്ലേ? മനുഷ്യന്റെ അത്ഭുതകൃത്യങ്ങളിൽ മഹത്വപ്പെടേണ്ടതിന് അവിടുന്ന് മനുഷ്യർക്ക് സിദ്ധികൾ നൽകി. അതുമുഖേന അവൻ വേദനയ കറ്റുകയും രോഗം സുഖമാക്കുകയും ചെയ്യുന്നു. ഔഷധനിർമ്മാതാവ് അതുപയോഗിച്ച് മിശ്രിതം ഉണ്ടാക്കുന്നു. അവിടുത്തെ പ്രവൃത്തികൾക്ക് അന്തമില്ല. ഭൂമുഖത്ത് അവിടുന്ന് ആരോഗ്യം വ്യാപിപ്പിക്കുന്നു. മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർത്ഥിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും. നീ തെറ്റുകൾ തിരുത്തി നേരായ മാർഗത്തിലേക്കു തിരിയുകയും ഹൃദയത്തിൽനിന്നു പാപം കഴുകിക്കളയുകയും ചെയ്യുക.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

കൃപമൂലം തന്റെ സൃഷ്ടിയെ സന്ദർശിക്കുകയും കാരുണ്യാതിരേകത്താൽ അവരുടെ രോഗങ്ങളെ സുഖപ്പെടുത്തുകയും ചെയ്ത സ്വർഗീയവൈദ്യനും ഔഷധങ്ങളുടെ അരുവിയുമായ കർത്താവേ, നിനക്കുസ്തുതി. നാഥാ നിന്നെ നോക്കി വിളിച്ച കുഷ്ഠരോഗികൾക്കും, കുരുടൻമാർക്കും എല്ലാം നീ സൗഖ്യം നൽകി അനുഗ്രഹിച്ചുവല്ലോ. ഇപ്പോൾ കർത്താവേ ക്ഷീണിതനായി/യായി രോഗത്തിൽ കിടന്ന് നിന്റെ കരുണയിൽ സങ്കേതപ്പെടുകയും നിന്റെ സൗജന്യ സഹായം നോക്കിപാർക്കുകയും

ചെയ്യുന്ന ഈ ദാസന് (ദാസിക്ക്) കടങ്ങൾക്ക് പരിഹാരവും നൊമ്പരങ്ങൾക്ക് ആശ്വാസവും അവയവങ്ങൾക്ക് സ്വസ്ഥതയും നൽകണമെന്ന് നിന്റെ കരുണയോട് അപേക്ഷിക്കുന്നു. കർത്താവേ! ഈ ദാസന്റെ (ദാസിയുടെ) ബലഹീനതയെ താങ്ങണമേ. ഈ ദാസന്റെ (ദാസിയുടെ) ദു:ഖം നീക്കി സ്വസ്ഥതയാൽ ഇവൻ (ഇവൾ) എഴുന്നേറ്റ് നിന്റെ സകല സഹായങ്ങളെയുംകുറിച്ച് നിന്നെ സ്തോത്രം ചെയ്യുവാൻ നീ സംഗതിയാക്കണമേ.

ഞങ്ങളുടെ ജീവിതത്തിലെ ഓരോ അനുഭവത്തിലും പങ്കുചേരുകയും ഞങ്ങളുടെ സന്തോഷങ്ങളെയും സന്താപങ്ങളെയും പരമമായ നന്മയാക്കിത്തീർക്കുകയും ചെയ്യുന്ന കർത്താവേശുമിശിഹാ, രോഗത്തിലും അവശതയിലുമായിരിക്കുന്ന ഈ നിന്റെ മകനെ (മകളെ) തൃക്കൺപാർക്കണമേ. നിന്നിൽ ആശ്രയിച്ചുകൊണ്ട് നിന്നിൽനിന്ന് സൗഖ്യം പ്രാപിക്കുവാനും ഈ നിന്റെ മകന് (മകൾക്ക്) സംഗതിയാകണമേ. ഞങ്ങളുടെ പാപവും തിന്മയുടെ ശക്തിയുംമൂലം രോഗം വരുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. സ്വയം പരിശോധനയുടെയും സമർപ്പണത്തിന്റെയും സമയമാക്കി ഇതിനെ മാറ്റണമേ. നിന്റെ കുരിശിനോട് ഏറ്റം അടുത്ത് ജീവിക്കുവാനുള്ള അനുഗ്രഹിക്കപ്പെട്ട അവസരമായി ഈ സന്ദർഭത്തെ ഉപയോഗിക്കുവാൻ നിന്റെ മകനെ (മകളെ) സഹായിക്കണമേ. സർവ ആശ്വാസവും നൽകുന്ന പരിപാലകനേ തൃക്കൈ വേലയാകുന്ന നിന്റെ ഈ മകനിൽ (മകളിൽ) മനസ്സലിയണമേ. ഇവനിലും ഞങ്ങളിലും വന്നുപോയ കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കണമേ. ഞങ്ങളുടെ വിശ്വാസത്തെ പൂർത്തീകരിക്കണമേ.

“എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ലെന്ന്” അരുളിയ നാഥാ ഞങ്ങളുടെ എളിയ അപേക്ഷ കേട്ട് ഉത്തരമരുളണമേ. നീ ദയാലുവും കാരുണ്യവാനും സാക്ഷാൽ ഉത്തമവൈദ്യനുമാകുന്നുവല്ലോ. നിന്റെ മാതാവിന്റെയും എല്ലാ പരിശുദ്ധരുടെയും മധ്യസ്ഥത ഞങ്ങൾക്ക്





കാവലായിരിക്കേണമേ. അവരുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് ഉത്തരമരുളണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും എന്നാളും മഹത്ത്വപ്പെടുത്തുവാൻ സംഗതിയാകുകയും ചെയ്യണമേ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധരുടെയും പ്രാർത്ഥനകളാൽതന്നെ ആമ്മീൻ.

### രോഗിയുടെ തലയിൽ കൈവച്ചുകൊണ്ടുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ബലമേറിയതും സഹായപൂർണവുമായ നിന്റെ വലത്തുകൈ സ്നേഹപൂർവം ഈ ദാസനിൽ (ദാസിയിൽ) ആവസിപ്പിക്കുവാൻ വേണ്ടി എന്റെ ബലഹീനമായ കൈ തിരുനാമത്തിൽ ഇവന്റെ (ഇവളുടെ) മേൽ വയ്ക്കുന്നു. കർത്താവേ, നിന്റെ കാരുണ്യത്തിനും മനുഷ്യസ്നേഹത്തിനും ചേർന്നവിധം ഇവനെ (ഇവളെ) കടാക്ഷിച്ച്, ബലഹീനനായ ഇവനിൽ (ഇവളിൽ) നിന്റെ കരുണ ചൊരിയണമേ. നിന്നിലുള്ള പ്രത്യാശകൊണ്ടും അജയ്യമായ സത്യം കൊണ്ടും ഇവനെ (ഇവളെ) ബലപ്പെടുത്തണമേ. എല്ലാവിധ വേദനകളും രോഗങ്ങളും കഠിനശിക്ഷകളും ശക്തിക്കതീതമായ പരീക്ഷകളും ഇവനിൽ (ഇവളിൽ) നിന്നു നീക്കണമേ. നിന്നിൽനിന്നുള്ള യഥാർത്ഥ ശക്തി ഇവന് (ഇവൾക്ക്) കൊടുക്കണമേ. നിന്റെ രക്ഷയാൽ, മ്ളാനത നീക്കി ഇവനെ (ഇവളെ) സന്തോഷിപ്പിക്കണമേ.

ഇവൻ (ഇവൾ) നീതീകരിക്കപ്പെട്ടവനാ(ളാ)യി, നിന്റെ മുമ്പാകെ നിന്നുകൊണ്ട് മുടക്കംകൂടാതെ നിന്റെ കൃപയ്ക്കു സ്തോത്രം നൽകുകയും നിന്റെ ദൈവത്വത്തെ ആരാധിച്ചു മഹത്ത്വപ്പെടുത്തുകയും ചെയ്യുവാൻ ഇടയാക്കണമേ. ആമ്മീൻ.

## സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 37

## വെള്ളം വാഴ്ത്തുന്ന ക്രമം

പനിനീർ മഴപോൽ നിന്നനുഗ്രഹം
പരിശുദ്ധനായ പിതാവേ
പാപികൾ ഞങ്ങളിൽ തൂകണേ - നിന്റെ
പാദസങ്കേതം തേടുന്നേൻ

**കൗമാ**

**വേദവായന:** പുറ 15:22-25

വായനക്കാരൻ: ഒറൈത്തായുടെ രണ്ടാംപുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശിമാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

മോശ ഇസ്രായേൽക്കാരെ ചെങ്കടലിൽനിന്നു മുമ്പോട്ടു നയിച്ചു. അവർ ഷൂർമരുഭൂമിയിൽ പ്രവേശിച്ചു. മരുഭൂമിയിലൂടെ മൂന്നുദിവസം യാത്ര ചെയ്തിട്ടും ഒരിടത്തും വെള്ളം കണ്ടെത്തിയില്ല. അവർ മാറാ എന്ന സ്ഥലത്ത് വന്നുചേർന്നു. അവിടത്തെ വെള്ളം അവർക്കു കുടിക്കാൻ കഴിഞ്ഞില്ല. അത് കയ്പുള്ളതായിരുന്നു. അക്കാരണത്താൽ ആ സ്ഥലത്തിനു മാറാ എന്ന പേര് നൽകപ്പെട്ടു. ജനം മോശയ്ക്കുനേരെ പിറുപിറുത്തു. ഞങ്ങൾ എന്തുകുടിക്കും? അവൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് അവന് ഒരു തടികഷണം കാണിച്ചു കൊടുത്തു. അത് വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരിച്ചു.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

**പ്രാർത്ഥന**

കർത്താവേ! നിന്നിൽ നിന്നുള്ള അനുഗ്രഹങ്ങളാൽ ഈ





വെള്ളത്തെ വാഴ്ത്തി ശുദ്ധീകരിക്കണമേ. നിന്റെ പരിശുദ്ധാത്മാവിന്റെ ആവാസംമൂലം ഈ വെള്ളത്തെ സൗഖ്യത്തിന്റെ ഉറവയാക്കിത്തീർക്കണമേ. നിന്റെ ദാനങ്ങളാൽ ഇതിനെ നിറയ്ക്കണമേ. നിന്റെ കൽപനപ്രകാരം മോശ വെള്ളത്തിൽ മരക്കൊമ്പ് ഇട്ടപ്പോൾ വെള്ളത്തിന്റെ കയ്പ്പുമാറി അതിനെ നീ മാധുര്യമുള്ളതാക്കിത്തീർത്തു. പ്രവാചകന്റെ പ്രാർത്ഥനയാൽ യരിഹോവിലെ വെള്ളത്തിന്റെ ഗുണമില്ലായ്മ ഉപ്പിട്ട് നീ പരിഹരിച്ചു.

പാനം ചെയ്യുകയോ, ശരീരത്തിൽ തളിക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ സത്യവിശ്വാസത്തോടെ ഈ വെള്ളം ഉപയോഗിക്കുകയോ ചെയ്യുന്നവരുടെ ആത്മാവിനും ശരീരത്തിനും മനസ്സിനും സൗഖ്യം നൽകണമേ. അശുദ്ധ വികാരങ്ങളിൽ നിന്നുള്ള വിടുതലിനും ഭവനങ്ങളുടെ വാഴ്വിനും കാവലിനും ഇത് ഉപയുക്തമാകണമേ. ഇതിനെ നിന്റെ പരിശുദ്ധാത്മശക്തി കൊണ്ട് നിറയ്ക്കണമേ. മോറാൻ...

വെള്ളം വാഴ്ത്തികൊണ്ട്

മ്ബർക്കീൻ ഏനൂൻ മായോ ഹോലേൻ ബ്റൂശ്മോ ദസ്ളീബോ ഹായോ ഉമാബേദ് ഹായേ ബാറെക്മോർ.

✠ബശ്മോദാബോ (ആമ്മീൻ) ✠ഉദാബ്റോ (ആമ്മീൻ) ✠വദ്റൂഹോ ഹായോ കാദീശോ ലഹായേ ദലഓലം ഒൽമ്മീൻ. (ആമ്മീൻ)

അല്ലെങ്കിൽ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

# 38

# രോഗികൾക്ക് വിശുദ്ധ കുർബാന നൽകുന്ന ക്രമം

രക്ഷകനുര ചെയ്താൻ എൻ മെയ് രക്തങ്ങൾ
കൈക്കൊള്ളുന്നോരിൽ വാസം ചെയ്യും ഞാൻ
താവക ഗാത്രത്താൽ പരിഹാരം നേടി
നിശ്ചയമായ് ജീവൻ പ്രാപിക്കും ഞങ്ങൾ

**കൗമാ**

**വേദവായന:** യോഹ 6:47–51

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. ഞാൻ ജീവന്റെ അപ്പമാണ്. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു. എങ്കിലും അവർ മരിച്ചു. ഇതാകട്ടെ, മനുഷ്യൻ ഭക്ഷിക്കുന്നതിനു വേണ്ടി സ്വർഗത്തിൽനിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻ മരിക്കയില്ല. സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്.

**പ്രാർത്ഥന**

എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, അദൃശ്യമായ നിന്റെ വലത്തുകൈ നീട്ടി, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കുമായി നിന്റെ വിലയേറിയ തിരുശരീരവും തിരുരക്തവും സ്വീകരിക്കുന്ന ആരാധകരുടെ ഈ സംഘത്തെ ആശീർവദിക്കണമേ. ആമ്മീൻ.

വലിയവനും നമ്മുടെ രക്ഷകനുമായ യേശുമിശിഹായാകുന്ന ദൈവത്തിന്റെ കരുണ ഈ വിശുദ്ധ രഹസ്യങ്ങൾ വഹിക്കുന്ന





വരിലും കൊടുക്കുന്നവരിലും കൈക്കൊള്ളുന്നവരിലും ഉണ്ടാകട്ടെ. ഇവയിൽ താല്പര്യപൂർവം സംബന്ധിച്ചവരിലും സംബന്ധിക്കുന്നവരിലും പരിശുദ്ധ ത്രിത്വത്തിന്റെ കരുണ രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം : ആമ്മീൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോട്......

വിശുദ്ധ കുർബാന നൽകുന്നു

കാർമി : നമ്മുടെ ദൈവമായ മിശിഹാ തമ്പുരാന്റെ ശരീരവും രക്തവുമാകുന്ന തീക്കട്ട, പാപമോചനത്തിനും നിത്യജീവനും വേണ്ടി (സത്യവിശ്വാസിക്ക്) നൽകപ്പെടുന്നു.

വിശുദ്ധ കുർബാന കൊടുത്തശേഷം

കാർമി : എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, നിനക്കു സ്തുതി; നിനക്കു സ്തുതി; നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞങ്ങൾ ഭക്ഷിച്ച നിന്റെ തിരുശരീരവും, പാനം ചെയ്ത പാപപരിഹാരപ്രദമായ തിരുരക്തവും ഞങ്ങൾക്ക് ശിക്ഷാവിധിക്കും പ്രതികാരത്തിനുമായിത്തീരരുതേ; പിന്നെയോ, ഞങ്ങളെല്ലാവരുടെയും നിത്യജീവനും രക്ഷയ്ക്കുമായി ഭവിക്കണമേ. ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.

ഭൂവാകെ നമിക്കും നിന്നെ
എല്ലാ നാവും സ്തുതി പാടും
കബറടഞ്ഞോർ നൽ ശരണം നീയേ
മൃതർ തന്നുയിർപ്പും നീ തന്നെ, ഹാലേലുയ്യാ.

**ഉപകാരസ്മരണ**

നല്ലവനും എത്രയും മാധുര്യവാനുമായ യേശുവേ, ഇതാ ഞാൻ തിരുമുമ്പിൽ മുട്ടുകുത്തുന്നു. "എന്റെ കൈകളും കാലുകളും അവർ തുളച്ചു. എന്റെ അസ്ഥികൾ എല്ലാം അവർ എണ്ണി" എന്ന് തിരുമൊഴിയായി ദാവീദു ദീർഘദർശി പറഞ്ഞുവെന്നത് എന്റെ കൺമുമ്പാകെ ദർശിച്ച് വലിയ പക്ഷത്തോടും

ദുഃഖത്തോടുംകൂടി നിന്റെ അഞ്ചു തിരുമുറിവുകളെ എന്റെ മനസ്സിൽ ഓർത്തു ചിന്തിക്കുന്ന ഇപ്പോൾ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളുടെ ജീവനുള്ള ഉണർവുകളും എന്റെ പാപങ്ങളെപ്പറ്റി പൂർണമനസ്താപവും അവയെ പരിഹരിക്കുവാൻ തക്ക സ്ഥിരതയുള്ള മനസ്സും എന്റെ ഹൃദയത്തിൽ പതിച്ചരുളണമെന്ന് എത്രയും വലിയ മനഃശുഷ്ക്കാന്തിയോടെ നല്ല യേശുവേ, നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

# 39

## പിശാചുബാധിതർക്കുവേണ്ടിയുള്ള പ്രാർത്ഥന

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥനേശുവിനെ ആരാധിക്കുന്നേ
ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ

ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകൾ ഒഴിയും ആരാധനയിങ്കൽ

അപ്പസ്തോലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ

### കൗമാ

**വേദവായന:** മർക്കോ 9: 25–27

ജനങ്ങൾ ഓടിക്കൂടുന്നതു കണ്ട് യേശു അശുദ്ധാത്മാവിനെ ശകാരിച്ചു. മൂകനും ബധിരനുമായ ആത്മാവേ, നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു, അവനിൽനിന്നു പുറത്തു പോവുക. ഇനിയൊരിക്കലും അവനിൽ പ്രവേശിക്കരുത്. അപ്പോൾ അവനെ ശക്തിയായി നിലത്തു തള്ളിയിടുകയും ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്തുകൊണ്ട് അതു പുറത്തുപോയി. ബാലൻ മരിച്ചവനെപ്പോലെയായി. അവൻ മരിച്ചുപോയി എന്നു പലരും





പറഞ്ഞു. യേശു അവനെ കൈയ്ക്കു പിടിച്ചുയർത്തി. അവൻ എഴുന്നേറ്റിരുന്നു.

### പ്രാരംഭ പ്രാർത്ഥന

സർവ ശക്തിയുള്ള പിതാവും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമായ ദൈവമേ, നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ ദാസനിൽ (ദാസിയിൽ)നിന്ന് ദുരാത്മാക്കൾ ഒഴിഞ്ഞുമാറുന്നതിനുവേണ്ടി നിന്റെ കരുണയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന കേട്ട് സാത്താന്റെ സകല ശക്തിയേയും വ്യാപാരത്തേയും നിന്റെ ദാസനിൽ (ദാസിയിൽ) നിന്ന് വിരോധിക്കണമേ. നിന്റെ സൃഷ്ടിയെ ഉപദ്രവിക്കുന്ന ദുരാത്മാവിനെ നീ ശാസിച്ച് ബഹിഷ്ക്കരിക്കണമേ. ഗോദോർ ദേശത്തുവച്ച് മനുഷ്യരെ ബാധിച്ചിരുന്ന പിശാചുക്കളെ പന്നികൾ മുഖാന്തരം സമുദ്രത്തിന്റെ അഗാധത്തിലേക്ക് അയച്ചവനായ കർത്താവേ! ഈ ദാസനെ (ദാസിയെ) ബാധിച്ചിരിക്കുന്ന പിശാചിനെ നീ പുറത്താക്കണമേ. നിന്നെ പരീക്ഷിക്കാൻ ധൈര്യപ്പെട്ട പിശാചിനോട് "സാത്താനേ പോകുക" എന്നു കല്പിച്ചുകൊണ്ട് കീഴടക്കിയ കർത്താവേ! ഈ ദാസനിൽ (ദാസിയിൽ) വസിക്കുന്ന പിശാചിനെയോ പിശാചുക്കളെയോ നീ ബഹിഷ്കരിക്കണമേ. ഇനിയും ഇവനിൽ (ഇവളിൽ) ദുരാത്മാക്കൾ പ്രവേശിക്കാതെ നിന്റെ മഹാശക്തിയാൽ (ഇവനെ) കാത്തുകൊള്ളണമേ. നീ അനുവദിക്കാതെ നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ പ്രവേശിക്കുവാൻ കഴിയാത്തവരായ പിശാചുക്കൾ ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങളിൽ പ്രവേശിക്കുവാൻ നീ അനുവദിക്കരുതേ. നിന്റെ തിരുരക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന നിന്റെ ദാസനിൽ (ദാസിയിൽ) പിശാചുക്കൾ പ്രവേശിക്കുവാൻ നീ അനുവദിക്കരുതേ. നിന്റെ ആലയമായ ഇവനെ (ഇവളെ) പിശാചുക്കളിൽ നിന്ന് മോചിച്ച് ശുദ്ധീകരിച്ച് ഇവനിൽ (ഇവളിൽ) നീ തന്നെ വസിക്കണമേ. ഇവൻ ദുരാത്മാവിൽ നിന്നു വിമുക്തനായി സുബോധത്തോടെ നിന്റെ സന്നിധിയിൽ നില്ക്കുമാറാകണമേ. ഞങ്ങളും ഇവനും (ഇവളും)

നിന്റെ വന്ദ്യതിരുനാമത്തെയും വി.സ്ലീബായെയും തിരുവചനത്തെയും ആയുധമായി സ്വീകരിച്ചുകൊണ്ട് പിശാചുക്കളെ ലജ്ജിപ്പിക്കുവാൻ പ്രാപ്തരായിത്തീരുമാറകണമേ. ഞങ്ങളും ഇവനും (ഇവളും) ഒരുമിച്ച് കൃതജ്ഞതയോടെ പരിശുദ്ധ ത്രിത്വത്തെ ഇപ്പോഴും എല്ലായ്പ്പോഴും സ്തുതിച്ചു സ്തോത്രം ചെയ്വാൻ ഇടയാക്കണമേ. ആമ്മീൻ

(ഏറ്റു ചൊല്ലിക്കുന്നു)

............... (പേര്) ആയ ഞാൻ സാത്താനേ, നിന്നെയും നിന്റെ സകല സൈന്യങ്ങളെയും നിന്റെ സകല ദൂതന്മാരെയും നിന്റെ എല്ലാ വഞ്ചനയെയും നിന്നെക്കുറിച്ചുള്ള എല്ലാ ഭയത്തെയും ഉപേക്ഷിക്കുന്നു. (മൂന്നുപ്രാവശ്യം)

അനന്തരം മൂന്നു പ്രാവശ്യം വിശ്വാസവാചകം ഏറ്റു ചൊല്ലുകയും ചെയ്യുന്നു.

............... (പേര്) ആയ, മിശിഹാ തമ്പുരാനേ, നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽകൂടെ ദൈവികമായി നീ ഭരമേൽപിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണമായി വിശ്വസിക്കുന്നു.

സർവശക്തനായ പിതാവും...

## ആശീർവാദം

(നെറ്റിയിൽ)

പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കും പുകഴ്ചയ്ക്കും ഈ ദാസന്റെ/ ദാസിയുടെ സംരക്ഷണത്തിനുമായി ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ ഇവൻ (ഇവൾ) മുദ്രകുത്തപ്പെടുന്നു. ബാറെക്മോർ...

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)





# 40

## മരണാസന്നർക്കുവേണ്ടിയുള്ള പ്രാർത്ഥന

ഭാഗ്യനാട്ടിൽ പോകും ഞാൻ
എന്റെ ഭാഗ്യനാട്ടിൽ പോകും ഞാൻ
ഭാഗ്യനാട്ടിൽ ചെന്നു ശുദ്ധരോടൊത്തു ഞാൻ
യേശുവെ വാഴ്ത്തീടുമേ

### കൗമാ

**വേദവായന:** ഏശയ്യാ 57:1-2

നീതിമാൻ മരിക്കുന്നു. ആരും അതു ഗൗനിക്കുന്നില്ല. ഭക്തരും മരിക്കുന്നു; ആരും അതേപ്പറ്റി ചിന്തിക്കുന്നില്ല. നീതിമാൻ അനർത്ഥത്തിനു മുമ്പെ കടന്നുപോകുന്നു. അതു ആരും ഗ്രഹിക്കുന്നുമില്ല. അവർ സമാധാനത്തിലേക്കു പ്രവേശിക്കുന്നു. നേരായി നടക്കുന്നവരൊക്കെയും അവനവന്റെ കിടക്കയിൽ വിശ്രമം പ്രാപിക്കുന്നു.

അല്ലെങ്കിൽ

2 കൊരി 5:4-10

ഈ കൂടാരത്തിൽ ആയിരിക്കുമ്പോൾതന്നെയും ഞങ്ങൾ ഉത്കണ്ഠാകുലരായി നെടുവീർപ്പിടുന്നു. മൃത്യുവശഗമായതു ജീവനാൽ ഗ്രസിക്കപ്പെടേണ്ടതിന് പഴയതു മാറ്റിക്കളയാനല്ല, പുതിയത് ധരിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യത്തിനായി ഞങ്ങളെ ഒരുക്കിയത് ആത്മാവിനെ അച്ചാരമായി ഞങ്ങൾക്കു നൽകിയ ദൈവമാണ്. ഞങ്ങൾക്ക് എല്ലായ്പ്പോഴും നല്ല ധൈര്യമുണ്ട്. ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം കർത്താവിൽനിന്ന് അകലെയാണെന്ന് ഞങ്ങൾ അറിയുന്നു. എന്തെന്നാൽ, ഞങ്ങൾ നയിക്കപ്പെടുന്നത് വിശ്വാസത്താലാണ്, കാഴ്ചയാലല്ല. ഞങ്ങൾക്ക് നല്ല ധൈര്യമുണ്ട്. ശരീരത്തിൽനിന്ന് അകന്നിരിക്കാനും കർത്താവിനോട് അടുത്തിരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. അടുത്തായാലും അകലെയായാലും അവിടുത്തെ പ്രസാദിപ്പിക്കുക എന്നതാണ് ഞങ്ങ

ളുടെ ലക്ഷ്യം. എന്തുകൊണ്ടെന്നാൽ, ഓരോരുത്തരും തങ്ങളുടെ ശാരീരികതയിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്കു പ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വരണം.

കാർമ്മി : ശുബ്ഹോ...
ജനം : ബലഹീനരും...

## പ്രാർത്ഥന

ദീർഘക്ഷമയുള്ളവനും, കാരുണ്യവാനും, ആശ്വാസദായകനും, നിന്നിൽ വിശ്വസിക്കുകയും ശരണപ്പെടുകയും ചെയ്യുന്നവരെ പരിരക്ഷിക്കുന്നവനുമായ കർത്താവേ, സത്യവിശ്വാസവും ക്രിസ്ത്യാനിക്ക് ഉചിതമായ പ്രത്യാശയും നിറഞ്ഞ ഈ ദാസന് നിന്റെ കാരുണ്യംമൂലം നിത്യശാന്തി നീ പ്രദാനം ചെയ്യേണമേ. നിന്റെ മഹത്ത്വത്തിൽ ഇവനെ നീ സന്ദർശിക്കണമേ. ഇവന്റെ ആത്മാവ് ഉത്തമ ന്യായാധിപനായ നിന്റെ സന്നിധിയിൽ എത്തിച്ചേരട്ടെ. നിന്റെ ഏകപുത്രന്റെ തിരുരക്തത്താൽ ഇവനെ സകല കറകളിൽനിന്നും കഴുകിവെടിപ്പാക്കണമേ. ഇവന്റെ കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും ലഭിക്കുവാൻ ഞങ്ങളുടെ കർത്താവായ യേശുമിശിഹാ മുഖാന്തരം നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഏറ്റുചൊല്ലിക്കുന്നു

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിന്നിൽ ഞാൻ അഭയം പ്രാപിക്കുന്നു. ആമ്മീൻ

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിന്നിൽ ഞാൻ വിശ്വസിക്കുന്നു. ആമ്മീൻ

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിന്നിൽ ഞാൻ ആശ്രയിക്കുന്നു. ആമ്മീൻ

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു. ആമ്മീൻ





പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, തൃക്കൈകളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു. ആമ്മീൻ.

## മരണസമയത്തേക്കുള്ള അപ്പോസ്തോലികാശീർവാദം

തന്റെ ശിഷ്യൻമാർക്ക് ബന്ധിക്കുന്നതിനും അഴിക്കുന്ന തിനും അധികാരം കൊടുത്ത ജീവനുള്ള ദൈവത്തിന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുമിശിഹാ നിന്റെ അനുതാപ സമ്പൂർണമായ ഏറ്റുപറച്ചിൽ സ്വീകരിക്കുകയും മാമ്മോദീസായിൽ നീ സ്വീകരിച്ച പവിത്രത നിനക്ക് വീണ്ടും പ്രദാനം ചെയ്യുകയും ചെയ്യട്ടെ. എന്റെ ബലഹീനതയിൽ സർപ്പിതമായിരിക്കുന്ന പൂർണ ശ്ലൈഹികാധികാരംമൂലം നിന്റെ സകലപാപങ്ങൾക്കും മോചനം ഞാൻ നൽകുകയും പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ നിന്നെ ആശീർവദിക്കുകയും ചെയ്യുന്നു. സർവശക്തനായ ദൈവം കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ഈ താൽക്കാലിക ജീവിതത്തിലെ എല്ലാ ശിക്ഷകളിൽ നിന്നുള്ള വിമുക്തിക്കും നിന്നെ അർഹനാക്കുകയും പറുദീസായുടെ വാതിലുകൾ നിനക്കു നിത്യമായി തുറന്നു തരികയും നിത്യസൗഭാഗ്യത്തിലേക്ക് നിന്നെ ആനയിക്കുകയും ചെയ്യുമാറാകട്ടെ. പിതാവും ✠ പുത്രനും ✠ പരിശുദ്ധാത്മാവുമായ ✠ സർവശക്തനായ ദൈവം എന്നേയ്ക്കും നിന്നെ അനുഗ്രഹിക്കുമാറാകട്ടെ. ആമ്മീൻ

## വിശ്വാസപ്രമാണം

## ആത്മാവു വേർപിരിയുമ്പോൾ

കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളണമെ.

സർവശക്തനായ ദൈവത്തിന് ഇഷ്ടഭാജനങ്ങളായ സകല പരിശുദ്ധന്മാരുമേ, ഞങ്ങളുടെ ഈ സഹോദരന്റെ

(സഹോദരിയുടെ) സഹായത്തിനായി വേഗം വരണമേ. മാലാഖമാരുടെ സകല കൂട്ടങ്ങളുമേ, ഞങ്ങളുടെ ഈ സഹോദരന്റെ (സഹോദരിയുടെ) എതിരേല്പിനായി വന്ന് ഈ ആത്മാവിനെ ഏറ്റുവാങ്ങി കർത്താവിന്റെ സന്നിധിയിൽ നിറുത്തണമേ. ഈ താല്ക്കാലിക ജീവിതം വിട്ടകന്നുപോകുന്ന ആത്മാവേ, കൃപാസമുദ്രമായ മിശിഹാകർത്താവ് ഇന്നു നിന്നെ പരിശുദ്ധന്മാരുടെ ഇടയിലേക്കു വിളിക്കുകയും ദൈവ സന്നിധിയിലേക്കു പ്രവേശിപ്പിക്കുകയും മാലാഖമാർ നിന്നെ അബ്രഹാമിന്റെ മടിയിലേക്കു കൂട്ടിക്കൊണ്ടുപോകുകയും എന്നേക്കും അവിടെ വസിപ്പിക്കുകയും ചെയ്യും. ആമ്മീൻ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ രാജ്യത്തിൽ നിന്റെ പരിശുദ്ധന്മാരോടുകൂടെ നീ എഴുന്നള്ളുമ്പോൾ ഞങ്ങളെയും ഓർത്തുകൊള്ളണമേ. ആമ്മീൻ.

കർത്താവേ, ഈ ആത്മാവ് അതിന്റെ രക്ഷയ്ക്കായി നോക്കിപാർത്തിരിക്കുന്ന സ്ഥലത്തേക്ക് നിന്റെ കരുണയാൽ എത്തിച്ചേരുമാറാകണമേ. ആമ്മീൻ.

കർത്താവേ, പാതാളസംബന്ധമായ ദുഃഖങ്ങളിൽനിന്നും അതിവേദനകളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും ഈ ആത്മാവിനെ നീ രക്ഷിച്ചുകൊള്ളണമേ. കർത്താവേ, ഹാനോക്കിനെയും ഏലിയായെയും ലൗകിക മരണത്തിൽനിന്നു രക്ഷിച്ചപ്രകാരം ഈ ആത്മാവിനെ രക്ഷിക്കണമേ. ആമ്മീൻ.

കർത്താവേ, ജലപ്രളയത്തിൽനിന്ന് നോഹിനെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ. കർത്താവേ, തന്റെ ശത്രുക്കളുടെ ഇടയിൽനിന്നും അബ്രഹാമിനെ വീണ്ടെടുത്ത പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, അബ്രഹാമിന്റെ ബലിയിൽനിന്നും ഇസഹാക്കിനെ രക്ഷിച്ചപ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, സോദോമിലെ അഗ്നിയിൽനിന്നും ലോത്തിനെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.





കർത്താവേ, മിസ്രേം രാജാവായ ഫറവോനിൽനിന്നും മോശയെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, സിംഹക്കുഴിയിൽനിന്നും ദാനിയേലിനെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, ബാബേലിലെ തീച്ചൂളയിൽനിന്നും മൂന്നു ബാലന്മാരെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, കള്ളസാക്ഷിക്കാരിൽനിന്നും സൂസന്നായെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, ശൗൽരാജാവിന്റെയും മല്ലനായ ഗോലിയാത്തിന്റെ കൈയിൽനിന്നും ദാവീദിനെ രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, കാരാഗൃഹത്തിൽനിന്നും പത്രോസിനെയും പൗലോസിനെയും രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

കർത്താവേ, രക്തസാക്ഷിണിയായ വി. തെക്ളായെ മൂന്നു കഠിന ഉപദ്രവങ്ങളിൽനിന്നും രക്ഷിച്ച പ്രകാരം ഈ ആത്മാവിനെ നീ രക്ഷിക്കണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, പരിശുദ്ധ മാതാവേ, നല്ല മരണത്തിന്റെ മധ്യസ്ഥനായ വി. യൗസേപ്പേ, ഈ ആത്മാവിന് ആശ്വാസവും അഭയവും ആശ്രയവും ആയിരിക്കണമേ. ആമ്മീൻ.

### മരണഘട്ടത്തിൽ

പ്രഭാ 22:11 " മരിച്ചവനെയോർത്ത് ഏറെ കരയേണ്ടാ. അവനു വിശ്രമം ലഭിച്ചു."

കർത്താവേ, ശരീരത്തിൽനിന്നുള്ള ആത്മാവിന്റെ വേർപാടിന്റെ ഈ സമയത്തു സങ്കടപ്പെടുന്നതായ ഈ രോഗിക്കു നിരപ്പിന്റെ സ്ഥാനപതിയെയും സമാധാനദൂതനെയും നല്ല വഴികാട്ടിയേയും നീ അയച്ചുകൊടുക്കണമേ. നിന്റെ കരുണയാൽ

ഈ ആത്മാവിനെ ദർശിക്കുകയും നിന്റെ മനോഗുണത്താൽ ഈ ആത്മാവിനു പുണ്യം നൽകുകയും ചെയ്യണമേ. ജീവനുള്ള വരുടെയും മരിച്ചവരുടെയും നാഥനായ പിതൃപുത്രപരിശുദ്ധാ ത്മാവേ, നിന്റെ തിരുനാമത്തെ സ്തോത്രം ചെയ്യുവാനായി ബന്ധ നത്തിൽനിന്ന് ഈ ആത്മാവിനെ പുറപ്പെടുവിക്കണമെന്ന് ഞെരുക്കദിവസത്തിൽ സങ്കീർത്തകനോടുകൂടെ നിന്നോട് അഭ്യർത്ഥിക്കട്ടെ.

# 41

# മരിച്ചവർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥനകൾ

## 1. ആചാര്യന്മാർ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ ശരണത്തിൽ മുൻകൂട്ടി നിദ്രപ്രാപിച്ച് നിന്റെ സ്വർഗീയ വാഗ്ദാനങ്ങൾക്കായി നോക്കിപ്പാർത്തിരിക്കുന്ന നിന്റെ ദാസന്മാരും ആരാധകരുമാ യവരെ നീ അനുകൂലമാക്കി ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും എന്നേയ്ക്കും ഞങ്ങളുടെ വർഗത്തിന്റെ നവീകരണത്തിനുമായി വരുവാനിരിക്കുന്നവനുമായ മിശിഹാതമ്പുരാനേ, ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും അർപ്പിക്കുമാറാകണമേ. മോറാൻ...

### കുക്കിലിയോൻ (ഏഴാം രാഗം)

കാർമി : ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ-ഹാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിനെയോർത്ത്.





ജനം : നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-ഹാ
എൻ നിയമത്തെയും ഞാൻ ഉപദേശിക്കും
സാക്ഷ്യമിതും. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : മെൻഓലം...

### എക്ബോ

ശുചിയോടു ശുദ്ധ്യാ ബെസ്ക്കുദിശാ
സ്പർശിച്ചുള്ള പാദങ്ങൾ
പറുദീസിൻ വാതിൽ പൂകി
വാനവരൊത്തു വസിക്കേണം.

ശുശ്രൂ : സ്തൗമെൻ കാലോസ്.

ജനം : കുറിയേലായിസ്സോൻ.

കാർമി : നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും...

### പ്രുമിയോൻ

പ്രധാന പുരോഹിതനും, താലന്തുകൾ വിഭജിച്ചുകൊടുക്കു ന്നവനും മനുഷ്യമക്കളെ കുപ്പയിൽനിന്ന് തന്റെ സിംഹാസന ത്തിലേക്കുയർത്തി തന്റെ ശ്രീഭണ്ഡാരത്തിന്മേൽ അധികാരം നൽകുന്നവനുമായ കർത്താവിന് സ്തുതി. നിന്റെ ദാസനും ഞങ്ങളുടെ വന്ദ്യപിതാവുമായ (......................) ഓർമ്മ കഴിക്കപ്പെ ടുന്ന ഈ സമയത്തും (തന്റെ ആചാര്യന്റെ അനുസ്മരണ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും) എല്ലാ പെരുന്നാളുക ളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹു മാനവും ആരാധനയും അവനു യോഗ്യമാകുന്നു. ആമ്മീൻ

### സെദറാ

ഞങ്ങളുടെ കർത്താവായ യേശുമിശിഹായായ ദൈവമേ, വെടിപ്പോടും വിശുദ്ധിയോടുംകൂടെ തിരുമുമ്പാകെ ശുശ്രൂഷ നട

ത്തിയിട്ടുള്ള ഞങ്ങളുടെ (...............) വേണ്ടിയും എല്ലാ ശ്രേഷ്ഠാചാര്യന്മാർക്കും, ആചാര്യന്മാർക്കും, നിർമ്മലരായ ശെമ്മാശന്മാർക്കുവേണ്ടിയും അശുദ്ധരും നിന്റെ ദാസരുമായ ഞങ്ങൾ നിന്റെ ദയയോട് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അവരെ നീ ന്യായം വിധിക്കരുതേ. കർത്താവേ, നിന്റെ വിശുദ്ധ മദ്ബഹായുടെ പടികളിൽ ചവിട്ടിയിട്ടുള്ള കാലുകൾ അഗ്നിക്കനലുകളിൽ ചവിട്ടുവാൻ നീ വിട്ടുകൊടുക്കരുതേ. കർത്താവേ, നിനക്ക് ആത്മീക കീർത്തനങ്ങൾ പാടിയിട്ടുള്ള വായ്കളും നാവുകളും അടച്ചുപൂട്ടിയവയായിത്തീരുവാൻ തക്കവണ്ണം അവയെ മൗനമാക്കരുതേ. നിന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നോക്കിയിട്ടുള്ള കണ്ണുകൾ ചിതലിനും പുഴുവിനും കൂടുകളായി ഭവിക്കുമാറ് അവയെ അന്ധകാരമയമാക്കിത്തീർക്കരുതേ.

കർത്താവേ, വിശുദ്ധങ്ങളും വന്ദ്യങ്ങളുമായ നിന്റെ രഹസ്യങ്ങൾ ആഘോഷിച്ചിട്ടുള്ള കൈകൾ അഗ്നിയാൽ ചുരുട്ടപ്പെടുവാൻ നീ ഇടയാക്കരുതേ. കർത്താവേ, അവർക്കുവേണ്ടിയുള്ള ഞങ്ങളുടെ ബലഹീനമായ പ്രാർത്ഥനകൾ കേട്ട് ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള സകല തെറ്റുകളും പാപങ്ങളും നീ പരിഹരിച്ച് മോചനം നൽകണമേ. നീ ഉത്തമനും നൽവരങ്ങളിൽ സമ്പന്നനും ദാനങ്ങളുടെ ഉറവിടവുമാകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും...

അല്ലെങ്കിൽ

## പ്രുമിയോൻ

അഗ്നിമയന്മാരായ ശുശ്രൂഷകരാൽ സേവിക്കപ്പെടുന്ന സ്വർഗീയ മഹാപുരോഹിതനായ കർത്താവിന് സ്തുതി. നീതീകരണം നൽകാൻ തന്റെ ദൈവത്വത്തെ പ്രീതിപ്പെടുത്തുന്ന ബലികൾ അർപ്പിക്കുവാൻ മൺമയരും മരണമുള്ളവരുമായ മനുഷ്യരിൽനിന്ന് തന്റെ ശുശ്രൂഷയ്ക്കായി ആചാര്യന്മാരെയും പ്രധാനാചാര്യന്മാരെയും അവൻ നിയമിച്ചു. അങ്ങനെ അവരെ അവൻ ബഹുമാനിക്കുകയും ആത്മീയ വരങ്ങളാൽ അലങ്കരിക്കുകയും ചെയ്തു. മനുഷ്യവർഗത്തിന്മേൽ നിശ്ചയിക്കപ്പെട്ട മരണത്തിന്റെ വിധിതീർപ്പാൽ താൽക്കാലിക ജീവിതത്തിൽ നിന്ന് അവരെ അവൻ വിമുക്തരാക്കുന്നു. അത് മരണമുള്ള എല്ലാവർക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന അന്ത്യം അവർ പ്രാപിക്കുവാനും വാഗ്ദാനം ചെയ്യപ്പെട്ട അനശ്വര ജീവിതത്തിലേക്ക് യാത്രയാകുന്നതിനും സ്വീകാര്യബലികൾ സ്വർഗീയ യെറുശലേമിൽ അവനു സമർപ്പിക്കുന്നതിനും വേണ്ടിയത്രേ. അവരുടെ ഓർമ്മ നിർവഹിച്ചുകൊണ്ട് ഞങ്ങളും അവരുടെ പ്രാർത്ഥനകളാൽ അനുഗ്രഹവും അവരുടെ തിരുശേഷിപ്പുകളിൽനിന്ന് പാപപരിഹാരവും പ്രാപിക്കുവാൻ യോഗ്യരായിത്തീരുന്നു. തന്റെ ആചാര്യന്റെ അനുസ്മരണ നിർവഹിക്കപ്പെടുന്ന ഈ സമയത്തും...

## സെദറാ

മഹോന്നതനും വിസ്മയനീയനും സർവസൗഭാഗ്യവാനും യഥാർത്ഥ പ്രധാനാചാര്യനും ഉത്തമ ഇടയനും ആയ ദൈവമേ, ഞങ്ങൾ നിന്റെ മനുഷ്യസ്നേഹത്തോട് പ്രാർത്ഥിക്കുന്നു. ബലഹീനമായ ഞങ്ങളുടെ പ്രകൃതിയുടെ കഴിവനുസരിച്ച് തിരുമുമ്പാകെ ഈ ദാസൻ നിർവഹിച്ച ജാഗരണങ്ങൾക്കും പ്രാർത്ഥനകൾക്കും പകരമായി സന്തോഷകരമായ നിന്റെ എതിരേൽപിൽ ഈ ആചാര്യനെ സ്വീകരിക്കണമേ. നിന്റെ വിശുദ്ധ ബലിപീഠത്തിന്റെ മുമ്പാകെ ഈ ആചാര്യൻ അർപ്പിച്ചിട്ടുള്ള ബലികൾക്കും നേർച്ച കാഴ്ചകൾക്കും പകരം സന്തോഷവും സൗഭാഗ്യവും നൽകണമേ. സ്വർഗീയമായ നിന്റെ മഹാവിശുദ്ധസ്ഥലത്ത് ഈ ദാസന്റെ ആത്മാവിനെ വസിപ്പിക്കണമേ. സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊണ്ടും, മാലാഖമാർക്കടുത്ത ആഹ്ലാദം പ്രതീക്ഷിച്ചുകൊണ്ടും അവിടെയുള്ള ശ്രേഷ്ഠന്മാരുടെ കൂട്ടത്തിൽ വസിക്കുമാറാകണമേ.

കർത്താവേ, പാപികളായ ഞങ്ങൾ ഈ ആചാര്യനുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനകൾ തിരുവുള്ളമുണ്ടായി സന്തോഷത്തോടെ സ്വീകരിക്കണമേ. വിശുദ്ധ കൂദാശാനുഷ്ഠാനകരിൽ സ്തുത്യരും ശ്രേഷ്ഠരുമായവരോടുകൂടെ ഈ ദാസനെ ആശ്വസിപ്പിക്കണമേ. ഏതെങ്കിലും തരത്തിൽ ഈ ആചാര്യനിൽ പുരണ്ടിട്ടുള്ള മലിനതയും കറയും തിരുമുമ്പാകെ ഈ ആചാര്യൻ അനുഷ്ഠിച്ചിട്ടുള്ള വിശുദ്ധ കൂദാശകളുടെ പുണ്യദായകമായ കൃപയാൽ കഴുകി വെടിപ്പാക്കണമേ. നിന്റെ പ്രാഭവത്തിൻ മുമ്പാകെ ഈ ആചാര്യനെ നിറുത്തണമേ. വിശുദ്ധരോടും സ്വർഗീയ സേനകളോടും ചേർന്ന് ഞങ്ങൾ നിന്നെയും നീ മുഖാന്തരം നിന്നോടുകൂടെ നിന്റെ പിതാവിനെയും സൗഭാഗ്യദായകമായ കരുണയുടെ ഉറവിടവും സാരാംശത്തിൽ നിന്നോടു സമനുമായ നിന്റെ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിക്കുമാറാകണമേ.

### കോലോ

ദൈവം സൃഷ്ടിച്ചാദത്തെ
സ്രഷ്ടാവൊടു തുല്യം സൃഷ്ടി-
യായ് മൺമയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു-
ന്നതു കാൺമാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേമേവി
കൂറുന്നീറേന്മാർ
മണ്ണിനുയർച്ചയിലാശ്ചര്യം. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്ക്കറിയാവരെ നൽകീ മൂശ
നിത്യാചാര്യനാമീശോ





സർവലോകോദ്ധാരണാർത്ഥം
നൽകീ തൻ ശ്ലീഹന്മാർക്കും
നാനാ ഭൂമിവിഭാ-
ഗങ്ങൾക്കേകി ശ്ലീഹന്മാർ. മെൻഓലം...

നിൻ ഗാത്രം കൈക്കൊണ്ടും നിൻ-
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാ പ്രാപ്തന്മാരോർക്ക-
പ്പെടണം സ്വർഗീയോർശ്ലേമിൽ
നീ സിംഹാസനമിതേറി
ദുഷ്ടരെ വേറാക്കുന്നേരം
സന്തുഷ്ടന്മാരാ-യവർ നിൻ വലമായ് നില്ക്കേണം.
മൊറിയൊ റാഹേം...

അല്ലെങ്കിൽ

നാഥാ നൽകീടുക-പുണ്യം-ഹാലേലുയ്യാ
പള്ളികൾ ദയറാകളിൽ നിന്നെ ആയുഷ്ക്കാലെ
പരികർമ്മിച്ചോരാചാര്യർ ശെമ്മാശന്മാർക്കായ്
കരമതിൽ നിൻ തിരുമെയ് നിണമവരാഘോഷിച്ചാർ
കടമെല്ലാം നീങ്ങിടുവാനായ് മദ്ബഹായതിനുള്ളിൽ
നിൻ തിരുമെയ് അവർ പിഴ പോക്കണമേ;
തവരുധിരം പാപം മായ്ക്കണമേ;
നിൻ വലഭാഗേ പാടുമവർ നാഥാ തേ! സ്തോത്രം.
ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ശ്ലീഹന്മാർ ശിരസ്സാം ശെമഓനോടായ് നാഥൻ
"കഹനൂസാ" പരമുര ചെയ്തോരതിമോഹന വചനം.
ഭവന വിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽകൾ നിൻ കൈകളിൽ നൽകി.
നീ ബന്ധിച്ചാൽ ഞാൻ ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും

പാപികൾ പേർക്കായ് യാചിക്കിൽ
നിൻ പ്രാർത്ഥന കേൾപ്പേൻ".

അല്ലെങ്കിൽ

കാർമി : നിർമ്മല മദ്ബഹായിൽ കർതൃ -
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ -
ന്നീറേന്മാർ ദേവാഗാരേ. ബാറെക്മോർ.

കാർമി : ശുബ്ഹോ...

ജനം : ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം. മൊറിയോ...

## ബോവൂസോ

(ക്ലീലെ ഗ്ദീലിൻ... എന്ന രീതി)

പരിചിൽ മുടഞ്ഞൊരു നൽമുടികൾ
ബലിപീഠത്തിലിരിപ്പുണ്ട്;
നിർമ്മലരായ് പരികർമ്മിപ്പോ-
രാചാര്യർക്കവ ചൂടീടും.

അല്ലെങ്കിൽ

(മ്ശീഹൊ ദീസെക്ക് - എന്ന രീതി)

ആചാര്യേശാ, മിശിഹാ, കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്ത്രോത്രം.

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച...(പേജ് 11)





# II. വിശ്വാസികൾ

കാർമി: ശുബ്ഹോ...

ജനം: ബലഹീനരും ...

## പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ ശരണത്തിൽ മുൻകൂട്ടി നിദ്രപ്രാപിച്ച് നിന്റെ സ്വർഗീയ വാഗ്ദാനങ്ങൾക്കായി നോക്കി പ്പാർത്തിരിക്കുന്ന നിന്റെ ദാസന്മാരും ആരാധകരുമായവരെ നീ അനുകൂലമാക്കി ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും എന്നേക്കും ഞങ്ങ ളുടെ വർഗത്തിന്റെ നവീകരണത്തിനുമായി വരുവാനിരിക്കുന്ന വനുമായ മിശിഹാതമ്പുരാനേ, ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും അർപ്പിക്കും. (മോറാൻ വാലോഹാൻ ല്ഒൽമീൻ). ആമ്മീൻ.

## കുക്കിലിയോൻ

കാർമി :മക്കളിലപ്പൻ കൃപ ചെയ്വതുപോലെ ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.

ജനം : പുല്ലിനു തുല്യം നരനുടെ നാൾകളഹോ ഹാലേലുയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ.

കാർമി: ശുബ്ഹോ...

ജനം: മെൻഓലം ...

## എക്ബോ

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്.

ശുശ്രൂ : സ്തൗമെൻ കാലോസ്

ജനം : കുറിയേലായിസ്സോൻ

കാർമി : നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം : കാരുണ്യവാനായ...

കാർമി : സ്തുതിയും സ്തോത്രവും

## പ്രുമിയോൻ

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മായിക്കുകയും ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ ബലിയാൽ ആദാമിന്റെ സകല മക്കളെയും പുണ്യമാക്കുകയും ചെയ്ത ഉത്തമനായ കർത്താവിനെ നാം ഓർത്ത് മഹത്ത്വപ്പെടുത്തണം. അവന് തന്റെ ദാസന്റെ (ദാസിയുടെ) ഓർമ്മകഴിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ...

## സെദറാ

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനുമായ കർത്താവേ, ഇന്ന് ഞങ്ങൾ ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ ആ നിന്റെ ദാസന്റെ (ദാസിയുടെ) ആത്മാവിനെ നീ കൈക്കൊള്ളണമേ. എന്റെ കർത്താവേ, നിന്റെ സ്നേഹിതന്മാരായ അബ്രഹാം, ഇസ്സഹാക്ക്, യാക്കോബ് എന്നിവരോടുകൂടെയും നിന്റെ തിരുവിഷ്ടം പ്രവർത്തിച്ച് നിന്നെക്കുറിച്ചുള്ള പ്രത്യാശയിൽ നിദ്രപ്രാപിച്ച സകല വിശ്വാസികളോടുകൂടെയും നിന്റെ പിതാവിന്റെ വാഴ്ത്തപ്പെട്ട ഭവനങ്ങളിൽ ഇവനെ (ഇവളെ) വസിപ്പിക്കണമേ. ഇവനെ (ഇവളെ) ഉയിർത്തെഴുന്നേല്പിച്ച് നിന്റെ വലത്തുഭാഗത്തു നിർത്തണമേ. ഞങ്ങളെല്ലാവരുടെയുംമേൽ നിന്റെ കരുണ ചൊരിയണമേ. ഞങ്ങളൊരുമിച്ച് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ





## കോലോ

രക്ഷകനേ, നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ-
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി. ബാറെക്മോർ.

കാർമി : ശുബ്ഹോ...

മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ-
മുകിലഴകിന്മേലാഘോഷിതനായീടുന്നു.
നയവാൻമാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മൊറിയൊ റാഹേം...

അല്ലെങ്കിൽ

ഉയിരേകുന്നോൻ രാജാ-വുയരത്തിൽ നിന്നെഴുന്നള്ളി
ജീവൻ മൃതരാ-മേവർക്കും നൽകുന്നു.
കബറുകളുള്ളിൽ നിന്നി-ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നെ സ്തുതി ചെയ്തീടുന്നു.
ബാറെക്മോർ.

കാർമി : ശുബ്ഹോ...

എന്റെ ശരീരം ഭക്ഷി-ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാനങ്ങെത്തീട്ടു മരിച്ചിതു ഞാൻ
എന്നും കർത്താ തന്നരുളിന്നു മഹത്ത്വം.
മൊറിയോ റാഹേം...

## ബോവൂസോ

മരമതിനുയരെ കർത്താവേ
കള്ളനു കിട്ടിയ നിന്റെ വരം

ത്രിത്വത്തെ സ്തുതിചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

അല്ലെങ്കിൽ

കരുണ നിറഞ്ഞവനേ, - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമേ
നിന്നിൽ ശരണത്താൽ-നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും-മൃതരിൽ കനിയണമേ
അവരബറാഹത്തി-ന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും-മടിയിൽ പാർക്കണമേ.
വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമേ.

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും സൃഷ്ടിച്ച...(പേജ് 11)

## 42

## പരേതരുടെ ഉപകരണങ്ങൾ ആശീർവദിക്കുന്നതിന്

### കൗമാ

**വേദവായന:** സംഖ്യ 19:18

വായനക്കാരൻ: ഒറൈത്തായുടെ അഞ്ചാം പുസ്തകത്തിൽ നിന്നും ബാറെക്മോർ

ജനം: ദീർഘദർശികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

പിന്നീട്, ശുദ്ധിയുള്ള ഒരാൾ ഹിസോപ്പെടുത്തു ആ വെള്ളത്തിൽ മുക്കി കൂടാരം, ഉപകരണങ്ങൾ എന്നിവയുടെ മേലും, അവിടെയുള്ള ആളുകൾ, അസ്ഥിയെയോ കൊല്ലപ്പെട്ട





വനെയോ ശവശരീരത്തെയോ, ശവക്കുഴിയെയോ സ്പർശി ച്ചവർ തുടങ്ങി എല്ലാവരുടെയുംമേൽ തളിക്കണം.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

തന്റെ ദാസനെ (ദാസിയെ) ഈ താല്ക്കാലിക ജീവിതത്തിൽ നിന്നും, ഞങ്ങളുടെ കൂട്ടത്തിൽ നിന്നും വേർപെടുത്തിയ ദൈവമായ കർത്താവേ! അവന്റെ (അവളുടെ) ആത്മാവിനെ നിന്റെ രാജ്യത്തിൽ ആശ്വസിപ്പിക്കണമേ. ഇവൻ (ഇവൾ) വിട്ടു പിരിഞ്ഞിരിക്കുന്ന പിതാക്കളെയും സഹോദരങ്ങളെയും ബന്ധുക്കളെയും ചർച്ചക്കാരെയും കുടുംബക്കാരെയും ദയാപൂർവം കടാക്ഷിക്കണമേ. അവനിൽ (അവളിൽ) നിന്നു ഞങ്ങളുടെ അടുക്കൽ അവശേഷിച്ചിരിക്കുന്ന ഉപകരണങ്ങളെയും വസ്ത്രങ്ങളെയും കരുണയോടെ അനുഗ്രഹിക്കണമേ. അപരിമിതമായ ദുഃഖത്തിനും ക്ലേശത്തിനും ഞങ്ങൾ വിധേയരാകുവാൻ ഇടയാകരുതേ. നിന്റെ സന്നിധിയിലേക്കു നീ വിളിച്ചു വരുത്തുകയും, നിന്റെ പ്രഭയാൽ പുഷ്ടിപ്പെടുത്തുകയും നിന്റെ മഹത്ത്വം അണിയിക്കുകയും ചെയ്യപ്പെട്ടിരിക്കുന്നവൻ(ൾ) എന്ന നിലയിൽ ഈ സഹോദരനെയും (സഹോദരിയെയും), ഇവനിൽ (ഇവളിൽ) നിന്ന് അവശേഷിക്കുന്ന വസ്തുക്കളെയും വീക്ഷിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. സകലത്തേയും പ്രതി എല്ലാവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും എന്നേക്കും അർപ്പിക്കുമാറാകണമേ. ആമ്മീൻ

വെള്ളം വാഴ്ത്തികൊണ്ട്

ഈ ഭവനത്തെയും ഇവയിലെ ഉപകരണങ്ങളെയും ശുദ്ധീകരിക്കുന്നതിനായി ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ

സ്ലീബായുടെ അടയാളത്താൽ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ)...

ആശീർവദിക്കപ്പെട്ട വെള്ളം കൊണ്ട് പ്രധാന വാതിൽ ആശീർവദിക്കുന്നു.

വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട്

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ ഈ ഭവനം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

തുടർന്ന് പരേതൻ ഉപയോഗിച്ചിരുന്ന കട്ടിലിന്മേലും മറ്റു ഉപകരണങ്ങളുടെമേലും ഭവനത്തിലെ എല്ലാ മുറികളിലും സന്നിഹിതരായിരിക്കുന്ന എല്ലാ വിശ്വാസികളുടെ മേലും ആശീർവദിക്കപ്പെട്ട ജലം തളിക്കുന്നു.

പരേതർക്കുവേണ്ടിയുള്ള കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 22-24)

## സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

# 43

# ഉദ്യോഗലബ്ധിക്കുവേണ്ടി

അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ





## കൗമാ

**വേദവായന:** മത്താ 7:7-12

ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവർ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നു കിട്ടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? അഥവാ, മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നൽകും. മറ്റുള്ളവർ നിങ്ങൾക്കു ചെയ്യാൻ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകന്മാരും.

## പ്രാർത്ഥന

സകല ജീവജാലങ്ങളെയും സംരക്ഷിക്കുന്ന കാരുണ്യവാനായ കർത്താവേ, നീ ഓരോരുത്തരുടെയും ആവശ്യങ്ങളും, ആഗ്രഹങ്ങളും കഷ്ടതകളും അറിഞ്ഞ്, സകലർക്കും ആവശ്യമായ നന്മ നൽകുന്നുവല്ലോ. ഈ നിന്റെ മകന്റെ (മകളുടെ) കഴിവുകളും ജ്ഞാനവും മറ്റുള്ളവർക്കു പ്രയോജനപ്പെടുന്ന തിനും, ഇവന്റെയും (ഇവളുടെയും) കുടുംബത്തിന്റെയും ജീവസന്ധാരണത്തിനും ഒരു ഉദ്യോഗം ഇവനു (ഇവൾക്ക്) ലഭിക്കുമാറാകണമേ. ജോലി നൽകുന്നതിന് കഴിവുള്ളവർ വേണ്ടവിധത്തിൽ അവരുടെ കർത്തവ്യങ്ങൾ നിർവഹിക്കു ന്നതിനും, അങ്ങനെ നിന്റെ മകനു (മകൾക്കു) തക്കതായ ജോലി കിട്ടുന്നതിനും സഹായിക്കണമേ. "യാചിപ്പിൻ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും" എന്നരുളി ചെയ്ത കർത്താവേ നിന്റെ മകൻ (മകൾ) ആഗ്രഹിക്കുന്ന നല്ല കാര്യം സാധിക്കുന്നതുവരെ നിരാശപ്പെ

ടാതെ പരിശ്രമിക്കുന്നതിനുള്ള സ്ഥിരോത്സാഹവും, പ്രത്യാശയും ഇവനു (ഇവൾക്ക്) നൽകണമേ. എന്തെല്ലാം പ്രയാസങ്ങളും കഷ്ടതകളും നേരിട്ടാലും നിരാശപ്പെടുന്നതിനോ നിരുത്സാഹപ്പെടുന്നതിനോ ഇടയാ കാതെ, എല്ലാ ഭാരങ്ങളും നിന്നിൽ സമർപ്പിക്കുന്നതിനും വിനയ പ്പെടുന്നതിനും നിന്റെ നടത്തിപ്പിന് വിധേയപ്പെടുന്നതിനും നിന്റെ മകന് (മകൾക്ക്) സംഗതിയാക്കണമേ. ഇന്നുവരെ ഞങ്ങളെ വഴി നടത്തിയ നിന്റെ കൃപയ്ക്ക് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ ഭാവിയെ തൃക്കരങ്ങളിൽ ഞങ്ങൾ ഭരമേല്പി ക്കുകയും ചെയ്യുന്നു. ഈ നിന്റെ മകന് (മകൾക്ക്) കൊടുക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിന്നെ എന്നാളും മഹത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ.

കരുണ നിറഞ്ഞ ദൈവമാതാവേ, പരിശുദ്ധന്മാരേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ. ആമ്മീൻ.

### ആശീർവാദം

ഉദ്യോഗാർത്ഥിയുടെ തലയിൽ കൈവെച്ച് മൗനമായി പ്രാർത്ഥിച്ചശേഷം റൂശ്മാ ചെയ്യുന്നു.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തിക്കൊണ്ട് ഈ ദാസൻ (ദാസി) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)





# 44
# ഉദ്യോഗമോ വലിയ അനുഗ്രഹങ്ങളോ ലഭിക്കുമ്പോൾ

ദൈവസ്നേഹം വർണിച്ചീടാൻ വാക്കുകൾ പോരാ
നന്ദിചൊല്ലി തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ

സ്വന്തമായൊന്നുമില്ല സർവതും നിൻദാനം
സ്വസ്ഥമായ് ഉറങ്ങീടാം സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം നേടാനായാലും
ആത്മം നഷ്ടമായാൽ ഫലമെവിടെ

### കൗമാ

**വേദവായന:** നിയമാ 30:15-16

വായനക്കാരൻ: ഒറൈത്തായുടെ അഞ്ചാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്ര ഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ഇതാ ഇന്നു ഞാൻ നിന്റെ മുൻപിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു. ഇന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നതനുസരിച്ച്, നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ മാർഗത്തിൽ ചരിക്കുകയും ചെയ്താൽ നീ ജീവിക്കും. നീ കൈവശമാക്കാൻ പോകുന്ന ദേശത്ത് നിന്റെ ദൈവമായ കർത്താവു നിന്നെ അനുഗ്രഹിച്ചു വർദ്ധിപ്പിക്കും.

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

## പ്രാർത്ഥന

എല്ലാ നല്ലദാനങ്ങളും തികഞ്ഞ വരമൊക്കെയും നൽകുന്ന കർത്താവേ, നിന്റെ മകന് (മകൾക്ക്) നൽകിയ വിജയത്തിനും ഉന്നതിക്കും വേണ്ടി നന്ദി നിറഞ്ഞ ഹൃദയത്തോടെ നിന്നെ സ്തോത്രം ചെയ്യുന്നു. മിസ്രേമിന്റെ അടിമത്വത്തിൽ നിന്ന് പാലും തേനും ഒഴുകുന്ന കാനാനിലേക്ക് ഇസ്രായേല്യരെ വഴിനടത്തിയത് അവരുടെ യോഗ്യതമൂലമല്ല. അതുപോലെ അവരുടെ പിതാവായ യാക്കോബിനെ ഹാരാനിലേക്കുള്ള പലായനത്തിൽ അനുഗ്രഹിച്ചത് വാഗ്ദാനങ്ങൾ പൂർത്തീകരിക്കുവാനായിരുന്നുവല്ലോ. അവന് യോഗ്യത ഉണ്ടായിട്ടല്ല. "നീ പ്രവേശിക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും; നിന്റെ സന്തതി ഭൂമിയിലെ മണൽപോലെ എണ്ണമറ്റവരായിരിക്കും. നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും. നീ മുഖാന്തിരവും നിന്റെ സന്തതി മുഖാന്തിരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും'' എന്നിങ്ങനെ അനുഗ്രഹിച്ചതുപോലെ ഇപ്പോൾ നിന്റെ മകൻ (മകൾ) അയോഗ്യനെങ്കിലും നീ ഇവനെ (ഇവളെ) അനുഗ്രഹിച്ചിരിക്കുന്നു. നിന്നോടുള്ള നന്ദിയാൽ ഇവൻ (ഇവളെ) നിറയുന്നതിനും മറ്റെല്ലാവർക്കും ഇവൻ ഒരു അനുഗ്രഹമായി തീരുന്നതിനും ഇവനെ സഹായിക്കണമേ. ഈ സമ്പത്തിനെ നിന്റെ ദാനമായി മാത്രം കാണുന്നതിനും, സമ്പത്തിന് അടിമയാകാതിരിക്കുന്നതിനും, ദരിദ്രരെ പുച്ഛരിക്കാതെ അവർക്ക് സഹായം ചെയ്യുന്നതിനും കൂടുതൽ ഉത്തരവാദിത്വബോധത്തോടെയും ആത്മാർത്ഥതയോടെയും വേല ചെയ്യുന്നതിനും ഇവനെ (ഇവളെ) സഹായിക്കണമേ. ഞങ്ങളും ഇവനും (ഇവളും) നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും എന്നാളും മഹത്ത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ





## ആശീർവാദം

തലയിൽ കൈവെച്ച് മൗനമായി പ്രാർത്ഥിച്ചശേഷം റൂശ്മാ ചെയ്യുന്നു.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തികൊണ്ട് ഈ ദാസൻ (ദാസി) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 45

# പുതിയ ജോലി ആരംഭിക്കുമ്പോൾ

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ
തിരുനാമമുണർന്നീടട്ടെ

നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ
അങ്ങേ വാഴ്വിനായ് മാത്രം തീരണമേ

## കൗമാ

### വേദവായന: മത്താ 6:19-21

ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുറന്നു മോഷ്ടിക്കും. എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ

മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും.

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

"ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കുകയും, നീ പോകേണ്ട വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന ദൈവമായ കർത്താവ് ഞാൻ ആകുന്നു" എന്ന് അരുളിചെയ്ത കർത്താവേ, ഞങ്ങൾ ഏർപ്പെടുന്ന ഏതൊരു ജോലിയും, സമൂഹത്തിന്റെ നന്മയ്ക്കായി നീ ഞങ്ങളെ ഏല്പിച്ചിരിക്കുന്ന കർത്തവ്യമായി കാണുവാൻ, ഞങ്ങൾക്ക് സംഗതിയാക്കണമേ. ഈ നിന്റെ ദാസൻ (ദാസി) പുതുതായി ആരംഭിച്ചിട്ടുള്ള വേല വിശ്വസ്തതയോടെ ചെയ്യത്തക്കവണ്ണം, ഈ നിന്റെ മകനെ (മകളെ) സഹായിക്കണമെ. ആത്മാർത്ഥമായി വേല ചെയ്ത്, എല്ലാവരുടെയും അഭിനന്ദനം നേടുവാൻ ഇവനെ (ഇവളെ) യോഗ്യനാ(യാ)ക്കണമേ. കൃത്യനിഷ്ഠയിലും സത്യസന്ധതയിലും പരസ്പര ബഹുമാനത്തിലും ഇവൻ (ഇവൾ) എല്ലാവർക്കും ഉത്തമ മാതൃകയായിരിക്കണമേ. സകലവും നിന്റെ മഹത്വത്തെയും, മനുഷ്യരുടെ നന്മയെയും കരുതി പ്രവർത്തിപ്പാൻ ഈ നിന്റെ മകനെ (മകളെ) സഹായിക്കണമേ. മേലുദ്യോഗസ്ഥന്മാർക്ക് കീഴടങ്ങി അച്ചടക്കം പാലിച്ചും സഹപ്രവർത്തകരുമായി സഹകരിച്ചും പ്രവർത്തിപ്പാൻതക്ക വിനയമുള്ള ഹൃദയം ഇവന് (ഇവൾക്ക്) നൽകണമേ. തെറ്റായ മാർഗങ്ങളിൽകൂടി അമിതാദായത്തിന് ശ്രമിക്കാതിരിക്കാൻ ഇവനെ (ഇവളെ) കാത്തുകൊള്ളണമേ. നിന്റെ മഹത്വത്തിനും നിന്റെ മക്കളുടെ നന്മയ്ക്കും ഉദാരമായി ദാനം ചെയ്യുന്നതിനുള്ള സന്നദ്ധതയും, ഇവന് (ഇവൾക്ക്) കൊടുക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ ഏകജാതനെയും നിന്റെ പരിശുദ്ധാത്മാവിനെയും എന്നാളും മഹത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ.





### ആശീർവാദം

ഉദ്യോഗം ലഭിച്ച ആളിന്റെ തലയിൽ കൈവെച്ച് മൗനമായി പ്രാർത്ഥിച്ചശേഷം റൂശ്മാ ചെയ്യുന്നു.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തികൊണ്ട് ഈ ദാസൻ (ദാസി) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 46

## തൊഴിൽപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ

എന്റെ ദൈവം മഹത്ത്വത്തിൽ
ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെയുള്ളം ചൊല്ലുന്നു (2)
നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ല
ഓരോനാളും ദൈവമെന്നെ പോറ്റുന്നു
തന്റെ കൈകളിൽ ഞാൻ
ദിനംതോറും ചാരുന്നു

### വേദവായന: ഉല്പ 13:8-14

വായനക്കാരൻ: ഒറൈത്തായുടെ ഒന്നാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: സൃഷ്ടിയുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

അബ്രാം ലോത്തിനോടു പറഞ്ഞു: നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരന്മാരാണ്. ഇതാ, ദേശമെല്ലാം നിന്റെ കൺമുമ്പിലുണ്ടല്ലോ. എന്നെപ്പിരിഞ്ഞുപോവുക. ഇടത്തുഭാഗമാണു നിനക്കു വേണ്ടതെങ്കിൽ ഞാൻ വലത്തേക്കു പൊയ്ക്കൊള്ളാം. വലത്തുഭാഗമാണു നിനക്കു ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്കു പൊയ്ക്കൊള്ളാം. ജോർദാൻ സമതലം മുഴുവൻ ഫലപുഷ്ടിയുള്ള ഭൂമിയാണെന്ന് ലോത്ത് കണ്ടു. അതു കർത്താവിന്റെ തോട്ടം പോലെയും സോവാറിനു നേരെയുള്ള ഈജിപ്തിലെ മണ്ണു പോലെയുമായിരുന്നു. കർത്താവ് സോദോമും ഗൊമോറയും നശിപ്പിക്കുന്നതിനുമുമ്പുള്ള അവസ്ഥയായിരുന്നു അത്. ലോത്ത് ജോർദാൻ സമതലം തിരഞ്ഞെടുത്തു. അവൻ കിഴക്കോട്ടു യാത്ര തിരിച്ചു. അങ്ങനെ അവർ തമ്മിൽ പിരിഞ്ഞു. അബ്രാം കാനൻ ദേശത്ത് താമസമാക്കി. ലോത്ത് സമതലങ്ങളിലെ നഗരത്തിലും വസിച്ചു. അവൻ സോദോമിനടുത്ത് കൂടാരമടിച്ചു. സോദോമിലെ ആളുകൾ ദുഷ്ടന്മാരും കർത്താവിന്റെ മുമ്പിൽ മഹാപാപികളുമായിരുന്നു

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

വിശ്വാസികളുടെ പിതാവായ അബ്രഹാമും സഹോദര പുത്രനായ ലോത്തും തമ്മിൽ ഭിന്നിക്കുന്നതിനോ കലഹിക്കുന്നതിനോ ഇടയാക്കാതെ സൗഹാർദ്ദപരമായി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇടയാക്കിയ ദൈവമായ കർത്താവേ, ഈ സ്ഥാപനത്തിൽ ഇപ്പോൾ സംജാതമായിരിക്കുന്ന പ്രശ്നങ്ങൾ സൗഹാർദ്ദപരമായി കൈകാര്യം ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. ധനത്തെക്കാൾ പ്രധാനം സ്നേഹബന്ധമാണെന്ന് ഗ്രഹിക്കുന്നതിനും നിന്റെ മക്കളായി എല്ലാ മനുഷ്യരെയും കാണുന്നതിനും ഇതിലെ പ്രവർത്തകരെ





സഹായിക്കണമേ. ഞങ്ങൾ മറ്റുള്ളവർക്ക് ഏതെങ്കിലും വിധത്തിൽ വേദനയുണ്ടാക്കുമ്പോൾ നിന്നെയാണ് വേദനപ്പെടുത്തുന്നതെന്നും മറ്റുള്ളവരെ ആശ്വസിപ്പിക്കുമ്പോൾ നിന്നെയാണ് സന്തോഷിപ്പിക്കുന്നതെന്നുമുള്ള ദർശനം ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ ആദർശങ്ങളും നയരൂപീകരണങ്ങളും നിന്റെ നിത്യനിയമങ്ങളായ നീതി, സ്നേഹം, സാഹോദര്യം എന്നിവയിൽ അധിഷ്ഠിതമായിരി ക്കണമേ.

സ്വാർത്ഥത, അഹങ്കാരം, ക്രൂരത, വിദ്വേഷം, ദ്രവ്യാഗ്രഹം എന്നിവയിൽ നിന്ന് ഒഴിഞ്ഞ് പരസ്പരസ്നേഹത്തിലും സഹിഷ്ണുതയിലും പ്രവർത്തിച്ച് പുരോഗതിയിലേക്ക് നീങ്ങുവാൻ ഇതിനെ നീ സഹായിക്കണമേ. ഇതിന്റെ ഉടമകളും തൊഴിൽ ചെയ്യുന്നവരും പൊതുസമൂഹത്തിന്റെ ഉത്കർഷത്തെ ലാക്കാക്കി പ്രവർത്തിക്കുന്നവരാകണമേ. തർക്കങ്ങളും മത്സരങ്ങളും സ്തംഭനങ്ങളും ഒഴിവാക്കി ഇതിനെ പൂർവാധികം ശക്തിപ്പെടുത്തണമേ. അമിതലാഭം, മടി തുടങ്ങിയ സാമൂഹ്യദൂഷ്യങ്ങൾ ഇവിടെ നിന്ന് നിശ്ശേഷം നീങ്ങി പോകണമേ. വിശ്വസ്തതയോടു കൂടെ ജോലി ചെയ്യുന്നതിനും, ജോലിക്കു തക്ക പ്രതിഫലം ലഭിക്കുന്നതിനും, സത്യസന്ധതയോടുകൂടി ക്രയവിക്രയങ്ങൾ നടത്തുന്നതിനും ഇവർക്കു സംഗതിയാക്കണമേ.

'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവമക്കൾ എന്നുവിളിക്കപ്പെടു'മെന്ന് അരുളിചെയ്ത കർത്താവേ, ഇപ്പോൾ ഈ സ്ഥാപനത്തിലെ തർക്കങ്ങളും ഭിന്നതകളും ഇല്ലാതാക്കി സമാധാനം പുന:സ്ഥാപിക്കുന്നതിന് നടത്തുന്ന എല്ലാ പരിശ്രമങ്ങളും ഫലപ്രദമാക്കണമേ. പ്രശ്നങ്ങൾ ക്ഷമയോടെ കേൾക്കുന്നതിനും പ്രാർത്ഥനയോടെ പരിഹാരം കണ്ടെത്തുന്നതിനും സഹായിക്കേണമേ. അങ്ങനെ ഞങ്ങൾ നിന്നെ ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും മഹത്ത്വപ്പെടുത്തുമാറാകണമേ. കരുണനിറഞ്ഞ മാതാവേ, പരിശുദ്ധന്മാരേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

## 47

## വ്യാപാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും
യേശു മാത്രം സമ്പത്താകുന്നു
ചാവിനെവെന്നുയിർത്തവൻ വാനലോകമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു

### കൗമാ

**വേദവായന :** പ്രഭാ 42: 4-7

വായനക്കാരൻ: ജ്ഞാനിയായ ബാർസീറാക്കിന്റെ പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ജ്ഞാനികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

കൂടുതലോ കുറവോ വരാതെ അളവിലും തൂക്കത്തിലും സൂക്ഷ്മത കാണിക്കുക. കച്ചവടത്തിൽ ലാഭം നേടുക. കുട്ടികൾക്കു നല്ല ശിക്ഷണംനൽകുക. ദുഷ്ടനായ ദാസന് തക്കശിക്ഷ കൊടുക്കുക. ഇവയൊന്നിലും നീ ലജ്ജിക്കേണ്ട. അനേകർ ഉള്ളിടത്ത് സാധനങ്ങൾ പൂട്ടി സൂക്ഷിക്കുന്നതും നന്ന്.

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

"നീ വിയർപ്പോടെ ആഹാരം കഴിക്കും" എന്ന് ഞങ്ങളുടെ പിതാവായ ആദാമിനോട് അരുളിചെയ്ത നാഥാ, മനുഷ്യർ വിവിധ





തൊഴിലുകൾ ചെയ്ത് ജീവിക്കുന്നത്, നിനക്ക് ഹിതകരമാകുന്നുവല്ലോ. മനുഷ്യരുടെ പൊതുനന്മയെ കരുതിയും ന്യായമായ ആദായത്തെ മുൻനിർത്തിയും സകലവും ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. സത്യസന്ധതയോടും വിശ്വസ്തതയോടും എല്ലാ കാര്യങ്ങളും ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളുടെ നന്മയും മറ്റുള്ളവരുടെ നന്മയും പരസ്പരപൂരകങ്ങളായി കാണുവാൻ, ഞങ്ങൾക്ക് സംഗതിയാക്കണമേ. കർത്താവേ നഷ്ടം വരാതെയും കൂടുതൽ അഭിവൃദ്ധിയുണ്ടാകത്തക്കവണ്ണവും വ്യാപാരം ചെയ്യുവാൻ, നിന്റെ ദാസനെ (ദാസിയെ) സഹായിക്കണമേ. രോഗങ്ങളിൽ നിന്നും ആപത്തുകളിൽനിന്നും, നഷ്ടങ്ങളിൽനിന്നും ഇവരെ കാത്തുകൊള്ളണമേ. ഇവർ സകലത്തിലും നിന്റെ കല്പനപ്രകാരം ജീവിച്ച്, നിന്നെ എന്നും സ്തുതിക്കുമാറാകണമേ. ആമ്മീൻ.

ദൈവമാതാവേ, പരിശുദ്ധന്മാരേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 48

## പുതിയ വ്യാപാരം ആരംഭിക്കുമ്പോൾ

ഒന്നുമില്ലായ്മയിൽനിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ നിന്റെ
പുത്രനെ തന്നു നീ രക്ഷിച്ചു
  നിൻ മഹാ കൃപയ്ക്കായ്
  നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും

### കൗമാ

**വേദവായന:** മത്താ 13:44-46

സ്വർഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവയ്ക്കുകയും സന്തോഷ ത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങു കയും ചെയ്യുന്നു. വീണ്ടും, സ്വർഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്കു തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നു.

കാർമി : ശുബ്ഹോ...

ജനം : ബലഹീനന്മാരും...

### പ്രാർത്ഥന

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ മറ്റൊരു ദേശത്തേക്കു കൊണ്ടുപോയി, അവനെയും അവന്റെ സന്തതിയെയും അനുഗ്രഹിച്ച കർത്താവേ, ഇപ്പോൾ നിന്റെ (മകൻ) ആരംഭിക്കുന്ന ഈ പുതിയ സംരംഭത്തെ അനുഗ്രഹിക്കണമെ. നിന്നിൽ ആശ്രയിച്ചുകൊണ്ട് സകലതും പ്രവർത്തിപ്പാൻ (ഇവനെ) സഹായിക്കണമേ. ഇതിലെ പ്രവർത്തകരെല്ലാം പരസ്പര ബഹുമാനത്തോടും ഐക്യത്തോടും വിശ്വസ്തതയോടും കൂടെ വേല ചെയ്യുമാറാകണമേ. പരസ്പരം സഹകരിച്ചും മറ്റുള്ളവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും പ്രയാസങ്ങളും മനസ്സിലാക്കിയും കഴിയുന്ന വിട്ടുവീഴ്ചകൾ ചെയ്തും, ഇതിൽ പ്രവർത്തിപ്പാൻ ഇവർക്ക് സംഗതിയാ ക്കണമേ. മനുഷ്യസഹജമായി ഇവരിൽ ഉണ്ടാകാവുന്ന തെറ്റിദ്ധാരണകളും മുൻവിധികളും സൗഹാർദ്ദ സംഭാഷണ ങ്ങളിൽകൂടി ദൂരീകരിക്കുന്നതിനും കോപത്തിൽ നിന്നും പരദൂഷണത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നതിനും സഹായിക്കണമേ. പ്രതികാര ബുദ്ധിയിൽനിന്നും സമരങ്ങളിൽ നിന്നും അതുപോലെതന്നെ കഠിനമായ ശിക്ഷാനടപടികളിൽ





നിന്നും ഞങ്ങളെ രക്ഷിക്കണമേ. ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ വർത്തിക്കുവാൻ ഞങ്ങൾക്കെല്ലാ വർക്കും സംഗതിയാകണമേ.

വിവിധ ചുമതലകളിൽ പ്രവർത്തിക്കുന്ന ഏവരും നിന്റെ കാര്യവിചാരകന്മാർ ആണെന്ന് ഓർത്തുകൊണ്ട്, അവരുടെ ധനവും, സമയവും, കഴിവുകളും, ജീവകാരുണ്യ പ്രവർത്തന ങ്ങൾക്ക് വിനിയോഗിക്കാൻ സംഗതിയാക്കണമേ. ആരോഗ്യവും ധനവും നശിപ്പിക്കുന്ന ദുശ്ശീലങ്ങളിൽനിന്നും, ദുർച്ചെലവുകളിൽ നിന്നും ധൂർത്തിൽനിന്നും ഞങ്ങളെ എല്ലാവരെയും കാത്തുകൊ ള്ളണമേ. ഉടമസ്ഥരും ജോലി ചെയ്യുന്നവരുമായ എല്ലാവരും നിന്നെ എല്ലായ്പ്പോഴും മഹത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ.

ദൈവമാതാവേ, പരിശുദ്ധന്മാരേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 49

## ജന്മദിനം

എന്നോടുള്ള നിൻ സർവ നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ, ഇപ്പോൾ എന്തു ചെയ്യേണ്ടു...

എന്നെ അൻപോടുദിനം തോറും നടത്തുന്ന
പൊന്നിടയനനന്തം വന്ദനമേ, എന്റെ പൊന്നിടയനനന്തം...

### കൗമാ

**വേദവായന:** ജെറമിയ 1:4-10

വായനക്കാരൻ: ജറെമിയ ദീർഘദർശിയുടെ പുസ്തക ത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശിമാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

കർത്താവ് എന്നോട് അരുളി ചെയ്തു: മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്. സംസാരിക്കാൻ എനിക്ക് പാടവമില്ല. കർത്താവ് എന്നോടരുളിചെയ്തു: വെറും ബാലനാണെന്നു നീ പറയരുത്. ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം. ഞാൻ കല്പിക്കുന്നതെന്തും സംസാരിക്കണം. നീ അവരെ ഭയപ്പെടേണ്ട. നിന്റെ രക്ഷയ്ക്കു നിന്നോടുകൂടെ ഞാനുണ്ട്. കർത്താവാണിതു പറയുന്നത്. അനന്തരം കർത്താവ് കൈ നീട്ടി എന്റെ അധരത്തിൽ സ്പർശിച്ചുകൊണ്ട് അരുളിചെയ്തു: ഇതാ എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനുംവേണ്ടി ഇന്നിതാ ജനതകളുടെയും രാജ്യങ്ങളുടെയുംമേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു. ബാറെക്മോർ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

ദൈവമായ കർത്താവേ, ഇന്ന് ജന്മദിനം ആഘോഷിക്കുന്ന (..................) മേൽ കരുണ തോന്നണമേ. ഈ സമയം വരെ ഇവന്റെ (ഇവളുടെ) മേൽ ചൊരിഞ്ഞിട്ടുള്ള എല്ലാ കൃപകൾക്കും ഇപ്പോൾ ഞങ്ങളിതാ നിന്നെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നു. ആയുസ്സും ആരോഗ്യവും നൽകി പരിപാലിക്കുന്നവനേ, ഇവന്റെ (ഇവളുടെ)മരണം വരെ ഇവനോടു (ഇവളോട്)വാത്സല്യം കാണിക്കുകയും ഇവനെ (ഇവളെ) സംരക്ഷിക്കുകയും ചെയ്യണമേ. നിന്റെ സൃഷ്ടികർമ്മ ത്തിൽ പങ്കാളികളായ ഇവന്റെ (ഇവളുടെ) മാതാപിതാക്കളെ അനുഗ്രഹിക്കണമേ. ഇവൻ (ഇവൾ) ജീവിതകാലം മുഴുവൻ സുകൃതമുള്ളവനായി(ളായി) തീരണമേ. വിശ്വാസവും ശരണവും സ്നേഹവും നിറഞ്ഞവനാ(വളാ)യി ഇവൻ (ഇവൾ) ഈ ലോകത്തിന് പ്രകാശമാ യിത്തീരണമേ. പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്വപ്പെടു ത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു (പ്രഭാ 3:3-4) എന്ന തിരുവചനം ഇവനിൽ (ഇവളിൽ) നിറവേറണമേ. നരചൂടിയ വന്റെ വിവേകവും, വയോവൃദ്ധന്റെ സദുപദേശവും (പ്രഭാ 25:4) ഇവനെ (ഇവളെ) സ്വാധീനിക്കുമാറാകണമെ. ദരിദ്രരോട് അനുകമ്പയുള്ളവനും, നീ കൊടുക്കുന്ന സമ്പത്തിന്റെ സമൃദ്ധിയിൽ മഹാമനസ്ക്കനുമാകണമേ. ഇവൻ (ഇവൾ) പൂർവപിതാവായ അബ്രഹാമിന്റെ വിശ്വാസത്താൽ നിറയപ്പെടണമേ. ഇസഹാക്കിനെപ്പോലെ ദൈവഭക്തനും, യൗസേപ്പിനെപ്പോലെ കുടുംബ ബന്ധമുള്ളമുള്ളവനു(വളു)മായിരിക്കണമേ. ഇവൻ (ഇവൾ) കുടുംബത്തിന് അലങ്കാരമായിരിക്കണമേ. നിന്റെ ജീവൽശ്വാസം നൽകി എന്നും ഈ ദാസനെ (ദാസിയെ) പരിപാലിച്ചു കൊള്ളണമേ. ഇവന്റെ (ഇവളുടെ) പ്രവൃത്തിപഥങ്ങളിൽ മുപ്പതും, അറുപതും, നൂറും മേനി പ്രതിഫലം നൽകണമേ. ബുദ്ധിയും വിവേകവുംക്കൊണ്ട് ഇവനെ (ഇവളെ) നിറയ്ക്കണമേ. പരിശുദ്ധാത്മജ്ഞാനം ഇവനിൽ (ഇവളിൽ) ചൊരിയണമേ. തെറ്റിപോകാത്ത ധാർമ്മിക ശക്തി ഇവനു (ഇവൾക്ക്) സമ്പത്താകണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും പ്രത്യേകിച്ച് ഈ ദാസന്റെ (ദാസിയുടെ) പ്രത്യേക മദ്ധ്യസ്ഥനായ (മദ്ധ്യസ്ഥയായ) വി..........ന്റെയും പ്രാർത്ഥന ഇവന് (ഇവൾക്ക്) കോട്ടയായിരിക്കണമേ. ഞങ്ങൾ

നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പ്പോഴും സ്തുതിയും സ്ത്രോത്രവും സമർപ്പിക്കും. ആമ്മീൻ.

### ആശീർവാദം

ജന്മദിനം ആഘോഷിക്കുന്ന ആളിന്റെ തലയിൽ കൈവച്ച് മൗനമായി പ്രാർത്ഥിച്ചശേഷം റൂശ്മാ ചെയ്യുന്നു.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തിക്കൊണ്ട് ഈ ദാസൻ (ദാസി) ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 50

## നവവത്സരദിനത്തിൽ

വന്ദനം യേശുപരാ നിനക്കെന്നും
വന്ദനം യേശുപരാ
വന്ദനം ചെയ്യുന്നു നിന്നടിയാർ
തിരുനാമത്തിനാദരവായ് (2)

നിൻ രുധിരമതിനാൽ
പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാവിൻ
സന്നിധൗ വന്നിടാമെ സതതം

**വേദവായന:** ലൂക്കാ 13:6-9

ഒരുവൻ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടുപിടി





പ്പിച്ചു. അതിൽ പഴമുണ്ടോ എന്നു നോക്കാൻ അവൻ വന്നു. എന്നാൽ ഒന്നും കണ്ടില്ല. അപ്പോൾ അവൻ കൃഷിക്കാരനോടു പറഞ്ഞു: മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽനിന്ന് ഫലം അന്വേഷിച്ചുവരുന്നു. ഒന്നും കാണുന്നില്ല. അതു വെട്ടികളയുക. എന്തിനു നിലം പാഴാക്കണം? കൃഷിക്കാരൻ അവനോടു പറഞ്ഞു, യജമാനനേ, ഈ വർഷം കൂടെ അതു നിൽക്കട്ടെ. ഞാൻ അതിന്റെ ചുവടുകിളച്ചു വളമിടാം. മേലിൽ അതു ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ രക്ഷയുടെ ദൈവമായി തലമുറ തലമുറയായി ഞങ്ങളെ നടത്തുന്ന നല്ല കർത്താവേ, ഈ പുതിയ വർഷത്തിന്റെ ആരംഭത്തിലേക്ക് ഞങ്ങളെ കൊണ്ടുവന്ന നിന്റെ അളവറ്റ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്നിൽ വസിച്ചുകൊണ്ട് മുമ്പോട്ടും പിറകോട്ടും തിരിഞ്ഞു നോക്കുന്നതിനും വർത്തമാനകാലത്തിൽ ശ്രദ്ധ പതിപ്പിച്ച് അനുദിനം മുന്നേറുന്നതിനും നീ ഞങ്ങളെ സഹായിക്കണമേ.

കഴിഞ്ഞ കാലത്തെ ജീവിതത്തിൽ അഹങ്കരിക്കാതെ നിന്റെ കൃപയാണ് ഞങ്ങളെ നടത്തിയതെന്ന് ഓർത്ത് സ്തോത്രം ചെയ്യുന്നതിനും നിന്റെ കൃപയിൽ ആശ്രയിച്ച് പരമാവധി അദ്ധ്വാനിക്കുന്നതിനും സംഗതിയാകണമേ. കഴിഞ്ഞകാലത്ത് ഉണ്ടായിട്ടുള്ള പരാജയങ്ങളെക്കുറിച്ച് അമിതമായി വ്യസനിക്കാതെ വർത്തമാനകാലത്ത് അവ ആവർത്തിക്കാതിരിക്കാനുള്ള സൂക്ഷ്മതയും ശക്തിയും നൽകണമേ. നിന്നിൽനിന്ന് പാപമോചനം പ്രാപിച്ച് പുതിയ തീരുമാനങ്ങളോടും ശക്തിയോടും ദർശനത്തോടും മുന്നേറുവാൻ ഞങ്ങൾക്ക് സംഗതിയാകണമേ.

ഞങ്ങൾക്ക് ഭാവിയിൽ ഉണ്ടാകാവുന്ന പരീക്ഷകളിലും പരിശോധനകളിലും നല്ല ഇടയനായ നീ തന്നെ മുൻപിൽ നടന്ന്

ഞങ്ങളെ അപകടം കൂടാതെ നയിക്കുമാറാകണമേ. നിന്റെ ശബ്ദം കേട്ട് നിന്റെ ഹിതം ആരാഞ്ഞ് ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമേ. സ്വശക്തിയിലോ മനുഷ്യരിലോ ലോക ശക്തികളിലോ ആശ്രയിക്കാതെ എല്ലാറ്റിലും ഉപരിയായി നിന്റെ ശക്തിയിലും ആലോചനയിലും ആശ്രയിച്ചുകൊണ്ട് പ്രവർത്തിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ. വി. പൗലോസ് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതുപോലെ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുന്നതിനും, എന്തുചെയ്താലും എല്ലാം നിന്റെ മഹത്ത്വത്തിനായി ചെയ്യുന്നതിനും സംഗതിയാകണമേ.

കർത്താവെ, നിന്റെ മനുഷ്യാവതാരകാലത്ത് നീ സമയം യഥായുക്തം ഉപയോഗിച്ച് എല്ലാം പൂർണമായി ഭംഗിയായി ചെയ്തു. അതുകൊണ്ട് എപ്പോഴും പിതാവിനെ പ്രസാദിപ്പിച്ചെന്ന് പറയുന്നതിനും മരണസമയത്ത് എല്ലാം നിവർത്തിയായെന്ന് അരുളുന്നതിനും നിനക്ക് സാധിച്ചു. നിന്നെ അനുകരിച്ച് സമയം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ഈ വർഷത്തെ അവിടുന്ന് അനുഗ്രഹിക്കണമേ. നിന്നിൽ വളരുവാനുള്ള വർഷമായി ഇതിനെ തീർക്കണമേ. പ. ദൈവമാതാവേ, നിന്റെ മാദ്ധ്യസ്ഥം ഞങ്ങളോടൊപ്പം ഉണ്ടായിരിക്കേണമേ. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

**സമാപന ആശീർവാദം**

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 51

## വൈദികരുടെ ജൂബിലി ആഘോഷം (ഭവനങ്ങളിൽ)

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതംപോൽ നടത്തണമേ





കുശവൻ കൈയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ (2)
നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ ദീപമതായ് നിൻ മൊഴികൾ (2)

**കൗമാ**

**പ്രാരംഭപ്രാർത്ഥന**

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, യേശുമിശിഹാ നിന്റെ മനുഷ്യാവതാരത്തിന്റെ പിൻതുടർച്ചയും നിന്റെ മണവാട്ടിയുമായി നീ സഭയെ നിശ്ചയിച്ചുവല്ലോ. അതിന്റെ ഉത്തമ വേലക്കാരും ശുശ്രൂഷകരുമായി നീ നിന്റെ ശിഷ്യരെ തെരഞ്ഞെടുക്കുകയും ലോകങ്ങളുടെ അതിർത്തികൾവരെ നിന്റെ സ്നേഹസുവിശേഷം അറിയിക്കുവാനും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തി ശിഷ്യരാക്കുവാനും നീ ഉപദേശിച്ചുവല്ലോ. നിന്റെ സഭയുടെ കെട്ടുപണിക്കായി നീ തെരഞ്ഞെടുത്ത നിന്റെ വൈദിക ശുശ്രൂഷകരെ ഓർത്തു ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു. മോറാൻ...

**കുക്കിലിയോൻ** (ആറാം രാഗം)

(എന്നാത്മാവേ - നാഥനെ വാഴ്ത്തുക.... എന്ന രീതി)

എൻ മനവും തനുവും നിന്നെ കീർത്തിക്കും ഹാ-
നിൻ ബലിപീഠത്തിൻ ശുശ്രൂഷ എനിക്കാമോദം
എൻ നാവിൽ അഗ്നിയതായതു നിൻ വചനം ഹാ-
എന്നെ നിനക്കായ് നിന്നരികിൽ ചേർത്തല്ലൊ. ബാറെക്മോർ

**എക്ബോ**

ഭൂവാനങ്ങളതിൽ
പുകഴുന്നോനാം-കർത്താവേ!

വാനോർഭൗമികരും
വാഴ്ത്തും നിന്നെ, സ്തോ-ത്രം-തേ!

ശുശ്രൂ: സ്തൗമെൻ കാലൊസ്

ജനം : കുറിയേലായിസോൻ

## പ്രുമിയോൻ

രാജാധിരാജാവും കർത്താധികർത്താവും സ്വർഗീയ ദാനങ്ങൾ നൽകുന്നവനും അവർണനീയമായ നൽവരങ്ങൾ ഭാഗിച്ചു കൊടുക്കുന്നവനും തന്റെ ആത്മാവാൽ തന്റെ ശ്ലീഹന്മാരെ പൂർണതപ്പെടുത്തുകയും തന്റെ ജ്ഞാനത്താൽ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്തവനുമായ തനിക്ക് സ്തുതി. പൗരോഹിത്യം സ്ഥാപിച്ച് ലോകത്തെ വിശുദ്ധീകരിക്കുന്ന ദൈവ മായ കർത്താവേ, അവിടുത്തെ അനന്തകരുണയുടെ മുമ്പിൽ ഞങ്ങൾ അടുത്തുവരുന്നു. തന്റെ അഭിഷിക്തന്റെ പൗരോഹിത്യജൂബിലി ആഘോഷിക്കുന്ന ഈ നേരത്തും എല്ലാ സമയങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും സ്തുതിയും സ്തോത്രവും ബഹുമാനവും എന്നേക്കും തനിക്കു യോഗ്യമാകുന്നു. ആമ്മീൻ

## സെദറാ

കരുണാസമ്പൂർണനും, മനുഷ്യസ്നേഹമുള്ളവനുമായ പിതാവായ ദൈവമേ നിന്റെ മഹത്വത്തിന്റെ ശ്രേഷ്ഠ ബഹുമാനത്തിന് സർവലോകങ്ങളും മതിയാവുന്നില്ല. മാലാഖമാ രാൽ വന്ദിക്കപ്പെടുകയും, പ്രധാനമാലാഖമാരാൽ സ്തുതിക്കപ്പെ ടുകയും ചെയ്യുന്ന നിന്നെ ആത്മീയരും അശരീരികളുമായ സകല കൂട്ടങ്ങളും ഭയഭക്തിപൂർവം സ്തുതിക്കുന്നു. ആത്മീയവും സ്വർഗീയവുമായ മഹത്വങ്ങളാൽ ഞങ്ങളുടെ മനുഷ്യസ്വഭാ വത്തെ വീണ്ടെടുക്കുവാൻ സ്വതസിദ്ധവും ബഹുലവുമായ നിന്റെ കരുണമൂലം നിനക്ക് തിരുവിഷ്ടം തോന്നി. ഇതു ഹേതുവായിട്ട്





നിന്റെ ഏകജാതൻ മുഖാന്തരം സ്വർഗീയമായ ആരാധന ക്രമങ്ങൾ ഭൗമികർക്ക് നീ ഭരമേല്പിച്ചു. ദീർഘ ദർശിമാരുടെ തലവനായ മോശ ദൃഷ്ടാന്തപ്പെടുത്തിയ സാദൃശ്യങ്ങളുടെ പൊരുൾ നിന്റെ വാത്സല്യപുത്രൻ മുഖാന്തരം ശ്ലീഹന്മാരുടെ തലവനായ ശെമഓനെയും അവൻ മുഖാന്തരം ലോകാവ സാനംവരെ വി. സഭയെയും ഭരമേല്പിക്കുകയും ചെയ്തു.

കർത്താവേ, നിന്റെ വിശുദ്ധമാലാഖമാർപോലും സൂക്ഷിച്ചുനോക്കുവാൻ വാഞ്ചിക്കുന്ന വി. കൂദാശകളുടെ പരികർമ്മത്തിനായി ബലഹീനനും എളിയവനുമായ ഈ ദാസനെ തെരഞ്ഞെടുത്ത് അഭിഷേകം ചെയ്യാൻ അവിടുന്ന് തിരുമനസാ യല്ലോ. നാളിതുവരെയുള്ള ഈ ദാസന്റെ പൗരോഹിത്യശുശ്രൂഷ തിരുനാമഹത്വത്തിനും തിരുസഭയുടെ ഉന്നതിക്കുമായി തീർത്തതിനാൽ അവിടുത്തേയ്ക്ക് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഈ ആചാര്യന്റെ കരങ്ങളിലൂടെ വി. കൂദാശകൾ അനുഷ്ഠിക്കാനും അധരങ്ങളിലൂടെ തിരുവചനം ഉച്ചരിക്കാനും അവിടുന്ന് ഇടയാക്കിയല്ലോ. നിന്റെ ആലയത്തിലെ നഷ്ടപ്പെട്ട ആടുകളെ വീണ്ടെടുത്ത് അവിടുത്തെ ശ്രീഭണ്ഢാരത്തിന്റെ വിചാ രിപ്പുകാരനും, ദൈവജനത്തിന് കൃത്യസമയത്ത് ഭക്ഷണം നൽകുന്ന വിശ്വസ്ത ദാസനുമായി ഈ ആചാര്യനെ തീർത്തതി നാൽ ഞങ്ങൾ അവിടുത്തേയ്ക്ക് നന്ദിയർപ്പിക്കുന്നു. ദൈവമായ കർത്താവേ, എളിയവരായ ഞങ്ങളുടെ മാദ്ധ്യസ്ഥം വഴിയായി, ഈ ആചാര്യനെയും ഇവന്റെ പൗരോഹിത്യ ശുശ്രൂഷയെയും ബഹുലമായ നിന്റെ കരുണയാൽ നീ കൈക്കൊള്ളണമേ.

മഹോന്നതനായ കർത്താവേ, ദൈവിക രഹസ്യങ്ങളുടെ കലവറക്കാരനും വലത്തേതിനടുത്ത ആചാര്യനും ഉത്തമ ഭരണാധികാരിയും ആത്മീയ തൂണുമായിരിക്കുവാൻ ഈ ദാസനെ തുടർന്നും ആശീർവദിക്കണമേ. നിന്റെ അടുക്കലേക്ക് തിരിഞ്ഞ് വരുന്നവർക്ക് അനുതാപത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കുന്ന പരിപാകതയും വിനയവുമുള്ള ആചാര്യനായി ഈ

ദാസനെ തീർക്കണമേ. നിന്റെ സ്നേഹത്താൽ സ്ഥിരപ്പെട്ടും നിന്റെ ശരണത്താൽ അലങ്കരിക്കപ്പെട്ടുമിരിക്കുന്ന ഈ ആചാ ര്യൻ വിശുദ്ധിയുടെ അലങ്കാരങ്ങളാൽ പ്രശോഭിതനും നിർമ്മലതയാൽ തേജോമയനും ശോഭാപൂർണനുമായി തീരേ ണമെ. സൽപ്രവൃത്തികളിൽ ഉണർവും ഉത്സാഹശീല മുള്ളവനുമായിരുന്ന് ഏവൻഗേലിയോനടുത്ത താലന്തുകളെ മുപ്പതും അറുപതും നൂറും മടങ്ങായി വർദ്ധിപ്പിക്കുന്ന കാര്യ വിചാരിപ്പുകാരനായി ഈ ആചാര്യനെ മാറ്റേണമെ. ദൈവിക സ്നേഹത്തിൽ ഈ ദാസനെ ഉറപ്പിക്കണമേ. നിന്റെ ഭാഗ്യമുള്ള പ്രത്യാശയിൽ ഈ ദാസനെ നടത്തണമേ. നല്ലതും ഉത്തമവുമായ പ്രവൃത്തികളും പ്രശംസാർഹമായ എല്ലാവിധ നടപടികളും, മനോവിനയം നിമിത്തം ഉണ്ടാകുന്ന മുഖപ്രസന്നതയും ഉൾക്കൊണ്ട് ദിവ്യകൂദാശകളുടെ ശുശ്രൂഷയ്ക്ക് അടുത്തുവരു വാൻ ദയാപൂർവം ഈ ദാസനെ നീ യോഗ്യനാക്കേണമേ. അവ സാനനാളിൽ താലന്തുകളെ വർദ്ധിപ്പിച്ച ദാസന്മാരുടെ കൂടെ "കൊള്ളാം നല്ലവനും വിശ്വസ്തനുമായ ദാസാ" എന്ന വിളിക്ക് ഈ ദാസനെയും യോഗ്യനാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹാ ആകുന്ന നിന്റെ ഏകപുത്രന്റെ കൃപയാലും കരുണയാലും, മനുഷ്യ സ്നേഹ ത്താലും ഞങ്ങൾ നിനക്ക് സ്തുതിയും ബഹുമാനവും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും അർപ്പിക്കും.

### വേദവായന: പ്രഭാ 45: 6-8

വായനക്കാരൻ: ജ്ഞാനിയായ ബാർ സീറാക്കിന്റെ പുസ്തക ത്തിൽനിന്നും ബാറെക്മോർ

ജനം: ജ്ഞാനികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹ ങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ലേവിഗോത്രജനും, മോശയുടെ സഹോദരനും അവനെപ്പോലെതന്നെ വിശുദ്ധനുമായ അഹറോനെ അവിടുന്ന് ഉയർത്തി. അവിടുന്ന് അവനുമായി നിത്യമായ ഉടമ്പടി





ചെയ്യുകയും ജനത്തിന്റെ പൗരോഹിത്യം അവനു നൽകുകയും ചെയ്തു. വിശിഷ്ടമായ തിരുവസ്ത്രങ്ങൾ കൊണ്ട് അവിടുന്ന് അവനെ അനുഗ്രഹിച്ചു. മഹിമയേറിയ മേലങ്കി അവനെ അണിയിച്ചു. മഹിമയുടെ പൂർണത അവിടുന്ന് അവനെ അണിയിച്ചു. അധികാര ചിഹ്നങ്ങൾ നൽകി അവിടുന്ന് അവനെ ശക്തനാക്കി. കാൽചട്ടയും നീണ്ട അങ്കിയും എഫോദും അവനു നൽകി.

### ഹൂലോലോ

ഹാ- നാഥാ നിൻ പ്രഭയും വിശ്വാസവുമേകി നയിക്കു
പാവനഗിരിശിബിരങ്ങളിലേക്കെന്നെ ഹാ-

### ഏവൻഗേലിയോൻ : യോഹ 21:15-20

അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ യേശു ശിമയോൻ പത്രോസിനോടു ചോദിച്ചു, യോഹന്നാന്റെ പുത്രനായ ശിമ യോനേ, നീ ഇവരേക്കാൾ അധികമായി എന്നെ സ്നേഹിക്കു ന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു വെന്ന് നീ അറിയുന്നുവല്ലൊ. യേശു അവനോടു പറഞ്ഞു: എന്റെ ആടുകളെ മേയ്ക്കുക. രണ്ടാം പ്രാവശ്യവും അവൻ ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ. അവൻ പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക. അവൻ മൂന്നാം പ്രാവശ്യവും അവനോടു ചോദിച്ചു: യോഹന്നാന്റെ പുത്ര നായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു. യേശു പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക. സത്യം സത്യമായി ഞാൻ നിന്നോടു

പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും. ഇത് അവൻ പറഞ്ഞത്, ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനുശേഷം യേശു അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

### ആശീർവാദം

കർത്താവ് തന്റെ സഭയിലും ജനത്തിലും ഈ ആചാര്യനെ അനുഗ്രഹിക്കട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല വിശുദ്ധരുടെയും ഞങ്ങളുടെ പിതാക്കന്മാരും ഗുരുക്കന്മാരുമായ സകലരുടെയും പ്രാർത്ഥന ഈ ആചാര്യനു കോട്ടയായി രിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യൈക ദൈവത്തിന്റെ കൃപയും വാഴ്വും ഈ ആചാര്യനോടുകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

# 52

# സന്യസ്തരുടെ ജൂബിലി

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതംപോൽ നടത്തണമേ
കുശവൻ കൈയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ (2)

### കൗമാ





### പ്രാരംഭ പ്രാർത്ഥന

സർവശക്തിയുള്ള ദൈവമായ കർത്താവേ, സ്വർഗത്തിൽ മാലാഖമാർ വന്ദിക്കുന്ന നിന്റെ ഏകപുത്രനെ നീ ഈ ലോകത്തിലേക്ക് അയച്ച് പാപത്തിന്റെ ദാസരായ ഞങ്ങളെ സ്വതന്ത്രരാക്കി. ഭൂമിയിൽ മാലാഖമാരെപ്പോലെ നീതിയുടെ പ്രവൃത്തികൾ ചെയ്തുകൊണ്ട് ജീവിപ്പാൻ നീ ഞങ്ങളോടു കല്പിക്കുകയും ചെയ്തു. ആത്മീയവും സ്വർഗീയവുമായ നിന്റെ വാഴ്വുകളാൽ നിന്റെ മണവാട്ടിയാകുവാൻ സന്നദ്ധയായ ഈ ദാസനെ (ദാസിയെ) വാഴ്ത്തണമേ. വിശുദ്ധജീവിതം നയിക്കുന്നതിനു നീ ദാസനെ (ദാസിയെ) തെരഞ്ഞെടുത്തുവല്ലോ. നിരന്തരവും അഭേദ്യവുമായ ഉത്സാഹത്തോടെ നിന്റെ അടുക്കൽ ചെയ്യുന്ന പ്രതിജ്ഞയെ പാലിക്കുവാനും നിന്റെ ബഹുമാന ത്തിന് അനുയോജ്യമായ നടപടികൾ ഉള്ളവനുമായി (ഉള്ളവളു മായി) ഈ ദാസനെ (ദാസിയെ) ആക്കിത്തീർക്കണമേ. കർത്താവേശു മിശിഹാ മൂലം ഇപ്പോഴും എപ്പോഴും സ്വർഗീയ നന്മകൾക്ക് ഞങ്ങൾ യോഗ്യരായിത്തീരണമേ. ആമ്മീൻ.

### കുക്കിലിയോൻ (രണ്ടാം രാഗം)

(ആൺപൈതങ്ങളെ ഈശനു നൽകീൻ .... എന്ന രീതി)

ധനവാന്മാർ തവ പ്രീതിക്കായർച്ചനയേകും ഹാ-
രാജാത്മജ തൻ മ—ഹിമാവകമേ.

ചേർക്കും കന്യാളികളെയവൾ തൻ പിറകെ ഹാ-
അവർ പോകും തൻ പിറകെ അതിയാ-മോദത്താൽ. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെന്ഓലം...

### എക്ബോ

സ്വർഗപിതാസുതരായോരേ!
നാഥാജ്ഞകളനുവർത്തിപ്പോ-രേ!

സ്തുതിപാടി സ്തോത്രം ചെയ്‌വീൻ
നിത്യം തന്നെ കീ-ർത്തിപ്പീൻ.

ശുശ്രൂ: സ്തൗമെൻ കാലൊസ്
ജനം : കുറിയേലായിസോൻ

## പ്രുമിയോൻ

അനുതാപികളെ കൈക്കൊള്ളുന്നവനും, ഭോഷത്വങ്ങൾക്കു മാപ്പു നൽകുന്നവനും, പാപികളെ നീതീകരിക്കുന്നവനും, തന്റെ അടുക്കലേക്കു തിരിച്ചു വരുന്നവരുടെ തെറ്റുകളെ പരിഹരിക്കുന്നവനുമായ കർത്താവേ, സന്യാസജീവിതമായ ആനന്ദകരമായ നിന്റെ നുകം വഹിച്ച്, നിന്നെ പ്രീതി പ്പെടുത്തുവാൻ വിളിക്കപ്പെട്ട ഈ സന്യാസി (സന്യാസിനി)യെ നിന്റെ കൃപകൊണ്ട് പുണ്യപ്പെടുത്തണമെ. നിന്റെ കല്പനകൾ ആചരിപ്പാൻ ഈ ദാസിയെ ശക്തിപ്പെടുത്തണമെ. എന്തുകൊണ്ടെന്നാൽ നല്ലവനും കാരുണ്യവാനും നീ മാത്രമാകുന്നു. നിന്റെ ഈ സന്യാസി (സന്യാസിനി)യുടെ വ്രതവാഗ്ദാനജൂബിലി ആഘോഷത്തിന്റെ ഈ നേരത്തും സകല പെരുനാളുകളിലും നേരങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും നിനക്കു യോഗ്യമാകുന്നു.

## സെദറാ

ദയാലുവും കാരുണ്യവാനുമായ ദൈവമായ കർത്താവേ, ജീവനിൽ നീ പ്രീതിപ്പെടുന്നു. സകലത്തിന്മേലും ആവസിക്കുന്നവനും തന്റെ കൃപയെ എല്ലാറ്റിന്മേലും ചൊരിയുന്നവനും നീ തന്നെ. എല്ലാവരോടും കരുണയുള്ളവനും വാഴ്ത്തപ്പെട്ട വനും എല്ലാറ്റിനേയും ആശീർവദിക്കുന്നവനും നീ തന്നെ. സൗഭാഗ്യപൂർണമായ നിന്റെ ഭവനമാകുന്ന സന്യാസ ജീവിതത്തിൽ സന്തോഷിച്ച് ഈ ദാസൻ (ദാസി) നിന്റെ മുമ്പിൽ കഴിഞ്ഞ (25/50) വർഷമായി വ്യാപരിക്കുന്നു. നിനക്കു വേണ്ടിയും നിന്റെ





സഭയ്ക്കുവേണ്ടിയും ജീവിതം ഉഴിഞ്ഞുവച്ച ഈ ദാസൻ (ദാസി) നിന്നാൽ സന്തോഷിപ്പിക്കപ്പെടണമേ. നിന്റെ വിശുദ്ധിക്കു സമീപസ്ഥനാകു(യാകു)വാൻ ഈ ദാസനെ (ദാസിയെ) തുടർന്നും അനുഗ്രഹിക്കണമേ. കുറ്റമില്ലാത്ത നടപടികൾ ഈ ദാസന് (ദാസിക്ക്) ഉണ്ടാകുവാൻ അനുഗ്രഹിക്കണമേ. സത്യവിശ്വാസം കൊണ്ടും നിന്നിൽ ഇളകാത്ത ശരണം കൊണ്ടും, മുഖസ്തുതിയും കപടതയും കൂടാത്ത സ്നേഹം കൊണ്ടും ഈ ദാസനെ (ദാസിയെ) അലങ്കരിക്കണമേ. നിന്റെ പ്രവാചകന്മാർക്ക് നീ നൽകിയ ആത്മീയജ്ഞാനവും നിന്നോടു കൂടി വസിച്ച ശ്ലീഹന്മാർക്കു നൽകിയ വിശുദ്ധിയും നിനക്കു വേണ്ടി മരണം ആസ്വദിച്ച സഹദേന്മാർക്കു നൽകിയ മനോധൈര്യവും നിന്നെ എവിടെയും ഏറ്റുപറഞ്ഞിട്ടുള്ള മൗദ്യാനന്മാർക്കു നൽകിയ ഭയഭക്തിയും നിന്റെ കൃപാസാഗരത്താൽ പുണ്യവാന്മാരായി തീർന്നിട്ടുള്ള വിശുദ്ധന്മാർക്ക് നീ നൽകിയ പൂർണതയുള്ള ജീവിതചര്യയും ഇവയെല്ലാം നിമിത്തം ലഭ്യമാകുന്ന ആത്മപ്രകാശവും ഈ ദാസന് (ദാസിക്ക്) നൽകണമേ. ജീവദായകമായ നിന്റെ കല്പനകളുടെ പ്രകാശത്തെ അനുഗമിപ്പാൻ ഈ ദാസന് (ദാസിക്ക്) സംഗതിയാക്കണമേ. സകല പാപസന്ദർഭങ്ങളും പരിത്യജിപ്പാൻ ഈ ദാസനെ (ദാസിയെ) ശക്തിപ്പെടുത്തണമേ. പ്രവൃത്തികളിലും പെരുമാറ്റത്തിലും ഉണർവിലും ഉറക്കത്തിലും ആത്മാവിന്റെ സകല ചലനങ്ങളിലും ദൈവമേ, ഈ ദാസൻ (ദാസി) നിന്നെ സമീപിച്ച്, വിശുദ്ധ മഹത്വത്തിനു ഹേതുവായിത്തീരുവാൻ സംഗതിയാക്കണമേ. നിന്റെ മഹത്വത്തിനുള്ള ഉപകരണമായി ഈ ദാസിയെ ആക്കിത്തീർക്കണമേ. നിന്നോട് ചെയ്ത പ്രതിജ്ഞയെ സസൂക്ഷ്മം മുറുകെ പിടിച്ചുകൊള്ളുവാനും അതിന്റെ നൽവരത്തിന്റെ ശക്തിയെ പ്രാപിപ്പാനും ഈ ദാസന് (ദാസിക്ക്) സംഗതിയാക്കണമേ. കൃപയുണ്ടായി ഈ സന്യാസി (സന്യാസിനി)യോട് മനസ്സലിവ് തോന്നണമേ. ജീവന്റെ ആട്ടിൻതൊഴുത്താകുന്ന

സന്യാസ സഭയിലെ സുകൃത ജീവിതത്തിന് ഈ ദാസനെ (ദാസിയെ) തുടർന്നും അർഹനാ(യാ)ക്കണമേ. നിന്റെ ദാസന്റെ (ദാസിയുടെ) ശുശ്രൂഷമൂലം ഉണ്ടായ എല്ലാ നന്മകൾക്കും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ തിരുമനസ്സായി നിന്റെ ദാസനെയും (ദാസിയെയും) ബന്ധപ്പെട്ടിരിക്കുന്ന കുടുംബാംഗങ്ങളെയും സന്യാസ സമൂഹത്തെയും അനുഗ്രഹിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ...

### കോലോ

(കൂപത്തിൻകരയിൽ ശമറായാ സ്ത്രീയെ... എന്ന മട്ടിൽ)

അന്യർതൻ ഭവനേ ദിനമായിരമതിലും
നിൻ ഭവനേ നാഥാ ഏകദിനം കാമ്യം
പരിശുദ്ധാത്മാവാൽ ഈശായിസുതനാം-
ദാവീദു പാടിയഹോ നിന്റെ സുഗന്ധത്തിൽ ഹാ - ഹാ-
മായിച്ചെൻ കറകൾ വെണ്മയതാക്കെ-ന്നെ. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

കന്യകമാർ പത്തും ദീപേഷ്ടികളോടെ
മണവാളൻ തന്നുടെ എതിരേല്പിനുപോയാർ
ജ്ഞാനികളവരഞ്ചും എണ്ണയെടുത്തെന്നാൽ
ഭോഷികളായവരോ കരുതിയതില്ലെണ്ണ ഹാ- ഹാ-
ജ്ഞാനികൾ മണവറയുൾപൂകി സ്തുതി പാ-ടി

### വേദവായന: സങ്കീ 80:7-11

വായനക്കാരൻ: രാജാവും ദീർഘദർശിയുമായ ദാവീദിന്റെ സങ്കീർത്തനങ്ങളിൽനിന്നും ബാറെക്മോർ

ജനം: രാജാക്കന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ പുനരുദ്ധരിപ്പിക്കണമേ. അങ്ങയുടെ മുഖം പ്രകാശിക്കുകയും





ഞങ്ങൾ രക്ഷപ്പെടുകയും ചെയ്യട്ടെ. ഈജിപ്തിൽനിന്ന് അവിടുന്ന് ഒരു മുന്തിരിവള്ളി കൊണ്ടുവന്നു. ജനതകളെ പുറത്താക്കി അത് നട്ടു പിടിപ്പിച്ചു. അവിടുന്ന് അതിനുവേണ്ടി തടമൊരുക്കി. അതു വേരൂന്നി വളർന്നു. ദേശം മുഴുവനും പടർന്നു. അതിന്റെ തണൽകൊണ്ട് പർവതങ്ങളും അതിന്റെ ശാഖകൾകൊണ്ട് കൂറ്റൻ ദേവദാരുക്കളും മൂടി. അത് അതിന്റെ ശാഖകളെ സമുദ്രം വരെയും ചില്ലകളെ നദിവരെയും നീട്ടി.

### ഹൂലോലോ

ഹാ-നാഥാ നിൻ പ്രഭയും വിശ്വാസവുമേകി നയിക്കു
പാവനഗിരിശിബിരങ്ങളിലേക്കെന്നെ ഹാ-

### ഏവൻഗേലിയോൻ : ലൂക്കാ 1:46-56

മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽനിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ. മറിയം അവളുടെകൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി.

## മാർ യാക്കോബിന്റെ ബോവൂസോ

ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കൾമേൽ കൃപ ചെയ്യണമേ.
മെയ്യിൽ പ്രഭ പൂരിതമായുള്ളൊരു നിക്ഷേപത്തെ
സൂക്ഷിച്ച വിശുദ്ധർ ജ്ഞാനികളാം കന്യകമാർ പോൽ
നിക്ഷേപത്തെ സൂക്ഷിക്കാഞ്ഞൊരുപാപികളവരെ
ഭോഷികളെന്നും നമ്മുടെ നാഥൻ വിളി ചെയ്തല്ലോ
ജ്ഞാനികളായോർ ഭോഷികളവരും നിദ്രയിലാണ്ടു
പുനരുത്ഥാനം വരെ നാമെല്ലാം നിദ്രിതരാകും
എണ്ണ സമാനം പുണ്യഫലങ്ങൾ തങ്ങടെ മെയ്യിൽ
സൂക്ഷിക്കുന്നോർ ബുദ്ധിയഴുന്ന കന്യകമാർപോൽ
സത്ഫലരഹിതം ശൂന്യമാകും പാത്രങ്ങൾപോൽ
പ്രഭയില്ലാതെ നിൽക്കുന്നു ചിലർ ഭോഷികൾ നടുവിൽ
ജ്ഞാനികളായോർ ഇതരർക്കെണ്ണയെ നൽകിയതില്ല
ന്യായാധിപനുടെ സവിധേ അപരർ തുണയേകീടാ
ദ്യുതി സ്നേഹിച്ചൊരു മണവാളൻ തൻ സന്നിധിയിങ്കൽ
മണവാട്ടികൾപോൽ സർവാത്മാക്കളും മേവീടുന്നു
വിധിസമയം സംഭ്രമമുണ്ടാകും സൂക്ഷ്മതയോടെ
ശോഭ തെളിച്ചോർ പ്രഭയെ ലോകേ തെളിയിക്കുന്നു
ഭോഷികൾ തുല്യർ ലജ്ജിതരായി വാതിൽ പുറമെ
ഇരുളിൽ നിൽപ്പൂ, വിരുന്നിനുമന്യർ, ദുരിതമവർക്കായ്
ആ നേരത്തിൽ ധനമധികാരം, ഭംഗിയുമെല്ലാ
സൗന്ദര്യം ഹാ! മഹിമയുമെല്ലാം ലജ്ജയിൽ നിൽപ്പൂ
തൻ രക്തത്താൽ എന്നെ വീണ്ടോൻ സത്യമണാളാ
നിത്യതയിൽ ഞാൻ നിന്നെക്കാണാൻ അർഹതയേകൂ
നാഥാ, സ്തോത്രം സ്തുതി അങ്ങേക്കായ് അർപ്പിക്കുന്നേൻ
പ്രാർത്ഥന കേട്ടെൻ യാചന നൽകി പാലിക്കേണം





## ആശീർവാദം

ദൈവസ്നേഹം നിമിത്തം നമ്മുടെ കർത്താവേശു മിശിഹായുടെ ✠കുരിശിനെ സ്നേഹിക്കുകയും വഹിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധ ബ്രഹ്മചര്യവും, ദാരിദ്ര്യവും, അനുസരണവും, പാലിക്കുന്നതിന് ദൈവം നിന്നെ തുടർന്നും അനുഗ്രഹിക്കട്ടെ. നിന്റെ ആത്മീയ വളർച്ച കണ്ട് സന്തോഷിക്കുവാൻ ഞങ്ങൾക്കെല്ലാവർക്കും സംഗതിയാകട്ടെ. നിന്നെ തന്റെ വിവേകിയായ ദാസനായി (ദാസിയായി) കണ്ടു അനുഗ്രഹിച്ച പിതാവായ ദൈവത്തിന്റെ സ്നേഹവും ✠ഏകജാതന്റെ കൃപയും ✠പരിശുദ്ധാത്മാവിന്റെ ✠സംസർഗവും ആവാസവും നിന്നോടുകൂടി എപ്പോഴും ഉണ്ടായിരിക്കട്ടെ. ആമ്മേൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

# 53

## പൊതുയോഗം കൂടുമ്പോൾ

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീയറിയുന്നു

ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്നപോൽ ആത്മാവേ
അധികബലം തരണേ (2)

**കൗമാ**

**വേദവായന:** ഹെബ്ര 10 : 19-25

എന്റെ സഹോദരരേ, യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്കു മനോധൈര്യമുണ്ട്. എന്തെന്നാൽ, തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു. ദൈവഭവനത്തിന്റെ മേൽനോട്ടക്കാരനായി നമുക്കൊരു മഹാപുരോഹിതനുണ്ട്. അതിനാൽ, വിശ്വാസത്തിന്റെ ഉറപ്പുള്ള സത്യഹൃദയത്തോടെ നമുക്ക് അടുത്തു ചെല്ലാം. ഇതിനു ദുഷ്ടമനസാക്ഷിയിൽനിന്നു നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുകയും ശരീരം ശുദ്ധജലത്താൽ കഴുകുകയും വേണം. നമ്മോടു വാഗ്ദാനം ചെയ്തിരിക്കുന്നവൻ വിശ്വസ്തനാകയാൽ നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം. സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹി പ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്ക് പര്യാലോചിക്കാം. ചിലർ സാധാരണമായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തുവരുന്നതു കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം.

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

കർത്താവേ! നിന്റെ സകല രഹസ്യങ്ങളും നിന്റെ സഭയെ നീ ഭരമേൽപിച്ചു. സഭയെ ഭരിക്കുന്നതിനും മേയ്ക്കുന്നതിനും അധികാരികളെ നീ നിയമിച്ചു. നിന്റെ ഇടവകയിൽ നടത്തേണ്ട വിവിധ പരിപാടികളെകുറിച്ച് ചിന്തിച്ച് അവ ആസൂത്രണം ചെയ്യുന്നതിനും അതിന്റെ ചുമതലക്കാരെ ഭരമേൽപിക്കുന്നതിനുമായി കൂടിവന്നിരിക്കുന്ന ഈ സമ്മേളനത്തെ വാഴ്ത്തണമേ. നിന്റെ കൽപനപ്രകാരം മത്തിയാസിനെ തെരഞ്ഞെടുക്കുന്നതിനും ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതിന് ശെമ്മാശ്ശന്മാരെ നിയമിക്കുന്നതിനും ശ്ലീഹന്മാർ ഒന്നുകൂടി തീരുമാനങ്ങൾ എടുത്തുവല്ലോ! അതുപോലെ ഈ സമ്മേളനത്തിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിന് ഞങ്ങളെ സഹായിക്കണമേ.





ഈ യോഗത്തിൽ നീ എഴുന്നെള്ളി നിന്റെ പരിശുദ്ധാത്മാവിനാൽ ഇതിന്റെ സകല പരിപാടികളും നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യണമേ. ഞങ്ങളെല്ലാവരും നിന്റെ സന്നിധിയിൽ വന്നുകൂടിയിരിക്കുന്നു എന്ന ബോധത്തോടെ ആത്മനിയന്ത്രണം പാലിക്കുന്നതിനും തിരുഹിതപ്രകാരവും തിരുനാമ മഹത്ത്വത്തിന് അനുയോജ്യമായും എല്ലാം നടത്തുന്നതിനും സംഗതിയാക്കണമേ. സ്വന്തം കഴിവുകളെ പ്രദർശിപ്പിക്കുന്നതിനോ മറ്റൊരാളെ താഴ്ത്തുന്നതിനോ പക്ഷഭേദം കാണിക്കുന്നതിനോ ഉള്ള ഒരു രംഗമല്ല പൊതുയോഗമെന്ന് മനസിലാക്കി നിന്നെ വേദനപ്പെടുത്തുന്ന സകലത്തിൽ നിന്നും പിന്തിരിയുവാൻ ഞങ്ങളെ സഹായിക്കണമേ. എല്ലാ കാര്യങ്ങളും ഭംഗിയായും വിശ്വസ്തതയോടും ചെയ്യുന്നതിന് യോഗ്യരായവരെ ഇന്നു തെരഞ്ഞെടുക്കുവാൻ സംഗതിയാക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും എന്നാളും മഹത്ത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ

ദൈവമാതാവേ! പരിശുദ്ധൻമാരേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. ആമ്മീൻ

## 54

## പുതിയ കമ്മിറ്റി അധികാരമേല്ക്കുമ്പോൾ

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ

കർത്താവേ കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമേ
നന്മ നിറഞ്ഞോനേ എന്റെ
തിന്മകളെ നീ ഓർക്കരുതേ

## കൗമാ

### വേദവായന: പുറ 18: 19-25

വായനക്കാരൻ: ഒറൈത്തായുടെ രണ്ടാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ഞാൻ പറയുന്നതു കേൾക്കുക, ഞാൻ നിനക്കൊരു ഉപദേശം നൽകാം. ദൈവം നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. നീ ദൈവത്തിന്റെ മുമ്പിൽ ജനങ്ങളുടെ പ്രതിനിധിയായിരിക്കണം. അവരുടെ തർക്കങ്ങൾ അവിടുത്തെ അറിയിക്കണം. അവരെ ചട്ടങ്ങളും നിയമങ്ങളും പഠിപ്പിക്കണം. അവർ ചരിക്കേണ്ട മാർഗവും അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളും അവർക്കു നിർദ്ദേശിച്ചു കൊടുക്കണം. കഴിവും ദൈവഭയമുള്ളവരും സത്യസന്ധരും കൈക്കൂലി വെറുക്കുന്നവരുമായ ആളുകളെ ജനത്തിൽനിന്ന് തിരഞ്ഞെടുത്ത് അവരെ ആയിരവും നൂറും അൻപതും പത്തും വീതമുള്ള ഗണങ്ങളുടെ അധിപന്മാരായി നിയമിക്കുക. അവർ എല്ലായ്പ്പോഴും ജനങ്ങളുടെ തർക്ക ങ്ങൾക്കു തീർപ്പുകൽപ്പിക്കുകയും ചെറിയവ അവർ തന്നെ തീരുമാനിക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ നിന്നെ സഹായിക്കുമ്പോൾ നിന്റെ ജോലി എളുപ്പമാകും. ഇതു ദൈവകല്പനയാണെന്ന് ഗ്രഹിച്ച് ഇപ്രകാരം പ്രവർത്തിച്ചാൽ ജോലി നിർവിഘ്നം തുടരാൻ നിനക്കു സാധിക്കും. ജനങ്ങൾ സംതൃപ്തരായി തങ്ങളുടെ വസതികളിലേക്കു മടങ്ങുകയും ചെയ്യും. മോശ അമ്മായിയപ്പന്റെ ഉപദേശം കേട്ട് അതനുസരിച്ച്





പ്രവർത്തിച്ചു. മോശ ഇസ്രയേൽക്കാരിൽനിന്നു സമർഥരായ ആളുകളെ തിരഞ്ഞെടുത്ത്, ആയിരവും നൂറും അൻപതും പത്തും വീതമുള്ള ഗണങ്ങളുടെമേൽ അവരെ അധിപന്മാരായി നിയമിച്ചു.

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

## പ്രാർത്ഥന

കർത്താവേ! നിന്റെ സഭയെ നയിക്കുന്നതിന് ശിഷ്യൻമാരെ നീ നിയോഗിച്ചു. മോശയെ സഹായിക്കുന്നതിനായി അഹറോനെ നീ നിയമിച്ചുവല്ലോ. ആദിമസഭയിൽ ശിഷ്യന്മാരെ സഹായിക്കുവാൻ സ്തേപ്പാനോസ് സഹദായെപോലുള്ള ശെമ്മാശ്ശന്മാരെയും നിയമിച്ചുവല്ലോ. ഈ ഇടവക സമൂഹത്തെ സഹായിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഈ കമ്മിറ്റി അംഗങ്ങളെ നീ അനുഗ്രഹിക്കണമേ. സത്യസന്ധമായി ഇടപെടുന്നതിന് ഇവരെ സഹായിക്കണമേ. അഭിപ്രായ ഭിന്നതയ്ക്കോ മത്സരത്തിനോ ഇടവരാതെ പരസ്പരം സഹകരിച്ചും സ്നേഹിച്ചും ഇടവകയുടെ പുരോഗതിയെയും നിന്റെ മഹത്ത്വത്തെയും മുൻനിർത്തി പ്രവർത്തിക്കുവാൻ ഇവരെ ശക്തിപ്പെടുത്തണമേ.

ഇവരുടെ എല്ലാ പ്രവർത്തനങ്ങളും സുവിശേഷ പ്രഘോഷണത്തിന് ഉതകുവാൻ സഹായിക്കണമേ. ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനായിരിക്കണം എന്ന നിന്റെ തിരുവചനം ഇവരുടെ ജീവിതത്തിൽ നീ അന്വർത്ഥമാക്കണമേ. ഇടവകയിലെ എല്ലാ അംഗങ്ങളെയും സ്നേഹത്തിൽ ഒരുമിപ്പിക്കുവാൻ ശുശ്രൂഷയുടെയും എളിമയുടെയും മനോഭാവംകൊണ്ട് ഇവരെ നീ സമ്പന്നരാക്കണമേ; പ്രാർത്ഥനാ ജീവിതം കൊണ്ടും സദ്സ്വഭാവംകൊണ്ടും കൂദാശാധിഷ്ഠിതമായ ജീവിതചര്യകൊണ്ടും ഇവർ എല്ലാവർക്കും മാതൃകയായി ഭവിക്കണമേ. ദുരഭിമാനത്താലോ, സ്വാർത്ഥലാഭത്താലോ നിന്റെ തിരുസഭയെ കളങ്കപ്പെടുത്തുവാൻ ഇവർക്കിടയാകരുതേ. "കൊള്ളാം നല്ലവനും വിശ്വസ്തനുമായ

ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ, അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപ്പിക്കും" എന്നുള്ള നിന്റെ അഭിനന്ദനത്തിന്റെ വാക്കു കേൾക്കുവാൻ ഞങ്ങളെ എല്ലാവരെയും സഹായിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സമർപ്പിക്കുമാറാകണമേ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധൻമാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## സത്യപ്രതിജ്ഞ

കമ്മിറ്റി അംഗങ്ങൾ വി. വേദപസ്തകം ഇടതുകൈയ്യിൽ തുറന്നുപിടിച്ച് വലതുകൈ അതിൽവെച്ചുകൊണ്ട് പ്രതിജ്ഞാവാചകം ചൊല്ലുന്നു.

............ (വീട്ടുപേര്) വീട്ടിൽ ................ (പേര്) ആയ ഞാൻ ദൈവതിരുമുമ്പാകെ ഭയഭക്തിയോടുകൂടി പ്രതിജ്ഞ ചെയ്യുന്നതെന്തെന്നാൽ; ................ (പള്ളിയുടെ പേര്) മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിലെ ഭരണസമിതി അംഗമായി (കൈക്കാരനായി / സെക്രട്ടറിയായി) ചുമതല വഹിക്കാൻ എന്നെ ........................ (അതി)ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ..................... (അദ്ധ്യക്ഷന്റെ പേര്) കല്പിച്ച് നിയമിച്ചതിനെ ഞാൻ വിനയപൂർവം അനുസരിക്കുന്നു. (അതി)ഭദ്രാസനാദ്ധ്യക്ഷൻ വിളംബരം ചെയ്തിട്ടുള്ള ഭരണനിബന്ധനകളും വ്യവസ്ഥകളും പഠിച്ചും അനുസരിച്ചും, തിരുസഭയുടെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും കാനോനകൾക്കും (അതി)ഭദ്രാസനത്തിലെ നിയമങ്ങൾക്കും, (അതി)ഭദ്രാസനാദ്ധ്യക്ഷന്റെ കൽപനകൾക്കും നിർദ്ദേശങ്ങൾക്കും അനുസരണമായും ഈ ഇടവകയുടെ ഐശ്വര്യത്തിന് ഉതകത്തക്കവിധത്തിലും, ഈ ഇടവകയുടെ നിയമപ്രകാരമുള്ള ബഹു. വികാരിയച്ചനോടും ഭരണസമിതിയിലെ ശേഷമുള്ള അംഗങ്ങളോടും സഹകരിച്ചുകൊണ്ടും എന്റെ ആത്മീയ പിതാവായ (അതി)ഭദ്രാസനാദ്ധ്യക്ഷന്റെ പ്രതിനിധിയായ അങ്ങേമുമ്പാകെയും, ദൈവത്തിന്റെ തിരുവചനമായ വേദപുസ്തകം ചുംബിച്ചുകൊണ്ട് (വേദപുസ്തകം ചുംബിക്കുന്നു) ഞാൻ സത്യപ്രതിജ്ഞ ചെയ്യുന്നു. ഈ പ്രതിജ്ഞ പാലിക്കാൻ ദൈവം എന്നെ സഹായിക്കട്ടെ.





## ആശീർവാദം

✠സകലതും സൃഷ്ടിച്ചു പരിപാലിക്കുന്ന പിതാവായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

✠വന്ദ്യനായ പുത്രൻ നിങ്ങളെ സംരക്ഷിക്കട്ടെ

✠ജീവനുള്ള പരിശുദ്ധറൂഹാ നിങ്ങളെ പൂർണരാക്കുകയും നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം നിറവേറ്റുവാൻ നിങ്ങളെ ശക്തരാക്കുകയും ചെയ്യട്ടെ.

ദൈവമാതാവായ പ. കന്യക മറിയാമിന്റെയും വി. ശ്ലീഹന്മാരുടെയും വിശിഷ്യാ ഇന്ത്യയുടെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർത്തോമ്മാശ്ലീഹായുടെയും സകല വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥം നിങ്ങൾക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ

# 55

# പെരുന്നാൾ ഏൽപ്പിക്കുമ്പോൾ

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ
തിരുനാമമുയർന്നീടട്ടേ (2)

## കൗമാ

(പെരുന്നാൾ ഏൽക്കുന്നയാൾ/ കുടുംബം മദ്ബഹായുടെ നടയുടെ താഴെ വന്ന് നിൽക്കുന്നു. കാർമ്മികൻ ധൂപകലശത്തിൽ കുന്തിരിക്കം ഇടുന്നു. വി.കുർബാനയ്ക്ക് വായിക്കുന്നതുപോലെ അന്നത്തെ തിരുനാളിന്റെ സുവിശേഷം വായിച്ചശേഷം വേദപുസ്തകം ചു:ബിക്കുന്നു. പിന്നീട് ഒരു

മെഴുകുതിരി കത്തിച്ച് പെരുന്നാൾ ഏൽക്കുന്ന ആളുടെ കൈയിൽ കൊടുക്കുന്നു. ഈ തിരി ഭവനത്തിലേക്ക് കൊണ്ടുപോവുകയും എല്ലാ ദിവസവും സന്ധ്യാനമസ്ക്കാര സമയത്ത് ഈ തിരി തെളിയിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.)

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

''എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്ത അതേ പ്രവൃത്തികൾ തന്നെ ചെയ്യും. ഞാൻ എന്റെ പിതാവിന്റെ പക്കലേക്ക് പോകുന്നതുകൊണ്ട് ഇവയേക്കാൾ വലിയവയും അവൻ ചെയ്യും'' എന്ന് അരുളി ചെയ്ത കർത്താവേ, ജീവിതകാലത്ത് നിന്നെ പൂർണമായി പിൻചെല്ലുകയും നിന്റെ നാമത്തിനുവേണ്ടി കഷ്ടതയും പീഡനവും അനുഭവിച്ച് നിനക്ക് ഉത്തമ സാക്ഷിയാകുകയും നിന്റെ പിതാവിന്റെ ഭവനത്തിലുള്ള ഓഹരിക്ക് അർഹനാകുകയുംചെയ്ത വിശുദ്ധ (..................)യുടെ പെരുന്നാൾ ഏറ്റെടുത്തു നടത്തുവാൻ ഒരുങ്ങിവന്നിരിക്കുന്ന ഈ ദാസന്റെ (ദാസിയുടെ)മേലും കുടുംബാംഗങ്ങളുടെമേലും പ്രത്യേകിച്ച് ഏതൊരു പ്രത്യേക നിയോഗത്തിനായി ഈ പെരുന്നാൾ ഏറ്റുനടത്തുന്നുവോ അതിന്മേലും നിന്റെ അനുഗ്രഹങ്ങൾ ചൊരിയണമേ. നിന്റെ ഈ വിശുദ്ധനെ (വിശുദ്ധയെ) ബഹുമാനിക്കുന്ന ഈ ദാസൻ (ദാസി) ആത്മീകവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും വിജയം വരിക്കുമാറാകണമേ. ഈ പെരുന്നാൾ നിന്റെ മഹത്വത്തിനായിത്തീർക്കണമേ. ഞങ്ങളുടെ ഇടവകയും ഈ നാടും ഈ പരിശുദ്ധന്റെ/യുടെ പ്രത്യേക മദ്ധ്യസ്ഥതയിൽ സംരക്ഷിക്കപ്പെടുകയും ചെയ്യുമാറാകണമേ. രോഗങ്ങളും വസന്തകളും പ്രകൃതിക്ഷോഭങ്ങളും സങ്കടകരമായ നാശനഷ്ടങ്ങളും എല്ലാം തടയപ്പെടുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും ആരാധനയും സ്തുതിയും സ്തോത്രവും കരേറ്റും. ആമ്മീൻ





### ആശീർവാദം

✠പിതാവും ✠പുത്രനും ✠പരിശുദ്ധറൂഹായുമായ സത്യൈക ദൈവം നിന്നെ സർവ ഐശ്വര്യങ്ങളാലും സമാധാനത്താലും ദീർഘായുസ്സാലും അനുഗ്രഹിക്കുമാറാകട്ടെ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

## 56

## പെരുന്നാളിനു കൊടി ഉയർത്തുമ്പോൾ

### കൗമാ

**വേദവായന :** സങ്കീ 20:4-6

വായനക്കാരൻ: രാജാവും ദീർഘദർശിയുമായ ദാവീദിന്റെ സങ്കീർത്തനങ്ങളിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശിമാരുടെ ഉടയവനു സ്തുതി...

അവിടുന്ന് നിന്റെ ഹൃദയാഭിലാഷം സാധിച്ചുതരട്ടെ. അവിടുന്നു നിന്റെ ഉദ്യമങ്ങൾ സഫലമാക്കട്ടെ. നിന്റെ വിജയത്തിൽ ഞങ്ങൾ ആഹ്ലാദിക്കും. അങ്ങനെ ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ ഞങ്ങൾ വിജയപതാക പാറിക്കും. കർത്താവ് തന്റെ അഭിഷിക്തനെ സഹായിക്കുമെന്ന് ഞാൻ ഇപ്പോൾ അറിയുന്നു. അവിടുന്ന് തന്റെ വിശുദ്ധ സ്വർഗത്തിൽനിന്ന് അവന് ഉത്തരമരുളും. വലത്തുകൈകൊണ്ട് മഹത്തായ വിജയം നൽകും.

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! 'സ്വർഗ്ഗത്തിലും ഭൂമിയിലും സർവ അധികാരവും എനിക്ക് ലഭിച്ചിരിക്കുന്നു' എന്ന് അങ്ങ് അരുളി ചെയ്തുവല്ലോ. നിന്റെ വിജയത്തിന്റെ

കൊടിയാകുന്ന ✠സ്ലീബാ സാത്താനെയും ലോകത്തെയും, പാപത്തെയും, മരണത്തെയും ജയിച്ചതിന്റെ അടയാളമാകുന്നു. അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ പിച്ചളസർപ്പത്തെ നോക്കി രക്ഷപ്രാപിച്ചതുപോലെ പാപ വിഷബാധ ഏറ്റവരായ ഞങ്ങൾ നിന്നിലേക്ക് ഞങ്ങളുടെ ദൃഷ്ടി ഉയർത്തുന്നു. നിന്റെ ആത്യന്തിക വിജയത്തിൽ പങ്കാളികളാകുവാൻ ഞങ്ങളെ സഹായിക്കണമേ.

നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരുമെന്ന് ജ്ഞാനിയായ ശലോമോൻ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. ഞങ്ങളോട് ദൈവവചനം പ്രസംഗിച്ച് ഞങ്ങളെ നയിച്ചവരെ ഓർക്കണമെന്നും അവരുടെ ജീവിതസാക്ഷ്യം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കണമെന്നും വി.പൗലോസ് ശ്ലീഹാ ഞങ്ങളെ പ്രബോധിപ്പിച്ചിരിക്കുന്നു. ഞങ്ങൾ ഇന്ന് ആരുടെ പെരുന്നാൾ ആഘോഷത്തിന്റെ പ്രാരംഭമായി കൊടി ഉയർത്തുന്നുവോ, ആ പരിശുദ്ധനായ ............യുടെ പ്രാർത്ഥന ഞങ്ങൾക്ക് വാഴ്വിനും അനുഗ്രഹത്തിനുമായി തീരണമേ. ഈ പെരുന്നാൾ ഞങ്ങളുടെ ഇടവകയ്ക്കും ഞങ്ങളുടെ കുടുംബാംഗങ്ങൾക്കും വ്യക്തികൾക്കും ഈ നാടിനും ഒരു പുതിയ പ്രതിഷ്ഠയുടെ അവസരമായി തീരണമേ. നിന്റെ മാതാവിന്റെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും ജീവിതമാതൃക പിന്തുടരുവാനുള്ള ആഗ്രഹവും ഉത്സാഹവും ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. ആത്മാവിലും ശരീരത്തിലും കഷ്ടത അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകണമേ. നീതിമാന്റെ ശ്രദ്ധയോടുകൂടിയുള്ള പ്രാർത്ഥന ഫലിക്കുമെന്ന സത്യം ഞങ്ങൾക്കും അനുഭവമാക്കണമേ. ഈ പെരുന്നാളിന് ഉയർത്തുന്ന കൊടിമൂലം ശത്രുവിനോടുള്ള പോരാട്ടത്തിൽ ഞങ്ങൾ ജയിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും കരേറ്റുമാറാകണമേ.





കൊടി ഉയർത്തിക്കൊണ്ട്

**സ്ലീബായുടെ കുക്കിലിയോൻ** (പേജ് 243-245)

അല്ലെങ്കിൽ

വിശുദ്ധന്മാരുടെ കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 17-18)

**സമാപന ആശീർവാദം**

✠ആകാശവും ഭൂമിയും... (പേജ് 11)

# 57

# വാഹനങ്ങൾ ആശീർവദിക്കുന്നതിന്

ഇമ്പമേറിയ നിൻ അൻപുള്ള സ്വരം
മുമ്പേ നടന്നു സദാ കേൾപ്പിക്കേണമേ
അന്ധകാരമാം ഈ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴികാട്ടിടേണമേ.

**കൗമാ**

**വേദവായന:** മത്തായി 21:1-3; 6-7; 11

അവർ ജറുസലേമിനെ സമീപിക്കവേ, ഒലിവു മലയ്ക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ യേശു തന്റെ രണ്ടു ശിഷ്യന്മാരെ ഇപ്രകാരം നിർദ്ദേശിച്ചയച്ചു: എതിരെ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിട്ടിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരിക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക, അവൻ ഉടനെ തന്നെ അവയെ വിട്ടുതരും. ശിഷ്യന്മാർ പോയി യേശു കൽപിച്ചതുപോലെ ചെയ്തു. അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്നു അവയുടെ മേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു.

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാർത്ഥന

ദൈവമായ കർത്താവേ, അഖിലാണ്ഡങ്ങളെ നിർമ്മിച്ചവൻ നീയാകുന്നു. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ എല്ലാം നിന്നിൽ നിന്നാകുന്നു. മനുഷ്യരുടെ നന്മയ്ക്കും പ്രയോജനത്തിനുമായി നീ അവയ്ക്കു രൂപം നൽകി. ഇപ്പോൾ ഈ ദാസി (ദാസൻ) നിന്റെ തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ വാഹനം വാഴ്ത്തണമേ. ഇത് ഉപയോഗിക്കുന്നവരുടെകൂടെ നീ ഉണ്ടായിരിക്കണമേ. യാത്രയിൽ നീ ഇതിനെ നിയന്ത്രിക്കണമേ. എത്യോപ്യക്കാരൻ ഷണ്ഡന് വചനത്തിന്റെ പൊരുൾ യാത്രയിൽ പറഞ്ഞു കൊടുക്കാൻ നിന്റെ ശിഷ്യൻ ഫീലിപ്പോസിനെ നിയോഗിച്ചതുപോലെ നിന്റെ തിരുവചന പ്രഘോഷണത്തിന് ഈ വാഹനം കാരണമാകണമേ. പരി. ദൈവമാതാവിന്റെയും സകല പരിശുദ്ധൻമാരുടെയും ശക്തിയേറിയ മാദ്ധ്യസ്ഥ്യം ഈ വാഹനത്തോടൊപ്പം ഉണ്ടായിരിക്കണമേ. നിന്റെ തിരുനാമ മഹത്ത്വത്തിനായി ഈ വാഹനം ഉപയോഗിക്കപ്പെടണമേ.

ഈ വാഹനത്തിന്റെ നിയന്ത്രണം നിർവഹിക്കുന്ന വ്യക്തിയുടെ കണ്ണുകൾ, ചെവികൾ, കൈകാലുകൾ എന്നിവയെ നീ തന്നെ നിയന്ത്രിച്ചുകൊള്ളണമേ. നിന്റെ മാലാഖമാർ ഇതിന് കാവലും തുണയുമായിരിക്കണമേ. പിതാവും പുത്രനും, പരിശുദ്ധറൂഹായുമായ സത്യേകദൈവത്തിന്റെ കാവലും സംരക്ഷണവും ഈ വാഹനത്തിന്റെമേലും ഇതിൽ യാത്ര ചെയ്യുന്നവരുടെമേലും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

വെള്ളം വാഴ്ത്തുന്നു.

ഈ വാഹനത്തിന്റെ സംരക്ഷണത്തിനുള്ള തളിപ്പായിതീരാൻ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ





✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

മുദ്രകുത്തികൊണ്ട്

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട് ഈ വാഹനം ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## ഹൂത്തോമ്മോ

(ഈശാ ഞങ്ങളെ വാഴ്ത്തണമേ... എന്ന മട്ടിൽ)

സത്യമണാളാ നിൻ കുരിശാൽ
സംരക്ഷിതരായ് തീരട്ടെ
ഈ വാഹനവും യാത്രികരും
നിൻ സ്തുതി പാടാൻ കൃപയരുളൂ.

## സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

# 58

# യാത്ര പോകുന്നവർക്കുവേണ്ടി

സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ
മോക്ഷയാത്രയാണിത് ഞാൻ നടപ്പത്
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും

**വേദവായന :** തോബിത് 5:16-21

വായനക്കാരൻ: നീതിമാനായ തോബിത്തിന്റെ പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: നീതിമാന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ഒരുങ്ങിക്കൊള്ളൂ. നിങ്ങൾ ഇരുവർക്കും യാത്രാമംഗളങ്ങൾ! പുത്രൻ ഉടനെ യാത്രയ്ക്കാവശ്യമായ ഒരുക്കങ്ങൾ ചെയ്തു. പിതാവ് അവനോടു പറഞ്ഞു, ഇവനോടുകൂടെ പൊയ്ക്കൊള്ളുക ഉന്നതത്തിൽ വസിക്കുന്ന ദൈവം നിന്റെ മാർഗം ശുഭമാക്കും. അവിടുത്തെ ദൂതൻ നിന്നെ കാത്തുക്കൊള്ളും. അവർ ഉടനെ യാത്ര പുറപ്പെട്ടു. ആ യുവാവിന്റെ നായും അവരോടുകൂടെയുണ്ടായിരുന്നു. എന്നാൽ, അവന്റെ അമ്മ അന്ന കരഞ്ഞുകൊണ്ടു തോബിത്തിനോടു പറഞ്ഞു, നമ്മുടെ കുഞ്ഞിനെ എന്തിനാണ് ഇങ്ങനെ ദൂരെ അയച്ചത്? നമുക്ക് അവൻ താങ്ങായിരുന്നില്ലേ? പണമല്ല പ്രധാനം, അതു നമ്മുടെ മകനേക്കാൾ വിലപ്പെട്ടതുമല്ല. കർത്താവ് തന്ന ജീവിതസൗകര്യങ്ങൾ കൊണ്ടു തൃപ്തിപ്പെട്ടുകൂടെ? തോബിത്ത് അവളോടു പറഞ്ഞു, സഹോദരീ, നീ വിഷമിക്കരുത്, അവൻ സുരക്ഷിതനായി മടങ്ങിയെത്തുന്നത് നീ കാണും. കാരണം, ഒരു നല്ല ദൂതൻ അവനോടൊത്തു പോകും. അവന്റെ യാത്ര മംഗളകരമായിരിക്കും. സുഖമായി അവൻ മടങ്ങുകയും ചെയ്യും. അവൾ കരച്ചിൽ നിറുത്തി. ബാറെക്മോർ

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

തന്റെ ശ്ലീഹന്മാരെ വഴിനടത്തി ലോകാവസാനത്തോളം അവരോടുകൂടി ഉണ്ടായിരിക്കുമെന്ന് അരുളി ചെയ്ത കർത്താവെ, ഈ ദാസനെ (ദാസി) വഴിനടത്തുകയും ഇവനോടു (ഇവളോടു) കൂടി ആയിരിക്കുകയും ചെയ്യണമേ. ഈ യാത്രയിൽ നിന്റെ മാലാഖമാരുടെ കാവൽ നല്കണമേ. മിസ്രേമിൽനിന്നും കാനൻ നാട്ടിലേക്ക് ഇസ്രായേൽ മക്കളെ നയിച്ചതുപോലെ അവിടുത്തെ തിരുസാന്നിദ്ധ്യംകൊണ്ട് ഈ യാത്രയെ നിറയ്ക്കണമേ. ഇസ്രായേൽമക്കൾക്കു പകൽ മേഘസ്തംഭ മായും രാത്രിയിൽ അഗ്നിത്തൂണായും വഴിനടത്തിയ അവിടുത്തെ കൃപ ഇവനോടൊപ്പം ഉണ്ടായിരിക്കണമേ. നിന്റെ വിശുദ്ധ കരവലയത്തിനുള്ളിൽ ഇവൻ (ഇവൾ) സുരക്ഷിതനായിരിക്കണമേ. നീ കൈയ്ക്കു പിടിച്ചു നടത്തി ഇവനെ (ഇവളെ) ലക്ഷ്യസ്ഥാനത്തെത്തിക്കണമേ. നിന്റെ വചനം ഇവന്റെ (ഇവളുടെ)കാലുകൾക്കു വിളക്കും ഊടുവഴികൾക്കു പ്രകാശവുമായിരിക്കണമേ. കർത്താവെ, ഇവൻ (ഇവൾ) ലക്ഷ്യസ്ഥാനത്തെ ത്തിച്ചേരുവാനും കർമ്മപഥങ്ങളിൽ മുഴുകുവാനും, നിന്നെ സ്തോത്രം ചെയ്തു ആനന്ദകരമായി ജീവിക്കുവാനും ഇടയാക്കണമേ. ആപത്തുകളിൽനിന്നും അനർത്ഥങ്ങളിൽ നിന്നും ഇവനെ(ഇവളെ) കാത്തുകൊള്ളുകയും അനുഗ്രഹകരമായി തിരിച്ചുവരുത്തുകയും ചെയ്യണമേ. ഈ ഭവനത്തിനു ഇവൻ (ഇവൾ) വഴിയായി സന്തോഷവും സമാധാനവും നല്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 59

## ഭക്ഷണത്തിനുമുമ്പ്

പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞീടുവാനായ്
മെച്ചമായാഹാരത്തെ നീ നൽകീടേണമേ

**വേദവായന :** സങ്കീ 144:15-17

കർത്താവു തക്കസമയത്ത് അവർക്കു ഭക്ഷണം കൊടുക്കുന്നു. അവൻ തൃക്കൈ തുറന്ന് സമസ്ത ജീവികൾക്കും നന്മകൾ നൽകി തൃപ്തിവരുത്തുന്നു.

**പ്രാർത്ഥന**

കർത്താവേ! ഭക്ഷിക്കുവാനും പാനം ചെയ്‌വാനും ദയാപൂർവം നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തെയും നിന്റെ കരുണയെയും ഓർത്ത് നിന്നെ സ്തുതിക്കയും വന്ദിക്കുകയും ചെയ്‌വാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ

## 60

## ഭക്ഷണത്തിനു ശേഷം

(1 കോരി 10:31) ആകയാൽ നിങ്ങൾ ഭക്ഷിക്കുമ്പോഴും പാനം ചെയ്യുമ്പോഴും എന്തെങ്കിലും പ്രവർത്തിക്കുമ്പോഴും എല്ലാ ദൈവമഹത്വത്തിനായി ചെയ്യുവിൻ.

ദൈവമേ! നിന്റെ കൃപയും വാഴ്‌വും നിമിത്തം നിനക്കു സ്തുതി. ഞങ്ങളെ തീറ്റി തൃപ്തിപ്പെടുത്തിയതിനാൽ നിനക്കു സ്തുതി. നിനക്കുള്ളതിൽ നിന്ന് ഞങ്ങൾ ഭക്ഷിച്ചു പാനം ചെയ്തു ജീവിക്കുന്നതിനാൽ നിന്റെ കരുണ നിമിത്തം നിനക്കു സ്തുതി. നിന്നെ സ്തുതിക്കുവാനും നിന്റെ ഇഷ്ടം ചെയ്യുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

## 61

## മഴയ്ക്കുവേണ്ടി

വാഴ്ത്തുക നീ കൃപയാലാണ്ടിൽ ദ്വാദശ മാസം
നീ നിയമിച്ചൊരു പന്തിരുവർ ശ്ലീഹർ യാചനയാൽ





വേനൽ വർഷവുമനുകാലം വന്നീടണമേ
നന്മകൾ കർത്താവരുളും ഭൂവിളവും നൽകീടും
ഫലമേകും ചെറുമഴയും, വാഴ്‌വിൻ
വൻമഴയും ഏകണമേ നാഥാ
ഭക്ഷിച്ചഗതികൾ എളിയോർ
നിൻ നാമം പുകഴ്ത്തട്ടെ

**കൗമാ**

**വേദവായന:** 1 രാജാ 41-45

വായനക്കാരൻ: രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: രാജാക്കന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

അനന്തരം, ഏലിയാ ആഹാബിനോടു പറഞ്ഞു: പോയി ഭക്ഷണപാനീയങ്ങൾ കഴിക്കുക. വലിയ മഴ ഇരമ്പുന്നു. ആഹാബ് ഭക്ഷണപാനീയങ്ങൾ കഴിക്കാൻ പോയി. ഏലിയാ കാർമ്മൽമലയുടെ മുകളിൽ കയറി. അവൻ മുട്ടുമടക്കി നിലം വരെ കുനിഞ്ഞ് മുഖം മുട്ടുകൾക്കിടയിലാക്കി ഇരുന്നു. അവൻ ഭൃത്യനോടു പറഞ്ഞു: പോയി കടലിലേക്കു നോക്കുക. അവൻ ചെന്നു നോക്കിയിട്ട്, ഒന്നുമില്ല എന്നു പറഞ്ഞു. വീണ്ടും അവനോടു പറഞ്ഞു: ഏഴു പ്രാവശ്യം ഇങ്ങനെ ചെയ്യുക. ഏഴാം പ്രാവശ്യം അവൻ പറഞ്ഞു. കടലിൽനിന്ന് മനുഷ്യകരത്തോളമുള്ള ചെറിയ ഒരു മേഘം പൊന്തിവരുന്നു. ഏലിയാ അവനോടു പറഞ്ഞു: മഴ തടസ്സമാകാതിരിക്കാൻ രഥം പൂട്ടി പുറപ്പെടുക എന്ന് ആഹാബിനോടു പറയുക. നൊടിയിടയിൽ ആകാശം മേഘാവൃതമായി, കറുത്തിരുണ്ടു, കാറ്റു വീശി. വലിയ മഴ പെയ്തു. ബാറെക്മോർ

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

സകലത്തിന്റെയും സ്രഷ്ടാവായ ദൈവമേ, മനുഷ്യരുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ജീവസന്ധാരണത്തിന് വെള്ളം അത്യന്താപേക്ഷിതമാണല്ലോ. വേനലും വർഷവും മഴയും മഞ്ഞും സൃഷ്ടിച്ചവൻ നീയാണല്ലോ. ഇസ്രായേൽക്കാർക്ക് കുടിക്കുന്നതിന് പാറയിൽനിന്നും നീ വെള്ളം പുറപ്പെടുവിച്ചു. മാറായിലെ കയ്പ്പുവെള്ളം നീ മധുരമുള്ള താക്കി. കർത്താവേ, വരൾച്ചമൂലം പ്രയാസം അനുഭവിക്കുന്ന ഞങ്ങൾ നശിക്കുവാൻ നീ അനുവദിക്കരുതേ. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും ഉപേക്ഷിക്കുകയില്ലെന്നും, യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും എന്നും നിന്റെ പുത്രൻ വഴി വാഗ്ദാനം ചെയ്ത കർത്താവേ, അനുഗ്രഹത്തിന്റെ മഴ തന്ന് ഞങ്ങളെ ആശ്വസിപ്പിക്കണമേ. അഗതികളും പാപികളുമായ ഞങ്ങളും എല്ലാ ജീവജാലങ്ങളും ഭക്ഷിച്ച് പാനംചെയ്ത് നിന്നെയും നിന്റെ ഏകജാതനെയും നിന്റെ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിക്കുമാറാകണമേ. ദൈവമാതാവേ, പരിശുദ്ധൻമാരേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

## 62

## അനുകൂല കാലാവസ്ഥയ്ക്കുവേണ്ടി

നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിലാശ്രയിപ്പാനാരുമെ (2)
നീയല്ലോ ഞങ്ങൾക്കുള്ള...





അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം
തന്നു പോറ്റുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെന്നുള്ള
വാക്കുതന്നവൻ (2) നീയല്ലോ...

### വേദവായന : ജോയേ 2:23-25

വായനക്കാരൻ: ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: പ്രവാചകന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

സീയോൻ മക്കളെ ആനന്ദിക്കുവിൻ, നിങ്ങളുടെ ദൈവമായ കർത്താവിൽ സന്തോഷിക്കുവിൻ. അവിടുന്ന് നിങ്ങൾക്ക് യഥാകാലം ആവശ്യാനുസരണം ശരത്കാലവൃഷ്ടി നൽകും. ശരത്കാലവൃഷ്ടിയും വസന്തകാലവൃഷ്ടിയും സമൃദ്ധമായി തരും. നിങ്ങളുടെ മെതിക്കളങ്ങളിൽ ധാന്യം നിറയും. ചക്കുകളിൽ വീഞ്ഞും എണ്ണയും കവിഞ്ഞൊഴുകും. നിങ്ങൾ സമൃദ്ധമായി ഭക്ഷിച്ചു സംതൃപ്തി അടയും. കൃഷിയെ നശിപ്പിക്കുന്ന കിളികളും കീടങ്ങളും കൃമികളും ഞാൻ ഉന്മൂലനം ചെയ്യും. നശിപ്പിക്കപ്പെട്ട സംവത്സരങ്ങളിലെ വിളവുകൾ തിരിച്ചുതരും.

കാർമ്മി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

കർത്താവേ പ്രകൃതിയിലെ സർവതും നിന്റെ ആംഗ്യത്തിനു കീഴിലായിരിക്കുന്നുവല്ലോ. ദുഷ്ടന്മാരുടെയും നല്ലവരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്നവൻ, നീ ആകുന്നുവല്ലോ. നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ദാസരെ കരുണയോടെ കടാക്ഷിക്കേണമേ. സ്വർഗീയ അനുഗ്രഹങ്ങളും ഫലസമൃദ്ധമായ കാലങ്ങളും നൽകി, ഞങ്ങളുടെ ഹൃദയങ്ങളെ

സന്തോഷംകൊണ്ട് നിറയ്ക്കണമെ. എല്ലാ പ്രതികൂലങ്ങളെയും തടഞ്ഞ്, ഞങ്ങളുടെ സകല വിളവുകളെയും മുപ്പതും അറുപതും നൂറും മേനിയായി വർദ്ധിപ്പിക്കണമെ. ലഭിക്കുന്ന എല്ലാ നന്മകൾക്കുമായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുവാൻ സംഗതിയാക്കുകയും ചെയ്യണമെ ആമ്മീൻ.

ദൈവമാതാവേ, പരിശുദ്ധന്മാരേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ആമ്മീൻ.

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ആകാശവും ഭൂമിയും... (പേജ് 11)

## 63

## കൃഷിക്കുവേണ്ടി

കർത്താവെന്നും എന്റെ ഇടയൻ
കുറവില്ലൊന്നുമെനിക്കിവിടെ
അവന്റെ ഭവനത്തിൽ ഞാനെന്നും വാഴും
അവനോടൊത്തു ഞാൻ നടന്നീടും
സമൃദ്ധമായ പുൽത്തകിടികളിൽ
നാഥനെന്നെ മേയ്ക്കും
നിത്യ നിർമ്മല നീരുറവയിങ്കൽ
അവിടുന്നെന്നെ ആനയിക്കും

### കൗമാ

### വേദവായന: ജോയേ 2:23-25

വായനക്കാരൻ: ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: പ്രവാചകന്മാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.





സീയോൻ മക്കളേ ആനന്ദിക്കുവിൻ, നിങ്ങളുടെ ദൈവമായ കർത്താവിൽ സന്തോഷിക്കുവിൻ. അവിടുന്ന് നിങ്ങൾക്ക് യഥാകാലം ആവശ്യാനുസരണം ശരത്കാലവൃഷ്ടി നൽകും. പഴയതുപോലെ അവിടുന്ന് നിങ്ങൾക്ക് ശരത്കാലവൃഷ്ടിയും വസന്തകാലവൃഷ്ടിയും സമൃദ്ധമായി പെയ്യിച്ച് തരും. മെതിക്കളങ്ങളിൽ ധാന്യം നിറയും. ചക്കുകളിൽ വീഞ്ഞും എണ്ണയും കവിഞ്ഞൊഴുകും. നിങ്ങൾ സമൃദ്ധമായി ഭക്ഷിച്ചു സംതൃപ്തി അടയും. കൃഷിയെ നശിപ്പിക്കുന്ന കിളികളും കീടങ്ങളും കൃമികളും ഞാൻ ഉന്മൂലനം ചെയ്യും. നശിപ്പിക്കപ്പെട്ട സംവത്സരങ്ങളിലെ വിളവുകൾ തിരിച്ചുതരും. ബാറെക്മോർ

കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

സകലത്തിന്റെയും നാഥനായ ദൈവമേ, ഞങ്ങളുടെ അദ്ധ്വാനങ്ങളെ മാനിക്കുന്ന ദൈവമേ, ഞങ്ങളുടെ നിലങ്ങളെയും സസ്യ മൃഗ സമ്പത്തുകളെയും ആശിർവദിക്കണമേ. സകലത്തിന്റെയും ഉന്നതനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കു കയും യാചിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ നിലങ്ങളെയും കൃഷികളെയും എല്ലാ സസ്യാദികളെയും നശിപ്പിക്കുന്ന ചാഴി, പുഴു മുതലായ കീടങ്ങളെയും ഉഷ്ണക്കാറ്റിനെയും നീ തടയണമേ. സകല ചരാചരങ്ങളും നിന്റെ ആംഗ്യത്തിന് കീഴടങ്ങുന്നു വല്ലോ. മോശയുടെ പ്രാർത്ഥനയും അഹറോന്റെ ധൂപവുംമൂലം ഇസ്രായേലിൽനിന്നും കോപവും വസന്തയും നീക്കിക്കളഞ്ഞതു പോലെ, ഞങ്ങളുടെ കൃഷികളിൽനിന്ന്, എല്ലാ വസന്തകളെയും നീക്കണമേ. നിന്റെ കരുണയ്ക്കും അനുഗ്രഹങ്ങൾക്കുംവേണ്ടി, ഞങ്ങൾ ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുവാൻ സംഗതിയാക്കണമേ. ആമ്മീൻ. ദൈവമാതാവേ, പരിശുദ്ധന്മാരേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ. ആമ്മീൻ.

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 64

## മൃഗവസന്ത മാറുവാൻ

കർത്താവു ഭവനം പണിയാതെ വന്നാൽ
നിഷ്ഫലമാകും പ്രയ്തനമെല്ലാം
കർത്താവു നഗരം കാക്കാതിരുന്നാൽ
കാവൽ വെറുതെയാകും

കർത്താവു വിളകൾ നൽകാതിരുന്നാൽ
കൃഷികൾ പാഴ്വേലയാകും
കർത്താവു സൗഖ്യം നൽകാതിരുന്നാൽ
ചികിത്സാവിധികൾ വ്യർത്ഥം

### വേദവായന: പുറ 10:17-19

വായനക്കാരൻ: ഒറൈത്തായുടെ രണ്ടാം പുസ്തത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശികളുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ആകയാൽ ഇപ്രാവശ്യംകൂടി എന്നോടു ക്ഷമിക്കണം. മാരകമായ ഈ ബാധ എന്നിൽനിന്ന് അകറ്റുന്നതിനു നിങ്ങളുടെ ദൈവമായ കർത്താവിനോടു പ്രാർത്ഥിക്കുവിൻ. മോശ ഫറവോയുടെ അടുക്കൽ നിന്നുപോയി കർത്താവിനോടു പ്രാർത്ഥിച്ചു. കർത്താവു വളരെ ശക്തമായ പടിഞ്ഞാറൻ കാറ്റു വീശിച്ചു. അതു വെട്ടുക്കിളികളെ തൂത്തുവാരി ചെങ്കടലിലെറിഞ്ഞു. അവയിലൊന്നും ഈജിപ്തിന്റെ അതിർത്തികൾക്കുള്ളിൽ അവശേഷിച്ചില്ല. ബാറെക്മോർ





കാർമി : ശുബ്ഹോ...
ജനം : ബലഹീനരും...

### പ്രാർത്ഥന

മനുഷ്യരുടെ അദ്ധ്വാനങ്ങളെ ലഘൂകരിക്കുവാൻ പലതരം മൃഗങ്ങളെ നൽകിയ ദൈവമേ, അവയിൽ ഏതെല്ലാം മൃഗങ്ങളുടെ അഭാവത്തിൽ മനുഷ്യജീവിതം ദുർവഹമായി തീരുമോ അവ ഞങ്ങൾക്ക് നഷ്ടപ്പെടാതിരിക്കാൻ ഇടവരുത്തണമെന്ന് ഞങ്ങളുടെ കർത്താവേശുമിശിഹാ മുഖേന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കർത്താവേ കഠിനരോഗത്താൽ പീഡിക്കപ്പെട്ടിരിക്കുന്ന ഈ മൃഗം നിന്റെ തിരുനാമത്തിലും നിന്റെ ആശീർവാദത്തിലും സുഖം പ്രാപിക്കട്ടെ എന്ന് ദയാലുവായ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. പൈശാചികമായ എല്ലാ ശക്തിയും ഇവയിൽനിന്ന് ഒഴിഞ്ഞ് പോകട്ടെ. ഇനി ഒരിക്കലും ഇവയ്ക്ക് രോഗം ബാധിക്കാതിരിക്കട്ടെ. കർത്താവേ, നീ തന്നെ ഇവയ്ക്ക് രക്ഷകനും ആരോഗ്യദായകനും ആയിരിക്കണമേ. ആയത് ദൈവമേ, ഞങ്ങൾ നിന്നെയും നിന്റെ ഏകജാതനെയും പരിശുദ്ധാത്മാവിനെയും സ്തുതിച്ചു പുകഴ്ത്തുവാൻ തന്നെ. ആമ്മീൻ.

(ജലം വാഴ്ത്തി, മൃഗങ്ങളുടെ മേൽ തളിക്കുന്നു.)

### സമാപന ആശീർവാദം

✠പിതാവായ ദൈവത്തിന്റെ സ്നേഹവും... (പേജ് 11)

## 65

## കൽകുരിശു വാഴ്ത്തുന്നതിന്

യാത്ര ചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

അല്ലെങ്കിൽ

ശുഭ ചിഹ്നം താ-ൻ സ്ലീബാ
വിജയക്കൊടി താൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും
സ്ലീബായിൽ പുകഴുന്നൂ നാം.

## കൗമാ

**വേദവായന:** 1 കോരി 1:17-19

എന്തെന്നാൽ, ക്രിസ്തു എന്നെ അയച്ചത് സ്നാനം നൽകുവാനല്ല, സുവിശേഷം പ്രസംഗിക്കാനാണ്. എന്നാൽ, വാഗ്വിലാസത്തോടെയല്ല. ആയിരുന്നെങ്കിൽ ക്രിസ്തുവിന്റെ കുരിശു വ്യർത്ഥമാകുമായിരുന്നു. നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ. ബാറെക്മോർ

കാർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും...

## പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, പൈശാചിക ശക്തിയിൽനിന്നു ലോകത്തെ രക്ഷിച്ചു എന്ന ഈ കുരിശിനെ നീ ആശീർവദിക്കണമേ. എന്തെന്നാൽ വിലക്കപ്പെട്ട മരത്തിന്റെ കനി ഭക്ഷിച്ചതുമൂലം നിയമലംഘനത്തിൽ അകപ്പെട്ട ആദ്യ മനുഷ്യന്റെ പാപമാകുന്ന തിന്മയെ നിന്റെ കുരിശുമരണത്താൽ നീ നീക്കികളഞ്ഞിരിക്കുന്നു. കർത്താവെ, ഈ കുരിശിനുമുമ്പിൽ വണങ്ങുന്നവരും പ്രാർത്ഥിക്കുന്നവരും ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യം കണ്ടെത്തുവാൻ ഇടയാകണമേ. ആയുഷ്ക്കാലം മുഴുവൻ കുരിശിന്റെ തണലിൽ യാത്ര ചെയ്യുവാൻ ഞങ്ങളെ നീ യോഗ്യരാക്കണമേ. മോറാൻ വാലോഹാൻ...





## സ്ലീബായുടെ കുക്കിലിയോൻ

കാർമ്മി : നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ ഹാ-
നിൻ നാമത്താൽ ദ്വേഷികളെ കാൽക്കീഴാക്കും.

ജനം : ദ്വേഷികളീന്നെങ്ങളെ വീണ്ടതു നീയേ ഹാ-
വൈരിയെ ലജ്ജിപ്പിച്ചതു നീ. ബാറെക്മോർ.

കാർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

കാർമ്മി : സ്ലീബാ വിജയിക്കുന്നനിശം

ജനം : സ്ലീബാ വൈരിയെ വിജയിച്ചു
സ്ലീബായിൽ പുകഴുന്നോർക്കായ്
എന്നും സ്ലീബാ താ-നഭയം

ശുശ്രൂ: സ്തൗമെൻ കാലൊസ്

ജനം : കുറിയേലായിസോൻ

## പ്രുമിയോൻ

തന്റെ അജഗണത്തിന് സ്ലീബായെ ബലമുള്ള അഭയസ്ഥാനമാക്കുകയും അവകാശത്തിന് അതിനെ രക്ഷാകവചമായി തരികയും ചെയ്ത രക്ഷകനായ കർത്താവിനു സ്തുതി. സ്ലീബാ പ്രതിഷ്ഠയുടെ ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവനു യോഗ്യമാകുന്നു.

## സെദറാ

ഞങ്ങളുടെ മിശിഹാതമ്പുരാനേ നിന്നെ ഞങ്ങൾ ആരാധിക്കുകയും നിന്റെ സ്ലീബായിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ അധരബലിയും ചിന്തകളാകുന്ന പരിമളധൂപവും നീ പരിപൂർണമാക്കണമേ. നിന്റെ സ്ലീബായാൽ ഞങ്ങൾക്കു സമാധാനം കൈവരികയും സന്തോഷലബ്ധിയുണ്ടാകുകയും ചെയ്യട്ടെ. നിന്റെ സ്ലീബാ മുഖാന്തരം സഭ

ഉന്നതി പ്രാപിക്കുകയും അതിന്റെ മക്കൾക്കു സംരക്ഷണം ലഭിക്കുകയും ചെയ്യട്ടെ. നിന്റെ സ്ലീബായാൽ ഞങ്ങളുടെ ശരീരങ്ങൾ ശുദ്ധീകരിക്കപ്പെടണമേ. ആത്മാക്കൾ നിർമ്മലമായിത്തീരണമേ. നിന്റെ സ്ലീബാമൂലം ഞങ്ങളുടെ പാപങ്ങൾ പരിഹരിക്കപ്പെടുകയും സുകൃതങ്ങൾ വർദ്ധിക്കുകയും ചെയ്യട്ടെ. ദുഷ്ടശത്രു പരാജിതനാകുകയും നിഷ്ക്കന്മഷർ പരിപൂർണരാകുകയും ചെയ്യട്ടെ. നിന്റെ സ്ലീബായാൽ ജീവനോടിരിക്കുന്നവർ സജ്ജരാകുകയും പരേതർ പുനരുത്ഥാനം പ്രാപിക്കുകയും ചെയ്യട്ടെ. അന്ത്യദിവസത്തിൽ ഞങ്ങൾ അതിന്റെ പാർശ്വങ്ങളിൽ സംരക്ഷിക്കപ്പെടുകയും നിന്നോടൊന്നിച്ച് നിത്യജീവൻ പ്രാപിക്കുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേയ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ

കൽക്കുരിശ് വാഴ്ത്തുന്നു.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തികൊണ്ട് ഈ കൽകുരിശ് ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

(ധൂപം വീശിക്കൊണ്ട്)

### കോലോ

കാർമി : ജീവൻ നൽകും നൽസ്ളീബായെ എല്ലായ്പ്പോഴും
ജനം : നമിച്ചീടും ഞങ്ങൾ
ശരണമ തായും രക്ഷയതായും നെറ്റിയതിന്മേൽ
വരച്ചീടുന്നെന്നും
ര-ക്ഷിച്ചീടും
രാപകൽ ഞങ്ങളെ ദുഷ്ടൻ തൻ
സൈന്യ-ങ്ങളിൽ നിന്നും സ്ലീബാ. ബാറെക്മോർ.





കാർമി : ശുബ്ഹോ...
ജനം : കടലതിനെ തന്നുടെ വടിയാൽ ഭാഗിച്ചു മൂശ
ഇസ്രേല്യരെ വീണ്ടാൻ
മോറാനേശു സ്ലീബായാൽ തുറന്നാൻ പാതാളം
മൃതരെയുയർപ്പിച്ചു
സ്തു-ത്യൻ മിശിഹാ
കബറീന്നും പറുദീസായ്ക്കായ്
ജീവ-ൻ മാർഗമതേ-കി-താൻ.
മൊറിയോ...

### ബോവൂസോ

ഊറിശലേം ഗോഗുൽത്തായിൽ
ക്രൂശിതനേശു സ്തോത്രം തൻ
ശബ്ദത്താൽ കോട്ടകളിളകി
മൃതരെഴുന്നേറ്റു സ്തുതി പാടി.

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും... (പേജ് 11)

## 66

## നേർച്ചസാധനങ്ങൾ, ആദ്യഫലങ്ങൾ ഇവ ആശീർവദിക്കുന്നതിന്

സ്തോത്രം സ്തോത്രം കർത്താവേ,
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ
കൃപവേണം ഞങ്ങളിലെന്നും.

സ്തോത്രം മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പവനേ
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ.

## കൗമാ

### വേദവായന : പുറ 23:14-19

വായനക്കാരൻ: ഒറൈത്തായുടെ രണ്ടാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശിമാരുടെ ഉടയവനു സ്തുതി....

എന്റെ ബഹുമാനത്തിനായി വർഷംതോറും മൂന്നു തവണ നിങ്ങൾ ഉത്സവമാഘോഷിക്കണം. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആചരിക്കണം. എന്റെ മുമ്പിൽ വെറും കൈയ്യോടെ വരരുത്. വയലിൽ നിന്ന് ആദ്യഫലങ്ങൾ കൊയ്തെടുക്കുമ്പോൾ പുത്തരി പെരുന്നാളും വർഷാവസാനം പ്രയത്നഫലം ശേഖരിച്ചു കഴിയുമ്പോൾ സംഭരണത്തിരുന്നാളും ആഘോഷിക്കണം... ബലിമൃഗത്തിന്റെ രക്തം പുളിപ്പുള്ള അപ്പത്തോടൊന്നിച്ച് എനിക്കർപ്പിക്കരുത്. വയലിലെ ആദ്യവിളവിന്റെ ആദ്യഫലം നിന്റെ ദൈവമായ കർത്താവിന്റെ ഭവനത്തിലേക്കു കൊണ്ടുവരണം. ബാറെക്മോർ

അല്ലെങ്കിൽ

വായനക്കാരൻ: മാലാഖി പ്രവാചകന്റെ പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: പ്രവാചകന്മാരുടെ ഉടയവനു സ്തുതി..

മലാഖി 3:10-12

ദശാംശം മുഴുവൻ കലവറയിലേക്ക് കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകട്ടെ. ഞാൻ നിങ്ങൾക്കായി സ്വർഗകവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കുകയില്ലേ എന്നു നിങ്ങൾ പരീക്ഷിക്കുവിൻ - സൈന്യങ്ങളുടെ കർത്താവ് അരുളി ചെയ്യുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി വെട്ടുക്കിളികളെ ശാസിക്കും. അവ നിങ്ങളുടെ ഭൂമിയിലെ ഫലങ്ങൾ നശിപ്പിക്കുകയില്ല. നിങ്ങളുടെ വയലുകളിലെ മുന്തിരിച്ചെടികൾ ഫലശൂന്യമാവുകയില്ല - സൈന്യങ്ങളുടെ കർത്താവ് അരുളി





ചെയ്യുന്നു: അനുഗൃഹീതർ എന്നു ജനതകൾ നിങ്ങളെ വിളിക്കും. നിങ്ങളുടെ ദേശം ആനന്ദത്തിന്റെ ദേശമാകും - സൈന്യങ്ങളുടെ കർത്താവ് അരുളി ചെയ്യുന്നു. ബാറെക്മോർ

കാർമി : ശുബ്ഹോ...

ജനം : ബലഹീനരും...

### പ്രാർത്ഥന

''സന്തോഷത്തോടുകൂടി നൽകുന്നവനെ ദൈവം അനുഗ്രഹിക്കുന്നു'' എന്നും "ഒരുവൻ തനിക്കുള്ളതെല്ലാം ദാനമായി നൽകിയിട്ടും കൂടുതൽ സമ്പന്നനാകുന്നു" എന്നും മറ്റൊരുവൻ "കൊടുക്കേണ്ടവ കൊടുക്കാതിരുന്നിട്ട് കൂടുതൽ ദരിദ്രനുമാകുന്നു'' എന്നുമുള്ള നിന്റെ വചനം ഞങ്ങൾ ഓർക്കുന്നു. കർത്താവേ! ഞങ്ങളുടെ അദ്ധ്വാനഫലങ്ങളിൽനിന്ന് ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ ആദ്യ ഫലങ്ങളെയും, ദശാംശങ്ങളെയും നീ വാഴ്ത്തണമേ. ആകാശത്തിലെ പനിമഞ്ഞും ഭൂമിയിലെ ഫലപുഷ്ടിയും അനവധിയായ ധാന്യവും വീഞ്ഞും നിനക്ക് നൽകുമെന്ന് അബ്രഹാമിനോട് അരുളി ചെയ്ത നാഥാ, യഥാകാലം ആവശ്യമായ വെയിലും മഴയും തന്ന് ഞങ്ങളുടെ കൃഷികളെ പരിപുഷ്ടിപ്പെടുത്തിയതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അബ്രഹാമിന്റെയും, ഇസഹാക്കിന്റെയും, യാക്കോബിന്റെയും കാഴ്ചകളെ സ്വീകരിച്ച് അവരെ അനുഗ്രഹിച്ചതുപോലെ നിന്റെ തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ആദ്യഫലങ്ങളും ദശാംശങ്ങളും വാഴ്ത്തി അനുഗ്രഹിക്കണമേ. ഇവ കൊണ്ടുവന്നിട്ടുള്ളവരുടെ അദ്ധ്വാനങ്ങളെ നീ ഫലവത്താക്കി വർദ്ധിപ്പിക്കണമേ. നിന്റെ സഭയുടെയും ഇടവകയുടെയും പുരോഗതിക്ക് ഇത് സഹായകമായി ത്തീരണമേ. ഹോശോ...

### ആശീർവാദം

ഈ നേർച്ചകളും ഫലമൂലാദികളും ആദ്യഫലങ്ങളും, ഇവ

വിളയിച്ച വയലുകളും വൃക്ഷങ്ങളും ഇവ സമർപ്പിച്ച ഭവനങ്ങളും ആശീർവദിക്കപ്പെട്ട് അനുഗ്രഹിക്കപ്പെടുന്നു.

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

## 67

## പടങ്ങൾ, രൂപങ്ങൾ മുതലായവ വാഴ്ത്തുന്നതിനുള്ള പ്രാർത്ഥന

മോറാനീശോ, കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം.

അല്ലെങ്കിൽ

പരിശുദ്ധന്മാരേ, നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

### കൗമാ

### പ്രാർത്ഥന

ശാരീരിക നേത്രങ്ങൾ കൊണ്ടു ദർശിച്ച് മാനസിക കഴിവിനനുസരിച്ചു ധ്യാനിക്കുകയും ചെയ്ത് തന്റെ വിശുദ്ധരുടെ സൽകൃത്യങ്ങളെയും വിശുദ്ധിയെയും അനുകരിക്കാൻ തക്കവണ്ണം അവരുടെ പ്രതിച്ഛായകൾ നിർമ്മിക്കപ്പെടുന്നതിനെ നിരോധിച്ചിട്ടില്ലാത്ത നിത്യദൈവമേ! നിന്റെ ഏകപുത്രനായ ഞങ്ങളുടെ കർത്താവായ യേശുമിശിഹായുടെ മാതാവായ പരി. മറിയത്തിന്റെ (യേശുമിശിഹായെ അനുകരിച്ച വിശുദ്ധ





................ന്റെ) സ്മരണയ്ക്കായി ഈ പ്രതിഛായയെ ആശീർവദിച്ച് ✠ ശുദ്ധീകരിക്കുന്നതിനു ✠ തിരുവുള്ളം തോന്നണമേ. ഇതിനാൽ പ. മറിയത്തെ (വി. .........നെ) വണങ്ങി ബഹുമാനിക്കുന്നവർക്ക് ഭൗമിക ജീവിതകാലത്ത് സമൃദ്ധമായ നിന്റെ കൃപയും മരണാനന്തരം നിത്യമഹത്ത്വവും ഞങ്ങളുടെ കർത്താവായ യേശുമിശിഹാ മുഖാന്തരം നീ നൽകുമാറാകണമേ.

### ആശീർവാദം

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തികൊണ്ട് ഈ പ്രതിച്ഛായ ആശീർവദിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുന്നു. (പേജ് 15-18)

### സമാപന ആശീർവാദം

✠ ആകാശവും ഭൂമിയും.. (പേജ് 11)

## 68

## കല്ലറ ആശീർവദിക്കുന്ന ക്രമം

### കൗമാ

### വേദവായന

കാർമ്മി : ശുബ്ഹോ...
ജനം : ബലഹീനരും പാപികളുമായ...

### പ്രാരംഭപ്രാർത്ഥന

മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, സത്യജീവനും പ്രകാശവുമായ നീ നിന്റെ സ്നേഹിതനായ യൗസേപ്പി

നാൽ നിർമ്മിക്കപ്പെട്ട പുതിയ കബറിൽ അടക്കപ്പെടുവാൻ തിരുവിഷ്ടമായി. നിന്റെ രക്ഷാകരമായ മരണത്തിലും, കബറടക്കത്തിലും, പുനരുത്ഥാനത്തിലും പങ്കുചേരുന്ന വിശ്വാസികൾക്കായി നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ കല്ലറയെ ശുദ്ധീകരിക്കുവാൻ നിനക്കു തിരുവുള്ളം തോന്നണമെ. മരിച്ചവരെ കബറിൽനിന്ന് തന്റെ ജീവദായകമായ ശബ്ദത്താൽ വിളിച്ചുയർപ്പിക്കുന്നവനും പുനരുത്ഥാനദിനം മഹത്വമുള്ള അങ്കി അവരെ അണിയിക്കുകയും ചെയ്യുന്നവനായ നിനക്കും, നിന്നെ അയച്ച പിതാവിനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമേ. ആമ്മീൻ

### 51-ാം സങ്കീർത്തനം

ദൈവമെ, നിന്റെ കൃപയിൻപ്രകാരം... (പേജ് 113)

### കുക്കിലിയോൻ

(ഏഴാം രാഗം)

കബറിലുറങ്ങും ഹതരെപ്പോൽ ഹാ-ഉ-ഹാ
മൃതർ തൻ മദ്ധ്യേ സ്വാതന്ത്ര്യസുതൻ
കല്ലറ വാസികൾ നിൻകൃപയും ഹാ-ഉ-ഹാ
ജീർണിതരായോർ വിശ്വാസമതും-കീർത്തിക്കും
ശുബ്ഹോ... മെൻഓലം...

### എക്ബോ

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്
സ്തൗമെൻ കാലൊസ്...

പട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച്...
ജനം : കാരുണ്യവാനായ കർത്താവേ...
കാർമി : സ്തുതിയും...





### പ്രുമിയോൻ

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മായിക്കുകയും തന്റെ കബറടക്കത്താൽ കബറിലെ നാശത്തെ ഇല്ലാതാക്കുകയും പുനരുത്ഥാനത്താൽ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്ത ഉത്തമനായ കർത്താവിനെ നാം ഓർത്ത് മഹത്വപ്പെടുത്തണം. കല്ലറകൂദാശയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും അവനു യോഗ്യമാകുന്നു.

### സെദറാ

സകലത്തിന്റെയും ജീവനും ഉയിർപ്പുമായ ഞങ്ങളുടെ മിശിഹാ തമ്പുരാനേ, മരണമില്ലായ്മയും അനശ്വരത്വവും നിനക്കു മാത്രമേ ഉള്ളൂ. നിന്റെ സ്നേഹാധിരേകത്താലും കരുണാബാഹുല്യത്താലും ഞങ്ങൾക്കുവേണ്ടി പീഡാനുഭവത്തിനും മരണത്തിനുമായി നീ എഴുന്നെള്ളി വന്നു. നിന്റെ കഷ്ടാനുഭവത്താൽ ദുഷ്ടനെ വീഴ്ത്തുകയും മരണത്താൽ മരണത്തെ കൊല്ലുകയും, കബറടക്കത്താൽ കബറിലെ നാശത്തെ ഇല്ലാതാക്കുകയും ഉയിർത്തെഴുന്നേല്പാൽ പുതിയ ജീവനെ ഞങ്ങൾക്കു നൽകുകയും ചെയ്തു. നീ നൽകിയ രക്ഷയിൽ സന്തോഷിപ്പാനും നിന്നിൽനിന്ന് അനുഗ്രഹവും കരുണയും പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഈ സമയത്ത് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, പുനരുത്ഥാനത്തിലുള്ള പ്രത്യാശയിൽ നിന്റെ മഹനീയമായ പ്രത്യക്ഷതയെ പ്രതീക്ഷിക്കുന്നവരുമായ ഞങ്ങളുടെ പരേതർക്ക് വിശുദ്ധന്മാരോടുകൂടിയുള്ള ഓഹരി നൽകണമേ. മരിച്ചവരെ കബറുകളിൽ നിന്നെഴുന്നേല്പിക്കുന്നവനും ശോഭയുള്ള അങ്കി അവരെ ധരിപ്പിക്കുന്നവനുമായ നിനക്കും നിന്റെ പിതാവിനും ജീവനുള്ള പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും ഞങ്ങൾ ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സമർപ്പിക്കുന്നു.

## കോലോ

(ബാറുബ്ത്തൊ ബ്റീശീസ്)

കബറിൻ വാതിൽക്കൽ
ധ്യാനാത്മകനായ് ഞാൻ പോയപ്പോൾ കണ്ടു
ലോകത്തിൻ ഗതിയെ
യജമാനൻ ദാസരുമൊരുപോൽ ഗുരു ശിഷ്യർ
ഹാ-ഹാ-നൃപരും നിദ്രിതരായ്. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

പുത്രൻ കല്പനകൾ
കാത്തേറ്റുപറഞ്ഞോർ വാങ്ങിപ്പോയ മൃതർ
രണ്ടാം വരവിങ്കൽ
മോക്ഷം ജീവനെയും അവകാശിച്ചീടും
ഹാ- ഹാ- സന്തോഷിക്കുമവർ. മൊറിയോ റാഹേം...

## എത്രോ

സൗരഭ്യവും പരിമളവുമായ മിശിഹാ തമ്പുരാനേ, നിന്റെ തിരുമേനിയുടെ പ്രസാദത്തിന് ഭൂമിയിലെ സസ്യങ്ങളിൽ നിന്നും സുഗന്ധദ്രവ്യങ്ങളിൽ നിന്നുമുള്ള പരിമളം ആവശ്യമില്ലാതിരിക്കെ, നിക്കോദിമൂസ്, യൗസേപ്പ് എന്നിവരാൽ സുഗന്ധദ്രവ്യങ്ങൾകൊണ്ടും നിർമ്മലവസ്ത്രങ്ങൾകൊണ്ടും ജഡപ്രകാരം സംസ്ക്കരിക്കപ്പെടുന്നതിനു നീ തിരുമനസ്സായല്ലോ. കർത്താവേ, നിന്റെ മനുഷ്യസ്നേഹത്താൽ ഇപ്പോൾ ഞങ്ങൾ അർപ്പിക്കുന്ന ഈ ധൂപത്തെ അംഗീകരിച്ച് ഈ കബറിനെ നീ ശുദ്ധീകരിക്കണമേ. ഇഹത്തിലും പരത്തിലും ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നീ നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ആമ്മീൻ.





## മാർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ...

## കല്ലറയുടെ ആശീർവാദം

സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ പിതാവായ ആദാമിന്റെ അനുസരണക്കേടു നിമിത്തം നിന്റെ കൃപയിൽനിന്നു ഞങ്ങൾ അന്യരായി തീരുകയും, മരണത്തിന് വിധേയരായി തീരുകയും ചെയ്തു. വീണുപോയ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി, നിന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും തന്റെ അനുസരണവും പീഡാനുഭവവും ഉയിർപ്പും വഴി അവൻ ഞങ്ങൾക്കു പുതിയ ജീവൻ നേടിത്തരികയും ചെയ്തു. ഞങ്ങളുടെ പിതാവായ അബ്രഹാമിന് വാഗ്ദത്തനാട്ടിൽ ഒരു വിശ്രമസ്ഥലം നീ വാഗ്ദാനം ചെയ്യുകയും നിന്റെ തിരുക്കുമാരന്റെ തിരുശരീരം സംസ്ക്കരിക്കുന്നതിനായി പാറയിൽ വെട്ടപ്പെട്ട ഒരു പുതിയ കല്ലറ നിർമ്മിക്കുവാനായി അരിമത്തിയാക്കാരൻ യൗസേപ്പിനെ നീ നിയോഗിക്കുകയും ചെയ്തു. നിന്റെ പുത്രൻ മൂന്നുദിവസം കബറിൽ വസിച്ച് കബറിന്റെ നാശത്തെ നീക്കി, അതിനെ വിശുദ്ധീകരിച്ചു. കബറിൽ സംസ്ക്കരിക്കപ്പെടുന്ന മൃതശരീരങ്ങൾക്ക് ഉയർപ്പിന്റെ പ്രത്യാശ നീ വാഗ്ദാനം ചെയ്തു.

ഈ ലോകജീവിതം വെടിഞ്ഞ് നിത്യജീവിതത്തിലേക്കു യാത്രയാകുന്ന ഞങ്ങളുടെ സഹോദരങ്ങളുടെ മൃതശരീരങ്ങൾ അന്ത്യവിധിയെ പാർത്തു വിശ്രമം കൊള്ളുവാനുള്ള ഈ കല്ലറയെ നീ ഇപ്പോൾ ആശീർവദിക്കണമേ. ഇതിൽ വിശ്രമംകൊളളുന്ന ശരീരങ്ങളെ നിന്റെ മഹത്വപ്രത്യക്ഷതയുടെ നാൾവരെ സമാധാനത്തിൽ വസിപ്പിക്കണമേ. ഉയിർപ്പുനാളിൽ നിന്റെ മഹത്വം അവർ ദർശിക്കുകയും, നിന്റെ പ്രകാശഭവനങ്ങളിൽ വിശുദ്ധരോടുകൂടെയുള്ള ഓഹരി പ്രാപിക്കുകയും ചെയ്യട്ടെ. എന്തെന്നാൽ നീ ഉയിർപ്പും ജീവനുമാകുന്നുവല്ലോ. ഞങ്ങൾ

നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര കുത്തികൊണ്ട് ഈ കല്ലറ ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക്മോർ

✠ പിതാവിന്റെ നാമത്തിലും (ആമ്മീൻ) ✠ പുത്രന്റെ നാമത്തിലും (ആമ്മീൻ) ✠ ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

**പരേതരുടെ കുക്കിലിയോൻ** (പേജ് 22-24)

**ആശീർവാദം**

✠ ആകാശവും ഭൂമിയും... (പേജ് 11)

## 69
## കാതോലിക്കാദിന പ്രതിജ്ഞ

മലങ്കര സുറിയാനി കത്തോലിക്കാസഭ സാർവത്രിക സഭയിൽ സ്വയാധികാര സ്വയംഭരണ സഭയായി ഉയർത്തപ്പെട്ട് മേജർ ആർച്ച്ബിഷപ്പ് കാതോലിക്കാ ബാവായെ സഭയുടെ തലവനും പിതാവുമായി ലഭിച്ചതിന്റെ അനുസ്മരണ ആചരിക്കുന്ന കാതോലിക്കാ ദിനത്തിൽ, സഭാമക്കളായ ഞങ്ങൾ മാർത്തോമാ ശ്ലീഹായുടെ അപ്പസ്തോലിക പാരമ്പര്യത്തിൽ ജനിക്കുവാനും വളരുവാനും ആഗോള സഭാ സംസർഗത്തിൽ ഉൾച്ചേരുവാനും സാധിച്ച കൃപയെ സ്മരിച്ച് ദൈവ തിരുമുമ്പാകെ കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നു.

ദൈവപരിപാലനയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു ലഭിച്ചിരിക്കുന്ന സവിശേഷമായ സ്ഥാനം അന്യൂനം സംരക്ഷിക്കപ്പെടേണ്ടതും പ്രത്യേകമായ ദൗത്യം അഭംഗുരം പരിപാലിക്കപ്പെടേണ്ടതുമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

റോമിലെ പരിശുദ്ധ സിംഹാസനത്തോടുള്ള സുദൃഢമായ





ഐക്യത്തിലും പൗരസ്ത്യസഭാപാരമ്പര്യത്തോടുള്ള സജീവമായ വിശ്വസ്തതയിലും ഉറച്ചുനിന്നുകൊണ്ട് സഭയിൽക്കൂടി മനുഷ്യരാശിയുടെ രക്ഷയ്ക്കും ഐക്യത്തിനും ക്ഷേമത്തിനുംവേണ്ടി അദ്ധ്വാനിക്കുന്നതിന് ഞങ്ങൾ സ്വയം പ്രതിഷ്ഠിക്കുന്നു.

ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായി അങ്ങ് നിയോഗിച്ച മോറാൻ മോർ ബസേലിയോസ് (...........) കാതോലിക്കാ ബാവയോടും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിനോടും ചേർന്നു നിന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ വിശ്വാസപരവും ഹൈരാർക്കിപരവുമായ സംസർഗവും കാത്തുസൂക്ഷിക്കുന്നതും സംരക്ഷിക്കുന്നതുമാണ്.

സഭൈക്യ പ്രവർത്തനങ്ങളിലും പ്രേഷിതവൃത്തിയിലും സാമൂഹികവും വിദ്യാഭ്യാസപരവും ജീവകാരുണ്യപരവുമായ എല്ലാ കർമ്മ പരിപാടികളിലും ദൈവജനത്തിനുള്ള ചുമതലയെയും പങ്കാളിത്തത്തെയുംക്കുറിച്ചു ബോധ്യമുള്ളവരായി ജീവിക്കാൻ ഞങ്ങൾ സർവാത്മനാ പരിശ്രമിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും അനുസ്യൂതമായ പുരോഗതിക്കും നമ്മുടെ എല്ലാ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും അഭിവൃദ്ധിക്കും സംരക്ഷണത്തിനും വേണ്ടി ഞങ്ങളുടെ അഭിവന്ദ്യ പിതാക്കന്മാരോടു ചേർന്നുനിന്നുകൊണ്ട് എന്നും ജാഗ്രതയോടെ വർത്തിക്കുന്നതാണെന്നു ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

ഈ പ്രതിജ്ഞ വിശ്വസ്തതയോടെ നിറവേറ്റുവാൻ സർവശക്തനായ ദൈവവും പരിശുദ്ധ കന്യകാമറിയവും ഇന്ത്യയുടെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർത്തോമ്മാശ്ലീഹായും സകല വിശുദ്ധരും ഞങ്ങളെ സഹായിക്കട്ടെ. ആമ്മീൻ.

# 70

## മാർ ഈവാനിയോസ്ദിന സമൂഹപ്രതിജ്ഞ

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുണ്യ പിതാവും പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രണേതാവും ഭാഗ്യ സ്മരണാർഹനുമായ ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ...................... ഓർമ്മപ്പെരുന്നാളിൽ സമ്മേളിച്ചിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കരായ ഞങ്ങൾ, സഭയ്ക്കു കൈവന്നിട്ടുള്ള അമൂല്യമായ അനുഗ്രഹങ്ങളെ സ്മരിച്ചു ദൈവതിരുമുമ്പാകെ കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നു.

ദൈവപരിപാലനയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു ലഭിച്ചിരിക്കുന്ന സവിശേഷമായ സ്ഥാനം അന്യൂനം സംരക്ഷിക്കപ്പെടേണ്ടതും പ്രത്യേകമായ ദൗത്യം അഭംഗുരം പരിപാലിക്കപ്പെടേണ്ടതുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു

റോമിലെ തിരുസിംഹാസനത്തോടുള്ള സുദൃഢമായ ഐക്യത്തിലും പൗരസ്ത്യസഭാ പാരമ്പര്യത്തോടുള്ള സജീവമായ വിശ്വസ്തതയിലും ഉറച്ചുനിന്നുകൊണ്ട് സഭയിൽക്കൂടി മനുഷ്യരാശിയുടെ രക്ഷയ്ക്കും ഐക്യത്തിനും ക്ഷേമത്തിനും വേണ്ടി അദ്ധ്വാനിക്കുന്നതിന് ഞങ്ങൾ സ്വയം പ്രതിഷ്ഠിക്കുന്നു.

സഭൈക്യപ്രവർത്തനങ്ങളിലും പ്രേഷിതവൃത്തിയിലും സാമൂഹികവും വിദ്യാഭ്യാസപരവും ജീവകാരുണ്യപരവുമായ എല്ലാ കർമ്മപരിപാടികളിലും ദൈവജനത്തിനുള്ള ചുമതലയെയും പങ്കാളിത്തത്തെയുംക്കുറിച്ചു ബോദ്ധ്യമുള്ളവരായി ജീവിക്കാൻ ഞങ്ങൾ സർവാത്മനാ പരിശ്രമിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെയും അനുസ്യൂതമായ





പുരോഗതിക്കും നമ്മുടെ എല്ലാ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും അഭിവൃദ്ധിക്കും സംരക്ഷണത്തിനുവേണ്ടി ഞങ്ങളുടെ അഭിവന്ദ്യ പിതാക്കന്മാരോടു ചേർന്നുനിന്നുകൊണ്ട് എന്നും ജാഗ്രതയോടെ വർത്തിക്കുന്നതാണെന്നു ഞങ്ങൾ ദൃഢപ്രതിജ്ഞചെയ്യുന്നു.ഈ പ്രതിജ്ഞ വിശ്വസ്തതോടെ നിറവേറ്റുവാൻ സർവ്വശക്തനായ ദൈവവും പരിശുദ്ധ കന്യകാമറിയവും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മശ്ലീഹായും സകല വിശുദ്ധരും ഞങ്ങളെ സഹായിക്കട്ടെ.